2020 മാർച്ച്
19
വ്യാഴം
1195 മീനം 6

മെട്രോ വാർത്ത

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | റായ്പുർ

www.metrovaartha.com

12 പേജ് ₹ 7.00

KOZHIKODE

കൊവിഡ് 19: വീണ്ടും കേരളത്തെ പ്രശംസിച്ച് സുപ്രീം കോടതി

ന്യൂഡൽഹി: കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്കിടയിലും ആംഗൻവാടികളിലെ കുട്ടികൾക്കു ഭക്ഷണം ഉറപ്പാക്കിയ കേരള സർക്കാർ നടപടിയെ പ്രശംസിച്ച് സുപ്രീം കോടതി. കൊവിഡ് 19 പ്രതിരോധ നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ ആംഗൻവാടികൾ അടച്ചിരുന്നു. എന്നാൽ, ഈ സമയത്തും കുട്ടികൾക്ക് പോഷകാഹാരം മുടങ്ങാതിരിക്കാൻ ഭക്ഷണ സാധനങ്ങൾ വീടുകളിലെത്തിച്ചു നൽകുകയാണ് സർക്കാർ. ഇക്കാര്യം പരിഗണിച്ച ചീഫ് ജസ്റ്റിസ് കേരളത്തിന്റെ മാതൃക പ്രശംസാർഹമെന്ന് അഭിപ്രായപ്പെട്ടതിനൊപ്പം മറ്റു സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും ഇക്കാര്യത്തിൽ എന്തു ചെയ്യുകയാണെന്നും ചോദിച്ചു.

നേരത്തെ കേരളത്തിലെ ജയിലുകളിൽ കൊറോണ പ്രതിരോധത്തിനായി നടത്തിയ ക്രമീകരണങ്ങളെ സുപ്രീംകോടതി പ്രശംസിച്ചിരുന്നു. രാജ്യത്തെ ജയിലുകളിലെ പ്രതിരോധ പ്രവർത്തനങ്ങൾക്ക് അതൃപ്തി പ്രകടിപ്പിച്ച സുപ്രീംകോടതി ഇതിനെതിരേ സ്വമേധയാ കേസെടുത്തിരുന്നു. കേസെടുത്തതിന് പിന്നാലെ സംസ്ഥാനങ്ങൾക്കയച്ച നോട്ടീസിലാണ് കേരളത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. വൈറസ് പടരുന്നതു ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ കേരളം ജയിലുകളിൽ വേണ്ട പ്രതിരോധ നടപടികൾ ആരംഭിച്ചിരുന്നതായി നോട്ടീസിൽ പറയുന്നു.

കേരളത്തിലെ ജയിലുകളിൽ ഐസൊലേഷൻ വാർഡുകൾ ആരംഭിച്ചു. ഇവിടെ പുതുതായി പ്രവേശിപ്പിക്കുന്ന തടവുകാരെ ആറു ദിവസം ഐസൊലേഷൻ വാർഡിൽ നിരീക്ഷണത്തിനുംസ പരിശോധനകൾക്കും ശേഷമാണു മറ്റു തടവുകാരെ പാർപ്പിച്ചിട്ടുള്ള സെല്ലിലേക്കു മാറ്റുക. ഇത്തരം മുൻ കരുതൽ നടപടികൾ മറ്റ് സംസ്ഥാനങ്ങൾ എന്തുകൊണ്ട് സ്വീകരിച്ചില്ലെന്നും കോടതി ചോദിച്ചിരുന്നു.

ഇന്നലെയും ആർക്കും രോഗം സ്ഥിരീകരിച്ചില്ല

- നിരീക്ഷണത്തിനെത്തിയത് 7,861 പേർ
- പിഎച്ച്സികളുടെ പ്രവർത്തന സമയം നീട്ടും

കൊറോണ ജാഗ്രതയുടെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രി പിണറായി വിജയനും ആരോഗ്യമന്ത്രി കെ.കെ. ശൈലജയും ഇന്നലെ സെക്രട്ടേറിയറ്റിൽ വാർത്താസമ്മേളനം തുറന്ന വേദിയിലേക്കു മാറ്റിയപ്പോൾ. മാധ്യമപ്രവർത്തകർക്ക് കൃത്യമായ അകലമിട്ടാണ് കസേരകൾ ഇവിടെ ഒരുക്കിയത്. കെ.ബി. ജയചന്ദ്രൻ

തിരുവനന്തപുരം: സംസ്ഥാനത്ത് കൊവിഡ്19 കൊറോണ വൈറസ് ബാധിതരായി പുതിയ രോഗികളില്ല. സംസ്ഥാനത്ത് ആകെ നിരീക്ഷണത്തിലുള്ളത് 25,603 പേർ. ഇവരിൽ 25,363 വീടുകളിലും 237 പേർ ആശുപത്രികളിലും. പുതുതായി ഇന്നലെ 7,861 പേരെ നിരീക്ഷണത്തിൽ ഉൾപ്പെടുത്തി. 4,622 പേരെ രോഗബാധയില്ലെന്ന് കണ്ടതിനെത്തുടർന്ന് നിരീക്ഷണത്തിൽ നിന്ന് ഒഴിവാക്കി.

പരിശോധനയ്ക്ക് അയച്ച 2,550 സാംപിളുകളിൽ 2,140 ആളുകൾക്ക് രോഗബാധയില്ലെന്നു കണ്ടെത്തി. പുതിയ കേസുകൾ ഇല്ലാത്തത് സംസ്ഥാനത്തിന് ആശ്വാസം പകരുന്നുണ്ടെന്നും, കേരളത്തിലെ രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ സുപ്രീം കോടതിയും ഹൈക്കോടതിയും സംതൃപ്തി രേഖപ്പെടുത്തിയത് പ്രവർത്തനങ്ങൾക്ക് കരുത്തു പകരുന്നതാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

എല്ലാ പബ്ലിക് ഹെൽത്ത് സെന്ററുകളിലും ഔട്ട് പേഷ്യന്റ് വിഭാഗം വൈകിട്ട് വരെ വേണമെന്നത് നിർബന്ധമാക്കും. എല്ലാ പിഎച്ച്സികളിലും ഡോക്റ്റർമാർ വേണം. അതിനുള്ള നടപടി സ്വീകരിക്കും. പ്രാദേശികമായി ഡോക്റ്റർമാരെ നിയമിക്കാൻ ശ്രമിക്കും.

ഇന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയോടൊപ്പം മുഖ്യമന്ത്രി വിക്റ്റേഴ്സ് ചാനൽ വഴി സംവദിക്കും. പ്രാദേശികമായി കൈക്കൊള്ളേണ്ട നടപടികൾ ഭരണകർത്താക്കളെയും പ്രാദേശിക രാഷ്ട്രീയ പ്രവർത്തകരെയും ബോധ്യപ്പെടുത്തും. നിരീക്ഷണത്തിലുള്ള ചിലർ ഇറങ്ങിപ്പോകുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. അതു തടയാൻ കൂടുതൽ ജാഗ്രത പുലർത്തും.

- എല്ലാ ജില്ലകളിലും കോവിഡ് കെയർ സെന്ററുകൾ തുറക്കും
- ലോഡ്ജുകളും പൂട്ടിക്കിടക്കുന്ന ആശുപത്രികളും ഏറ്റെടുക്കും
- വേണ്ടിവന്നാൽ ഹോട്ടലുകൾ വിട്ടുനൽകാൻ സന്നദ്ധരാകണം
- ആരോഗ്യവകുപ്പിലെ വിരമിച്ച ജീവനക്കാരെ നിയമിക്കും
- ഹെൽത്ത് വളണ്ടിയർ രജിസ്ട്രേഷന് മികച്ച പ്രതികരണം
- കച്ചവടക്കാർ ഓൺലൈൻ ഹോം ഡെലിവറിയിലേക്ക് മാറണം
- മാസ്ക്, സാനിറ്റൈസർ ക്ഷാമം പരിഹരിക്കാൻ നടപടിയായി
- എസ്എസ്എൽസി, പ്ലസ് ടു മൂല്യനിർണയത്തിന് മുൻകരുതൽ

ബാറുകൾ പൂട്ടില്ല, ശുചിത്വം പാലിക്കണം

തിരുവനന്തപുരം: ബാറുകളിലും ബെവ്കോ മദ്യ ഔട്ട്ലെറ്റുകളിലും വൃത്തിയും രോഗവ്യാപനം തടയാനാവശ്യമായ നടപടികളും കൈക്കൊള്ളുന്നുണ്ടോ എന്ന് എക്സൈസ് വകുപ്പ് പരിശോധന നടത്തും. ബാറുകളിൽ മേശകൾ അകറ്റിയിടുക, അണുവിമുക്തമാക്കുക, വായുസഞ്ചാരം ലഭിക്കുന്ന രീതിയിൽ കൗണ്ടറുകൾ തുറക്കുക തുടങ്ങിയ ക്രമീകരണങ്ങൾ നടപ്പാക്കാനാണ് തീരുമാനം. ബെവ്കോ ഔട്ട്ലെറ്റുകളിലും കൈകൾ ശുചിയാക്കാനുള്ള സംവിധാനം വേണമെന്ന് നിർദേശിച്ചതായും മുഖ്യമന്ത്രി പിണറായി വിജയൻ.

സിബിഎസ്ഇ പരീക്ഷകൾ മാറ്റി

ന്യൂഡൽഹി: 10, 12 ക്ലാസുകളിലെ ബോർഡ് പരീക്ഷകൾ സിബിഎസ്ഇ മാറ്റിവച്ചു. കൊറോണ ഭീതിയുടെ പശ്ചാത്തലത്തിലാണിത്. മാർച്ച് 31നു ശേഷമാവും ഇനി പരീക്ഷകൾ. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന എല്ലാ ഇവാലുവേഷൻ പ്രവർത്തനങ്ങളും നിർത്തിവച്ചതായി സിബിഎസ്ഇ അറിയിച്ചു.

മാർച്ച് 31 വരെ പരീക്ഷകൾ മാറ്റിവയ്ക്കണമെന്ന് കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം സിബിഎസ്ഇയോടും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളോടും നിർദേശിച്ചതിന്റെ പശ്ചാത്തലത്തിലാണിത്.

വിദേശത്തു നിന്ന് 1,200 പേർ എത്തുന്നു

തിരുവനന്തപുരം: കോറോണ വ്യാപനത്തെ തുടർന്ന് യാത്ര പ്രതിസന്ധിയിലായി വിദേശത്ത് കഴിയുന്ന 1,200 പേർ കേരളത്തിലേക്ക്. തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തുന്ന ഇവരെ നിരീക്ഷണ കേന്ദ്രങ്ങളിലാക്കാനാണു സർക്കാർ തീരുമാനം. ഇതിനായി 50 കെഎസ്ആർടിസി ബസുകൾ ശുചിയാക്കി മോട്ടോർ വാഹന വകുപ്പ് എയർപോർട്ടിലെത്തിക്കും.

അബുദാബി, ദുബായ്, ഷാർജ എന്നിവിടങ്ങളിൽ നിന്നുള്ള വിമാനങ്ങളിലാണ് യാത്രക്കാർ എത്തുന്നത്. വിമാനത്താവളത്തിന് സമീപമുള്ള കോളെജ് ഹോസ്റ്റലുകൾ, ഉപയോഗിക്കാത്ത ആശുപത്രി കെട്ടിടങ്ങൾ, പ്രവർത്തിക്കാത്ത ഹോട്ടലുകൾ തുടങ്ങിയവയാണ് 5,000 പേരെ നിരീക്ഷിക്കാനുള്ള കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുള്ളത്.

സ്വർണം

ഗ്രാം	- 3,760
പവൻ	- 30,080

മെട്രോ മാഡം

സർക്കാർ മദ്യലോബിക്കു കീഴടങ്ങി: ഉമ്മൻ ചാണ്ടി

മദ്യമല്ലേ, ആരെയും കീഴടക്കാം..!

www.facebook.com/metrovaarthaofficial

സഭയുടെ അവകാശത്തിൽ ഇടപെടാനില്ല: സുപ്രീം കോടതി

- മധ്യപ്രദേശ് വടംവലി: ഇന്നും വാദം തുടരും

ന്യൂഡൽഹി: വിശ്വാസ വോട്ടെടുപ്പുമായി ബന്ധപ്പെട്ട് മധ്യപ്രദേശ് നിയമസഭയുടെ ഉത്തരവാദിത്വങ്ങളിൽ ഇടപെടാനില്ലെന്നു സുപ്രീംകോടതി. ഇക്കാര്യത്തിൽ നിയമവശം പരിശോധിക്കുക മാത്രമാണു കോടതിയുടെ ഉത്തരവാദിത്വമെന്നും ജസ്റ്റിസുമാരായ ഡി.വൈ. ചന്ദ്രചൂഡ്, ഹേമന്ദ് ഗുപ്ത എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി.

കമൽനാഥ് സർക്കാരിന് ഭൂരിപക്ഷം നഷ്ടമായെന്നും വിശ്വാസ വോട്ട് തേടാൻ ആവശ്യപ്പെടണമെന്നും കാണിച്ച് ബിജെപി സമർപ്പിച്ച ഹർജിയിലാണ് സുപ്രീം കോടതിയുടെ മറുപടി. എന്നാൽ,16 വിമത എംഎൽഎമാരുടെ അവകാശം സ്വതന്ത്രമായി വിനിയോഗിക്കപ്പെടുമെന്ന് ഉറപ്പാക്കണമെന്നും കോടതി പറഞ്ഞു. ഹർജിയിൽ ഇന്നും വാദം തുടരും.

22 എംഎൽഎമാർ രാജിവച്ച പശ്ചാത്തലത്തിൽ കമൽനാഥിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് സർക്കാരിന് ഭൂരിപക്ഷം നഷ്ടമായെന്നും വിശ്വാസവോട്ട് വേണമെന്നും വാദിച്ചാണു ബിജെപി പരമോന്നത കോടതിയെ സമീപിച്ചത്. എന്നാൽ, എംഎൽഎമാരെ ബിജെപി തടവിലാക്കിയിരിക്കുകയാണെന്നാണു കോൺഗ്രസിന്റെ ആരോപണം.

രാജിവച്ച 22 പേരിൽ ആറ് പേരുടെ രാജി മാത്രമാണ് സ്പീക്കർ സ്വീകരിച്ചത്. ശേഷിക്കുന്ന 16 എംഎൽഎമാരെയും വിശ്വാസ വോട്ടെടുപ്പിന് മുമ്പ് സഭയിൽ ഹാജരാക്കണമെന്ന് കോൺഗ്രസ് ആവശ്യപ്പെടുന്നു. എംഎൽഎമാരെ തടവിലാക്കിയിട്ടില്ലെന്ന്ഉറപ്പാക്കണമെന്നു കോടതി നിർദേശിച്ചു. അവർക്കു വിശ്വാസ വോട്ടെടുപ്പിൽ പങ്കെടുക്കുകയോ പങ്കെടുക്കാതിരിക്കുകയോ ചെയ്യാം. എന്നാൽ തടഞ്ഞുവയ്ക്കാൻ ഒരിക്കലും പാടില്ല- കോടതി പറഞ്ഞു.

എംഎൽഎമാരെ ആരും തടഞ്ഞുവച്ചിട്ടില്ലെന്നും വേണമെങ്കിൽ കോടതിയിൽ അവർ ഹാജരാകുമെന്നും ബിജെപിക്ക് വേണ്ടി വാദം നടത്തിയ മുകുൾ റോഹത്ഗി അറിയിച്ചു. രജിസ്ട്രാർ ജനറലിനെ അയച്ച് എംഎൽഎമാരെ നേരിട്ടു കാണാമെന്നും റോഹത്ഗി പറഞ്ഞു. എന്നാൽ, ഇക്കാര്യം കോടതി തള്ളി. ഹർജികളിൽ ഇന്നു രാവിലെ 10.30 മുതൽ വാദം തുടരും.

അതിനിടെ, വിമതരെ കാണാൻ എത്തിയ കോൺഗ്രസ് നേതാവ് ദിഗ്‌വിജയ് സിങ്ങിനെ ബംഗളൂരുവിൽ പൊലീസ് തടഞ്ഞു. തുടർന്ന് പ്രതിഷേധിച്ച ദിഗ്‌വിജയ് സിങ് താൻ നിരാഹാരം നടത്തുമെന്നു പ്രഖ്യാപിച്ചു. പിന്നീട് വിമതരെ കാണാൻ അനുമതി തേടിയാണ് കർണാടക ഹൈക്കോടതിയെ സമീപിച്ചെങ്കിലും ഹർജി തള്ളി.

'അമൃത' രാമേശ്വരത്തേക്ക് നീട്ടിയേക്കും

എം.ബി. സന്തോഷ്

തിരുവനന്തപുരം: തിരുവനന്തപുരം -പാലക്കാട് - മധുര 'അമൃത' എക്സ്പ്രസ് രാമേശ്വരത്തേക്കു നീട്ടിയേക്കും. ചെന്നൈ എഗ്മൂർ - രാമേശ്വരം ട്രെയ്നുമായി ബന്ധപ്പെടുത്തി സർവീസ് നീട്ടാനാണ് ആലോചന. അങ്ങനെയാണെങ്കിൽ ഇതുവഴി ചെന്നൈയിലേക്കു പുതിയൊരു ട്രെയ്നിന്റെ പ്രയോജനമായിരിക്കും ലഭിക്കുക.

നിലവിൽ മധുര വരെ പോകുന്ന 'അമൃത' രാമേശ്വരം വരെ നീട്ടണമെന്ന് നേരത്തെയും ആവശ്യമുയർന്നിരുന്നു. പക്ഷേ, ട്രെയ്ൻ വൃത്തിയാക്കുന്നതിനുള്ള സമയമോ വെള്ളമോ സൗകര്യമോ രാമേശ്വരത്ത് ഇല്ലാത്തതിനാൽ അതു പ്രായോഗികമല്ലെന്ന നിലപാടിലായിരുന്നു അധികൃതർ.

എന്നാൽ, പുതിയ ബോഗികൾ വന്നതിനു പുറമേ രാമേശ്വരം - ചെന്നൈ എഗ്മൂർ എക്സ്പ്രസിനെ ഇതുമായി ബന്ധപ്പെടുത്തിയാൽ പുതിയ ഒരു അധിക ട്രെയ്നിന്റെ പ്രയോജനം ലഭിക്കുമെന്നു വ്യക്തമായതോടെയാണ് അധികൃതർ താത്പര്യപ്പെട്ടത്.

നിലവിൽ രാത്രി 8.30ന് തിരുവനന്തപുരത്തു നിന്നു പുറപ്പെടുന്ന 'അമൃത' രാവിലെ 5.55ന് പാലക്കാട്ടെത്തും. 11.30നാണ് മധുരയിലെത്തുക. വൈകിട്ട് 3.30ന് തിരികെ പുറപ്പെടുന്ന 'അമൃത' പാലക്കാട്ട് 8.25നും തിരുവനന്തപുരത്ത് രാവിലെ 5.50നും എത്തും. ഈ ട്രെയ്ൻ രാമേശ്വരം വരെ നീട്ടുകയും തിരികെ ചെന്നൈ എഗ്മൂറിലേക്കു പോവുകയും ചെയ്യുക എന്നാണ് ആലോചന.

ചെന്നൈ എഗ്മൂർ - രാമേശ്വരം ട്രെയ്ൻ രാവിലെ 8.35നാണ് രാമേശ്വരത്ത് എത്തിച്ചേരുന്നത്. ഈ ട്രെയ്ൻ ഉച്ചയ്ക്ക് 12ന് തിരികെ 'അമൃത' എക്സ്പ്രസായി തിരുവനന്തപുരത്തേക്കു പോരാം. 3.30ന് മധുരയിലെത്തി നിലവിലുള്ള സമയത്ത് സഞ്ചരിക്കാം.

'അമൃത' എക്സ്പ്രസിൽ രണ്ട് തേർഡ് എസി, ഒരു സെക്കൻഡ് എസി, 14 സ്ലീപ്പർ ഉൾപ്പെടെ നിലവിൽ 19 ബോഗികളാണുള്ളത്. എഗ്മൂർ - രാമേശ്വരം വണ്ടിയിൽ ഒരു ഫസ്റ്റ് ക്ലാസ് കം സെക്കൻഡ് എസി കോച്ചുൾപ്പെടെ ഉള്ളതിനാൽ 'അമൃത'യിൽ 22 ബോഗിയായി ഉയർത്താനുള്ള സാധ്യതയുമുണ്ട്.

'അമൃത'യിലെ യാത്രക്കാർക്ക് രാമേശ്വരം വരെ പോയശേഷം അവിടെ ഇറങ്ങി മൂന്നുമണിക്കൂർ ചെലവഴിച്ചശേഷം രാമേശ്വരം - എഗ്മൂർ ആയി മാറുന്ന ഇതേ ട്രെയ്നിൽ ചെന്നൈയിലേക്കും പോകാനാവും. രാമേശ്വരത്ത് ട്രെയ്ൻ വൃത്തിയാക്കാനും വെള്ളം നിറയ്ക്കാനും മൂന്നുമണിക്കൂർ നിർത്തിയിടും. ഈ ട്രെയ്നിന്റെ അറ്റകുറ്റപ്പണിയുടെ ചുമതല തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനാവും ലഭിക്കുക.

സർക്കാർ തീരുമാനം നടപ്പായില്ല; വെള്ളത്തിന്റെ വില 20 തന്നെ

തലശേരി : കുപ്പി വെള്ളത്തിന്റെ വില 13 രൂപയായി നിജപ്പെടുത്തിയ സർക്കാർ പ്രഖ്യാപനം വർഷം രണ്ട് തികയാറായിട്ടും സംസ്ഥാനത്ത് നടപ്പിലായില്ല. പട്ടണ - ഗ്രാമവേർതിരിവില്ലാതെ 20 രൂപയാണ് ഇപ്പോഴും കുപ്പിവെള്ളത്തിന് കച്ചവടക്കാർ ഈടാക്കുന്നത്. 2018 മേയ് മാസത്തിലാണ് ഭക്ഷ്യ മന്ത്രി പി.തിലോത്തമന്റെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗം കുപ്പിവെള്ളത്തിന്റെ വില കുറക്കാൻ തീരുമാനിച്ചിരുന്നത്. അവശ്യസാധന നിയമത്തിൽ ഉൾപെടുത്തിയായിരുന്നു നടപടി. എന്നാൽ കുപ്പിവെള്ള നിർമ്മാണ കമ്പനിക്കാർ പ്രസ്തുത തീരുമാനത്തെ എതിർത്ത് ഹൈക്കോടതിയെ സമീപിച്ചു. വാദത്തിനൊടുവിൽ ഹൈക്കോടതി സർക്കാർ നിലപാടാണ് അംഗീകരിച്ചത് .ഇക്കഴിഞ്ഞ ദിവസം ഇതു സംബന്ധിച്ച് ഉത്തരവും പുറത്ത് വന്നു. എന്നാൽ കോടതി തീരുമാനത്തിന്റെ പിന്നാലെ സർക്കാരിന്റെ വിജ്ഞാപനം പുറത്ത് വരാത്തത് വിതരണ കമ്പനിക്കാർക്ക് പിടിവള്ളിയായി. വെള്ളം നൽകുന്നത് കുപ്പിയിൽ രേഖപ്പെടുത്തിയ എം.ആർ.പി. വിലയായ 20 രൂപയ്ക്കാണ് . വിജ്ജാപനത്തിൽ വകുപ്പ് സെക്രട്ടറി ഒപ്പിടാത്ത സാങ്കേതികത്വമാണ് അവശ്യവസ്തുവായ വെള്ളത്തിനും വിനയാവുന്നത്.

വീട്ടമ്മയെ പീഡിപ്പിച്ച പ്രതി കീഴടങ്ങി

മഞ്ചേരി: പട്ടികജാതി വിഭാഗത്തിൽപ്പെട്ട വീട്ടമ്മയെ പീഡിപ്പിച്ചുവെന്ന കേസിലെ രണ്ടാം പ്രതി മഞ്ചേരി എസ് സി എസ് ടി കോടതിയിൽ കീഴടങ്ങി. കാഞ്ഞിരംപറമ്പ് ചാത്തംപിലാക്കൽ റഫീഖ് (28) ആണ് കീഴടങ്ങിയത്. പ്രതിയെ കോടതി 14 ദിവസത്തേക്ക് റിമാന്റ് ചെയ്തു. ഇക്കഴിഞ്ഞ എട്ടിന് കൊണ്ടോട്ടി എയർപോർട്ടിന് സമീപം ലോഡ്ജിലാണ് കേസിന്നാസ്പദമായ സംഭവം. കേസിലെ ഒന്നാംപ്രതി എടപ്പറമ്പ് ഷാഹുൽഹമീദ് ഒളിവിലാണ്.

അണു വിമുക്ത ലായനി വിതരണം ചെയ്തു

മഞ്ചേരി: മഞ്ചേരിയിൽ കൊറോണ സ്ഥിരീകരിച്ച സാഹചര്യത്തിൽ കോളേജ് വിദ്യാർഥികൾ അണുവിമുക്തമാക്കാനുള്ള ലായനി തയ്യാറാക്കി സൗജന്യമായി വിതരണം ചെയ്തു. മഞ്ചേരി കൊരമ്പയിൽ അഹമ്മദ് ഹാജി മെമ്മോറിയൽ യൂണിറ്റി വിമൻസ് കോളേജ് രസതന്ത്ര വിഭാഗം വിദ്യാർഥികളാണ് കൈകൾ അണു വിമുക്തമാക്കാനുള്ള ലായനി കോളേജ് ലാബിൽ നിർമിച്ചത്. വിദ്യാർഥികൾക്കും ജീവനക്കാർക്കും മാത്രമല്ല സമീപത്തെ വീടുകളിലേക്കും ലായനി സൗജന്യമായി വിതരണം ചെയ്തു. ഡോ. മുഹമ്മദ് ബഷീർ ഉമ്മത്തൂർ, ഡോ. പി ജ്യോതി , ഡോ. കെ ദീപ, കെ ശബാന, നജീറ, അനീസ് റഹ്മാൻ, കണ്ണിയൻ മുഹമ്മദലി, എ പി മൊയ്തീൻ കുട്ടി, റസ്മിൻ, സഫ, ആയിഷ സന നേതൃത്വം നൽകി.

സാനിറ്റെസർ വിതരണം ചെയ്തു

തലശേരി : കൊറോണ വൈറസിനെ പ്രതിരോധിക്കാൻ കൂടുതൽ സന്നാഹങ്ങൾ ഏർപ്പെടുത്തേണ്ടി വരുമെന്ന് അഡ്വ. എ.എൻ ഷംസീർ എം.എൽ.എ. കെയർ ആന്റ് ക്യുയർ ഫൗണ്ടേഷൻ, തലശേരി വെൽഫെയർ അസോസിയേഷൻ എന്നി സംഘടനകളുടെ സഹകരണത്തോടെ തലശേരി പ്രസ് ഫോറം സംഘടിപ്പിച്ച സാനിറ്റൈസർ വിതരണ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സാഹചര്യവും തഞ്ചവും നോക്കി സാനിറ്റൈസർ, മാസ്ക് എന്നിവയുടെ കാര്യത്തിൽ കൊള്ള നടക്കുന്ന സന്ദർഭത്തിൽ ഇത്തരം സൗജന്യ സംരംഭങ്ങൾ ഏറെ പ്രധാനപ്പെട്ടതാണ്. കൊറോണയെ പറ്റി ഭീതിയും വേവലാതിയുമല്ല ജാഗ്രതയാണ് വേണ്ടത്. എവിടെയും ആളുകൾ കൂട്ടം കൂടുന്നത് ഒഴിവാക്കണം. ഇക്കാര്യത്തിൽ സർക്കാർ നൽകിയ നിർദ്ദേശങ്ങൾ ജനം സ്വീകരിച്ചു കഴിഞ്ഞതായും എം.എൽ.എ.പറഞ്ഞു. ഹസ്തദാനം ഒഴിവാക്കിയും സാമൂഹ്യമായ അകലം പാലിച്ചും വ്യക്തി ശുദ്ധി പുലർത്തിയും ജിവിച്ചാൽ ഒരു പരിധി വരെ കോവിഡ് വൈറസിനെ അകറ്റി നിർത്താനാവുമെന്ന് തുടർന്ന് സംസാരിച്ച എരഞ്ഞോളി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഡോ.സി.പി.ബി ജോയ് പറഞ്ഞു.മാസ്കിന് വേണ്ടി അനാവശ്യമായി പരക്കം പായേണ്ടതില്ലെന്നും രോഗികളുമായി ഇടപഴകുന്നവരും അത്തരം സാഹചര്യങ്ങളെ നേരിടുന്നവരും മാത്രം മാസ്ക് ധരിച്ചാൽ മതിയാവുമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. പ്രസ് ഫോറം പ്രസിഡണ്ട് നവാസ് മേത്തർ അധ്യക്ഷത വഹിച്ചു. കെ.എസ്.എ അബ്ദുൾ ലത്തീഫ് ,വി .പി അഹമ്മദ് റിയാസ്, പ്രസ് ഫോറം സെക്രട്ടറി എൻ.സിറാജുദ്ദീൻ , ജോ. സെക്രട്ടറി കെ.പി.ഷീജിത്ത് എന്നിവർ സംസാരിച്ചു.

പാളയം പറമ്പിലെ ജനാരവത്തിന് നൂറ് വയസ്

കൊരമ്പയിലിന്റെ ഡയറിക്കുറിപ്പുകൾ കാലിക്കറ്റിലെ ഗവേഷകർ കണ്ടെത്തി

വേലായുധൻ പി മൂന്നിയൂർ

തേഞ്ഞിപ്പലം: പാളയം പറമ്പിലെ ജനാരവത്തിന് നൂറ് വയസ് തികയുന്നു. കൊരമ്പയിൽ അഹമ്മദ് ഹാജിയുടെ വർഷങ്ങൾ പഴക്കമുള്ള ഡയറി കാലിക്കറ്റിലെ ഗവേഷകർ കണ്ടെത്തി വിശകലനം നടത്തി. മലബാർ ബ്രട്ടീഷ് ഭരണകാലത്ത് മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു. ജില്ലയിൽ സാധാരണ ജനങ്ങളെ പ്രബുദ്ധരാക്കിയത് 1916 മുതൽ 1920 വരെ നടന്ന മലബാർ ജില്ലാ രാഷ്ട്രീയ സമ്മേളനങ്ങളാണ്. 1920 ൽ മഞ്ചേരി നഗരത്തിൽ നടന്ന അഞ്ചാം സമ്മേളനം മഞ്ചേരി കോൺഫറൻസ് സഭ- എന്നാണ് അറിയപ്പെട്ടത്. കേരള ചരിത്രത്തിൽ വഴിത്തിരിവുണ്ടാക്കിയ ഈ രാഷ്ട്രീയ സമ്മേളനം 1920 ഏപ്രിൽ 28, 29 ദിവസങ്ങളിലാണ് നടന്നത്. ചേറ് മണക്കുന്ന മാപ്പിളമാർ ഈ സമ്മേളനത്തിൽ പ്രതിനിധികളായി പങ്കെടുത്തു എന്ന് സമ്മേളനത്തിനിന്ന് ഇറങ്ങിപ്പോയവർ പിൽക്കാലത്ത് രേഖപ്പെടുത്തിയിട്ടുണ്ട്.

സമ്മേളനത്തിൽ ആയിരത്തി മൂന്നൂറ് പ്രതിനിധികൾ പങ്കെടുത്തിരുന്നു. ഈ സമ്മേളനം അതുവരെ ഉണ്ടായ ഭൂപ്രഭുക്കൻമാരുടെയും നാടുവാഴികളുടെയും മേധാവിത്തത്തെ പിഴുതെറിഞ്ഞതായ് ഡയറി കുറിപ്പ് വ്യക്തമാക്കുന്നു. ഈ സഭയുടെ ഫലമായാണ് പുതിയ മധ്യവർഗ്ഗ നേതാക്കൾ മലബാറിന്റെ രാഷ്ട്രീയ നേതൃത്വം ഏറ്റെടുക്കാൻ പ്രേരകമായത്. ഖിലാഫത്ത്- കോൺഗ്രസ് പ്രക്ഷോഭങ്ങൾക്ക് പിന്തുണ യർപ്പിച്ച സഭ, അതെ സമയം ബ്രട്ടീഷ് ഭരണത്തോട് വിയോജിപ്പും പ്രകടമാക്കിയത് കേരള ചരിത്രത്തിലെ വഴിത്തിരിവായി. ജനങ്ങളാണ് യഥാർത്ഥ ശക്തിയെന്ന് വോട്ടെടുപ്പിലൂടെ തെളിയിക്കപ്പെട്ടപ്പോൾ ന്യൂനപക്ഷമായ ഭൂപ്രമാണി വർഗ്ഗത്തിന് സമ്മേളനത്തിൽ നിന്ന് ഇറങ്ങിപ്പോകേണ്ടി വന്നു.

അന്ന്സമ്മേളനത്തിൽ പങ്കെടുത്ത മഞ്ചേരിയിലെ കൊരമ്പയിൽ അഹമ്മദ് ഹാജിയുടെ ഡയറിക്കുറിപ്പുകളാണ് കാലിക്കറ്റിലെ ഗവേഷകർ ഇപ്പോൾ കണ്ടെത്തിയിരിക്കുന്നത്. അന്ന് കൊരമ്പയിൽ അഹമദ് ഹാജിയും സഹോദരൻ മൊയ്തീനും 15 രൂപ പ്രതിനിധി ഫീസ് നൽകിയാണ് സമ്മേളനത്തിൽ പങ്കെടുത്തത്. സഭയിൽ നടന്ന വിസ്മയകരങ്ങളായ അനുഭവങ്ങളാണ് ഡയറിയിൽ എഴുതിവച്ചിരിക്കുന്നത്.

മഞ്ചേരിയിൽ കഴിഞ്ഞ കോൺഫറൻസ് സഭ- എന്ന തലക്കെ ട്ടുള്ള വിവരമടങ്ങിയ ഡയറിക്കുറിപ്പുകൾ അഡ്വ. നജ്മൽ ബാബു വാണ് സൂക്ഷിച്ചു വച്ചിരിക്കുന്നത്. ജനപങ്കാളിത്തമാണ് സഭയുടെ ഏറ്റവും പ്രധാന സവിശേഷത. ഇങ്ങനെ ഒരു സഭ അടുത്ത കാലത്തൊന്നും കഴിഞ്ഞിട്ടില്ല- എന്ന വാചകങ്ങൾ ആ സമ്മേളനത്തിൽ മുഴങ്ങിയ ജനാരവത്തെ സൂചിപ്പിക്കുന്നു. ആനിബസന്റിന്റെ നേതൃത്വത്തിൽ ഭൂപ്രഭുക്കൻമാർ സഭവിട്ട് പുറത്തു പോയത് ജനനേതാക്കളായ വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, എം പി നാരായണ മേനോൻ എന്നിവരുടെ വിജയമായി. മഞ്ചേരി നഗരത്തിലെ പാളയം കോട്ട മൈതാനത്താണ് സഭ കൂടിയത്. കോഴിക്കോട് സർവ്വകലാശാലയിലെ ഡോ. ശിവദാസൻ പി യുടെ നേതൃത്വത്തിലാണ് ഗവേഷകർ ഡയറിക്കുറിപ്പുകൾ പരിശോധിച്ചത്. കൊരമ്പയിൽ അഹമദ് ഹാജി 1927 ൽ മരണപ്പെട്ടു.





കാലിക്കറ്റിലെ ഗവേഷകർ കണ്ടെത്തിയ കൊരമ്പയിൽ അഹമ്മദ് ഹാജിയുടെ ഡയറിക്കുറിപ്പുകളിൽ നിന്ന്

കൊറോണ: ആശുപത്രികൾക്ക് ചികിത്സാ മാർഗനിർദേശം നൽകി

കോഴിക്കോട്: ആശുപത്രികളിലെ കൊറോണ സംശയിക്കുന്ന രോഗികളെ ചികിത്സിക്കുന്നതുമായി ബന്ധപ്പെട്ട് ആശുപത്രി അധികൃതർക്ക് ജില്ലാ കലക്റ്റർ സാംബശിവ റാവു മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു.

പിഴവുകളില്ലാതെ കൊറോണ നിരീക്ഷണത്തിലുള്ള രോഗികളുടെ ചികിൽസ ഉറപ്പുവരുത്തേണ്ടത് ആശുപത്രി സൂപ്രണ്ടിന്റെ ചുമതലയാണ്. ജില്ലയ്ക്ക് പുറത്ത് നിന്നും ചികിത്സക്കായി എത്തുന്ന രോഗികൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ കൺട്രോൾ റൂമിൽ വിവരമറിയിച്ച് ആംബുലൻസിലാണ് എത്തുന്നതെന്ന് ഉറപ്പാക്കണം. ആശുപത്രികളിൽ ഇനിമുതൽ സന്ദർശകരെ അനുവദിക്കാൻ പാടില്ല. ഒരു രോഗിയോടെപ്പം ഒന്നിൽ കൂടുതൽ ആളുകളെ നിയോഗിക്കാനും പാടില്ല. നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ വീഴ്ചവരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുമെന്ന് കലക്റ്റർ അറിയിച്ചു.

1. വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്ന വ്യക്തികൾക്ക് ചികിത്സ ആവശ്യമായി വരുമ്പോൾ ബന്ധപ്പെട്ട തദ്ദേശസ്വയഭരണ സ്ഥാപനത്തിലെ വാർഡ് ആർ.ആർ.ടിയെ (മെഡിക്കൽ ഓഫീസറെ) അറിയിക്കണം.
2. മെഡിക്കൽ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസറുടെ കൺട്രോൾ റൂമിൽ വിവരമറിയിച്ച് രോഗിയെ ബീച്ച് ആശുപത്രി/മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് ആംബുലൻസിൽ എത്തിക്കണം.
3. രോഗിയുമായി വരുന്ന ആംബുലൻസ് ആശുപത്രിയിൽ സജ്ജീകരിച്ചിരിക്കുന്ന ഹെൽപ്പ് ഡസ്കിൽ തന്നെ രോഗിയുമായി എത്തണം.
4. ഹെൽപ്പ് ഡസ്കിൽ നിന്നും ഇതിനായി നിയോഗിക്കപ്പെട്ട വൊളന്റിയർ രോഗിയെ രോഗാവസ്ഥയനുസരിച്ച് ത്രിതല ട്രയാജ് സിസ്റ്റം വഴി പരിശോധനക്ക് വിധേയമാക്കണം
5. ഹെൽപ്പ് ഡസ്കിൽ രജിസ്റ്റർ ചെയ്തശേഷം ട്രയാജ് ടു വിലേക്ക് പേഷ്യന്റ് കോ ഓർഡിനേറ്ററോടൊപ്പം പരിശോധനയ്ക്ക് അയക്കണം. ഹെൽപ് ഡെസ്കിലെത്തുന്ന കൊറോണ സംശയിക്കുന്ന ഒരോ രോഗിയും പ്രോട്ടോകോൾ അനുസരിച്ച് ചികിത്സയ്ക്ക് വിധേയനാകുന്നുവെന്ന് പേഷ്യന്റ് കോ-ഓർഡിനേറ്റർ ഉറപ്പുവരുത്തണം. ഇത്തരം രോഗികൾ ഒരു കാരണവശാലും പൊതു സ്ഥലങ്ങളിൽ പ്രവേശിക്കാനോ, പൊതുഗതാഗത സംവിധാനങ്ങൾ ഉപയോഗിക്കാനോ പാടില്ല.
6. രോഗലക്ഷണങ്ങളുള്ളതും എന്നാൽ തുടർചികിൽസയും ആശുപത്രിയിൽ അഡ്മിഷനും ആവശ്യമില്ലാത്തതാണെന്നു പരിശോധനയിൽ വ്യക്തമാവുന്ന, നിർബന്ധമായും വീട്ടിൽ നിരീക്ഷണത്തിൽ കഴിയേണ്ട രോഗികൾ ആംബുലൻസിൽ തന്നെയാണ് തിരിച്ച് വീട്ടിലേക്ക് പോവുന്നതെന്ന് നിയോഗിക്കപ്പെട്ട പേഷ്യന്റ് കോ ഓർഡിനേറ്റർ ഉറപ്പുവരുത്തണം.
7. ട്രയാജ് ടു വിൽ എത്തുന്ന രോഗിയുടെ പരിശോധന പൂർത്തിയാകും വരെ രോഗിയെ കൊണ്ടുവന്ന ആംബുലൻസ് ആവശ്യമെങ്കിൽ രോഗിയെ തിരിച്ച് വീട്ടിൽ എത്തിക്കുന്നതിനായി ആശുപത്രിയിൽ തന്നെ ഉണ്ടാവണം.
8. രോഗലക്ഷണങ്ങളുള്ളതും തുടർ ചികിൽസ ആവശ്യമുള്ളതുമായ കേസുകളിൽ (ട്രയാജ് 3) രോഗി ഐസലേഷൻ വാർഡിൽ പ്രവേശിപ്പിക്കപ്പെട്ടുവെന്ന് നിയോഗിക്കപ്പെട്ട പേഷ്യന്റ് കോ-ഓർഡിനേറ്റർ ഉറപ്പുവരുത്തണം. ഐസലോഷൻ വാർഡിൽ പ്രവേശിക്കപ്പെടുന്ന രോഗികൾ ഒരു കാരണവശാലും പുറത്തുപോവുന്നില്ലെന്ന് ഉറപ്പുവരുത്താൻ ആവശ്യമായ ജീവനക്കാരെ നിയോഗിക്കണം.
9. ഹെൽപ്പ് ഡസ്കകളിൽ ഒരോ രോഗിക്കും കൃത്യമായ സഹായം ലഭ്യമാക്കാൻ ആവശ്യമായ അത്രയും വൊളന്റിയർമാരെ/ജീവനക്കാരെ നിയോഗിക്കണം.
10. ആശുപത്രികളിലെ ഹെൽപ്പ് ഡെസ്കിൽ 24 മണിക്കൂറും നിർബന്ധമായും ഒരു പൊലീസ് ഉദ്യോഗസ്ഥൻ ഡ്യൂട്ടിയിൽ ഉണ്ടെന്ന് ജില്ലാ പൊലീസ് മേധാവികൾ ഉറപ്പുവരുത്തണം.
11. കൊറോണ കേസുകൾ കൈകാര്യം ചെയ്യുന്ന എല്ലാ ആശുപത്രികളിലെയും ജീവനക്കാർക്ക് കൃത്യവും വ്യക്തവുമായ പരിശീലനം നൽകിയിട്ടുണ്ടെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഉറപ്പുവരുത്തണം.

ഡിവൈഎഫ്ഐ കോഴിക്കോട് ജില്ല കമ്മിറ്റി സാനിറ്റൈസറുകൾ നിർമിച്ച് വിതരണം ചെയ്യുന്നു.

നഗരത്തിലെ വിവിധ പള്ളികളിൽ സംഘടിത നമസ്കാരം നിർത്തിവെച്ചു

കോഴിക്കോട്: പട്ടാള പള്ളിയിലും പാളയം മുഹ്യിദ്ദീൻ പള്ളിയിലും മാവൂർ റോഡ് ലുലു മസ്ജിദിലും ജമാഅത്ത് നമസ്കാരവും ജുമുഅയും ഇനിയൊരറിപ്പുണ്ടാകുന്നതു വരെ നിർത്തിവെച്ചതായി പള്ളി കമ്മിറ്റി ഭാരവാഹികൾ അറിയിച്ചു. കോവിഡ് 19 പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ ആളുകൾ കൂട്ടം കൂടുന്നത് ഒഴിവാക്കുവാനുള്ള ഭരണകൂടത്തിന്റെ ശ്രമങ്ങൾക്ക് പിന്തുണ പ്രഖ്യാപിച്ചു കൊണ്ടാണ് പട്ടാള പള്ളിയിലും മൊയ്തീൻ പള്ളിയിലും ലുലു മസ്ജിദിലും ഇന്ന് സുബ്ഹി (പ്രഭാത) നമസ്കാരം മുതൽ സംഘം ചേർന്നുള്ള പ്രാർത്ഥന നിർത്തിവെക്കുന്നത്.

പൊതു നമസ്കാരം ഉണ്ടാകില്ലെങ്കിലും അഞ്ചു നേരവും ബാങ്ക് വിളിക്കും. പള്ളി ഇമാം, ഇമാം അസിസ്റ്റന്റ്, ക്ലീനിംഗ് സ്റ്റാഫ് എന്നിവർ നമസ്കാരം നിർവഹിക്കുമെന്ന് പട്ടാള പള്ളി പ്രസിഡന്റ് ടി പി എം സാഹിർ, സെക്രട്ടറി പി എം അബ്ദുൽ കരീം, മുഹ്യിദ്ദീൻ പള്ളി പരിപാലന കമ്മിറ്റി പ്രസിഡന്റ് എസ്. മുഹമ്മദ് യൂനുസ്, ജോ. സെക്രട്ടറി സി. ഒ സഫർ, ലുലു മസ്ജിദ് സെക്രട്ടറി എന്നിവർ അറിയിച്ചു.

കോവിഡ് 19 വൈറസ് ബാധ വ്യാപകമാകുന്നതിന്റെ പശ്ചാത്തലത്തിൽ ഇന്നലെ കലക്റ്ററേറ്റിൽ ജില്ലാ ഭരണകൂടം മത സാമുദായിക സംഘടനകളുടെ യോഗം വിളിച്ചിരുന്നു. ആരാധനാലയങ്ങളിലൂടെ വൈറസ് വ്യാപിക്കുന്നത് തടയാനുള്ള മുൻകരുതലുകളെക്കുറിച്ചും സർക്കാർ പുറത്തിറക്കിയ നിർദേശങ്ങളെക്കുറിച്ചും യോഗം ചർച്ച ചെയ്തിരുന്നു. ഇതിനു ശേഷമാണ് കോഴിക്കോട് നഗരത്തിലെ പ്രധാന ആരാധനാലയങ്ങളായ പട്ടാള പള്ളിയിലും മൊയതീൻ പള്ളിയിലും തല്ക്കാലം സംഘം ചേർന്നുള്ള നമസ്ക്കാരം നിർത്തിവയ്ക്കാൻ തീരുമാനം വരുന്നത്.

ബ്രേക്ക് ദി ചെയിൻ പരിപാടിയുടെ ഭാഗമായി പേരാമ്പ്രയിൽ സ്ഥാപിച്ച വാഷ്ബേസുകൾ കെ.എം. റീന ഉദ്ഘാടനം ചെയ്യുന്നു

ബ്രേക്ക് ദി ചെയിൻ പരിപാടിയുടെ ഭാഗമായി പേരാമ്പ്രയിൽ വാഷ്ബേസുകൾ സ്ഥാപിച്ചു

പേരാമ്പ്ര : കൊറോണ പ്രതിരോധത്തിന്റെ ബ്രേക്ക് ദി ചെയിൻ പരിപാടിയുടെ ഭാഗമായി പേരാമ്പ്ര പട്ടണത്തിൽ വിവിധ സ്ഥലങ്ങളിൽ കൈവിടാതിരിക്കാം കൈകഴുകുക ക്യാമ്പയിന്റെ ഭാഗമായി വാഷ്ബേസുകൾ സ്ഥാപിച്ചു. ഗ്രാമപഞ്ചായത്ത് വിവിധ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സഹകരണത്തോടെയാണ് വാഷ്ബേസുകൾ സ്ഥാപിച്ചത്. പേരാമ്പ്ര ദിയ ഗോൾഡ്, മർച്ചന്റ്സ് അസോസിയേഷൻ യൂത്ത് വിംഗ് എന്നിവരുടെ സഹകരണത്തോടെ ആറോളം കേന്ദ്രങ്ങളിൽ വാഷ്ബേസുകൾ സ്ഥാപിച്ചു. പട്ടണത്തിലെത്തുന്നവർക്ക് കൈകൾ അണുനാശിനി ഉപയോഗിച്ച് ഇവിടങ്ങളിൽ നിന്നും ശുചീകരിക്കാം. പേരാമ്പ്ര ബസ് സ്റ്റാന്റ് പരിസരത്ത് നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. എം. റീന ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ആർ.കെ. രജീഷ്കുമാർ, പി. ബിജുകൃഷ്ണൻ, ജിഷ കൊട്ടപ്പുറം, ദിയ ഗോൾഡ് പ്രതിനിധികളായ ജഫ്സീർ കുന്നത്ത്, ശ്രീധരൻ പരിയാരത്ത്, വിനോദ് മുതുകാട്, റിയാസ് നടുവണ്ണൂർ, വി.പി. നിഖിൻ, അൻവർ ആയോളി, പി. ഉണ്ണികൃഷ്ണൻ, വ്യാപാരി വ്യവസായി പ്രതിനിധികളായ മൂസ ഫിലിപ്പ്സ്, ഷാഫി എന്നിവർ സംബന്ധിച്ചു.

കാലിക്കറ്റിൽ സർക്കാർ നിയമം ലംഘിച്ച് എസ്എഫ്ഐ, ലൈബ്രറി അട ക്കുന്നത് തടഞ്ഞു

തേഞ്ഞിപ്പലം: കാലിക്കറ്റിൽ എസ്എഫ്ഐ സർക്കാർ നിർദ്ദേശം ലംഘിച്ച് ലൈബ്രറി പ്രവർത്തനം ദീർഘിപ്പിക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാരിന്റെ നിലപാടിന് വിരുദ്ധമാണെന്ന് ആക്ഷേപം. കൊറോണ നെ തുടർന്ന് സർവകലാശാല കീഴിലെ വിവിധ കോളേജുകളും പഠന വകുപ്പും മാർച്ച് 31വരെ അടച്ചിടമെന്ന സർക്കാർ നിർദ്ദേശം ലംഘിച്ച് എസ്എഫ്ഐ . കാലിക്കറ്റ് സർവകലാശാലയിലെ ലൈബ്രറ്റി പ്രവർത്തനം ദീർഘിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ലൈബ്രറി അടക്കുന്ന ജീവനക്കാരെ തടഞ്ഞു .സർക്കാറിന്റെ നിർദ്ദേശത്തെ തുടർന്ന് ലൈബ്രറി പ്രവർത്തനം രാവിലെ 10 മുതൽ വൈകിട്ട് 5 വരെയാക്കി സർവകലാശാല ഉത്തരവിറക്കിയിരുന്നു .ഇതൊന്നും വക വെക്കാതെയാണ് കാലിക്കറ്റ് കാലാശാലയിൽ എസ്എഫ്ഐ യുടെ ഗുണ്ടായിസം. ഇതിനെ തുടർന്ന് വിദ്യാർഥികളുമായി രജിസ്ട്രാർ ചർച്ച നടത്തി. വൈസ് ചാൻസലറുമായി ആലോചിച്ച് നടപടിയെടുക്കാമെന്ന് രജിസ്ട്രാർ വിദ്യാർഥികൾകൾക്കു് ഉറപ്പു നൽകി. .എന്നാൽ മാർച്ച് 31 വരെ പഠനവകുപ്പും ഹോസ്റ്റലുകളും അടച്ച സാഹചര്യത്തിൽ ലൈബ്രറി 24 മണിക്കൂർ പ്രവർത്തിക്കുന്ന മെന്ന ആവശ്യം ധിക്കാരമാണെന്നാണ് ഒരു വിഭാഗം ജീവനക്കാരുടെ നിലപാട്. ഈ കാലയളവിൽ വിദ്യാർഥികളും ഗവേഷകരും സർവകലാശാലയിൽ എത്തേണ്ടതില്ല. എന്നിട്ടും എന്തിനാണ് എസ്എഫ്ഐ ഗുണ്ടായിസത്തിന് മുതിരു ന്നതെന്ന് പരക്കെ ആക്ഷേപം.

യുവതിയിൽ നിന്നും പണം തട്ടിയ കേസിൽ ശിക്ഷിച്ചു

മഞ്ചേരി: 34കാരിയിൽ നിന്നും അരലക്ഷം രൂപ തട്ടിയെടുത്ത കേസിൽ പ്രതിക്ക് കോടതി നാലുവർഷം തടവുശിക്ഷ വിധിച്ചു. വർക്കല ശിവഗിരി കാഞ്ഞിരംകുഴി ഫിറോസ്ഖാൻ (42)നെയാണ് മഞ്ചേരി എസ് സി എസ് ടി കോടതി ശിക്ഷിച്ചത്. 2017 ഫെബ്രുവരിയിലാണ് സംഭവം. ഡൽഹിയിൽ നഴ്സായ യുവതിയുമായി ഫെയ്സ്ബുക്കിലൂടെയാണ് പ്രതി പരിചയപ്പെട്ടത്.

ഏരത്ത്മുക്കിൽ പീടികക്ക് തീ പിടിച്ചു

പേരാമ്പ്ര : എരവട്ടൂർ ഏരത്ത്മുക്ക് കുട്ടോത്ത് റോഡിൽ തേക്കിൽ മഹാവിഷ്ണു ക്ഷേത്രത്തിന് സമീപം പീടികക്ക് തീ പിടിച്ചു. കുട്ടോത്ത് റോഡിൽ കുന്നുമ്മൽ താഴ കുടുംബശ്രീ എസ്വിഇപി സംരംഭമായ കുന്നുമ്മൽ മീത്തൽ വനജയുടെ അറപീടികക്കാണ് തീപിടിച്ചത്. ഇന്നലെ കാലത്ത് 10 മണിയോടെയായിരുന്നു സംഭവം. ഈ സമയം അമ്പലത്തിൽ പൂജ നടക്കുന്നതിനാൽ ഉടമ കടയടച്ച് അമ്പലത്തിൽ പോയപ്പോഴായിരുന്നു തീ പിടിത്തമുണ്ടായത്. മരം കൊണ്ട് നിർമ്മിച്ച അറക്ക് തീ പിടിച്ചില്ല. മേൽക്കൂര പൂർണമായും കത്തി നശിച്ചു. ഓകൂടിയ നാട്ടുകാർ വയലിൽ നിന്ന് വെള്ളമെടുത്ത് തീ അണക്കാൻ ശ്രമിച്ചെങ്കിലും തീ അണക്കാനായില്ല. ഉടൻ പേരാമ്പ്രയിൽ നിന്നെത്തിയ അഗ്നിശമന സേനാംഗങ്ങളും നാട്ടുകാരും ചേർന്ന് തീ അണക്കുകയായിരുന്നു.

സമസ്ത ഓഫീസുകളിൽ നിയന്ത്രണം

ചേളാരി: കോവിഡ്-19 മുൻകരുതൽ നടപടികളുടെ ഭാഗമായി ഇനി ഒരറിയിപ്പ് ഉണ്ടാവുന്നത് വരെ ചേളാരി സമസ്താലയം, കോഴിക്കോട് സമസ്ത ബുക്ക് ഡിപ്പോ & പ്രസ്സ്, പുതിയങ്ങാടി വരക്കൽ അൽബിർറ് ഇസ്ലാമിക് പ്രീസ്കൂൾ എന്നിവിടങ്ങളിൽ പൊതു ജന സമ്പർക്കവും മീറ്റിംഗുകളും നിർത്തിവെച്ചതായി സമസ്ത കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോർഡ് ജനറൽ മാനേജർ അറിയിച്ചു.

ജസ്പ്രീത് സിങിന്റെ ആത്മഹത്യ: കുറ്റാരോപിതരേ സംരക്ഷിക്കാനൊരുങ്ങി സർവകാലാശാല

തേഞ്ഞിപ്പലം: വിദ്യാർഥി ആത്മഹത്യ ചെയ്ത സംഭവത്തിൽ കുറ്റാരോപിതരെ സംരക്ഷിക്കാൻ സർവകലാശാല ശമിക്കുന്നതായ് ആക്ഷേപം. മലബാർ ക്രിസ്ത്യൻ കോളെജിലെ അവസാന വർഷ ബി.എ ഇക്കണോമിക്സ് വിദ്യാർഥി ജസ്പ്രീത് സിങ് ആത്മഹത്യ ചെയ്ത സംഭവത്തിൽ കുറ്റാരോപിതരെ രക്ഷിക്കാനൊരുങ്ങി കാലിക്കറ്റ് സർവകലാശാല . അന്വേഷണം നടത്തിയ സർവകലാശാല വിദ്യാർഥി പരാതി പരിഹാര സെൽ കോളെജ് അധികൃതരുടെ വീഴ്ചകൾ അക്കമിട്ട് നിരത്തിയെങ്കിലും രാഷ്ട്രീയ സമ്മർദം കാരണം നടപടികൾ ശിപാർശ ചെയ്തില്ല.

റിപ്പോർട്ട് ബുധനാഴ്ച ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ സമർപ്പിച്ചു. കോളെജിന് കാരണം കാണിക്കൽ നോട്ടീസ്നൽകണമെന്ന് ശിപാർശ ചെയ്യാൻ പോലും പരാതി പരിഹാര സെൽ അംഗങ്ങൾക്കായില്ല. ഇടതുപക്ഷത്തെ പ്രമുഖനായ സിൻഡിക്കേറ്റ് അംഗമടക്കം ചിലർ കർശന നടപടി വേണമെന്ന് യോഗത്തിൽ ആവശ്യപ്പെട്ടെങ്കിലും രണ്ടുപേർ ക്രിസ്ത്യൻ കോളെജ് പ്രിൻസിപ്പലിന് അനുകൂലമയി ശക്തമായി വാദിച്ചു. കഴിഞ്ഞ സിൻഡിക്കേറ്റിൽ അംഗമായിരുന്ന ക്രിസ്ത്യൻ കോളെജ് പ്രിൻസിപ്പലിനെ രക്ഷിക്കാൻ ബുധനാഴ്ച ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ ചില ഇടതുപക്ഷ അംഗങ്ങൾ മുന്നിട്ടിറങ്ങുകയായിരുന്നു. 90 പ്രവൃത്തി ദിവസങ്ങൾ ആവശ്യമാണെങ്കിലും അവസാന സെമസ്റ്ററിൽ 94 മണിക്കൂർ മാത്രമാണ് കോളെജിൽ ക്ലാസ് നടന്നതെന്ന് റിപ്പോർട്ടിൽ പറയുന്നു. 94 മണിക്കൂറിനെറ അടിസ്ഥാനത്തിൽ ഹാജർ കണക്കാക്കിയപ്പോഴാണ് പലരും സെമസ്റ്റർ ഔട്ടായത്.ഇക്കണോമിക്സ് വകുപ്പിൽ മൂന്ന് അധ്യാപകർ മാത്രമാണുള്ളതെന്നും ഇതിൽ രണ്ട് പേർ ഈ വർഷം വിരമിക്കുന്നതിനാൽ ലീവെടുത്തിരിക്കുയാണെന്നും റിപ്പോർട്ടിലുണ്ട്. എന്നാൽ, പകരം സംവിധാനമൊരുക്കാൻ കോളെജ് അധികൃതർ തയാറായിട്ടില്ല. ഇക്കാര്യം വിശദമായി അന്വേഷിക്കണമെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. കോളെജെൻറ ഭാഗത്ത് നിന്ന് മാനുഷികപരിഗണനയുണ്ടായില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

കോവിഡ് ഭീതിയുടെ പശ്ചാത്തലത്തിൽ കേന്ദ്രീകൃത മൂല്യനിർണയ ക്യാംപുകൾ ഒഴിവാക്കി. വീട്ടിലിരുന്നും ഉത്തരക്കടലാസുകൾ മൂല്യനിർണയം നടത്താം.മാർച്ച് 24 മുതൽ ആറാം സെമസ്റ്റബി.എ, ബി.എസ്സി, ബേകാം, ബി.ബി.എ പരീക്ഷകളുടെ മൂല്യനിർണയം ആരംഭിക്കാനിരിക്കുകയായിരുന്നു. ബി.എഡ് മൂല്യനിർണയം വ്യാഴാഴ്ചയും തുടങ്ങാനിരുന്നതാണ്. സർവകലാശാലയിൽ ജീവനക്കാർക്ക് സാനിറ്റൈസറുകളും ശരീരോഷ്മാവ് പരിശോധിക്കാൻ തെർമൽ സ്കാനറുകളും വാങ്ങാനും സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. ഇൻറർനെറ്റ് ശൃംഖലകൾ കാര്യക്ഷമമാക്കാൻ ഊരാളുങ്കൽ സൊസൈറ്റിയെ ഏൽപ്പിക്കാനും തീരുമാനമായി.

തട്ടിക്കൊണ്ടുപോയി ബലാത്സംഗം ചെയ്ത യുവാവിന് ജാമ്യമില്ല

മഞ്ചേരി : പതിനേഴുകാരിയെ തട്ടിക്കൊണ്ടുപോയി ബലാൽസംഗം ചെയ്തുവെന്ന കേസിൽ റിമാന്റിൽ കഴിയുന്ന യുവാവിന്റെ ജാമ്യാപേക്ഷ മഞ്ചേരി പോക്സോ സ്പെഷ്യൽ കോടതി തള്ളി. പറവണ്ണ പുത്തനങ്ങാടി കുട്ടാത്ത് വീട്ടിൽ നിസാർ (25)ന്റെ ജാമ്യാപേക്ഷയാണ് തള്ളിയത്. 2019 ഡിസംബർ 13നാണ് കേസിന്നാസ്പദമായ സംഭവം. പെൺകുട്ടിയെ ഓട്ടോറിക്ഷയിൽ കയറ്റി തൃശൂരിലെ ലോഡ്ജിൽ കൊണ്ടുപോയി ബലാൽസംഗം ചെയ്തുവെന്നാണ് കേസ്. പെൺകുട്ടിയുടെ ഒരു പവൻ തൂക്കം വരുന്ന സ്വർണ്ണമാല ഭീഷണിപ്പെടുത്തി കവർന്നതായും പരാതിയുണ്ട്.

മഞ്ചേരി നഗരസഭ, കൃഷി ഓഫീസുകളിൽ വിജിലൻസ് മിന്നൽ പരിശോധന

മഞ്ചേരി : മഞ്ചേരി നഗരസഭ കാര്യാലയത്തിലും കൃഷി ഓഫീസിലും വിജിലൻസ് മിന്നൽ പരിശോധന. നെൽവയലുകൾ നികത്തിയ സംഭവത്തിൽ അഴിമതി നടന്നുവെന്ന പരാതിയെ തുടർന്നാണ് പരിശോധന. ബുധനാഴ്ച രാവിലെ പത്തരയോടെയാണ് നാലംഗ സംഘം പരിശോധന നടത്തിയത്. കൃഷി ഓഫീസിൽ നിന്നും രേഖകളും പിടിച്ചെടുത്തു. ഡാറ്റാബാങ്കിൽ തെറ്റ് തിരുത്താൻ പ്രദേശിക നിരീക്ഷണ സമതി ശുപാർശ ചെയ്ത 266 അപേക്ഷകൾ ചട്ടം ലംഘിച്ചാണ് പരിഗണിച്ചതെന്ന് കണ്ടെത്തിയതായി അറിയുന്നു. നഗരസഭാ ചെയർ പേഴ്സനാണ് പ്രാദേശിക നിരീക്ഷണ സമിതിയുടെ അധ്യക്ഷ. ഭരണസമിതിയുടെ ഒത്താശയോടെ നഗരസഭയിൽ വയൽ നികത്തൽ വ്യാപകമായി നടന്നതായും കണ്ടെത്തിയിട്ടുണ്ട്.

നഗരസഭാ ഭരണസമിതി അംഗങ്ങളുടെ നേതൃത്വത്തിൽ ചില ഉദ്യോഗസ്ഥർ അനധികൃതമായി ഭൂമി തരം മാറ്റുന്നതിനും നിർമ്മാണം നടത്തുന്നതിനും ഒത്താശ ചെയ്യുന്നുവെന്നും ആക്ഷേപമുണ്ടായിരുന്നു. നെൽവയൽ തണ്ണീർതട സംരക്ഷണ ചട്ട പ്രകാരം പ്രാദേശിക നിരീക്ഷണ സമിതി സ്വീകരിച്ച നടപടികൾ നിയമവിരുദ്ധമാണെന്നും ഇതിന് ആർഡിഒ മുമ്പാകയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടതെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇതിന് പകരം കൃഷി ഓഫീസർ അപേക്ഷ സ്വീകരിച്ച് വയൽ നികത്താനുള്ള അനുമതി നൽകിയത് ചട്ടവിരുദ്ധമാണെന്നാണ് വാദം. ആർഡിഒ നൽകുന്ന അപേക്ഷകൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതാണ് വില്ലേജ് ഓഫീസറുടെയും കൃഷി ഓഫീസറുടെയും ചുമതല. വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, നഗരസഭാ സെക്രട്ടറി എന്നിവർ അധികാരദുർവിനിയോഗം നടത്തിയതായാണ് പരാതി. 2018 ലെ നിയമഭേദഗതി വരുന്നതിന് മുമ്പ് ലഭിച്ച അപേക്ഷകൾ തീരുമാനം എടുക്കാൻ അധികാരമുണ്ടെന്ന നിരീക്ഷണ സമിതിയുടെ വാദം തെറ്റാണ്.

അപേക്ഷ സ്വീകരിക്കുന്നതിന് 100 രൂപയുടെ സ്റ്റാമ്പ് പതിക്കണമെന്ന ചട്ടം പാലിക്കാതെയാണ് പല അപേക്ഷകളും സ്വീകരിച്ചത്. മിക്കതിനും രസീതി നൽകിയില്ല. രജിസ്റ്റർ ചേർക്കാതെയും നമ്പർ നൽകാതെയും തട്ടിപ്പ് നടത്തിയെന്ന് കണ്ടെത്തിയിട്ടുണ്ട്. ഉപഗ്രഹ ചിത്രം പരിശോധിക്കാനും അധികൃതർ കൂട്ടാക്കിയില്ല. കൃഷി ഓഫീസറും പ്രാദേശിക നിരീക്ഷണ സമിതിയും പാലിക്കേണ്ട ഉത്തരവും പാലിച്ചില്ല. മുമ്പ് തുറക്കൽ മിനി ബൈപ്പാസിൽ വയലിന് നടുവിൽ നടക്കുന്ന ഓഡിറ്റോറിയം നിർമാണം റവന്യൂ അധികൃതർ തടഞ്ഞിരിന്നു. ഒന്നരയേക്കർ സ്ഥലത്താണ് വിപുലമായ കെട്ടിടസമുച്ചയ നിർമാണം. ഡാറ്റാബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് കെട്ടിടനിർമാണം തണ്ണീർത്തട സംരക്ഷണ നിയമം പാലിക്കാതെയാണെന്നും ഉടമസ്ഥനെതിരെ ക്രിമിനൽ കേസ്സെടുക്കണമെന്നും അന്ന് നിർദേശിച്ചിരുന്നു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 77 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

മനുഷ്യനൊഴിച്ചുള്ള ജീവജാലങ്ങളെയാണ് കുടിവെള്ള ക്ഷാമം കൂടുതൽ ബാധിക്കുന്നത്.ആന തുടങ്ങിയ ജീവികൾ ജലമന്വേഷിച്ച് കാടിറങ്ങി നാടിലേക്കെത്തിത്തുടങ്ങി!.ദാഹജലത്തിന് ഏറ്റവും കൂടുതൽ കഷ്ടപ്പെടേണ്ടി വരുന്നതു പക്ഷികളാണ്.ജീവിതം കൂടുതൽ നഷ്ടപ്പെടുന്നതും അവർക്കാണ്. മനുഷ്യന്റെ വികലവും സങ്കുചിതവുമായ പ്രവർത്തനങ്ങൾ പക്ഷിവർഗ്ഗത്തിന്റെ ജീവിതസാഹചര്യങ്ങളെ വലിയൊരളവിൽ ഇല്ലാതാക്കി.

സിംപിളായി മാളവിക മോഹനൻ

പട്ടം പോലെ എന്ന ചിത്രത്തിലൂടെ മലയാളികളുടെ പ്രിയതാരമായി മാറിയ നടിയാണ് മാളവിക മോഹനൻ. രജനീകാന്തിന്റെ പേട്ടയിലൂടെ മാളവിക തമിഴിലും തിളങ്ങി. അഭിനയത്തിനൊപ്പം തന്നെ മോഡലിങ് രംഗത്തും സജീവമാണ് മാളവിക. പേട്ടയ്ക്ക് പിന്നാലെ വിജയിയുടെ നായികയായി മാസ്റ്ററിലും മാളവിക അഭിനയിച്ചിരുന്നു.മാനഗരം, കൈദി തുടങ്ങിയ സിനിമകളിലൂടെ ശ്രദ്ധേയനായ ലോകേഷ് കനകരാജാണ് ചിത്രം സംവിധാനം ചെയ്യുന്നത്. മാസ്റ്ററിന്റെ ഓഡിയോ ലോഞ്ച് അടുത്തിടെയാണ് ചെന്നൈയിൽ നടന്നത്.ചടങ്ങിൽ മറ്റു താരങ്ങൾക്കൊപ്പം മാളവികയും തിളങ്ങിയിരുന്നു. ഓഡിയോ ലോഞ്ചിനിടെ എടുത്ത ചിത്രങ്ങൾ നടി തന്നെയാണ് ഇപ്പോൾ സോഷ്യൽ മീഡിയയിലൂടെ പങ്കുവച്ചിരിക്കുന്നത്. മാളവികയുടെ ചിരിച്ചുകൊണ്ടുള്ള ചിത്രങ്ങൾ സോഷ്യൽ മീഡിയയിൽ തരംഗമായിരിക്കുകയാണ്.നേരത്തെ ലാക്മി ഫാഷൻ വീക്കിലെ മാളവികയുടെ ചിത്രങ്ങളും സമൂഹമാധ്യമങ്ങളിൽ ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. അതേസമയം പേട്ടയിലെ ശ്രദ്ധേയ പ്രകടനമാണ് മാളവികയെ വിജയ് ചിത്രത്തിലേക്ക് എത്തിച്ചത്.മാസ്റ്ററിന് വേണ്ടി മാളവിക നേരത്തെ പാർക്കൗർ പരിശീലനം നേടിയിരുന്നു. തമിഴിൽ മാളവികയുടെ രണ്ടാമത്തെ ചിത്രം കൂടിയാണ് മാസ്റ്റർ. വിജയ്ക്കും മാളവിക മോഹനും പുറമെ വിജയ് സേതുപതിയും മാസ്റ്ററിൽ പ്രധാന വേഷത്തിൽ എത്തുന്നുണ്ട്.ചിത്രത്തിൽ ദളപതിയുടെ വില്ലൻ വേഷത്തിലാണ് മക്കൾ സെൽവൻ എത്തുന്നത്. വിജയ് ചിത്രത്തിലെ പാട്ടുകളെല്ലാം നേരത്തെ തരംഗമായി മാറിയിരുന്നു.അനിരുദ്ധ് രവിചന്ദറാണ് സിനിമയ്ക്ക് സംഗീതമൊരുക്കിയിരിക്കുന്നത്.

ENTERTAINMENT

കുമ്പളങ്ങി നൈറ്റ്സിന്റെ സംവിധായകന് പുരസ്കാരം

മികച്ച നവാഗതനായ സംവിധായകന് ലഭിക്കുന്ന പുരസ്കാരമായ ഗൊല്ലപൂഡി ശ്രീനിവാസറാവു പുരസ്കാരം കുമ്പളങ്ങി നൈറ്റ്സ് സംവിധായകൻ മധു സി നാരായണന്. ഒന്നരലക്ഷം രൂപയും ശിൽപ്പവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. ഉറി-ദി സർജിക്കൽ സ്ട്രൈക്ക് എന്ന ബോളിവുഡ് ചിത്രമൊരുക്കിയ ആദിത്യ ധറും മികച്ച നവാഗത സംവിധായകനുള്ള ഈ വർഷത്തെ പുരസ്കാരം പങ്കിട്ടിട്ടുണ്ട്.പ്രേമപുസ്തകം എന്നതന്റെ കന്നിച്ചിത്രം സംവിധാനം ചെയ്തുകൊണ്ടിരിയ്ക്കവേ മരണപ്പെട്ട സംവിധായകനാണ് ഗൊല്ലപൂഡി ശ്രീനിവാസ റാവു. അദ്ദേഹത്തിന്റെ സ്മരണയ്ക്കായി 1997 മുതൽ സമ്മാനിയ്ക്കപ്പെടുന്നതാണീ പുരസ്കാരം.



വൈറലായി കാജലിന്റെ കുറിപ്പ്

കൊറോണ ദിവസ വേതനക്കാരുടെ ജീവിതത്തെ എങ്ങനെ ബാധിക്കുന്നുവെന്ന് കാജൽ അഗർവാൾ പറയുന്നു. കാജൽ താൻ കണ്ടുമുട്ടിയ ഒരു ക്യാബ് ഡ്രൈവറുടെ കാര്യമാണ് കാജൽ സോഷ്യൽമീഡിയയിലൂടെ പങ്കുവെച്ചത്. "കഴിഞ്ഞ 48 മണിക്കൂറിനുള്ളിൽ ഞാനാണ് അയാളുടെ ആദ്യ കസ്റ്റമർ എന്നു പറഞ്ഞു കൊണ്ട് ഒരു ക്യാബ് ഡ്രൈവർ എന്റെ മുന്നിൽ കരഞ്ഞു. ഇന്നെങ്കിലും വീട്ടുസാധനങ്ങൾ വാങ്ങി കൊണ്ടുവരാനായി ഭാര്യ പറഞ്ഞിരുന്നതായി അയാൾ പറഞ്ഞു. ഈ വൈറസ് നമ്മളെയെല്ലാം കഷ്ടത്തിലാക്കിയിട്ടുണ്ട്. എന്നാൽ ദിവസ വേതനക്കാരായ ആളുകളെ ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്നത്.ഞാൻ അയാൾക്ക് 500 രൂപ അധികമായി നൽകി. ഇത് വലിയ കാര്യമല്ല, നമ്മളാൽ കഴിയുന്നത് നമുക്ക് ചെയ്യണം. ക്യാബ് ഡ്രൈവർമാർ, കച്ചവടക്കാർ എന്നിവർക്ക് കുറച്ച് കൂടുതൽ നൽകുക. നിങ്ങളായിരിക്കും ഈ ദിവസത്തെ അവരുടെ അവസാന ഉപഭോക്താവ്" എന്ന് കാജൽ പറയുന്നു.

രണ്ട് തെന്നിന്ത്യൻ കണ്ടക്ടർമാർ

ഭാസി ബഹദൂർ എന്നാൽ മലയാള സിനിമയുടെ ചിരി മുഖങ്ങളായിരുന്നു. തെന്നിന്ത്യൻ സിനിമയിൽ രണ്ടു ബസ് കണ്ടക്ടർമാരാണ് പേരെടുത്തത്.അതിൽ സീനിയർ ബഹദൂർ തന്നെ. കുഞ്ഞാലു എന്നായിരുന്നു അന്നത്തെ പേര്. അമിതാഭ് ബച്ചനെ ആദ്യമായി കേരളത്തിൽ അവതരിപ്പിച്ചത് ബഹദൂർ ആയിരുന്നു. മധുവും ബച്ചനും അഭിനയിച്ച സാത് ഹിന്ദുസ്ഥാനി എന്ന ചിത്രം റിലീസ് ചെയ്ത ഇതിഹാസ് പിക്ചേഴ്സ് ബഹദൂറിന്റേതായിരുന്നു.കുഞ്ഞാലു എന്ന കൊടുങ്ങല്ലൂർക്കാരനെ ബഹദൂറാക്കിയതും തിക്കുറിശ്ശി തന്നെ.

നല്ലൊരു നാളെക്കായ്.... കൊറോണ പ്രതിരോധിക്കാനുള്ള ജാഗ്രതയിലാണ് ലോകം. നിരവധി യാത്രക്കാരാണ് ദിവസവും ട്രെയ്നിൽ യാത്രചെയ്യുന്നത്. ട്രെയിനിലെ ബോഗികളിലെ ഹാൻഡിൽ പിടിച്ചാണ് യാത്രക്കാർ കയറാറുള്ളത്. പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഹാൻഡിലും ബോഗിയും മെക്കാനിക്കൽ ക്യാരേജ് ആൻഡ് വാഗൺ ജീവനക്കാർ ജെറ്റ് ക്ലിനിങ് മെഷീനിന്റെ സഹായത്തോടെ അണുനാശിനി ഉപയോഗിച്ച് വൃത്തിയാക്കുന്നു. കോഴിക്കോട് റെയ്ൽവേ സ്റ്റേഷനിൽ നിന്നുള്ള കാഴ്ച.
-വിമിത്ത് ഷാൽ

കോവി(ഡ്)ഡി

ദിവസം രണ്ടായിരത്തിന് മുകളിലായിരുന്നു കച്ചവടം. കോറോണ നിയന്ത്രണങ്ങൾ വന്നതിൽ പിന്നെ അഞ്ഞൂറ് രൂപ പോലും തികച്ച് കിട്ടാത്ത സ്ഥിതിയാണ്. വേനലാണ് പഴങ്ങളുടെ ആവശ്യമുണ്ടെങ്കിലും ആൾക്കാർ രോഗം പടരുന്നത് പേടിച്ച് പുറത്തിറങ്ങാറില്ലെന്നതാണ് പ്രശ്നം. നഗരത്തിന്റെ ഏറ്റവും തിരക്കേറിയ ഇവിടുത്തെ സ്ഥിതി ഇതാണെങ്കിൽ മറ്റുള്ള സ്ഥലങ്ങളിലെ അവസ്ഥ പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ. ഭാര്യയും കുഞ്ഞുമടക്കം എന്റെ ഒരു വരുമാനത്തിൽ നിന്നാണ് കഴിയുന്നത്. കഴിഞ്ഞ ഒരാഴ്ചയായി രാവിലെ വന്ന് പഴങ്ങൾ നിരത്തി വച്ച് ഇവിടിരിക്കും. ലോഡ് എടുത്തവ പോലും വിറ്റുതീരാൻ പാടാണ്. ചൂട് കൂടുതലായാതിനാൽ വൈകുന്നേരം ഇവ പെട്ടന്ന് കേടാവും. മോശമാകുന്നവ കളയും. ഇപ്പോൾ ഒന്നും വിറ്റുപോകാത്തതിനാൽ വൈകുന്നരം കളയാറാണ് പതിവ്. ലോഡ് വരുന്നത് എടുത്ത് വെയ്ക്കാനുള്ള വരുമാനം ഇല്ലാത്തതിനാൽ പഴയത് പോലെ എടുക്കാറും ഇല്ല.പഴങ്ങളായതിനാൽ അധികം ദിവസം ഇരിക്കാറുമില്ല. ജീവിക്കാൻ പാടാണ്. എങ്കിലും എന്നും തിരക്കുള്ള തൊട്ടടുത്തെ പ്രമുഖ റസ്റ്റോറന്റ് പോലും കച്ചവടമില്ലാതെ പൂട്ടിയത് ഓർക്കുമ്പോൾ പ്രതിസന്ധി തനിക്ക് മാത്രമല്ലല്ലോ എന്നൊരാശ്വാസമുണ്ട്.

സുരേന്ദ്രൻ
(പഴക്കച്ചവടം)
സ്റ്റാച്യു തിരുവനന്തപുരം

ലോട്ടറിയുടെ വിലകൂട്ടിയത് മുതൽ വാങ്ങാനുള്ളവരുടെ എണ്ണവും കുറഞ്ഞെങ്കിലും തിരുവനന്തപുരത്ത് കോറോണ വന്നെന്ന് അറിഞ്ഞതുമുതൽ ആരും വരാതായി. പതിനേഴ് വർഷത്തോളമായി നഗരത്തിൽ ലോട്ടറി വിൽപന തുടങ്ങിയിട്ട്. ഇത്രയും പ്രതിസന്ധി മുമ്പുണ്ടായിട്ടില്ല. വഴിയാത്രക്കാരാണ് സാധാരണ ഇവിടെ നിന്നും കൂടുതലും ലോട്ടറി എടുക്കുന്നത്. ഇപ്പോൾ സെക്രട്ടേറിയറ്റിലെയും സമീപത്തെ ബാങ്കുകളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാരല്ലാതെ ആരും ഇതുവഴി പോലും വരുന്നില്ല. പിന്നെങ്ങനെ ജീവിക്കും. ദിവസേന 6 ബുക്ക് വരെ വിറ്റുകൊണ്ടിരുന്ന എനിക്ക് ഇപ്പോ ഒന്നുപോലും പൂർത്തിയാക്കാൻ കഴിയുന്നില്ല. 25 എണ്ണമുള്ള ഒരു ബുക്കിൽ കഴിഞ്ഞ ദിവസങ്ങളായി കച്ചവടം അവസാനിപ്പിക്കുമ്പോൾ പത്തോളം ടിക്കറ്റുകൾ ബാക്കിയാക്കിയാണ്. കുറച്ച് ദിവസം വിൽപന നിർത്തിയിരുന്നു. എന്ത് ചെയ്യാൻ.വഴയിലയ്ക്കടുത്താണ് വീട്. വേറെ വരുമാനമില്ലാത്തത് കൊണ്ട് വരുന്നു. പിന്നെ നമുക്ക് മാത്രമല്ലല്ലോ എല്ലാവർക്കും പ്രശ്നമാണ്. അതൊക്കെ കൊണ്ട് ആരോട് പരാതി പറയാൻ.

ശോഭന
ലോട്ടറി വിൽപ്പന,
സ്റ്റാച്യു തിരുവനന്തപുരം

നഗരത്തിൽ ഇത്രയും മനുഷ്യരില്ലാത്ത ദിവസങ്ങൾ ഓർമയിൽ പോലും ഇല്ല. നിർത്താതെ ഓടിക്കൊണ്ടിരുന്ന വണ്ടി കൊറോണ രോഗബാധ തിരുവനന്തപുരത്ത് സ്ഥിരീകരിച്ചതോടെ എവിടെയെങ്കിലും ഒതുക്കിയിടേണ്ട അവസ്ഥയാണ്. നേരത്തെ പകൽ മാത്രമാണ് ഓടിയിരുന്നത്. ഇപ്പോൾ രാത്രിയും കൂടി ഓടിയാലും 500ൽ താഴെയാണ് വരുമാനം. അതും ഇന്ധനത്തിനുള്ളത് കഴിഞ്ഞാൽ കിട്ടുന്ന തുച്ഛമായ വരുമാനത്തിലാണ് ഭാര്യയും കുഞ്ഞും കഴിയുന്നത്. റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ് പരിസരത്തെല്ലാം അവിടുത്തെ ഓട്ടോക്കാർക്ക് പോലും ഓടിത്തീരാത്തത്ര യാത്രക്കാരായിരുന്നു വന്നിരുന്നത്. ഇപ്പോൾ അവിടെയുള്ളവരിൽ ഭൂരിഭാഗവും വെറുതെ കിടക്കുകയാണ്. ഇങ്ങനെപോയാൽ ഈ മാസത്തെ വണ്ടിയുടെ അടവും മുടങ്ങും. 2080 ആണ് ഒരു മാസം അടവ്. ഇതുവരെ മുടക്കിയിട്ടില്ല. ആദ്യമായാണ് ഇത്ര ഗതികേടിലേക്കെത്തുന്നത്. എനിക്ക മാത്രമല്ല നഗരത്തിലെ എല്ലാ ഓട്ടോക്കാർക്കും ഇത് തന്നെയാണ് പറയാനുള്ളതും. ഒന്നും കിട്ടിയില്ലെങ്കിൽ നേരത്തെ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ഷെയർ ഓട്ടമെങ്കിലും ഉണ്ടായിരുന്നു. ഇപ്പോൾ അവിടെയും ആൾക്കാർ കുറവാണ്. ഒരുമിച്ച് ഓട്ടോയിൽ കയറാൻപോലും ആൾക്കാർ മടിക്കുന്ന സ്ഥിതിയാണ്. ഭീതിയോടെയാണ് ഓരോദിവസവും തള്ളി നീക്കുന്നത്. ദീർഘദൂര ഓട്ടങ്ങളൊന്നും കിട്ടുന്നേയില്ല. ടൗണിൽ വട്ടംകറങ്ങാൻ ചുരുക്കം യാത്രക്കാർ മാത്രം. ഇനിയും നിയന്ത്രണങ്ങൾ കടുത്താൽ ഓട്ടം തീർത്തും ഇല്ലാതാകും

കുമാർ
(ഓട്ടോ ഡ്രൈവർ)
പേരൂർക്കട സ്വദേശി ,തിരുവനന്തപുരം

കഴിഞ്ഞ ഒരാഴ്ചയായി കാര്യമായി വിൽപ്പന പോലും നടക്കുന്നില്ല. റോഡിലൂടെ ആൾക്കാർ വന്നാലല്ലേ കച്ചവടം നടക്കൂ. കൊറോണയെന്ന് കേട്ടതുകൊണ്ട് വഴിയിലൂടെ വരുന്നവർപോലും നിൽക്കാതെ പോകുകയാണ്. സ്ഥിരം ലോട്ടറി വാങ്ങിയിരുന്ന സാറന്മാരുപോലും ഇപ്പോൾ ഈ വഴിക്ക് പോലും വരാറില്ല.എങ്കിലും രാവിലെ വന്നിവിടെയിരിക്കും. വൈകുന്നേരം തിരിച്ച് പോകും. ബാലരാമപുരത്താണ് വീട്. പലദിവസവും ബസ് കാശ് പോലും കിട്ടാറില്ലാത്ത സ്ഥിതിയാണ്. വീട്ടിലേക്ക് വേറ വരുമാനമൊന്നും ഇല്ലാത്ത സ്ഥിതി. ലോട്ടറിയുടെ വില കൂട്ടിയതും വാങ്ങാൻവരുന്നവരെ പിന്നോട്ടടിക്കുന്നു.സെക്രട്ടേറിയറ്റിലേക്ക് തിരക്കില്ലാതെ പോകാൻ കഴിയുന്ന ഈ റോഡിൽ പോലും വഴിയാത്രക്കാർ പോലുമില്ലാത്ത സ്ഥികതിയാണ്. എന്ത് ചെയ്യുമെന്നറിയില്ല.

മോഹനൻ,
ലോട്ടറി വിൽപ്പന, ഹൗസിങ്ബോർഡ് ജംങ്ഷൻ,
തിരുവനന്തപുരം

ജീവജലത്തിന് ഒരു മൺപാത്രം പദ്ധതി

സംസ്ഥാന തലത്തിൽ നടപ്പാക്കുന്നു

ലക്ഷം വിദ്യാർത്ഥികളുടെ പങ്കാളിത്തം

ജീവകാരുണ്യത്തിന്റെ പരകോടി എന്നു തായ്‌വാനിലെ ദി സുപ്രീം മാസ്റ്റർ ചിങ്ഹായ് ഇന്റർ നാഷണൽ അസോസിയേഷൻ വിശേഷിപ്പിച്ച ശ്രീമൻ നാരായണന്റെ എന്റെ ഗാമം ഗാന്ധിജിയിലൂടെ മിഷന്റെ 'ജീവജലത്തിന് ഒരു മൺപാത്രം' പദ്ധതി

ഇക്കൊല്ലം കേരള ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ് ലെ ഒരു ലക്ഷം വിദ്യാർത്ഥികളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് പ്രവർത്തനം സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുന്നു.അതിന് ആവശ്യമായ മൺപാത്രങ്ങൾ മിഷൻ സജ്ജമാക്കിയിട്ടുണ്ട്.വരും തലമുറ ഈ പദ്ധതിയുടെ സന്ദേശം ഉൾക്കൊണ്ടു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത നാൾക്കുനാൾ കൂടിക്കൂടിവരികയാണെന്നു ശ്രീമൻ നാരായണൻ പറയുന്നു.സൃഷ്ടികളിൽ ഏറ്റവും മുൻപന്തിയിലാണ് മനുഷ്യൻെറ സ്ഥാനമെന്നതിനാൽ തനിക്കു താഴെയുള്ള ജീവികളുടെയെല്ലാം സുരക്ഷ ഉറപ്പാക്കേണ്ടത് മനുഷ്യൻെറ ധാർമികമായ കടമയാണ്.അതിജീവനത്തിന് അവയെ സഹായിക്കേണ്ടത് മനുഷ്യന്റെ ഏറ്റവും വലിയ ഉത്തരവാദിത്വമാണ്.മനുഷ്യനെന്ന സ്പീഷീസ് ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമായാലും മറ്റു സ്പീഷിസുകളെ ഒരു വിധത്തിലും അതു ബാധിക്കില്ല.എന്നാൽ ഏതെങ്കിലും ഒരു സ്പീഷീസ് ഇവിടെനിന്നും ഇല്ലാതായാൽ അതു മനുഷ്യനെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും.അതുകൊണ്ട് മറ്റു ജീവജാലങ്ങളെ സംരക്ഷിച്ചു നിർത്തേണ്ടത് മനുഷ്യന്റെ തന്നെ നിലനില്പിന് ആവശ്യമാണ്.ഈ ഒരു സത്യം ഏറ്റവും കൂടുതൽ അറിയേണ്ടതും ഉൾക്കൊണ്ടു പ്രവർത്തിക്കേണ്ടതും ഭാവിവാഗ്ദാനങ്ങളായ വിദ്യാർത്ഥികളാണ്.പരജീവികളുടെ ക്ഷേമം അവരുടെ ജീവിത ലക്ഷ്യങ്ങളിലൊന്നായിരിക്കണം.

ഇതുവരെ അനുഭവപ്പെടാത്ത രൂക്ഷമായ വറുതിയെ കേരളം അഭിമുഖീകരിക്കേണ്ടി വരുന്ന നിലയിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു എന്ന ശാസ്ത്രനിഗമനങ്ങളെ അർഹിക്കുന്ന ഗൗരവത്തോടെ വിദ്യാർത്ഥികൾ കാണേണ്ടതുണ്ട്.കിണറുകളും ജലാശയങ്ങളും വറ്റിത്തുടങ്ങി. താപനില ക്രമാതീതമായി വർദ്ധിച്ചു.മനുഷ്യനൊഴിച്ചുള്ള ജീവജാലങ്ങളെയാണ് കുടിവെള്ള ക്ഷാമം കൂടുതൽ ബാധിക്കുന്നത്.ആന തുടങ്ങിയ ജീവികൾ ജലമന്വേഷിച്ച് കാടിറങ്ങി നാടിലേക്കെത്തിത്തുടങ്ങി!ദാഹജലത്തിന് ഏറ്റവും കൂടുതൽ കഷ്ടപ്പെടേണ്ടി വരുന്നതു പക്ഷികളാണ്. ജീവിതം കൂടുതൽ നഷ്ടപ്പെടുന്നതും അവർക്കാണ്. മനുഷ്യന്റെ വികലവും സങ്കുചിതവുമായ പ്രവർത്തനങ്ങൾ പക്ഷിവർഗ്ഗത്തിൻെറ ജീവിതസാഹചര്യങ്ങളെ വലിയൊരളവിൽ ഇല്ലാതാക്കി.മരങ്ങൾ വെട്ടിക്കളഞ്ഞതും കോൺക്രീറ്റ് നിർമ്മിതികൾ വർദ്ധിച്ചതും അവയുടെ ഭക്ഷണത്തിനും താമസത്തിനും തടസ്സങ്ങൾ സൃഷ്ടിച്ചു. ജലസ്രോതസ്സുകളുടെ പ്രകൃതിദത്തമായ ഒഴുക്കു ഇല്ലാതാക്കി കുടിവെള്ളവും മുട്ടിച്ചു! മനുഷ്യൻെറ വീണ്ടുവിചാരമില്ലാത്ത പ്രവൃത്തികൾ കാരണം എത്രയിനം പക്ഷികളാണ് അതിജീവനം സാധ്യമല്ലാതെ ഭൂമിയിൽനിന്നു അപ്രത്യക്ഷമായത്! നൂറുകണക്കിന് പറവകളാണ് കുടിവെള്ളത്തിനായി തലങ്ങും വിലങ്ങും പറന്ന് കിട്ടാതെ തളർന്ന് താഴെവീണു മരിക്കുന്നത്! വേനൽച്ചൂടിൽ ദാഹജലം കിട്ടാതെ മരണത്തോട് മല്ലിടുന്ന പക്ഷികൾക്ക് കുടിവെള്ളം സംഭരിച്ചു വക്കാനുള്ള മൺപാത്രങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി ലോകത്താദ്യമായി നടപ്പാക്കിയത് ആലുവായിലെ മുപ്പത്തടം സ്വദേശിയായ ശ്രീമൻ നാരായണനാണ്!അതുകൊണ്ട് "ജീവജലത്തിന് ഒരു മൺപാത്ര"മെന്ന പദ്ധതിയെക്കുറിച്ച് ദേശീയ അന്തർദ്ദേശീയ മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തു.അത് ശ്രദ്ധയിൽപ്പെട്ട തായ് വാൻ ആസ്ഥാനമായ 'ദി സുപ്രീം മാസ്റ്റർ ചിങ്ഹായ് ഇന്റർ നാഷണൽ അസോസിയേഷൻ വേറിട്ട ഈ കാരുണ്യ പ്രവൃത്തിയെക്കുറിച്ച് വിശദമായി അന്വേഷിച്ചു.തുടർന്ന് അവരുടെ ലോകോത്തര ബഹുമതിയായ "ദി ഷൈനിംഗ് വേൾഡ് കംപാഷൻ അവാർഡ് " നല്കി അവർ ശ്രീമൻ നാരായണനെ ആദരിച്ചു.

'ജീവജലത്തിന് ഒരു മൺപാത്രം പദ്ധതി' പ്രകാരം വിതരണത്തിനു ഒരുക്കിയിരിക്കുന്ന മൺപാത്രങ്ങൾ.

എല്ലാ വർഷവും വേനൽ കടുക്കുമ്പോൾ , ജലലഭ്യത തീരെ കുറയുമ്പോൾ പക്ഷികൾക്ക് കുടിവെള്ളം സംഭരിച്ചുവക്കുന്നതിനായി ആയിരക്കണക്കിന് മൺാത്രങ്ങളാണ് ജില്ലയിലും സമീപ പ്രദേശങ്ങളിലും ശ്രീമൻ നാരായണൻ സൗജന്യമായി വിതരണംചെയ്യുന്നത്.ഇത്തവണ അത് കാസർകോട്ടുമുതൽ തിരുവനന്തപുരം വരെ സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുകയാണ്.

അക്ഷരയജ്ഞം,പരിസ്ഥിതി സൗഹൃദയജ്ഞം,വൃക്ഷയജ്ഞം,മഹാവൃക്ഷയജ്ഞം,ജീവജലത്തിന് ഒരു മൺപാത്രം,
യോഗ ആരോഗ്യത്തിന് ,മഹാത്മാവിൻെറ മഹാദർശനം,നടാം,നനയ്ക്കാം നടക്കൽ വക്കാം തുടങ്ങിയ ഒട്ടനവധി പദ്ധതികൾ എൻെറ ഗ്രാമം ഗാന്ധിജിയിലൂടെ മിഷൻെറ കീഴിൽ ശ്രീമൻ നാരായണൻ നടപ്പാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ 42 വിദ്യാഭ്യാസ ജില്ലകളിലെ ഒരു ലക്ഷം വിദ്യാർത്ഥികളുടെ പങ്കാളിത്തമുള്ള പദ്ധതിയുടെ സംസ്ഥാനതല ഉൽഘാടനം വേനലവധിക്ക് തൃശ്ശൂർ സ്കൗട്ട് ആന്റ് ഗൈഡ്സ് ജില്ല ഹെഡ്ക്വാർട്ടേഴ്സ് ഹാളിൽ വിദ്യാഭ്യാസമന്ത്രി ശ്രീ സി.രവീന്ദ്രനാഥ് ഉൽഘാടനം ചെയ്യും. ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഓരോ ജില്ലയിലെയിലേയും ഓരോ യൂണിറ്റിന് ട്രോഫിയും മൊമൊന്റോയും സംസ്ഥാനാടിസ്ഥാനത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് ട്രോഫിയും മൊമന്റോയും ക്യാഷ് അവാർഡും എൻെറ ഗ്രാമം ഗാന്ധിജിയിലൂടെ മിഷൻ സമ്മാനിക്കും.

എല്ലാ വർഷത്തേയും പോലെ ജീവജലത്തിന് ഒരു മൺപാത്രം പദ്ധതിയിൽ പങ്കാളികളാകാൻ താല്പര്യമുള്ള മറ്റു സംഘടനകൾക്കും സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും മൺപാത്രങ്ങൾ സൗജന്യമായി ലഭിക്കാൻ ബന്ധപ്പെടുക:
sreemannarayanan2014@gmail.com

കേരളത്തിലെ ഹോട്ടലുകൾ അടച്ചിടില്ല

കൊച്ചി:കോറോണ വ്യാപനം മൂലം കേരളത്തിലെ ഹോട്ടലുകൾ അടച്ചിടില്ലെന്ന് കേരള ഹോട്ടൽ ആന്റ് റസ്റ്റേറന്റ് അസോസിയേഷൻ.മറിച്ചുള്ള വ്യാജ പ്രചരണങ്ങൾ ശരിയല്ല.മുൻകരുതൽ മൂലം പല ഹോട്ടലുകളിലും മറ്റും വ്യാപാരമാന്ദ്യമാണ്.എന്നാൽ ഹോട്ടലുകളുടെ പ്രവർത്തനസമയം പുന ക്രമീകരിച്ച് പ്രവർത്തിക്കുവാനാണ് സംഘടന ഉദ്ദേശിക്കുന്നത്.കേറോണ വ്യാപനത്തിൽ ആരോഗ്യവകുപ്പിന്റെ മുൻകരുതൽ അനുസരിച്ച് മാത്രമേ പ്രവർത്തിക്കാവുള്ളൂവെന്ന് സംസ്ഥാന കമ്മിറ്റി നിർദേശിച്ചു. ഹോട്ടലുകളുടെ പ്രവർത്തന സമയം കുറച്ചു കൊണ്ട് വ്യാപാരമാന്ദ്യത്തിൽ നിന്നു കരകയറാൻ ശ്രമിക്കണമെന്ന് സംഘടന വ്യക്തമാക്കി.

മെട്രൊ വാർത്ത

ലോകാഃ സമസ്താഃ സുഖിനോ ഭവന്തു

1195 മീനം 6 റജബ് 23

2020 മാർച്ച് 19 വ്യാഴം

രാഷ്ട്രീയ നേട്ടങ്ങൾക്കു വേണ്ടി ജുഡീഷ്യറിയെ വിലയ്ക്കെടുക്കരുത്

ഇന്ത്യൻ ജുഡീഷ്യറിയുടെ മേൽ രാഷ്ട്രീയ സ്വാധീനങ്ങളുടെ കരിനിഴൽ പതിക്കുമോ എന്ന ആശങ്കയുണർത്തി, മുൻ ചീഫ് ജസ്റ്റിസ് രഞ്ജൻ ഗൊഗോയിയെ ഭാരതീയ ജനതാ പാർട്ടി രാജ്യസഭയിലെത്തിച്ചിരിക്കുന്നു. വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിക്കുന്ന വ്യക്തിത്വങ്ങളിൽ നിന്ന് പന്ത്രണ്ടു പേരെ പാർലമെന്റിന്റെ ഉപരിമണ്ഡലത്തിലേക്കു നാമനിർദേശം ചെയ്യാമെന്ന ഭരണഘടനയുടെ എൺപതാം അനുച്ഛേദപ്രകാരമാണ് തിങ്കളാഴ്ച രാത്രി രാഷ്ട്രപതി രാംനാഥ് കോവിന്ദ് ഇതു സംബന്ധിച്ച വിജ്ഞാപനം ഇറക്കിയത്. സുപ്രീം കോടതിയിൽ നിന്നു വിരമിക്കുന്ന ജഡ്ജിമാരെയും ചീഫ് ജസ്റ്റിസ്മാരെയും രാജ്യസഭയിലടക്കം ഉന്നത തസ്തികകളിലേക്കു നാമനിർദേശം ചെയ്യുന്നത് ആദ്യമായല്ല. ഉപരാഷ്ട്രപതി, മനുഷ്യാവകാശ കമ്മിഷൻ അധ്യക്ഷൻ, അംബാസഡർ, ഗവർണർ തുടങ്ങി പല സുപ്രധാന സ്ഥാനങ്ങളിലേക്കും പല ചീഫ് ജസ്റ്റിസ്മാരും നിയമിതരായിട്ടുണ്ട്.

എന്നാൽ ഇവരുടെ ഓരോരുത്തരുടെയും ചരിത്രവും പശ്ചാത്തലവും പരിശോധിച്ച് ഓരോ കാലത്തും അവർ ചെയ്തുകൊടുത്തിട്ടുള്ള രാഷ്ട്രീയ സേവകളുടെ പ്രതിഫലമാണ് ഇത്തരം നിയമനങ്ങളെന്ന് ആരോപിക്കുന്നവരുണ്ട്. കേരള ഗവർണറായിരുന്ന ജസ്റ്റിസ് (റിട്ട) പി. സദാശിവത്തിനെതിരേ പോലും അത്തരമൊരു ആരോപണമുണ്ട്. ഗുജറാത്തിൽ കസ്റ്റഡിയിലിരിക്കെ തുളസീറാം പ്രജാപതി കൊല്ലപ്പെട്ട കേസിൽ പ്രധാന പ്രതിസ്ഥാനത്തുണ്ടായിരുന്ന അന്നത്തെ ഗുജറാത്ത് ആഭ്യന്തര മന്ത്രി അമിത് ഷായെ കുറ്റവിമുക്തനാക്കിയ സുപ്രീം കോടതി ബെഞ്ചിന്റെ അധ്യക്ഷനായിരുന്നു ജസ്റ്റിസ് സദാശിവം എന്നതാണ് അതിനു കാരണം.

കഴിഞ്ഞ നവംബറിലാണു ജസ്റ്റിസ് രഞ്ജൻ ഗൊഗോയി ചീഫ് ജസ്റ്റിസ് സ്ഥാനത്തു നിന്നു വിരമിച്ചത്. ഇത്തരം പദവികളിൽ നിന്നു വിരമിക്കുന്നവർക്കു കുറഞ്ഞത് ആറുമാസത്തേക്കെങ്കിലും രാഷ്ട്രീയ നിയമനങ്ങൾ നൽകരുതെന്നാണു സാമാന്യമര്യാദ. എന്നാൽ, വിരമിച്ചു നാലു മാസങ്ങൾക്കുള്ളിൽ ജസ്റ്റിസ് രഞ്ജൻ ഗൊഗോയിയെ രാജ്യസഭാംഗത്വം തേടി വന്നെങ്കിൽ അതിനു പിന്നിൽ രാഷ്ട്രീയമായ പല താത്പര്യങ്ങളുമുണ്ടാവാമെന്നു നിയമവൃത്തങ്ങൾ തന്നെ ചൂണ്ടിക്കാട്ടുന്നു. ജസ്റ്റിസ് രഞ്ജൻ ഗൊഗോയി അസമിൽ ഹൈക്കോടതി ജഡ്ജിയായിരിക്കെയാണ് അവിടെ ദേശീയ പൗരത്വ രജിസ്ട്രി (എൻപിആർ)ക്കു തുടക്കം കുറിച്ചത്. കർക്കശമായ ചട്ടങ്ങളോടെ അതു പൂർത്തിയാക്കിയത് അദ്ദേഹം സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ആയിരുന്ന 2019ലും. പൗരത്വ രജിസ്ട്രിയിൽ നരേന്ദ്ര മോദി സർക്കാരിന്റെ താത്പര്യം അറിയാവുന്നവർക്കു ജസ്റ്റിസ് ഗൊഗോയിയുടെ പുതിയ നിയമനത്തിൽ സംശയം തോന്നാം.

കഴിഞ്ഞ കാൽ നൂറ്റാണ്ടിലധികമായി രാജ്യത്തെ മുൾമുനയിൽ നിർത്തിയിരുന്ന അയോധ്യ കേസിൽ അവസാനത്തെ വിധി പറഞ്ഞ സുപ്രീം കോടതി ബെഞ്ചിന്റെ അധ്യക്ഷനും ജസ്റ്റിസ് രഞ്ജൻ ഗൊഗോയി ആയിരുന്നു. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളുടെയും ചീഫ് സെക്രട്ടറിമാരെ വരച്ച വരയിൽ നിർത്തിയാണു സുപ്രീം കോടതിയിൽ അദ്ദേഹം അധ്യക്ഷനായ ഭരണഘടനാ ബെഞ്ച് അയോധ്യക്കേസിൽ വിധി പറഞ്ഞത്. അതിന്റെ പേരിൽ രാജ്യത്ത് ഒരില പോലും അനങ്ങിയില്ല എന്നത് അത്യന്തം ശ്ലാഘനീയവുമാണ്. വിരമിക്കുന്നതിനു തൊട്ടു മുൻപാണ് അയോധ്യ, ശബരിമല കേസുകളിൽ അദ്ദേഹം വിധി പറഞ്ഞത്. ഇന്ത്യയുടെ ചീഫ് ജസ്റ്റിസിനെയും അദ്ദേഹത്തിന്റെ ഓഫിസിനെയും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയതും ഇതേ കോടതിയാണ്. ഈ കേസുകളിലെല്ലാം ദേശീയ ഭരണകക്ഷിയുടെ താത്പര്യങ്ങൾ സംരക്ഷിക്കപ്പെട്ടു എന്നും അതിന്റെ പ്രതിഫലമാണ് ഇപ്പോഴത്തെ രാജ്യസഭാംഗത്വം എന്നും പറയുന്നത് പ്രധാന പ്രതിപക്ഷ കക്ഷിയായ കോൺഗ്രസ് മാത്രമല്ല, സുപ്രീം കോടതിയിലെ തന്നെ മുൻ ജസ്റ്റിസുമാരും ബാർ അസോസിയേഷൻ പ്രസിഡന്റ് അടക്കം മുതിർന്ന അഭിഭാഷകരുമാണ്. ചരിത്രത്തിൽ ആദ്യമായി സ്വന്തം കോടതിയിലെ ഒരു വനിതാ ജീവനക്കാരി ലൈംഗികാരോപണം ഉന്നയിച്ചതിനെത്തുടർന്ന് പ്രതിപക്ഷത്തിന്റെ ഇംപീച്ച്മെന്റ് സമ്മർദം നേരിട്ട ന്യായാധിപൻ കൂടിയാണു ജസ്റ്റിസ് രഞ്ജൻ ഗൊഗോയി.

അതേ സമയം, ജസ്റ്റിസ് രഞ്ജൻ ഗൊഗോയിയെ രാജ്യസഭയിലേക്കു നാമനിർദേശം ചെയ്ത ബിജെപി നടപടിയിൽ കോൺഗ്രസ് രോഷം കൊള്ളുന്നതിലും വലിയ കാര്യമില്ല. മുതിർന്ന കോൺഗ്രസ് നേതാവും ബിഹാർ മുഖ്യമന്ത്രിയുമായിരുന്ന ജഗന്നാഥ് മിശ്രയെ പാറ്റ്ന സഹകരണ അർബൻ ബാങ്ക് അഴിമതിക്കേസിൽ വെറുതേ വിട്ടതിന് ഉപകാര സ്മരണയായി അന്നത്തെ ചീഫ് ജസ്റ്റിസ് ആയിരുന്ന ജസ്റ്റിസ് ബഹാറുൾ ഇസ്ലാമിനെ രാജ്യസഭയിലെത്തിച്ച മുൻ പ്രധാനമന്ത്രി ഇന്ദിര ഗാന്ധിയാണ് ജുഡീഷ്യറിയിൽ ആദ്യമായി രാഷ്ട്രീയ ഇഷ്ടദാനം അനുവദിച്ചത്. എന്നാൽ ജസ്റ്റിസ് ആകുന്നതിനു മുൻപ് ബഹാറുൾ ഇസ്ലാം കോൺഗ്രസുകാരനും രാജ്യസഭാംഗവുമായിരുന്നു. ഈ സ്ഥാനത്തു നിന്നു രാജിവച്ചാണ് അഡ്വക്കറ്റ്സ് പാനലിൽ നിന്ന് അദ്ദേഹത്തെ ഗോഹട്ടി ഹൈക്കോടതിയിലേക്കും പിന്നീടു പഞ്ചാബ് ഹൈക്കോടതി വഴി സുപ്രീം കോടതിയിലുമെത്തിച്ചത്.

ഇന്ദിരാ വധത്തെത്തുടർന്നുണ്ടായ സിക്ക് കൂട്ടക്കൊലയെക്കുറിച്ച് അന്വേഷിച്ച മറ്റൊരു സിജെഐ ജസ്റ്റിസ് ജഗന്നാഥ് മിശ്രക്കും കിട്ടി പിന്നീട് രാഷ്ട്രീയ സംരക്ഷണം. സിക്ക് വിരുദ്ധ കലാപത്തിൽ ഉൾപ്പെട്ട കോൺഗ്രസ് നേതാക്കളെ കുറ്റവിമുക്തരാക്കിയതിനു കോൺഗ്രസ് അധ്യക്ഷ സോണിയ ഗാന്ധിയുടെ സമ്മാനമായിരുന്നു, അദ്ദേഹത്തിനു ലഭിച്ച രാജ്യസഭാംഗത്വം എന്ന് ആരോപിക്കുന്നവരുണ്ട്. എന്നാൽ സുപ്രീം കോടതിയിൽ നിന്നു വിരമിച്ച്, ആറു വർഷങ്ങൾക്കു ശേഷം കോൺഗ്രസിൽ ചേർന്ന ജസ്റ്റിസ് മിശ്ര രാജ്യസഭയിലേക്കു തെരഞ്ഞെടുക്കപ്പെടുമ്പോൾ കോൺഗ്രസ് ആയിരുന്നില്ല, അടൽ ബിഹാരി വാജ്പേയിയുടെ നേതൃത്വത്തിലുള്ള ബിജെപി ആയിരുന്നു അധികാരത്തിൽ. അതിനു മുൻപ് അധികാരത്തിലുണ്ടായിരുന്ന പി.വി. നരസിംഹറാവു സർക്കാർ ജസ്റ്റിസ് മിശ്രയെ ദേശീയ മനുഷ്യാവകാശ കമ്മിഷൻ അധ്യക്ഷനായി നിയമിച്ചിരുന്നു എന്നുകൂടി ഇവിടെ ഓർക്കണം.

പദവിയിലിരിക്കുമ്പോൾ രാഷ്ട്രീയ വിധേയത്വം പുലർത്തിയാൽ വിരമിക്കലിനു ശേഷം ഉന്നത പദവി കിട്ടുമെന്ന് ഉറപ്പുണ്ടെങ്കിൽ ന്യായാധിപന്മാർക്കു യജമാന ഭക്തി കൂടും. അതു ജുഡീഷ്യറിയുടെ വിശ്വാസ്യതയിലും സംശയങ്ങളുണ്ടാക്കും. അതൊഴിവാക്കുകയാണു വേണ്ടത്. 1979ൽ രാഷ്ട്രീയ സമവായത്തിലൂടെ ഉപരാഷ്ട്രപതിയായ റിട്ടയേഡ് ജസ്റ്റിസ് എം. ഹിദായത്തുള്ളയെപ്പോലുള്ള അപൂർവം പ്രതിഭകളുമുണ്ട്. 2017ൽ രാജ്യസഭാ സ്ഥാനാർഥിത്വവുമായി സമീപിച്ച ആം ആദ്മി പാർട്ടിയോട് 'ആദരപൂർവം നിരസിക്കുന്നു' എന്നു തുറന്നു പറയാൻ ആർജവം കാട്ടിയ മറ്റൊരു റിട്ടയേഡ് ചീഫ് ജസ്റ്റിസ് ടി.എസ്. ഠാക്കൂറിനെപ്പോലെ നീതിന്യായ സദാചാരമൂല്യങ്ങൾ വച്ചുപുലർത്തുന്ന അത്യപൂർവം വ്യക്തിത്വങ്ങളും ചരിത്രത്തിലുണ്ടെന്നും ഓർത്തിരിക്കാം.

കൊറോണാ കാലത്തെ യുവനേതാക്കൾ

അതീതം

എം.ബി. സന്തോഷ്

"രക്തദാനത്തിന് ആശങ്ക വേണ്ട, നമുക്കൊരുമിച്ചു നേരിടാം... തിരുവനന്തപുരം മെഡിക്കൽ കോളെജിലെ രക്തബാങ്കിൽ രക്തദാതാക്കളുടെ എണ്ണം കാര്യമായി കുറഞ്ഞു. കൊവിഡ് ഭീതിയിൽ രക്തദാനത്തിന് എത്തുന്നവരുടെ എണ്ണം കാര്യമായി കുറഞ്ഞ സാഹചര്യത്തിലാണ് ഡിവൈഎഫ്ഐ രക്തദാനത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കിയത്. ഇന്നുമുതൽ 19 ദിവസം, പ്രതിദിനം 100 ഡിവൈഎഫ്ഐ പ്രവർത്തകർ രക്തം ദാനം ചെയ്യും. ആദ്യ ദിവസം കോവളം ബ്ലോക്കിലെ സഖാക്കൾക്കൊപ്പം ഞാനും രക്തം നൽകി. ജില്ലാ സെക്രട്ടറി കെ.പി. പ്രമോഷ്, പ്രസിഡന്റ് വി. വിനീത്, ട്രഷറർ വി. അനൂപ്, സംസ്ഥാന കമ്മിറ്റി അംഗം സുരേഷ് ബാബു എന്നിവരും ഒപ്പമുണ്ടായിരുന്നു.."- ഡിവൈഎഫ്ഐ സംസ്ഥാന സെക്രട്ടറി എ.എ. റഹീമിന്റെ ഫെയ്സ്ബുക്ക് പോസ്റ്റാണിത്.

ഫെയ്സ്ബുക്ക് പോസ്റ്റ് ശ്രദ്ധിക്കാൻ കാരണം അതിനുമുമ്പുതന്നെ റഹീം രക്തദാനം നടത്തുന്ന ചിത്രം കണ്ടിരുന്നു. അതിനുശേഷം യൂത്ത് കോൺഗ്രസ് നേതാക്കളായ ഷാഫി പറമ്പിലും കെ.എസ്. ശബരീനാഥനും രക്തദാനം നടത്തിയ ഫോട്ടോ കണ്ടു. എഐവൈഎഫ് സംസ്ഥാന സെക്രട്ടറി മഹേഷ് കക്കത്ത് കണ്ണൂരിൽ രക്തദാനം നടത്തുന്ന ചിത്രം വന്നു. യുവമോർച്ച സംസ്ഥാന പ്രസിഡന്റ് സി.ആർ. പ്രഫുൽകൃഷ്ണയും രക്തദാനം നടത്തുന്ന ചിത്രം പ്രസിദ്ധീകരിക്കപ്പെട്ടു.

'കൊറോണ ഭീതിയിൽ ബ്ലഡ് ബാങ്കിലേക്ക് രക്തദാനം കുറഞ്ഞതിനാൽ യൂത്ത് കോൺഗ്രസ് സംസ്ഥാനത്തുടനീളം രക്തദാനം നടത്തുന്നു. സംസ്ഥാന പ്രസിഡന്റ് ഷാഫി പറമ്പിൽ എംഎൽഎയും കൂട്ടരും പാലക്കാട്ടും ഞാനടക്കം നിരവധി ഭാരവാഹികൾ തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിലും രക്തം നൽകി. എല്ലാ സഹപ്രവർത്തകരും വരും ദിവസങ്ങളിൽ ഈ ഉദ്യമത്തിൽ പങ്കുചേരണമെന്ന് സവിനയം അഭ്യർഥിക്കുന്നു'- ഇത് യൂത്ത് കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡന്റ് ശബരീനാഥന്റെ ഫെയ്സ്ബുക്ക് അഭ്യർഥന.

'കൊറോണ ഭീതി ഏറിയതോടെ സംസ്ഥാനത്തെ ആശുപത്രികളിലെ ബ്ലഡ്ബാങ്കുകളിൽ രക്തത്തിന് ക്ഷാമമനുഭവപ്പെടുന്നു എന്ന റിപ്പോർട്ടുകളുണ്ട്. ആശുപത്രികളിലെത്തി രക്തം ദാനം ചെയ്യാൻ പലരും മടിക്കുകയോ ഭയപ്പെടുകയോ ചെയ്യുന്നതാണു കാരണം. പല ആശുപത്രികളിലും രക്തം ലഭ്യമല്ലാത്ത സ്ഥിതിയുണ്ട്. ഈ സ്ഥിതിക്ക് പരിഹാരം കണ്ടെത്താനായി സംസ്ഥാനത്ത് ഉടനീളമുള്ള രക്തബാങ്കുകളിൽ യുവമോർച്ച പ്രവർത്തകർ രക്തം ദാനം ചെയ്യും.'- ബിജെപി സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രന്റെ അറിയിപ്പാണിത്.

വളരെ സന്തോഷം തോന്നിയ അനുഭവമാണ്. ഒരു നാടിനെയാകെ കൊറോണ ഭീതിയിലാഴ്ത്തുമ്പോൾ, ആശുപത്രികളിൽ രോഗികൾക്ക് രക്തം കിട്ടാത്ത അവസ്ഥ വരുമ്പോൾ... അവിടെ ആരാണു മുന്നിട്ടിറങ്ങേണ്ടത്? തീർച്ചയായും യുവാക്കൾ തന്നെ. ഇവിടെ, നമ്മുടെ യുവജന നേതാക്കൾ ആ ഉത്തരവാദിത്തം ഭംഗിയായി നിറവേറ്റിയിരിക്കുന്നു. സംസ്ഥാനത്തെ ഏറ്റവും വലിയ യുവജന സംഘടനയായ ഡിവൈഎഫ്ഐ 20 ദിവസം 100 പേർ വീതം പ്രധാന ആശുപത്രികളിൽ രക്തം ദാനം ചെയ്യുമെന്നാണ് അറിയിപ്പ്. അതോടെ, സംസ്ഥാനത്തെ ആശുപത്രികളിലെ രക്തദൗർലഭ്യം പരിഹരിക്കപ്പെടുകതന്നെ ചെയ്യും. ഇതിന് മുന്നിട്ടിറങ്ങിയ എല്ലാ യുവ നേതാക്കളെയും അഭിവാദ്യം ചെയ്യുന്നു.

കൊടിയുടെ നിറമല്ല, മറിച്ച് കാലഘട്ടം ആവശ്യപ്പെടുന്നതെന്താണെന്ന് തിരിച്ചറിയാൻ ഇന്നത്തെ യുവനേതാക്കൾക്കു കഴിയുന്നു എന്നത് ചെറിയ കാര്യമല്ല. അത്തരക്കാർക്ക് നാളെയുടെ ഭരണചക്രം നന്നായി തിരിക്കാൻ കഴിയും എന്ന് ഉറപ്പാണ്. ഡിവൈഎഫ്ഐയും എഐവൈഎഫും കൃത്യമായി വാർഷിക സമ്മേളനങ്ങളിലൂടെ ഭാരവാഹികളെ തെരഞ്ഞെടുക്കുകയാണ്. അങ്ങനെ ഉൾപ്പാർട്ടി ജനാധിപത്യത്തിന്റെ പാഠം അവർക്ക് പഠിക്കാൻ കഴിയുന്നു. യൂണിറ്റ് കമ്മിറ്റി മുതൽ അഖിലേന്ത്യാ കമ്മിറ്റി വരെയുള്ളവർ ഈ കാലയളവിൽ നിശിത വിമർശനങ്ങൾക്ക് പാത്രമാവേണ്ടതുണ്ട്. പുതിയ കാലത്ത് അത് എത്രമാത്രം സാധ്യമാവുന്നുവെന്നത് വേറെ കാര്യം.

വ്യത്യസ്ത അഭിപ്രായങ്ങളാണ് ഒരു കമ്മിറ്റിയുടെ ജീവൻ എന്ന് എ.കെ.ജി ഉൾപ്പെടെ പ്രമുഖ നേതാക്കൾ പറഞ്ഞിട്ടുണ്ട്. ഉയരുന്ന അഭിപ്രായങ്ങൾ ചർച്ച ചെയ്ത് ഒരു തീരുമാനമെടുത്തു കഴിഞ്ഞാൽ അതാവണം ആ കമ്മിറ്റിയുടെ അഭിപ്രായം. എന്നാൽ, എതിരഭിപ്രായങ്ങളെ പലപ്പോഴും പരിഗണക്കാതിരിക്കുകയോ അത്തരം അഭിപ്രായങ്ങൾ പറയുന്നവരെ ഒഴിവാക്കുകയോ ചെയ്യുന്ന പ്രവണത മിക്കവാറും യുവജന സംഘടനകളിലും കാണപ്പെടുന്നുവെന്നത് അവസാനിപ്പിക്കാനായാൽ ഈ ചെറുപ്പക്കാർ അവരുടെ മാതൃസംഘടനകൾക്കുപോലും മാതൃകയാവും.

ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റും വൈസ് പ്രസിഡന്റുമായി എന്നതാണ് ഷാഫി പറമ്പിലിന്റെയും ശബരീനാഥന്റെയും സവിശേഷത. മുമ്പ്, എംപിയും എംഎൽഎയും ആകാനുള്ള ചവിട്ടുപടിയായിരുന്നു വിദ്യാർഥി- യുവജനസംഘടനാ ഭാരവാഹിത്വം എങ്കിൽ ഇവിരിരുവരെയും സംബന്ധിച്ചിടത്തോളമെങ്കിലും അതല്ല എന്നത് നല്ല കാര്യം. എന്നാൽ, ഗ്രൂപ്പ് വടംവലിയിൽ വീതം വയ്ക്കപ്പെടുന്നതാണ് ഭാരവാഹിത്വമെന്നതും ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടാനുള്ള അവസരം ഗ്രൂപ്പ്‌വീതം വയ്ക്കലിലൂടെ അട്ടിമറിക്കപ്പെടുന്നതും നല്ല സന്ദേശമല്ല യുവാക്കൾക്ക് നൽകുന്നതെന്നും പറയാതിരിക്കാനാവില്ല. ഭാരവാഹികളെ ബിജെപി നാമനിർദേശം നൽകുന്നതാണ് യുവമോർച്ചയിലെ രീതി എന്നുതോന്നുന്നു. പക്ഷെ, മോർച്ചയുടെ പരിപാടികൾ അവർ തന്നെ പ്രഖ്യാപിക്കുന്നതാവും നല്ലത്.

കൊറോണ കാലത്തെ സമരം വ്യത്യസ്തമാവണം. അതിന് ഡിവൈഎഫ്ഐയും യൂത്ത് കോൺഗ്രസും വ്യത്യസ്ത സമരങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു. ലോകമാകെ ഇന്ധന വിലയിടിയുമ്പോൾ, മുമ്പ് അതിന്റെ പേരിൽ ഉന്തുവണ്ടിയുമായി സമരത്തിനിറങ്ങിയവർതന്നെ കൊറോണ വ്യാപനത്തിനിടയിലും ഇന്ധന വിലവർധനക്കിടയാക്കുമ്പോൾ, എതിർക്കുക തന്നെ വേണം.

'കേരളത്തിലെ എല്ലാ പെട്രോൾ പമ്പുകൾക്ക് മുന്നിലും പ്രതിഷേധ ബാനറുകളുമായി നമുക്ക് പ്രതികരിക്കാം. പ്രതിഷേധം രേഖപ്പെടുത്തിയ ബാനർ, പിടിക്കാൻ രണ്ടോ മൂന്നോ പ്രവർത്തകർ. അതും മതിയായ അകലത്തിൽ, കേരളത്തിലെ ആയിരക്കണക്കിനു വരുന്ന മുഴുവൻ പെട്രോൾ പമ്പുകൾക്കു മുന്നിലും ഒരേസമയം യുവജന പ്രതിഷേധം ഉയരും. ആൾക്കൂട്ടമില്ലാതെ ആയിരങ്ങൾ പ്രതിഷേധിക്കും.'- ഇത് ഡിവൈഎഫ്ഐ അറിയിപ്പ്. അത് അതുപോലെ നടന്നു എന്നു പ്രത്യേകം പറയേണ്ട കാര്യമില്ല.

ഇനി യൂത്ത് കോൺഗ്രസ് ചക്രസ്തംഭനം എന്നുപേരിട്ട സമരത്തിന് നൽകിയ പത്തിന മാർഗനിർദ്ദേശങ്ങളിൽ ചിലത്. 'കൊറോണ ഭീതി നിലനിൽക്കുന്ന സാഹചര്യമായതുകൊണ്ട് ഒരു തരത്തിലുമുള്ള ആൾക്കൂട്ടമോ, പ്രകടനമോ, മുദ്രാവാക്യം വിളികളോ, പൊതുയോഗങ്ങളോ ഈ സമരത്തിൽ നമ്മളുദ്ദേശിക്കുന്നില്ല. രാവിലെ 11 മണി മുതൽ 11.05 വരെ അഞ്ചുമിനിറ്റ് നേരത്തേക്കുള്ള ഒരു പ്രതീകാത്മക സമരമാണ് ചക്രസ്തംഭനം. മുൻകൂട്ടി നിശ്ചയിച്ച പോയിന്റിൽ പത്തരയോടെ യൂത്ത് കോൺഗ്രസ് പ്രവർത്തകർ വാഹനങ്ങളിലെത്തി സമരം നടത്താനുദ്ദേശിക്കുന്ന പോയിന്റിലേക്ക് ഒരുമിച്ചു നീങ്ങണം. 11 മണിക്ക് വാഹനങ്ങൾ അഞ്ചുമിനിറ്റ് നേരത്തേക്ക് നിശ്ചലമാക്കണം. അവനവന്റെ വാഹനങ്ങളിൽ ഇരുന്നു തന്നെ ഈ സമരത്തിൽ എല്ലാവർക്കും പങ്കാളികളാവാം. റോഡിൽ ഇറങ്ങി നിന്ന് പ്രകടനമോ ജനക്കൂട്ടമോ ഇല്ലാതെ തന്നെ അവനവന്റെ വാഹനങ്ങളിൽ ഇരുന്ന് ഈ സമരത്തിൽ പങ്കാളിയാവാൻ താല്പര്യമുള്ള യുവജനങ്ങളെ ചക്രസ്തംഭനത്തിൽ പങ്കാളികളാക്കണം '.- മിക്കയിടത്തും ഇങ്ങനെ നടന്നില്ല എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ക്യാമറ കാണുമ്പോൾ ചക്കര കാണുന്ന ഈച്ചക്കൂട്ടംപോലെ നേതാവിനെ പൊതിഞ്ഞ് ക്യാമറയ്ക്ക് മുന്നിൽ നടത്തുന്ന പ്രകടനമാണ് യൂത്ത് കോൺഗ്രസിന്റെ എല്ലാ കാലത്തേയും പ്രധാന പരിപാടി എന്നിരിക്കേ അതൊഴിവാക്കി ഒന്നും അവർക്കു പറഞ്ഞിട്ടില്ല. എങ്കിലും ഇത്തരത്തിൽ നിർദ്ദേശം പുറത്തിറക്കാനായി എന്നതിനെ നിസാരമായി കാണാനാവില്ല.

ഇനി പ്രിയപ്പെട്ട എഴുത്തുകാരി കെ.ആർ. മീരയുടെ ഒരു കുറിപ്പിലേക്ക്: 'ആരോഗ്യമന്ത്രിയെ രണ്ടു ദിവസമായി പത്രസമ്മേളനങ്ങളിൽ കാണാതിരുന്നപ്പോൾ മറ്റൊരു ടീച്ചറെ ഓർമ്മ വന്നു. ഇരുപതു കൊല്ലം മുമ്പ് കണ്ടുമുട്ടിയ ഒരു കോളെജ് അധ്യാപിക. പത്രപ്രവർത്തകയായിരിക്കെ, തൊഴിൽ സ്ഥലത്തു സ്ത്രീകൾ നേരിടുന്ന പീഡനങ്ങളെകുറിച്ചുള്ള വാർത്താപരമ്പര തയ്യാറാക്കുന്നതിന്റെ ഭാഗമായി കണ്ടുമുട്ടിയതാണ് അവരെ. അവർക്കു പങ്കുവയ്ക്കാനുണ്ടായിരുന്നത് ലൈംഗിക അതിക്രമമായിരുന്നില്ല. അതിനും ഏഴെട്ടു കൊല്ലം മുമ്പ് അവർ ജോലിക്കു ചേർന്ന കാലത്തെ ഒരു സംഭവമാണ്.

സീനിയർ അധ്യാപകർക്കൊന്നും താൽപര്യമില്ലാത്ത ഏതോ ഒരു ചെറിയ പരിപാടിയുടെ ചുമതല അവർക്ക് കിട്ടി. പക്ഷേ, കലാപരിപാടികൾ സഹിതം അവർ അതു വൻ വിജയമാക്കി. അതോടെ അടുത്ത വർഷത്തെ ആർട്സ് ക്ലബിന്റെ ചുമതലകൾ ആ അധ്യാപികയെ ഏൽപ്പിക്കണമെന്ന അഭിപ്രായമുയർന്നു. ആർട്സ് ക്ലബിന്റെ സ്ഥിരം ചുമതലക്കാരൻ ക്ഷുഭിതനായി. കന്റീനിൽ വച്ച് അയാൾ മന:പൂർവ്വം ഒരു വാഗ്വാദത്തിന് അവസരമുണ്ടാക്കി.

അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും മുന്നിൽ വച്ച് ആക്രമിച്ചു: 'ടീച്ചറേ, നിങ്ങള് ആർട്സ് ക്ലബ് ചുമതല ഏറ്റെടുക്കുന്നതൊക്കെ കൊള്ളാം. മൈക്ക് വല്ലപ്പോഴും ഒന്നു താഴെ വയ്ക്കണം. നിങ്ങളുടെ ശബ്ദം അത്രയ്ക്കു ബോറായിട്ടാ. എന്നുവച്ച് സ്റ്റേജിൽ അങ്ങോട്ടുമിങ്ങോട്ടും വിലസി ശരീരം പ്രദർശിപ്പിക്കുന്നതിൽ കുറവൊന്നും വരുത്തണ്ട.'

വർഷങ്ങൾക്കു മുമ്പുള്ള സംഭവമായിട്ടും അതു വിവരിച്ചപ്പോൾ അവർ കരഞ്ഞു. അതിൽപ്പിന്നെ താൻ മൈക്ക് കൈയിലെടുക്കുകയോ സ്റ്റേജിൽ കയറുകയോ ചെയ്തിട്ടില്ലെന്ന് അവർ പറഞ്ഞു. അവരെ കൊന്നത് ഒരു വൈറസ് ആയിരുന്നു. എഴുപതുകളിലെയും എൺപതുകളിലെയും ക്യാംപസുകളിൽ പെറ്റുപെരുകിയ ഒരു തരം വൈറസ്. ഈ വൈറസിന്റെ വാഹകർ സ്വന്തം പ്രാധാന്യത്തെക്കുറിച്ച് അമിതമായി ഉൽക്കണ്ഠപ്പെടും. തങ്ങളെക്കാൾ പ്രിവിലിജ് കുറഞ്ഞവർക്കു പ്രാമുഖ്യവും പ്രാധാന്യവും ലഭിക്കുന്നതു കണ്ട് ഭ്രാന്തുപിടിക്കും.

അരനൂറ്റാണ്ടിനിപ്പുറവും ഈ വൈറസിനു പ്രതിരോധ വാക്സിൻ ഉണ്ടായിട്ടില്ല. കൊറോണ പോലെയാണ് അതും. പ്രതിരോധശേഷി കുറഞ്ഞ സ്ത്രീകളുടെ കഥ അതു കഴിക്കും. എന്നു വച്ച് ഭീതി വേണ്ട, ആത്മവിശ്വാസം മാത്രം മതി. അതുകൊണ്ട്, പ്രിയപ്പെട്ട ആരോഗ്യമന്ത്രീ, കൃത്യമായും വ്യക്തമായും സമഗ്രമായും കാര്യങ്ങൾ വിശദീകരിക്കുന്ന താങ്കളുടെ പത്രസമ്മേളനങ്ങൾ മുടങ്ങാതെ നാലു നേരവും ഉറപ്പാക്കുക. മറ്റേ വൈറസിന് അതേയുള്ളൂ മരുന്ന്. കാരണം, താങ്കളെ പ്രത്യാശയോടെയും ആദരവോടെയും നിരീക്ഷിക്കുന്ന യുവതലമുറ ഇവിടെയുണ്ട്. അവർക്കു വേണ്ടി ഒരു ചെയിൻ കൂടി ദയവായി ബ്രേക്ക് ചെയ്യുക- സ്ത്രീവിരുദ്ധതയുടെ ചെയിൻ.'

ഈ വൈറസിനെ അമർത്താൻ നമ്മുടെ യുവജന നേതാക്കൾ മുന്നോട്ടുവന്നാൽ നന്നായിരുന്നു. അവരുടെ പരിമിതികൾ ഏറെയാണെന്നു തിരിച്ചറിയാതെയല്ല ഈ അഭ്യർഥന. കൊളസ്ട്രോളിന് മരുന്നു കഴിക്കുന്നതുപോലെ ദിവസവും മൂന്നുനേരം വാർത്താ സമ്മേളനം നടത്തുന്ന, 'മീഡിയാമാനിയ ഒട്ടുമില്ലാത്ത' നേതാക്കളെ ന്യായീകരിക്കേണ്ടിവരുന്ന യുവജന നേതാക്കളുടെ നിസഹായത തിരിച്ചറിയാനാവുന്നുണ്ട്. എംഎൽഎയായ നേതാവിനാൽ പീഡിപ്പിക്കപ്പെട്ടതായി പരാതിപ്പെട്ട സ്വന്തം സഖാവിനൊപ്പം നിലകൊള്ളണോ അതോ പുറത്തേക്കു പോവണോ എന്ന ചോദ്യത്തിനു മുന്നിൽ നിസഹായരാവുന്നവരെയും മനസിലാക്കാനാവും. അതിനിടയിലാണ് ഇത്തരം മാതൃകാപരമായ ഇടപെടലുകൾ നമ്മുടെ യുവനേതാക്കളിൽനിന്നുണ്ടാവുന്നത്. പരിമിതികൾ അവസരങ്ങളാക്കുന്ന ഇന്നത്തെ യുവജനനേതാക്കൾ തീർച്ചയായും നാളെയുടെ വാഗ്ദാനങ്ങൾ തന്നെയാണ്.

ഇഎംഎസ് ഇല്ലാത്ത 22 വർഷം

പി.ബി. ബാലു

മലയാളത്തിന്റെ ബൗദ്ധിക ത്രൈയക്ഷരിയെന്നോ ഗാന്ധിയൻ കമ്യൂണിസ്റ്റെന്നോ വിശേഷിപ്പിക്കപ്പെടാവുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാട് വേർപിരിഞ്ഞിട്ട് 22 വർഷം പൂർത്തിയാവുന്നു. 1909ൽ മലപ്പുറം ജില്ലയിലെ ഏലംകുളം മനയിൽ ജനിച്ച ഇ.എം.എസ് നമ്പൂതിരിപ്പാട് സമ്പത്തും സൗകര്യങ്ങളും വിട്ടെറിഞ്ഞ് ബ്രാഹ്മണ മേധാവിത്വത്തിന്റെ പൂണൂൽ പൊട്ടിച്ച് ജനങ്ങളുടെ ഇടയിലേക്കിറങ്ങിയപ്പോൾ മാറ്റിമറിച്ചത് ഒരു നാടിനെ ഒന്നാകെയായിരുന്നു. ആ ബൗദ്ധിക ശൂന്യത 22 വർഷത്തിൽ എത്തുമ്പോഴും ചിന്തിക്കുന്ന മലയാളിയുടെ മനസിൽ ഒരു കുളിരാണ് ആ വാക്കുകളും അക്ഷരങ്ങളും.

കോൺഗ്രസിൽ പ്രവർത്തിച്ചപ്പോഴും പിന്നീട് കമ്യൂണിസ്റ്റ് പാർട്ടി അംഗമായപ്പോഴും കേരള മുഖ്യമന്ത്രിയും ദേശീയ രാഷ്ട്രീയ നേതാവും ഒക്കെ ആയപ്പോഴും കേരളത്തിന്റെ സാമൂഹിക പരിഷ്കരണങ്ങളുടെ മുന്നണി പോരാളിയായിരുന്നു ഇഎംഎസ്. മലയാളിക്ക് കമ്യൂണിസത്തിന്റെ ആചാര്യൻ ഇഎംഎസായിരുന്നു.

"അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്" എന്ന നാടകം വി.ടി. ഭട്ടതിരിപ്പാട് എഴുതുകയും ഇഎംഎസ് ഉൾപ്പെടെയുള്ളവർ അത് അവതരിപ്പിക്കുകയും ചെയ്തപ്പോൾ അന്തർജന സ്ത്രീകളെ പറ്റി മാത്രമായിരുന്നില്ല, അത് രാജ്യത്ത് അടുക്കളയിൽ തളയ്ക്കപ്പെട്ട മുഴുവൻ സ്ത്രീസമൂഹത്തിനു വേണ്ടി കൂടിയായിരുന്നു.

ഇന്നും ഓരോ പ്രധാന മുഹൂർത്തത്തിലും ഓരോ മലയാളിയും ആലോചിക്കുക ഇഎംഎസ് ജീവിച്ചിരുന്നെങ്കിൽ എങ്ങനെയായിരിക്കും അതിനോടു പ്രതികരിക്കുക എന്നാണ്. സുപരിചിതമായ ഒരാശയത്തിനു പുതുതായ വ്യാഖ്യാനമോ അർഥഭേദമോ നൽകാൻ ഇഎംഎസിനുണ്ടായിരുന്ന കഴിവാണ് അദ്ദേഹത്തെ ആചാര്യനാക്കിയത്.

മാർക്സിസം- ലെനിനിസത്തെ ഇന്ത്യൻ സാഹചര്യത്തിൽ പ്രയോഗിക്കുന്നതിന് ഇഎംഎസ് നൽകിയ സംഭാവന ഓർക്കുമ്പോൾ, പകരം വയ്ക്കാൻ മറ്റൊരു കമ്യൂണിസ്റ്റ് ഇല്ല. അദ്ദേഹത്തിന്റെ രാഷ്ട്രീയരംഗത്തെ ഈ ഇടപെടൽ നമ്മുടെ രാജ്യത്തിന്റെ പരിധിക്കകത്തു മാത്രം ഒതുങ്ങിനിന്ന ഒന്നായിരുന്നില്ല. സാർവദേശീയമായി എല്ലാ ചലനങ്ങളെയും സസൂക്ഷ്മം വിലയിരുത്തുകയും അവയെ സാധാരണക്കാരുടെ ഇടയിലേക്ക് എത്തിക്കുന്നതിനും കാണിച്ച ശുഷ്കാന്തി മലയാളിയെ ലോക കാര്യങ്ങളിൽ രാഷ്ട്രീയ ബോധമുള്ളവരാക്കി.

ഇഎംഎസിന് അന്യമായ ഒരു മേഖലയും ഇല്ലായിരുന്നു. ആധുനിക കേരളത്തിന്റെ രാഷ്ട്രീയ ചലനങ്ങളിലും സാമൂഹ്യ മുന്നേറ്റങ്ങളിലും സാംസ്കാരിക ഇടപെടലുകളിലും ആ വ്യക്തിമുദ്ര പതിഞ്ഞിട്ടുണ്ട് എന്ന് രാഷ്ട്രീയ എതിരാളികൾ പോലും സമ്മതിക്കുന്നുണ്ട്. ഏതു വിഷയത്തിലായാലും ആ വാക്കുകൾക്ക് കേരളം കൊതിച്ചു. അതുണ്ടാക്കിയ വിവാദത്തീപ്പൊരികൾ കേരളം ആസ്വദിച്ചു.

വായിച്ചും എഴുതിയും പ്രസംഗിച്ചും പൊതുജീവിതത്തിലെ ചൈതന്യമായിരുന്ന വ്യക്തിത്വം. ലാളിത്യമായിരുന്നു ഇഎംഎസിനെ വേറിട്ടു നിർത്തിയിരുന്നത്. ഗാന്ധിജിക്കു ശേഷം ഇത്രയും ലളിതമായ ജീവിതം നയിച്ച മറ്റൊരാൾ ഇല്ലെന്ന് ഡോ. സുകുമാർ അഴിക്കോട് പറഞ്ഞത് നെഞ്ചിൽ തട്ടിത്തന്നെയായിരുന്നു. കർക്കശമായി ആ ലാളിത്യം പാലിക്കാൻ അദ്ദേഹം അവസാന നിമിഷം വരെ ശ്രമിച്ചു. മറ്റാർക്കും അനുകരിക്കാനാവാത്ത വിധം വിജയിക്കുകയും ചെയ്തു.

ഇഎംഎസ് കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രിയായത് 1956ലാണ്. മണ്ണിന്റെ മക്കളെ കുടിയൊഴിപ്പിക്കുന്നതു തടയുന്ന കരാറിൽ അധികാരമേറ്റയുടൻ ഒപ്പുവച്ച ഇഎംഎസ്, താൻ നയിച്ച രണ്ടു മന്ത്രിസഭകളുടെ കാലത്ത് ഭൂപരിഷ്കരണം, വിദ്യാഭ്യാസത്തിൽ അധികാര വികേന്ദ്രീകരണം, ന്യൂനപക്ഷങ്ങൾക്കെതിരായ നിയന്ത്രണങ്ങൾ എടുത്തുകളയൽ, തൊഴിൽ സമരങ്ങളിൽ പൊലീസ് ഇടപെടൽ ഒഴിവാക്കൽ എന്നീ ഭരണ പരിഷ്കാരങ്ങൾ നടപ്പാക്കി. ഒരുപക്ഷേ, കേരളത്തിന്റെ സാമൂഹ്യ നവോഥാനത്തിന്റെയും, കേരള മോഡൽ എന്ന സങ്കൽപ്പത്തിന്റെയും അടിത്തറ എന്നു പറയുന്നത് മേൽപ്പറഞ്ഞ വിപ്ലവകരമായ ഭരണ നടപടികളാണ്. കേരളത്തിന്റെ രാഷ്ട്രീയ മനസാണ് ലോക ഭൂപടത്തിൽ ഈ കൊച്ചുനാടിനെ വേറിട്ടു നിർത്തിയത്. ആ രാഷ്ട്രീയ മനസിന്റെ ശിൽപ്പികളിൽ ഒരാളാണ് ഇഎംഎസ്.

ഇന്ത്യൻ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനു രൂപം കൊടുക്കുന്നതിൽ പ്രധാന പങ്കുവഹിച്ച അദ്ദേഹം സാഹിത്യത്തിലും ചിന്തയിലും ചരിത്ര രചനയിലും കമ്യൂണിസ്റ്റ് രീതികൾ പിന്തുടരുകയും അതിനു സാഹിത്യ ലോകത്തിൽ നിർണായകമായ ഇടം നേടിക്കൊടുക്കുകയും ചെയ്തു. മലയാളത്തിലെ മാർക്സിയൻ സാഹിത്യത്തിനും അതിന്റെ വിമർശന സാഹിത്യത്തിനും കരുത്തുപകർന്നത് ഇഎംഎസിന്റെ കൃതികളാണെന്നതും തർക്കമില്ലാത്ത ചരിത്രമാണ്.

ജീവിതത്തിന്റെ ഓരോ ഇഞ്ചിലും കമ്യൂണിസ്റ്റാവാൻ നടത്തിയ സമരമായിരുന്നു ഇഎംഎസിന്റെ ജീവിതം എന്നു നിരീക്ഷിക്കുന്നതിലും അതിശയോക്തിയില്ല. അത് അദ്ദേഹത്തെ മാതൃകാ കമ്യൂണിസ്റ്റാക്കി. മുൻപ് ഇന്ത്യൻ ഇടതുപക്ഷം നേരിട്ട രാഷ്ട്രീയ പ്രതിസന്ധി ഘട്ടങ്ങളിൽ അദ്ദേഹത്തിന്റെ ഓരോ വാക്കുകളും മുന്നോട്ടു പോകാനുള്ള കരുത്തായി മാറിയിരുന്നു എന്നതായിരുന്നു അനുഭവം. ആ നിലയിൽ ഇടതുപക്ഷത്തെ സംബന്ധിച്ചെങ്കിലും സഖാവ് ഇഎംഎസിന്റെ ശൂന്യത ഇന്നും വലിയ വിടവും ന്യൂനതയുമായി ബാക്കിയാകുന്നു.

ഫോട്ടോഷോപ്പും സോഷ്യൽ മീഡിയ ഗിമ്മിക്കുകളും ബൗദ്ധികതയെ നിയന്ത്രിക്കുന്ന ഇക്കാലത്ത്, ഇഎംഎസ് എന്ന ധൈഷണിക തേജസിന്റെ അഭാവം ഇടതുപക്ഷത്തെ പ്രതിരോധത്തിലാക്കുന്നു, നവമാധ്യമങ്ങളിൽപ്പോലും എന്നതാണു സത്യം.

കൊവിഡ് 19 രോഗനിർണയ രീതികൾ

ഡോ. കെ.പി. അരവിന്ദൻ

കേരളത്തിലെ കൊറോണ പ്രതിരോധ പ്രവർത്തനത്തിന്റെ ഇതുവരെയുള്ള വിജയം സാധാരണ ജനങ്ങളിൽ ഇതൊരു ഗുരുതര ആരോഗ്യപ്രശ്നമാണെന്ന ബോധം ഉണ്ടായിട്ടുണ്ടെന്നതാണ് (രജത് കുമാർ ഫാനുകളെപ്പോലുള്ളവരെ സാധാരണ ജനങ്ങളായി കണക്കാക്കാനാവില്ല). ആരോഗ്യ മന്ത്രിയും മുഖ്യമന്ത്രിയും നേരിട്ട് നയിക്കുന്ന സ്ഥിതിയാണ് ഇതിനു മുഖ്യ കാരണമായതെന്നു തോന്നുന്നു. സർക്കാർ സ്വീകരിക്കുന്ന നടപടികളും നിർദേശങ്ങളും പ്രാവർത്തികമാക്കാൻ ഇത് ഏറെ സഹായിക്കുമെന്നതിൽ തർക്കമില്ല. ഗണ്യമായ തോതിൽ കേസുകൾ കുറയ്ക്കാനും ഒരു പക്ഷെ ഇത് ഇടയാക്കിയേക്കും.

എന്നാൽ നാം വലിയൊരു പരീക്ഷണത്തിന്റെ തുടക്കത്തിൽ മാത്രമാണ്. ഇപ്പോൾ ഇരുപത്തിയേഴ് കേസുകൾ മാത്രമേ ഉള്ളൂ എന്നതിന്റെ അർഥം 27 പേരിൽ മാത്രമാണ് ടെസ്റ്റ് പോസിറ്റീവ് ആയി വന്നത് എന്നതു മാത്രമാണ്. ലോകമെമ്പാടും ഇതു തന്നെയാണു സ്ഥിതി. ആരെ ടെസ്റ്റു ചെയ്യുന്നു, എത്രപേരെ ടെസ്റ്റ് ചെയ്യുന്നു എന്നതിനനുസരിച്ചിരിക്കും എത്ര രോഗികളെ കണ്ടെത്തുന്നു എന്നത്.

രോഗനിർണയ ടെസ്റ്റുകൾ:

പ്രധാനമായും മൂന്ന് സങ്കേതങ്ങളാണ് കൊവിഡ് രോഗനിർണയത്തിന് ഉപയോഗിക്കുന്നത്.

1. വൈറസിനെ നേരിട്ടു കണ്ടെത്തുന്ന രീതികൾ
2. വൈറസ് കാരണം മനുഷ്യനിലുണ്ടാകുന്ന ആന്റിബോഡികൾ (പ്രതിവസ്തുക്കൾ) കണ്ടെത്തുന്ന രീതികൾ
3. ശ്വാസകോശത്തെയും മറ്റും ബാധിച്ച ഗുരുതര രോഗം കണ്ടെത്തുന്ന രീതികൾ.

വൈറസിനെ നേരിട്ടു കണ്ടെത്തുന്ന രീതികൾ:

കൊവിഡ്-19 എന്ന രോഗമുണ്ടാക്കുന്ന SARS-CoV-2 (പഴയ പേര് NCoV-19) എന്ന പുതിയ RNA വൈറസിന്റെ ജനിതകക്രമം പൂർണമായി കണ്ടെത്തുന്നതാണ് രോഗനിർണയത്തിന്റെ ഏറ്റവും ആധികാരികമായ രീതി. 2019ന്റെ അവസാനം ചൈനയിൽ പുതിയ രോഗം പൊട്ടിപ്പുറപ്പെട്ടതിന്റെ ഏതാനും ആഴ്കൾക്കുള്ളിൽ ഇത് പുതിയ രോഗാണുവാണെന്നു കണ്ടെത്തിയത് ഈ ജനിതകക്രമം സീക്വെൻസിങ്ങ് (Sequencing - ജനിതക ക്രമം കണ്ടെത്തുന്ന സാങ്കേതിക വിദ്യ) ചെയ്തിട്ടാണ്. ചൈനക്കാർ ഈ അറിവ് പുറം ലോകവുമായി പങ്കിട്ടു. ഇതിന്റെ ഫലമായി മറ്റു രോഗനിർണയ ടെസ്റ്റുകൾക്ക് രൂപം നൽകാൻ ശാസ്ത്രജ്ഞർക്കു കഴിഞ്ഞു.

സീക്വെൻസിങ്ങ് എന്ന ടെസ്റ്റ് എല്ലാ രോഗികൾക്കും ചെയ്യുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. ചെലവും, സമയവുമൊക്കെ പ്രശ്നം. പകരം വൈറസിന്റെ ജനിതകക്രമത്തിലെ തനതായ ഭാഗങ്ങൾ മാത്രമായി- അതായത് മറ്റുള്ള വൈറസുകളിൽ കാണാത്ത ഭാഗങ്ങൾ- ഉണ്ടോ ഇല്ലയോ എന്നു നോക്കിയാൽ അണു അകത്ത് കയറിയിട്ടുണ്ടോ എന്ന് പറയാനാകും. PCR (Polymerase Chain Reaction) എന്ന ടെസ്റ്റാണ് ഇതിനായി ഉപയോഗിക്കുന്നത്. RNA വൈറസ് ആയതു കൊണ്ട് ആദ്യം അതിനെ Reverse Transcriptase എന്ന എൻസൈം ഉപയോഗിച്ച് DNA ആയി മാറ്റേണ്ടി വരും. അതിനാൽ RT-PCR എന്ന ടെസ്റ്റാണ് കൃത്യമായി പറഞ്ഞാൽ ഉപയോഗിക്കുക.

PCR ടെസ്റ്റിന്റെ ഏറ്റവും വലിയ ഗുണം അതിന്റെ കൃത്യതയാണ് (സാങ്കേതികമായി പറഞ്ഞാൽ 'specificity'- അതായത് തെറ്റാനുള്ള സാധ്യത വളരെ കുറവ്). രോഗാണു അകത്തു കയറിക്കഴിഞ്ഞാൽ വേഗത്തിൽ തന്നെ ടെസ്റ്റ് പോസിറ്റീവ് ആകുമെന്നതാണു മറ്റൊരു ഗുണം. പക്ഷെ, രോഗമുള്ള എല്ലാവരിലും ഇത് പോസിറ്റീവ് ആവണമെന്നില്ല. സാധാരണ ഗതിയിൽ രോഗണുബാധിതരായ 10-20% പേരിൽ ടെസ്റ്റ് നെഗറ്റീവ് ആവാം. വൈറസ് അടങ്ങുന്ന സ്രവങ്ങൾ എടുക്കുന്ന രീതിയിലെ പിഴവുകൾ, മറ്റു സാങ്കേതിക പ്രശ്നങ്ങൾ എന്നിവയൊക്കെ ഇതിനു കാരണമാവാം. കൂടാതെ രോഗാണുവിനെതിരേ ശരീരത്തിന്റെ പ്രതിരോധം വിജയിക്കുന്നതിനനുസരിച്ച് രോഗാണുവിന്റെ എണ്ണം കുറയുന്നതും നെഗറ്റീവ് ടെസ്റ്റിനു കാരണമാവാം.

ആന്റിബോഡികൾ കണ്ടെത്തുന്ന രീതികൾ

മനുഷ്യനെ ബാധിക്കുന്ന പല പകർച്ചവ്യാധികളും ലബോറട്ടറിയിൽ നിർണയിക്കുന്നത് അവയ്ക്കെതിരേയുള്ള ആന്റിബോഡികൾ രക്തത്തിൽ ഉണ്ടോ എന്നു നോക്കിയാണ്. രോഗം വന്ന് ഏതാനും ദിവസങ്ങൾക്കകം ശരീരം ആന്റിബോഡികൾ നിർമിച്ചു തുടങ്ങും. ആദ്യം IgM എന്ന ആന്റിബോഡികളാണ് ഉണ്ടാവുക. ഒരു രോഗാണുവിനെതിരേയുള്ള IgM ആന്റിബോഡികൾ ഒരാളുടെ രക്തത്തിൽ ഉണ്ടെങ്കിൽ അതിനർഥം അടുത്തിടെ അയാൾക്ക് ആ അണു മൂലമുള്ള രോഗം ഉണ്ടായി എന്നതാണ്. ക്രമേണ IgM കുറയുകയും IgG മാത്രം നില നിൽക്കുകയും ചെയ്യും. IgG ആന്റിബോഡികൾ ഉണ്ടെങ്കിൽ അതിനർഥം അയാൾക്ക് എപ്പോഴെങ്കിലും ആ രോഗം പിടി പെട്ടു എന്നതാണ്.

ELISA (Enzyme Linked Immunosorbent Assay) എന്ന ടെസ്റ്റ് വഴിയാണ് ആന്റിബോഡികൾ സാധാരണയായി കണ്ടെത്തുന്നത്. PCRനെ അപേക്ഷിച്ച് കൂടുതൽ വേഗത്തിൽ ചെയ്യാമെന്നതും ചെലവ് കുറവാണെന്നതുമാണ് ഇതിന്റെ ഒരു മേന്മ. പക്ഷെ ഈ ടെസ്റ്റുകൾ രോഗാണു അകത്തു കടന്ന് കഴിഞ്ഞ് സുമാർ 10 ദിവസമെങ്കിലും കഴിഞ്ഞേ പോസിറ്റീവ് ആവുകയുള്ളൂ. മിക്ക കേസുകളും പോസിറ്റീവ് ആവണമെങ്കിൽ 14 ദിവസമെങ്കിലും കഴിയണം.

വളരെ പെട്ടെന്ന്, വളരെ കുറച്ച് രക്തം ഉപയോഗിച്ച് ELISAയ്ക്ക് സമാനമായ Rapid (അതിവേഗ) ആന്റിബോഡി ടെസ്റ്റുകൾ കൊവിഡ്19 രോഗത്തിനു വേണ്ടി ചില കമ്പനികൾ ഇറക്കിയിട്ടുണ്ട്. ചൈനയിൽ ഇന്ന് വ്യാപകമായി ഇവയാണ് ഉപയോഗിക്കപ്പെടുന്നത്. കൂടുതൽ പേരെ പരിശോധിക്കാനും കൊണ്ടാക്റ്റുകളെ കണ്ടെത്താനും, എപ്പിഡമിയോളജിക്കൽ പഠനങ്ങൾക്കുമൊക്കെ ഏറ്റവും അനുയോജ്യം ഈ ടെസ്റ്റുകളാണെന്ന കാര്യത്തിൽ തർക്കമില്ല.

ശ്വാസകോശത്തെയും മറ്റും ബാധിച്ച ഗുരുതര രോഗം കണ്ടെത്തുന്ന രീതികൾ

CT Scan ആണ് ഇവയിൽ ഏറ്റവും പ്രധാനം. ശ്വാസകോശങ്ങളെ ബാധിക്കുന്ന കൊവിഡ് കേസുകൾ കണ്ടെത്താൻ അനുയോജ്യമാണ് ഈ ടെസ്റ്റ്.

ചൂട് കൂടുന്നു; കോഴിക്കോട്ട് ഉഷ്ണതരംഗ സാധ്യത

സ്വന്തം ലേഖകൻ

തിരുവനന്തപുരം: സംസ്ഥാനത്ത് വേനൽ കനക്കുന്നതിനാൽ കോഴിക്കോട് ജില്ലയിൽ ഇന്ന് ഉഷ്ണതരംഗത്തിന് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. താപനില സാധാരണ താപനിലയിൽ നിന്ന് 4.5 ഡിഗ്രി സെൽഷ്യസിലും അധികം ഉയരാനുള്ള സാഹചര്യമാണ് ഉഷ്ണതരംഗം. ഇതുമൂലം ആരോഗ്യ പ്രശ്നങ്ങൾ ഉൾപ്പെടെ ഉണ്ടാകാനും സാധ്യതയുള്ളതിനാൽ അതീവ ഗൗരവത്തോടെ ഇതിനെ കാണണമെന്നു സംസ്ഥാന ദുരന്തനിവാരണ അഥോറിറ്റി.

ആലപ്പുഴ, കോട്ടയം ജില്ലകളിൽ 3 മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, കൊല്ലം, തൃശൂർ, മലപ്പുറം ജില്ലകളിൽ 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരാൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചിട്ടുണ്ട്. പൊതുവിൽ കേരളത്തിൽ എല്ലായിടത്തും ചൂട് കൂടുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ മുൻകരുതൽ സ്വീകരിക്കണം.

കോഴിക്കോട് ജില്ലയിലാകെ നിലവിൽ പുറംജോലികളിൽ ഏർപ്പെടുന്ന കെട്ടിട നിർമാണ തൊഴിലാളികൾ, പൊതുമരാമത്ത് ജോലിക്കാർ, കർഷകർ, കർഷക തൊഴിലാളികൾ, ട്രാഫിക് പൊലീസ്- ഹോം ഗാർഡുകൾ, ഓൺലൈൻ ഭക്ഷണ വിതരണക്കാർ, തെരുവോര കച്ചവടക്കാർ, ബൈക്ക് യാത്രികർ, മുനിസിപ്പാലിറ്റി ശുചിത്വ തൊഴിലാളികൾ, ചെത്തുതൊഴിലാളികൾ, തെങ്ങുകയറ്റ തൊഴിലാളികൾ, തുടങ്ങിയ വിഭാഗങ്ങളിൽപ്പെടുന്നവരും നഗരങ്ങളിലും നിരത്തിലുമുള്ളവരും വെയിലേൽക്കുന്ന സാഹചര്യം ഒഴിവാക്കി വൈകിട്ട് നാലുമണി വരെയെങ്കിലും തണലിലേക്ക് മാറണം. പകൽ 11 മുതൽ നാലു മണി വരെയുള്ള സമയത്ത് ഒരു കാരണവശാലും നേരിട്ട് സൂര്യതാപം ശരീരത്തിലേൽക്കുന്ന സാഹചര്യമുണ്ടാകാൻ പാടില്ല.

കോഴിക്കോട് ജില്ലയിൽ, പ്രത്യേകിച്ച് നഗരമേഖകളിൽ ആളുകൾ പകൽ സമയത്ത് പുറത്തിറങ്ങുന്നത് ഒഴിവാക്കണം. ശുദ്ധജലം ധാരാളമായി കുടിക്കണം. കഠിനമായ ജോലികളിൽ ഏർപ്പെടുന്നവർ ഇടവേളകളെടുക്കുക. പ്രായമായവർ, കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, രോഗങ്ങളുള്ളവർ തുടങ്ങിയവരെ ചൂട് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ ബാധിക്കാനിടയുണ്ട്. ഇവർ മുന്നറിയിപ്പ് നിലനിൽക്കുന്ന ഘട്ടത്തിൽ ഒരു കാരണവശാലും പുറത്തിറങ്ങാൻ പാടുള്ളതല്ല.

നീലനെ പുറത്താക്കി, ചലച്ചിത്ര അക്കാഡമി പുനഃസംഘടിപ്പിച്ചു

തിരുവനന്തപുരം: സംസ്ഥാന ചലച്ചിത്ര അക്കാഡമി സർക്കാർ പുനഃസംഘടിപ്പിച്ചു. സെക്രട്ടിയായിരുന്ന മഹേഷ് പഞ്ചുവിനെ നീക്കിയതിനു പിന്നാലെ എഴുത്തുകാരനും സംവിധായകനുമായ നീലനെയും അക്കാഡമി ഭരണ സമിതിയിൽ നിന്ന് പുറത്താക്കി.

കൊല്ലം ജില്ലാ ഇൻഫർമേഷൻ ഓഫിസറായിരുന്ന അജോയ് ചന്ദ്രനാണ് പുതിയ സെക്രട്ടറി. നടന്മാരായ ഇന്ദ്രൻസ്, പ്രേം കുമാർ, സംവിധായകൻ അനിൽ നാഗേന്ദ്രൻ, കെ.ആർ. നാരായണൻ ദേശീയ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്റ്റർ ശങ്കർ മോഹൻ, ചലച്ചിത്ര ഫിലിം സൊസൈറ്റി അംഗം ജോർജ് മാത്യു എന്നിവരെയാണ് പുതുതായി ഉൾപ്പെടുത്തിയിരിക്കുന്നത്.

ചെയർമാൻ, വൈസ് ചെയർപേഴ്സൺ സ്ഥാനങ്ങളിൽ കമലും ബീനാ പോളും തുടരും. ഇവർക്ക് പുറമെ സംവിധായകരായ സിബി മലയിൽ, പ്രദീപ് ചൊക്ലി, ഓസ്കർ ജേതാവ് റസൂൽ പൂക്കുട്ടി, നടിമാരായ മഞ്ജു വാരിയർ, സജിത മഠത്തിൽ, ചലച്ചിത്ര നിരൂപകരായ വി.കെ. ജോസഫ്, ജി.പി. രാമചന്ദ്രൻ, മധു ജനാർദനൻ, തിരക്കഥാകൃത്ത് ദീദി ദാമോദരൻ, ഛായാഗ്രാഹകൻ സണ്ണി ജോസഫ് എന്നിവരെ ജനറൽ കൗൺസിലിൽ നിലനിർത്തി.

വിവിധ കാരണങ്ങളാൽ ജനറൽ കൗൺസിൽ സ്ഥാനത്തു നിന്ന് സംവിധായകൻ ഡോ. ബിജുവും എഴുത്തുകാരനായ സി.എസ്. വെങ്കിടേശ്വരനും നേരത്തേ രാജിവച്ചിരുന്നു. എക്സിക്യൂട്ടീവ് അംഗമായിരുന്ന കെ.ആർ. മോഹനൻ മരിച്ചു. ഇവരുടെ ഒഴിവിലേക്കാണ് ഇന്ദ്രൻസിനെയും പ്രേംകുമാറിനെയും ശങ്കർ മോഹനെയും പരിഗണിച്ചത്. നീലന് പകരമായാണ് അനിൽ വി. നാഗേന്ദ്രൻ അക്കാഡമിയിലേക്ക് എത്തുന്നത്. സിപിഐയുടെ നോമിനിയായാണ് ജോർജ് മാത്യു ജനറൽ കൗൺസിലിൽ ഇടംപിടിച്ചത്.

തൊഴിലാളികൾ രംഗത്തിറങ്ങണം: സിഐടിയു

തിരുവനന്തപുരം: കൊറോണ വൈറസ് പടരുന്നതിനെ നേരിടാൻ സർക്കാർ മുന്നോട്ടുവച്ച നിർദേശങ്ങൾ അംഗീകരിക്കാനും പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും സംസ്ഥാനത്തെ തൊഴിലാളികളോട് സിഐടിയു സംസ്ഥാന സെക്രട്ടറിയേറ്റ് അഭ്യർഥിച്ചു.

ജനങ്ങൾ ഇടപഴകുന്ന എല്ലാ ഇടങ്ങളും അണുവിമുക്തമാക്കാൻ തൊഴിലാളികൾ മുന്നോട്ടുവരണം. പൊതു ഇടങ്ങൾ ശുചീകരിക്കാനും, പൊതു വാഹനങ്ങൾ അണുവിമുക്തമാക്കാനും തൊഴിലാളികൾ പ്രത്യേകം ശ്രദ്ധിക്കണം. കൊറോണ വ്യാപനം തടയാൻ കേരളം കൈക്കൊണ്ട നടപടികൾ ലോകമാകെ പ്രശംസിക്കപ്പെട്ടിട്ടുണ്ട്. ആരോഗ്യ മേഖലയെ പൊതുമേഖലയിൽ നിലനിർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്ത എൽഡിഎഫ് സർക്കാരിന്റെ നടപടിയാണ് ജനങ്ങൾക്കു രക്ഷയായത്. നവ-ഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായി ആരോഗ്യ മേഖലയിലെ സർക്കാർ ഇടപെടൽ ഉപേക്ഷിക്കുകയും എല്ലാം സ്വകാര്യമേഖലയെ ഏൽപ്പിക്കുകയും ചെയ്ത രാജ്യങ്ങളിൽ ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് യാതൊരു ഉപാധിയുമില്ല. ലാഭക്കൊതി മൂത്ത സ്വകാര്യ ഇൻഷുറൻസ് കമ്പനികളാണ് പല രാജ്യങ്ങളിലും ആരോഗ്യമേഖലയെ അടക്കി ഭരിക്കുന്നത്.

ഇന്ത്യയും ഈ വഴിക്കാണു നീങ്ങുന്നത്. ആരോഗ്യ മേഖലയ്ക്കുള്ള സർക്കാർ ചെലവ് ഓരോ വർഷവും കുറഞ്ഞുവരികയാണ്- സിഐടിയു ചൂണ്ടിക്കാട്ടി.

ശുഭയാത്ര പദ്ധതി സ്കൂട്ടർ വിതരണം ഷോറൂമുകളിലൂടെ

തിരുവനന്തപുരം: കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി ചലന വൈകല്യം നേരിടുന്ന ഭിന്ന ശേഷിക്കാർക്ക് സൈഡ്‌വീൽ സ്കൂട്ടറുകൾ ഷോറൂമുകൾ വഴി വിതരണം ചെയ്യും. മാർച്ച് 31നകം ബിഎസ് 4 വിഭാഗത്തിലുള്ള സ്കൂട്ടറുകളുടെ സ്ഥിരം രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതിനാലാണ് ഈ തീരുമാനം.

കാസർഗോഡ്, തൃശൂർ, കോട്ടയം, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് സൗകര്യാർഥം ടെൻഡർ നേടിയ സ്ഥാപനത്തിന്റെ അതതു ജില്ലകളിലെ ഷോറൂമുകൾ വഴി സ്കൂട്ടറുകൾ വിതരണം ചെയ്യും. കൂടുതൽ പേർ ഒരുമിച്ചുവരുന്നത് ഒഴിവാക്കാൻ ഓരോരുത്തർക്കും പ്രത്യേക സമയം നിശ്ചയിച്ച് വാഹനം നൽകും.

വാഹനം ഏറ്റുവാങ്ങാൻ എത്തേണ്ട സമയം ഫോൺ മുഖേന അറിയിക്കും. നിശ്ചയിച്ച സമയത്തു മാത്രമേ എത്താവൂ. വാഹനം ലഭിച്ചു തൊട്ടടുത്ത ദിവസം തന്നെ അവരവരുടെ ആർടി ഓഫിസിൽ വാഹനവും ബന്ധപ്പെട്ട രേഖകളും ഹാജരാക്കി പെർമനന്റ് രജിസ്ട്രേഷൻ എടുക്കണം.

കോതമംഗലം പള്ളി: സർക്കാരിന്റെ അപ്പീൽ ഹൈക്കോടതി തള്ളി

കൊച്ചി: കോതമംഗലം പള്ളി ഏറ്റെടുത്ത് ഓർത്തഡോക്സ് സഭയ്ക്ക് കൈമാറുന്നതിനെതിരേ സംസ്ഥാന സർക്കാർ നൽകിയ അപ്പീൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളി. വിധി നടപ്പാക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമെന്ന് ഹൈക്കോടതി വ്യക്തമാക്കി.

പള്ളി ഏറ്റെടുത്തു ഓർത്തഡോക്സ് സഭയ്ക്ക് കൈമാറാനുള്ള നടപടികൾ ജില്ലാ ഭരണകൂടം സ്വീകരിക്കണമെന്ന് കോടതി ആവശ്യപ്പെട്ടു. 1934ലെ ഭരണഘടന അനുസരിച്ച് വേണം കോതമംഗലം പള്ളിയുടെ ഭരണം നിർവഹിക്കപ്പെടേണ്ടതെന്നും പള്ളി ഏറ്റെടുത്തു നൽകാനുള്ള ഹൈക്കോടതി വിധി സുപ്രീം കോടതി വിധിക്കെതിരാണെന്ന വാദവും കോടതി തള്ളി.

മതചടങ്ങുകളിൽ ആൾക്കൂട്ടം ഒഴിവാക്കണം

തിരുവനന്തപുരം: മതപരമായ ചടങ്ങുകളിലും പ്രാർഥനകളിലും ആൾക്കൂട്ടമുണ്ടാകുന്നത് ഒഴിവാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ മത, സാമുദായിക നേതാക്കളോട് അഭ്യർഥിച്ചു. വീഡിയൊ കോൺഫറൻസിലൂടെയാണ് ഈ നിർദേശം വച്ചത്. ജില്ലാ കലക്റ്റർമാരുടെ സാന്നിധ്യത്തിൽ പതിനാലു ജില്ലകളിലും മതനേതാക്കൾ കോൺഫറൻസിൽ പങ്കെടുത്തു. മദ്രസകളിലെ പരീക്ഷ സുരക്ഷാ മുൻകരുതലുകൾ പാലിച്ച് നടത്താമെന്നും മുഖ്യമന്ത്രി പറഞ്ഞു.

മുസ്‌ലിം പള്ളികളിൽ വെള്ളിയാഴ്ചത്തെ കൂട്ടപ്രാർഥന, ക്രിസ്ത്യൻ പള്ളികളിൽ ഞായറാഴ്ചത്തെ കുർബാന എന്നിവയിലൊക്കെ ആളുകൾ ധാരാളമായി പങ്കെടുക്കുന്നത് ഒഴിവാക്കണം. ആഘോഷമായ ക്ഷേത്രോത്സവങ്ങൾ, പൊങ്കാലകൾ എന്നിവയെല്ലാം നിയന്ത്രിക്കണം. ചടങ്ങുകൾ മാത്രമാക്കി ഉത്സവങ്ങളും പ്രാർഥനകളും പരിമിതപ്പെടുത്തണം- മുഖ്യമന്ത്രി നിർദേശിച്ചു.

സർക്കാർ എടുക്കുന്ന എല്ലാ മുൻകരുതൽ നടപടികളുമായും പൂർണമായി സഹകരിക്കുമെന്ന് മതനേതാക്കൾ മുഖ്യമന്ത്രിക്ക് ഉറപ്പു നൽകി. വീഡിയൊ കോൺഫറൻസിൽ മന്ത്രിമാരായ ഇ. ചന്ദ്രശേഖരൻ, കെ.ടി. ജലീൽ തുടങ്ങിയവരും പങ്കെടുത്തു.

ബാങ്ക് വായ്പകളുടെ തിരിച്ചടവു കാലാവധി ഒരുവർഷം നീട്ടാൻ ശുപാർശ

■ ജപ്തി നടപടികളും നിർത്തും

തിരുവനന്തപുരം: ബാങ്ക് വായ്പകളുടെ തിരിച്ചടവു കാലാവധി ഒരുവർഷം നീട്ടാൻ സംസ്ഥാനതല ബാങ്കേഴ്സ് സമിതി റിസർവ് ബാങ്കിന്റെ അനുമതി തേടി. 25,000 രൂപ വരെ ഉപഭോഗ വായ്പാ പദ്ധതിക്കും അനുമതി തേടിയിട്ടുണ്ട്. മൂന്നു മാസത്തേക്ക് എല്ലാവിധ ജപ്തി നടപടികളും നിർത്തും. ബുധനാഴ്ച ചേർന്ന ബാങ്കേഴ്സ് സമിതി ഉപസമിതി ഈ നിർദേശങ്ങൾക്ക് അംഗീകാരം നൽകി.

ഇതിനായുള്ള ശുപാർശ റിസർവ് ബാങ്ക് കേരള മേഖലാ ഓഫിസിൻ കൈമാറിയതായി ബാങ്കേഴ്സ് സമിതി കൺവീനർ എൻ. അജിത് കൃഷ്ണൻ പറഞ്ഞു. ഒരുവർഷത്തെ വായ്പാ തിരിച്ചടവ് ഇടവേള എല്ലാ വായ്പകൾക്കും അനുവദിക്കണമെന്ന ശുപാർശയാണ് ബാങ്കേഴ്സ് സമിതി മുന്നോട്ടുവച്ചിട്ടുള്ളത്. തിരിച്ചടവു കാലാവധിയുടെ മറ്റത്തിനനുസരിച്ച് വായ്പയുടെ തിരിച്ചടവ് തവണ തുകയിൽ ആവശ്യമായ ക്രമീകരണമുണ്ടാകും. കഴിഞ്ഞ ജനുവരി 31ൻ തിരിച്ചടവ് കൃത്യമായിരുന്ന വായ്പകൾക്കായിരിക്കും ആനുകൂല്യം ലഭിക്കുക.

അപേക്ഷിക്കുന്നവർക്ക് വായ്പ പുനഃക്രമീകരിക്കും. 10000 മുതൽ 25000 രൂപ വരെ ഉപഭോഗ വായ്പാ വിതരണത്തിനാണു തീരുമാനം. ഉപഭോക്തൃ ഉത്പന്നങ്ങൾ വാങ്ങുന്നതിനായി അനുവദിക്കുന്ന വായ്പയ്ക്ക് പലിശ നിരക്കിൽ ഇളവുണ്ടാകും. രണ്ടുവർഷമായിരിക്കും തിരിച്ചടവു കാലാവധി. ആദ്യത്തെ മൂന്നുമാസം ഇളവുണ്ടാകും.

സർക്കാർ മദ്യലോബിക്ക് കീഴടങ്ങി: ഉമ്മൻ ചാണ്ടി

കൊച്ചി: കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ അതീവ ജാഗ്രത പ്രഖ്യാപിച്ചിരിക്കുന്ന സംസ്ഥാനത്തെ ബെവ്റിജസ് ഔട്ട്ലെറ്റുകളും ബാറുകളും അടച്ചിടേണ്ടതില്ലെന്ന സർക്കാർ തീരുമാനം തികച്ചും നിരാശാജനകമാണെന്ന് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി.

സർക്കാരിന് വരുമാനം ലഭിക്കാൻ വേണ്ടി കരുവാക്കുന്നത് പാവപ്പെട്ട വലിയൊരു ജനവിഭാഗത്തെയാണ്. യുഡിഎഫ് സർക്കാർ പൂട്ടിയ അഞ്ഞൂറിലേറെ ബാറുകൾ തുറന്നുകൊടുത്ത സർക്കാർ മദ്യലോബിക്ക് കീഴടങ്ങി.

ആളുകൾ തമ്മിലുള്ള സമ്പർക്കം പരമാവധി കുറയ്ക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിടുന്നത് ഉൾപ്പെടെയുള്ള നിരവധി നടപടികൾ സ്വീകരിച്ചു. എന്നാൽ ആയിരക്കണക്കിന് ആളുകൾ നിത്യേന എത്തുന്ന മദ്യക്കടകളും ബാറുകളും മാത്രം നിർബാധം തുറന്നുപ്രവർത്തിക്കുന്നു. ഇത്തരം 1200ലേറെ സ്ഥാപനങ്ങളാണ് സംസ്ഥാനത്തുള്ളത്. യാതൊരു മുൻകരുതലുകളും നിയന്ത്രണങ്ങളും ഇവിടങ്ങളിലില്ലെന്ന് എല്ലാവർക്കും അറിയാം. ഗുരുതരമായ ഇപ്പോഴത്തെ സാഹചര്യം മനസിലാക്കി സർക്കാർ തീരുമാനം പുനഃപരിശോധിക്കണമെന്ന് ഉമ്മൻ ചാണ്ടി ആവശ്യപ്പെട്ടു.

വനമേഖലയ്ക്കുള്ളിലെ എസ്റ്റേറ്റുകൾ ഏറ്റെടുക്കാൻ പ്രത്യേക യൂണിറ്റ്

തിരുവനന്തപുരം: സംസ്ഥാനത്തെ വനമേഖലയ്ക്കുള്ളിലെ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിന് ഒരു സ്പെഷ്യൽ തഹസിൽദാർ ലാൻഡ് അക്വിസിഷൻ യൂണിറ്റ് രൂപീകരിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു വർഷത്തേക്ക് രൂപീകരിക്കുന്ന യൂണിറ്റിലേക്ക് 11 തസ്തികകളിൽ താത്കാലിക നിയമനം നടത്തും.

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ നിർദേശപ്രകാരമായിരിക്കും യൂണിറ്റിന്റെ പ്രവർത്തനം.

ശമ്പള പരിഷ്കരണ കമ്മിഷൻ: 31 വരെ മറുപടി നൽകാം

തിരുവനന്തപുരം: പതിനൊന്നാം ശമ്പളപരിഷ്കരണ കമ്മിഷന്റെ ചോദ്യാവലിക്ക് മറുപടി സ്വീകരിക്കുന്നതിനുള്ള സമയപരിധി 31 വൈകിട്ട് അഞ്ച് വരെ നീട്ടി. ചോദ്യാവലിക്കുള്ള പ്രതികരണവും നിവേദനങ്ങളും office.prc@kerala.gov.in ൽ അയക്കണം. കമ്മിഷനുമായി നേരിട്ടോ വീഡിയോ കോൺഫറൻസ് മുഖേനയോ ചർച്ച നടത്തുന്നതിന് ആഗ്രഹിക്കുന്നവർ അക്കാര്യം നിവേദനത്തിൽ സൂചിപ്പിക്കണം. ചർച്ചയുടെ തീയതിയും സമയവും സംബന്ധിച്ച അറിയിപ്പ് നിവേദനത്തിൽ നൽകിയിട്ടുള്ള മൊബൈൽ നമ്പറിൽ എസ്എംഎസ് ആയി നൽകും.

നിരീക്ഷണത്തിലിരുന്ന മുൻ പൊലീസുകാരൻ പുറത്തു കറങ്ങിയത് മൂന്നു മണിക്കൂർ

തിരുവനന്തപുരം: കൊവിഡ് നിരീക്ഷണത്തിൽ കഴിഞ്ഞിരുന്ന മുൻ പൊലീസുകാരൻ ചാടിപ്പോയി. അമ്പൂരി സ്വദേശിയാണ് നിരീക്ഷണത്തിൽ കഴിഞ്ഞിരുന്ന തിരുവനന്തപുരം മെഡിക്കൽ കോളെജിൽ നിന്ന് പുറത്തേക്കു പോയത്. മണിക്കൂറുകൾക്കു ശേഷം ഇയാളെ പൊലീസ് പിടികൂടി തിരിച്ചെത്തിക്കുകയായിരുന്നു.

ഇന്നലെ രാവിലെ പതിനൊന്നോടെയാണു സംഭവം. ഇദ്ദേഹം ചാടിപ്പോയത് അറിഞ്ഞതിനെ തുടർന്ന് നടത്തിയ ഊർജിതമായ തെരച്ചിലിനൊടുവിൽ ഉച്ചയ്ക്ക് രണ്ടുമണിയോടെ പിടികൂടി. അതിനിടെ വിവിധ സ്ഥലങ്ങളിൽ ഇദ്ദേഹം പോയതായാണ് വിവരം. എആർ ക്യാംപിലും പൊലീസ് സൊസൈറ്റിയിലും എത്തിയതായി പൊലീസ് പറയുന്നു.

സ്പെഷ്യൽ ട്രെയ്നുകൾ റദ്ദാക്കി റെയ്ൽവേ

കൊച്ചി: കൊവിഡ് 19 പശ്ചാത്തലത്തിൽ യാത്രക്കാർ കുറഞ്ഞതിനെ തുടർന്ന് കേരളത്തിൽ നിന്നുള്ള കൂടുതൽ സ്പെഷ്യൽ ട്രെയ്നുകൾ റദ്ദാക്കി റെയ്ൽവേ. ഹൈദരാബാദ്, ചെന്നൈ, രാമേശ്വരം എന്നിവിടങ്ങളിലേക്കുള്ള പ്രത്യേക ട്രെയ്ൻ സർവീസുകളാണ് റദ്ദാക്കിയത്. അവധിക്കാല തിരക്ക് പരിഗണിച്ചാണ് ഈ റൂട്ടുകളിൽ സ്പെഷ്യൽ സർവീസ് ഏർപ്പെടുത്തിയത്. എന്നാൽ കൊറോണ പടരുന്ന സാഹചര്യത്തിൽ ദിനംപ്രതി യാത്രക്കാർ കുറയുന്നത് പരിഗണിച്ച് ഈ സർവീസുകൾ റദ്ദാക്കാൻ തീരുമാനിക്കുകയായിരുന്നു.

മാർച്ച് 25ന് സർവീസ് നടത്തേണ്ട ഹൈദരാബാദ്-എറണാകുളം വീക്ക്‌ലി സ്പെഷ്യൽ (07117), 26നുള്ള എറണാകുളം-ഹൈദരാബാദ് വീക്ക്‌ലി സ്പെഷ്യൽ (07118), ഏപ്രിൽ ഒന്നിനുള്ള തിരുവനന്തപുരം- ചെന്നൈ സെൻട്രൽ വീക്ക്‌ലി സ്പെഷ്യൽ (06048), രണ്ടാം തീയതിയിലെ ചെന്നൈ-തിരുവനന്തപുരം വീക്ക്‌ലി സ്പെഷ്യൽ (06047), ഏപ്രിൽ രണ്ടിലെ എറണാകുളം-രാമേശ്വരം വീക്ക്‌ലി സ്പെഷ്യൽ (06045), മൂന്നാം തീയതിയിലെ രാമേശ്വരം-എറണാകുളം വീക്ക്‌ലി സ്പെഷ്യൽ (06046) സർവീസുകളാണ് റദ്ദാക്കിയത്.

വേളാങ്കണ്ണി, ചെന്നൈ സെൻട്രൽ എന്നിവിടങ്ങളിലേക്കുള്ള സ്പെഷ്യൽ ട്രെയ്നുകളും കഴിഞ്ഞ ദിവസം റദ്ദാക്കിയിരുന്നു. ഏപ്രിൽ ഒന്നു വരെയുള്ള സർവീസുകളാണ് റദ്ദാക്കിയത്. മാർച്ച് 22,25,29 എപ്രിൽ ഒന്ന് ദിവസങ്ങളിൽ സർവീസ് നടത്തേണ്ട തിരുവനന്തപുരം സെൻട്രൽ- ചെന്നൈ സെൻട്രൽ എ.സി എക്സ്പ്രസ് (22208), മാർച്ച് 20,24,27,31 തീയതികളിലെ ചെന്നൈ സെൻട്രൽ- തിരുവനന്തപുരം എസി എക്സ്പ്രസ് (22207), ഈ മാസം 21ന് സർവീസ് നടത്തേണ്ട എറണാകുളം- വേളാങ്കണ്ണി സ്പെഷ്യൽ (06015), ഈ ട്രെയ്നിന്റെ 22നുള്ള മടക്ക സർവീസ് (06016) എന്നിവയാണു നേരത്തെ റദ്ദാക്കിയത്. യാത്രക്കാരില്ലെങ്കിൽ വരും ദിവസങ്ങളിൽ കൂടുതൽ ട്രെയ്നുകൾ റദ്ദാക്കിയേക്കും.

ലൈസൻസില്ലാതെ സാനിറ്റൈസർ നിർമാണം: പരിശോധന തുടങ്ങി

മലപ്പുറം: കൊറോണയുടെ മറവിൽ ലൈസൻസില്ലാതെ നിർമിക്കുന്ന ഹാൻഡ് സാനിറ്റൈസറുകൾ പിടികൂടാൻ ജില്ലാ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പരിശോധന ശക്തമാക്കി. പരിശോധനയിൽ മലപ്പുറം നഗരസഭയിൽ മൈലപ്പുറം ടൗണിൽ ലൈസൻസില്ലാതെ പ്രവർത്തിച്ച സ്ഥാപനത്തിന്റെ ഹാൻഡ് സാനിറ്റൈസറുകൾ പിടിച്ചെടുത്തു. മൈലപ്പുറത്തെ മെഡിക്കൽ ഷോപ്പിൽ വിൽക്കാൻ വച്ച 20 കുപ്പി ഹാൻഡ് സാനിറ്റൈസറുകളാണ് പിടിച്ചെടുത്തത്. ക്ലീൻ റബ് ഹാൻഡ് സാനിറ്റൈസർ എന്ന പേരിലുള്ള 100, 250 മില്ലി ബോട്ടിലുകളാണ് പരിശോധനയിൽ കണ്ടെത്തിയത്.

സ്ഥാപനം ലൈസൻസില്ലാതെ വൻതോതിൽ ഹാൻഡ് സാനിറ്റൈസറുകൾ നിർമിക്കുന്നുവെന്ന പരാതിയെ തുടർന്നാണ് ഡ്രഗ്സ് വിഭാഗം പരിശോധന നടത്തിയത്. സ്ഥാപനത്തിൽ നടത്തിയ പരിശോധനയിൽ കൊല്ലത്തുള്ള ഒരു വിതരണക്കാരന് ലൈസൻസില്ലാത്ത 156 ബോട്ടിൽ ഹാൻഡ് സാനിറ്റൈസറുകൾ സ്ഥാപനം വിതരണം ചെയ്തതിന്റെ ബിൽ കണ്ടെത്തുകയും ചെയ്തു.

ജില്ലയിൽ കൊറോണ സ്ഥിരീകരിച്ച സാഹചര്യത്തിൽ നിർമാണ ലൈസൻസില്ലാത്തതും ഗുണനിലവാരമില്ലാത്തതുമായ സാനിറ്റൈസറുകൾ വിപണിയിലെത്തിക്കുന്നെന്ന വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പരിശോധന. വരും ദിവസങ്ങളിലും പരിശോധന തുടരും. പരിശോധനയ്ക്ക് ഡ്രഗ് ഇൻസ്പെക്റ്റർമാരായ യു. ശാന്തികൃഷ്ണ, ആർ. അരുൺകുമാർ, വി.എം. ഹഫ്സത്ത് എന്നിവർ നേതൃത്വം നൽകി.

ഇനിയുള്ളത് നിർണായക ദിനങ്ങൾ: ഐഎംഎ

■ സമൂഹവ്യാപനം തടയാൻ സർക്കാർ ശ്രമങ്ങൾ ഊർജിതമാക്കണം ■ മുഴുവൻ ബാറുകളും അടയ്ക്കണം

കൊച്ചി: കൊവിഡ്19 വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ബാറുകളും അടയ്ക്കാൻ സർക്കാർ തയാറാകണമെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐഎംഎ) സംസ്ഥാന പ്രസിഡന്റ് ഡോ. അബ്രാഹം വർഗീസ്, സെക്രട്ടറി ഡോ.പി. ഗോപികുമാർ എന്നിവർ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു. ബാറുകൾ അടയ്ക്കണമെന്നാവശ്യപ്പെട്ട് സർക്കാരിനെ സമീപിച്ചിരുന്നതായും ഐഎംഎ ചൂണ്ടിക്കാട്ടി. നിലവിൽ നിർണായക ഘട്ടങ്ങളിലൂടെയാണ് സംസ്ഥാനം കടന്നുപോകുന്നത്. വൈറസിന്റെ സമൂഹ വ്യാപനമാണു നിയന്ത്രിക്കേണ്ടത്. ഇതിനു ചില മുൻകരുതലുകൾ സ്വീകരിക്കാൻ സർക്കാർ ശ്രമങ്ങൾ ഊർജിതമാക്കണം.

കോവിഡ് 19ന്റെ വ്യാപനം തടയാൻ അടുത്ത 14 ദിവസം നിർണായകമാണെന്നും ഈ കാലയളവിൽ ഒരോരോരുത്തരും ജാഗ്രത പാലിക്കണമെന്നും ഇവർ ആവശ്യപ്പെട്ടു. കോവിഡ്19 പ്രതിരോധിക്കാൻ ലോകത്തൊരിടത്തും ഇതുവരെ ഒരു മരുന്നും കണ്ടുപിടിച്ചിട്ടില്ല. ഇത് പുതിയ വൈറസാണ്. ഇതിനെതിരേ നാളുകൾക്കു ശേഷം മരുന്നോ വാക്സിനോ കണ്ടുപിടിച്ചേക്കാം. എന്നാൽ നിലവിൽ മരുന്നില്ല. ആരെങ്കിലും അശാസ്ത്രീയമായി ഇതിന്റെ പേരിൽ മരുന്നുകളോ മറ്റോ വിതരണം ചെയ്യുന്നുണ്ടെങ്കിൽ അത് ശാസ്ത്രത്തിന് നിരക്കുന്നതല്ല.

കേരളത്തിൽ കോവിഡ് ബാധയില്ലെന്നു പറയാൻ പറ്റാത്ത അവസ്ഥയാണ്. രോഗം സമൂഹത്തിൽ വ്യാപിക്കുന്ന സമയമാണ്. ഓരോ വ്യക്തിയും വ്യക്തികൾ തമ്മിൽ നിർബന്ധമായും നിശ്ചിതമായ അകലം പാലിക്കണം. വ്യക്തികൾ ഇരിക്കുന്ന സമയത്തും നിശ്ചിത അകലം പാലിക്കാൻ കർശനമായി എല്ലാവരും തയാറകണം. പൊതുഗതാഗത സംവിധാനം പരവാവധി ഒഴിവാക്കണം. അത്യാവശ്യത്തിനു മാത്രം പുറത്തിറങ്ങാൻ ശ്രദ്ധിക്കുക. പരമാവധി വീടുകളിൽ തന്നെ കഴിയുന്നതാണ് രോഗം പ്രതിരോധിക്കാൻ ഏറ്റവും നല്ല മാർഗം. ഇത് പ്രായോഗികമായി ബുദ്ധമുട്ടാണെങ്കിലും സാധിക്കുന്നവർ അത് ചെയ്യണം.

60 വയസിനു മുകളിൽ ഉള്ളവർ പരമാവധി ശ്രദ്ധിക്കണം. ഐഎംഎയുടെ ഒരു ബ്രാഞ്ചിലെ ഭാരവാഹികൾ ചീഫ് ജസ്റ്റിസിന് രോഗവ്യാപനവുമായി ബന്ധപ്പെട്ടു നൽകിയ കണക്ക് അത് ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ളതായിട്ടാണ്. സാധ്യതയുള്ള എണ്ണത്തിന്റെ കണക്കാണു നൽകിയതെന്നും ഇതിൽ പരിഭ്രാന്തിയുടെ ആവശ്യമില്ലെന്നും ഐഎംഎ ഭാരവാഹികൾ വ്യക്തമാക്കി.

വീടുകളിൽ നിരീക്ഷണത്തിലുള്ള രോഗികൾ ഏതെങ്കിലും വിധത്തിൽ ബുദ്ധിമുട്ട് നേരിട്ടാൽ അവർക്ക് ഫോണിൽക്കൂടി ഡോക്ടറുമായി സംസാരിക്കാനുള്ള മാർഗം ആരംഭിച്ചിട്ടുണ്ട്. മരുന്നുകളോ മറ്റോ ആവശ്യം വന്നാൽ പൊലീസിന്റെ സഹായത്താൽ വീടുകളിൽ എത്തിച്ചു നൽകാനുള്ള പദ്ധതി എറണാകുളം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്.

മദ്യശാലകൾ ഉടൻ പൂട്ടണം: ചെന്നിത്തല

തിരുവനന്തപുരം: ബിവ്റേജ് ഔട്ട്ലെറ്റുകളും ബാറുകളും ഇനിയും അടക്കാൻ വൈകരുതെന്നു പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല. കൊറോണ പടരുന്നതു തടയാൻ ഇനിയുള്ള ദിവസങ്ങൾ വളരെ നിർണായകമാണ്. ഒരു സുരക്ഷാ മാനദണ്ഡവും പാലിക്കാതെയാണ് ഇവ പ്രാവർത്തിക്കുന്നത് എന്ന വാർത്തകൾ പുറത്തു വന്നു കഴിഞ്ഞു. ഇതെല്ലാം പരിഗണിച്ച് ചുരുങ്ങിയ സമയത്തേക്കെങ്കിലും ഇവ പൂട്ടണമെന്ന് പ്രതിപക്ഷ നേതാവ് സർക്കാരിനോട് ആവശ്യപ്പെട്ടു.

ശ്രീചിത്ര: നിരീക്ഷണം തുടരുന്നു

തിരുവനന്തപുരം: ശ്രീചിത്ര മെഡിക്കൽ സെന്ററിലെ നിരീക്ഷണത്തിൽ കഴിയുന്ന ഡോക്ടർമാരുടെയോ ജീവനക്കാരുടെയോ കൊവിഡ്19 പ്രാഥമിക പരിശോധനയിൽ ഫലം പോസിറ്റീവ് അല്ലെന്ന് അധികൃതർ അറിയിച്ചു. വിശദമായ ഫലത്തിനായി കാത്തിരിക്കുകയാണ്. ഇന്നലെ പുതിയ കേസുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. കൃത്യമായ നിരീക്ഷണം തുടരുകയാണ്.

നൂറോളം ജീവനക്കാർ ക്വാറന്റൈൻ സ്വയം തെരഞ്ഞെടുത്ത് വീടുകളിൽ കഴിയുന്നു. രോഗലക്ഷണങ്ങൾ ഉള്ളവരുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയച്ചു. രോഗലക്ഷണങ്ങൾ ഉള്ളവരുണ്ടോ എന്ന് മനസിലാക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ടിൽ ഇന്നലെ ആഭ്യന്തര പരിശോധനയും നടന്നു. ക്വാറന്റൈനിൽ കഴിയുന്ന ജീവനക്കാർക്കായി ജീവനക്കാരുടെയും ഫാക്കൽറ്റിയുടെയും സഹായത്തോടെ ക്ഷേമപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

വിദേശ യാത്ര നടത്തിയവർ വരരുത്: ആർസിസി

തിരുവനന്തപുരം: രോഗികളോടൊപ്പം വരുന്നവർ കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ വിദേശ യാത്ര നടത്തുകയോ, വിദേശത്തു നിന്ന് വന്നവരുമായി സമ്പർക്കം പുലർത്തുകയോ ചെയ്തിട്ടില്ലെന്ന് ഉറപ്പു വരുത്തണമെന്ന് റീജിയണൽ കാൻസർ സെന്റർ (ആർസിസി) ഡയറക്റ്റർ. ഇത്തരത്തിൽ ചിലർ രോഗികളെ അനുഗമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണു നിർദേശം. ഇത്തരക്കാർ കാൻസർ രോഗികളുമായി സമ്പർക്കം പുലർത്തുന്നത് രോഗികൾക്ക് അപകടകരമായിരിക്കുമെന്നും ഡയറക്റ്റർ പറഞ്ഞു.

ആശുപത്രികളിൽ പരിശോധനയ്ക്ക് ഉന്നത സംഘം

ന്യൂഡൽഹി: കൊറോണ പ്രതിരോധത്തിന് ആശുപത്രികളിൽ ഏർപ്പെടുത്തിയ സംവിധാനങ്ങൾ തുടർച്ചയായി പരിശോധിക്കാൻ ആരോഗ്യ മന്ത്രി ഹർഷവർധന്റെ നേതൃത്വത്തിൽ ചേർന്ന യോഗം പ്രത്യേക സംഘങ്ങളെ നിയോഗിച്ചു. ആരോഗ്യ മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥർ, കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള ആശുപത്രികളായ സഫ്ദർജങ്, ആർഎംഎൽ, എയിംസ് എന്നിവുടെ ഡയറക്റ്റർമാർ തുടങ്ങിയവർ പങ്കെടുത്ത യോഗത്തിലാണു തീരുമാനം.

ആശുപത്രികളിൽ പരിശോധനാ കിറ്റുകളും മാസ്കുകൾ ഉൾപ്പെടെ ആരോഗ്യപ്രവർത്തകർക്കുള്ള വ്യക്തിസുരക്ഷാ സാമഗ്രികളും മരുന്നുകളും ഐസൊലേഷൻ വാർഡുകളുമുണ്ടോ എന്നു പരിശോധിക്കാനാണു നിർദേശം.

ഷഹീൻ ബാഗ് സമരം: ബാലാവകാശ കമ്മിഷൻ ഇടപെടുന്നു

ന്യൂഡൽഹി: കൊവിഡ് 19 പടരുന്നത് അവഗണിച്ച് പൗരത്വ നിയമഭേദഗതിക്കെതിരേ സമരം തുടരുന്ന ഷഹീൻ ബാഗിൽ ദേശീയ ബാലാവകാശ കമ്മിഷൻ ഇടപെടുന്നു. ആളുകൾ കൂട്ടംകൂടുന്നത് ഒഴിവാക്കാൻ കേന്ദ്ര സർക്കാർ നിർദേശം നൽകിയിരിക്കുന്ന സാഹചര്യത്തിൽ വേണ്ട നടപടികളെടുക്കണമെനനു കമ്മിഷൻ ദക്ഷിണ ഡൽഹി ജില്ലാ കലക്റ്റർക്കു കത്തു നൽകി. മൂന്നു ദിവസത്തിനു ശേഷം വിശദമായ റിപ്പോർട്ട് നൽകാനും നിർദേശം. സ്ത്രീകളും കുട്ടികളുമടക്കം നൂറുകണക്കിനാളുകളാണ് 147 ദിവസമായി ഷഹീൻ ബോഗിലെ റോഡ് ഉപരോധിച്ചു സമരം ചെയ്യുന്നത്.

വീട്ടിലിരുന്ന് ജോലിക്ക് ലാപ്ടോപ് കിട്ടാനില്ല

മുംബൈ: കൊവിഡ് 19 ഭീതിയിൽ പ്രധാന കമ്പനികൾ ജീവനക്കാരോടു വീട്ടിലിരുന്നു ജോലി ചെയ്യാൻ നിർദേശിച്ചപ്പോൾ നഗരത്തിൽ ലാപ്ടോപ്പുകൾക്കു ക്ഷാമം. ഓഫിസിലെത്തുന്ന ജീവനക്കാരുടെ എണ്ണം പകുതിയായി കുറയ്ക്കാൻ ബ്രിഹാൻ മുംബൈ കോർപ്പറേഷൻ കഴിഞ്ഞദിവസം സ്വകാര്യ കമ്പനികളോട് നിർദേശിച്ചിരുന്നു. കുടിവെള്ളം, ടെലിഫോൺ, വൈദ്യുതി, ശുചീകരണം, ബാങ്കിങ്, റെയ്ൽ- ഗതാഗതം, ഭക്ഷ്യ- പച്ചക്കറി വ്യാപാരം, മെഡിക്കൽ സ്റ്റോറുകൾ, ആശുപത്രികൾ എന്നീ രംഗങ്ങളെ മാത്രമാണു വീട്ടിലിരുന്നുള്ള ജോലിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നത്.

മറ്റു മേഖലകളിൽ അത്യാവശ്യ ജീവനക്കാർ മാത്രം ഓഫിസുകളിലെത്തിയാൽ മതിയെന്നും അല്ലാത്തവർക്കു വീട്ടിലിരുന്നു ജോലി ചെയ്യാൻ സൗകര്യമൊരുക്കണമെന്നുമാണ് നിർദേശം. ഇത് അവഗണിക്കുന്നവർക്കെതിരേ ആറു മാസം തടവു വരെ ലഭിക്കാവുന്ന കുറ്റം ചുമത്തി കേസെടുക്കുമെന്നും വ്യക്തമാക്കിയിരുന്നു.

ഇതോടെ സ്വകാര്യ കമ്പനികൾ ജീവനക്കാർക്കു വീട്ടിലിരുന്നു ജോലി ചെയ്യാൻ സൗകര്യം തേടിയതാണ് ലാപ്ടോപ്പുകൾക്കു ക്ഷാമമുണ്ടാക്കിയത്. മുഴുവൻ ജോലിക്കാർക്കും സ്വന്തം സോഫ്റ്റ്വെയറുകളുള്ള ലാപ്ടോപ്പുകൾ നൽകാൻ ഇവ വാടകയ്ക്കെടുക്കുകയാണ് വലിയൊരു വിഭാഗം കമ്പനികളും. ദിവസം 1500 രൂപ വരെ വാടക വാങ്ങി ലാപ്ടോപ്പുകൾ നൽകുന്ന ഇടപാടുകാരും നഗരത്തിലുണ്ട്. എന്നാൽ, കഴിഞ്ഞദിവസങ്ങളിൽ ആവശ്യം കുതിച്ചുയർന്നതോടെ നൽകാൻ ലാപ്ടോപ്പുകളില്ലെന്നാണ് ഇടപാടുകാർ പറയുന്നത്. വിവിധ കമ്പനികളിൽ നിന്നായി തനിക്ക് 50,000ഓളം ലാപ്ടോപ്പുകളുടെ ഓർഡർ വന്നിട്ടുണ്ടെന്ന് ഒരു ഇടപാടുകാരൻ. എന്നാൽ, തന്റെ കൈവശം പതിനായിരത്തോളം ലാപ്ടോപ്പുകൾ മാത്രമേയുള്ളൂവെന്നും അദ്ദേഹം പറയുന്നു.

ചികിത്സാ സംവിധാനങ്ങൾ അപര്യാപ്തമെന്ന് ഉത്തരകൊറിയ

പ്യോങ്യാങ്: കൊവിഡ് 19 നെ നേരിടാൻ വേണ്ട ചികിത്സാ സംവിധാനങ്ങൾ രാജ്യത്തില്ലെന്ന് ഉത്തരകൊറിയൻ ഏകാധിപതി കിംജോങ് ഉൻ. ഒരു ആശുപത്രിയുടെ നിർമാണോദ്ഘാടനച്ചടങ്ങിലാണു കിം ഇക്കാര്യം തുറന്നുപറഞ്ഞത്. ഉത്തരകൊറിയയിൽ കൊവിഡ് 19 എത്തിയാൽ ദുരന്തം ചിന്തിക്കാവുന്നതിലപ്പുറമായിരിക്കുമെന്നും ആളുകൾ ജാഗ്രത പാലിക്കണമെന്നും കിം പറഞ്ഞു.

മരണസംഖ്യ 8,092

ജീവഹാനിയിൽ ഏഷ്യയെ മറികടന്ന് യൂറോപ്പ്

യൂറോപ്പിൽ മരിച്ചവർ 3,422, ഏഷ്യയിൽ 3,384

രോഗം സ്ഥിരീകരിച്ചവരുടെ എണ്ണം രണ്ടു ലക്ഷം കടന്നു

യൂറോപ്യൻ യൂണിയൻ അതിർത്തികൾ അടച്ചു. ലക്ഷക്കണക്കിനാളുകൾ വിവിധ രാജ്യങ്ങളിലായി കുടുങ്ങി. രാഷ്ട്രീയ നേതൃത്വം മഹാമാരിയെ ഗൗരവത്തോടെ കാണാത്തതാണ് വലിയ ദുരന്തമുണ്ടാക്കിയതെന്ന് യൂറോപ്യൻ യൂണിയൻ കമ്മിഷൻ അധ്യക്ഷ ഉർസുല. യൂറോപ്പ് ധീരമായ നടപടികളെടുക്കണമെന്ന് ലോകാരോഗ്യ സംഘടന.

ആഗോള മാന്ദ്യത്തിന്റെ സൂചനകൾ. ഉത്തേജന പാക്കേജുമായി യുഎസും ബ്രിട്ടനും. യുഎസ് 85000 കോടി ഡോളർ അടിയന്തരമായി വിപണിയിലിറക്കുമെന്നു വാഷിങ്ടൺ പോസ്റ്റ്. 33000 കോടി പൗണ്ടിന്റെ പാക്കേജ് ബ്രിട്ടിഷ് ധനമന്ത്രി ഋഷി സുനക് പ്രഖ്യാപിച്ചു. സമാന നടപടികളുമായി ഫ്രാൻസും ജർമനിയും.

113 രാജ്യങ്ങളിലായി മുടങ്ങിയത് 84.9 കോടി കുട്ടികളുടെ വിദ്യാഭ്യാസമെന്ന് യുനെസ്കോ. 102 രാജ്യങ്ങൾ വിദ്യാലയങ്ങളിൽ വിദ്യാലയങ്ങൾ പൂർണമായി അടച്ചു.

ആരും വിദേശത്തേക്കു പോകരുതെന്ന് ഓസ്ട്രേലിയ. രാജ്യത്ത് 100ലേറെ പേർക്ക് രോഗം സ്ഥിരീകരിച്ചു. 500 വരെ ഉയരാൻ സാധ്യത. ആൾക്കൂട്ടമുണ്ടാകുന്ന എല്ലാ പരിപാടികൾക്കും നിരോധനം. രോഗലക്ഷണങ്ങളുള്ളവർ ക്വാറന്റൈനിൽ പോകണം. വിദേശത്തു നിന്നെത്തുന്ന എല്ലാവരെയും 14 ദിവസം നിരീക്ഷിക്കും.

ആരോഗ്യ- ചികിത്സാ സംവിധാനങ്ങളിൽ പിന്നാക്കമായ ആഫ്രിക്കൻ രാജ്യങ്ങളിൽ രോഗം സ്ഥിരീകരിച്ചവരുടെ എണ്ണം 500 ആയി. ബുർക്കിന ഫസോയിൽ ആദ്യ മരണം. ആയിരത്തിനു മുകളിൽ കൊറോണ ബാധിതരുള്ള രാജ്യങ്ങളുമായി നൈജീരിയ യാത്രാവിലക്ക് പ്രഖ്യാപിച്ചു.

ഇറാനിൽ 103 വയസുള്ള സ്ത്രീ രോഗവിമുക്തി നേടി. സെംനൻ നഗരത്തിലുള്ള വയോധികയാണ് ആശുപത്രി വിട്ടത്. കെർമനിൽ തൊണ്ണൂറ്റൊന്നുകാരിക്കും രോഗമുക്തി. പ്രായമായവർ രോഗബാധയെ അതിജീവിക്കില്ലെന്ന ധാരണയെ തിരുത്തിയാണ് ഇരുവരും സുഖം പ്രാപിച്ചത്.

ലാറ്റിൻ അമെരിക്കയിൽ രോഗബാധിതർ 1,100 ആയി. ബ്രസീലിൽ ആദ്യ മരണം. പാഠം പഠിക്കാതെ മെക്സിക്കോ. പ്രസിഡന്റ് ആന്ദ്രെസ് മാനുവൽ ലോപ്പസ് ഒബ്രദോർ രാഷ്ട്രീയ റാലികൾ തുടരുന്നതിനും കുട്ടികളെ ചുംബിക്കുന്നതിനുമെതിരേ ആരോഗ്യപ്രവർത്തകർ.

സ്കൂളുകൾ അടയ്ക്കുന്നതു സംബന്ധിച്ച് തീരുമാനം വൈകാതെയുണ്ടാകുമെന്നു ബ്രിട്ടിഷ് പ്രധാനമന്ത്രി ബോറിസ് ജോൺസൺ. പ്രതിസന്ധിക്കിടയിലും ഉത്തരവാദിത്വത്തിൽ നിന്ന് ഒളിച്ചോടാത്ത അധ്യാപകർക്കും ജീവനക്കാർക്കും പ്രധാനമന്ത്രിയുടെ അഭിനന്ദനം.

ആശ്വസിക്കാം, അലംഭാവമരുത്

രാജ്യത്ത് ഇതേവരെ കമ്യൂണിറ്റി വ്യാപനമുണ്ടായിട്ടില്ലെന്ന് ഐസിഎംആർ

ന്യൂഡൽഹി: രാജ്യത്ത് കൊറോണ വ്യാപനത്തിന്റെ മൂന്നാംഘട്ടത്തെ പ്രതിരോധിക്കാൻ അതീവ ജാഗ്രത തുടരുന്നതിനിടെ ആശ്വാസ സൂചനയുമായി ഇന്ത്യൻ കൗൺസിൽ ഒഫ് മെഡിക്കൽ റിസർച്ച് (ഐസിഎംആർ). ഇന്ത്യയിൽ കൊറോണയുടെ കമ്യൂണിറ്റി വ്യാപനമുണ്ടായതിന് തെളിവില്ലെന്ന് ആരോഗ്യ പഠന വകുപ്പ് സെക്രട്ടറിയും ഐസിഎംആർ ഡയറക്റ്റർ ജനറലുമായ പ്രൊഫ. ഡോ. ബലറാം ഭാർഗവ അറിയിച്ചു.

കമ്യൂണിറ്റി വ്യാപനവുമായി ബന്ധപ്പെട്ട് പരിശോധിച്ച 1020 സാംപ്ളുകളിൽ നിന്ന് പുറത്തുവന്ന 500 ലധികവും നെഗറ്റിവാണ്. ബാക്കി 520 സാംപ്ളുകളുടെ ഫലങ്ങൾ കാത്തിരിക്കുകയാണെന്നും ഐസിഎംആർ. തികച്ചും ആശ്വാസം പകരുന്നതാണ് റിപ്പോർട്ടുകളെന്നും ബലറാം ഭാർഗവ. ഈ മാസം ഒന്നിനും പതിനഞ്ചിനുമിടെ ശേഖരിച്ചതാണു സാംപ്ളുകൾ. 51 ലാബുകളിലായാണു പരിശോധിച്ചത്. ഒരെണ്ണമെങ്കിലും പോസിറ്റിവ് ആയിരുന്നെങ്കിൽ ആ സാംപ്ൾ എടുത്ത പ്രദേശത്തിനാകെ സമ്പർക്ക വിലക്കേർപ്പെടുത്തുകയേ മാർഗമുള്ളൂ.

രോഗിയുമായി നേരിട്ടു സമ്പർക്കമുണ്ടായവരുടെ പരിശോധനയ്ക്കൊപ്പമല്ല കമ്യൂണിറ്റി വ്യാപനം തിരിച്ചറിയാനുള്ള പരിശോധന. ഇതു പ്രത്യേകമായി എടുക്കുന്നതാണെന്നും ഇതേവരെ 11,500 സാംപ്ളുകൾ ഈ തരത്തിൽ പരിശോധിച്ചെന്നും ഐസിഎംആർ.

ഇറ്റലിയും ഇറാനും സ്പെയ്നുമുൾപ്പെടെ രാജ്യങ്ങളിൽ കമ്യൂണിറ്റി വ്യാപന ഘട്ടമാണ് വൻ ദുരന്തത്തിലേക്കു നയിച്ചത്. കൊവിഡ് 19 വ്യാപനം ഇന്ത്യയിൽ രണ്ടാം ഘട്ടത്തിലാണെന്ന് ഐസിഎംആർ കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു. മൂന്നാം ഘട്ടം ആരോഗ്യ മേഖലയ്ക്ക് വലിയ വെല്ലുവിളി ഉണ്ടാക്കുമെന്ന മുന്നറിയിപ്പും അധികൃതർ പുറപ്പെടുവിച്ചിരുന്നു.

ഈ സാഹചര്യം നേരിടാൻ സ്വകാര്യലാബുകളെയും പരിശോധനയ്ക്കു സജ്ജമാക്കിയ സർക്കാർ 10 ലക്ഷം പരിശോധനാ കിറ്റുകൾ ഓർഡർ ചെയ്തിട്ടുണ്ട്. നിലവിൽ രാജ്യത്താകമാനം 72 പരിശോധനാ ലാബുകളാണു പ്രവർത്തിക്കുന്നത്. ഒന്നര ലക്ഷം പരിശോധനാ കിറ്റുകളുമുണ്ട്. ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവർ വീടുകളിൽത്തന്നെ കഴിയണമെന്നും ഐസിഎംആർ.

അതിനിടെ, ഇന്ത്യയുടെ പരിശോധനാ രീതി അപര്യാപ്തമെന്ന വാദവുമായി ലോകാരോഗ്യസംഘടനയുടെ റീജ്യനൽ ഡയറക്റ്റർ പൂനം ഖത്രപാൽ സിങ് രംഗത്തെത്തി. തുടർച്ചയായി സാംപ്ളുകളെടുത്തു പരിശോധിക്കുകയാണു വേണ്ടതെന്നും ഇന്ത്യ അതു ചെയ്യുന്നില്ലെന്നുമാണു സിങ്ങിന്റെ ആരോപണം. എന്നാൽ, കമ്യൂണിറ്റി വ്യാപനമുണ്ടാകാത്ത സാഹചര്യത്തിൽ അത്തരം പരിശോധന ആവശ്യമില്ലെന്നു ബലറാം ഭാർഗവ പ്രതികരിച്ചു. വിദേശത്തു നിന്നെത്തിയവർക്കും അവരുമായി അടുത്തിടപഴകിയവർക്കും മാത്രമാണ് ഇതേവരെ രോഗം പടർന്നിട്ടുള്ളത്. അവരിൽ നിന്ന് കൂടുതലാളുകളിലേക്കു പടരാത്ത സാഹചര്യത്തിൽ ഈ രീതി തുടരും. കമ്യൂണിറ്റി വ്യാപനമുണ്ടായാൽ പരിശോധനാ പ്രോട്ടോകോൾ മാറ്റേണ്ടിവരുമെന്നും ഭാർഗവ.

സ്പെയ്നിൽ മരണം 600 കടന്നു

ഇറ്റലിയിൽ നേരിയ ശമനം

മാഡ്രിഡ്: ഇന്നലെ 107 പേർ കൂടി മരിച്ചതോടെ സ്പെയ്നിൽ കൊവിഡ് 19 ബാധിച്ചു മരിച്ചവരുടെ എണ്ണം 605 ആയി. 13716 പേരാണു ചികിത്സയിലുള്ളത്. ഇന്നലെ മാത്രം പുതുതായി 2,538 പേരിലേക്കു രോഗം പടർന്നു. രോഗം ഏറ്റവും രൂക്ഷമായി തുടരുന്നത് തലസ്ഥാനമായ മാഡ്രിഡിലാണ്. 5637 പേർക്കാണ് ഇവിടെ രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത്. രാജ്യത്താകെയുള്ളതിൽ 41 ശതമാനം. 390 മരണവും ഇവിടെത്തന്നെ.

രാജ്യത്ത് പരിശോധനാ കിറ്റുകളുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. രോഗബാധ ഇപ്പോഴും അതിന്റെ പരമാവധിയിലെത്തിയിട്ടില്ലെന്നാണ് പ്രധാനമന്ത്രി പെഡ്രോ സാഞ്ചസ് ഇന്നലെ ഒഴിഞ്ഞ പാർലമെന്റിനെ സാക്ഷിയാക്കി നൽകിയ മുന്നറിയിപ്പ്. വലിയ വിപത്താണ് മുന്നിലുള്ളത്. ഇത്രയധികം ആളുകളെ ഐസൊലേഷനിലാക്കാനുള്ള സംവിധാനങ്ങൾ രാജ്യത്തില്ല. എല്ലാവരും ഒരുമിച്ചു നിൽക്കേണ്ട സമയമാണിത്. രാജ്യത്തെ 4.6 കോടി വരുന്ന ജനങ്ങൾ വീടുകളിൽ തന്നെ കഴിയണമെന്നും സാഞ്ചസ്.

ചൈനയ്ക്കും ഇറ്റലിക്കും ഇറാനും ശേഷം കൊറോണ വൈറസ് ഏറ്റവും രൂക്ഷമായി ബാധിച്ച രാജ്യമാണ് സ്പെയ്ൻ. ക്വാറന്റൈൻ നടപടികൾ കൂടുതൽ ശക്തമാക്കിയതോടെ ഇറ്റലിയിൽ രോഗബാധ നേരിയ തോതിൽ കുറഞ്ഞു തുടങ്ങി. നാലു ദിവസമായി പ്രതിദിനം രോഗം പടരുന്നത് 3500 പേരിലേക്കായി ചുരുങ്ങിയിട്ടുണ്ട്. 345 പേർ കൂടി മരിച്ചതോടെ രാജ്യത്ത് മരണം 2503 ആയി ഉയർന്നു. എന്നാൽ, ഇപ്പോഴും കാര്യമായ നടപടികളെടുക്കാത്ത ബ്രിട്ടനിൽ ഇന്നലെ 407 പേർക്കാണു രോഗ ബാധ സ്ഥിരീകരിച്ചത്. നടപടികൾ സ്വീകരിച്ചില്ലെങ്കിൽ യൂറോപ്പിൽ കൊവിഡ് 19ന്റെ അടുത്ത ഇര യുകെ ആയിരിക്കുമെന്നാണ് ആരോഗ്യവിദഗ്ധർ നൽകുന്ന മുന്നറിയിപ്പ്.

ജാപ്പനീസ് മരുന്ന് കൊറോണയെ പ്രതിരോധിക്കുന്നതായി ചൈന

കൊറോണ ബാധിക്കപ്പെട്ട ഇറാനിൽ കുടുങ്ങിക്കിടന്ന 195 ഇന്ത്യക്കാരെ ഇന്നലെ രാജസ്ഥാനിലെ ജയ്സാൽമീറിൽ എത്തിച്ച പ്രത്യേക വിമാനത്തിൽ കൊണ്ടുവന്ന അവരുടെ ബാഗേജുകൾ അണുവിമുക്തമാക്കുന്നു. ജയ്സാൽമീർ ആർമി സ്റ്റേഷനിൽ തയാറാക്കിയ ചികിത്സാ- നിരീക്ഷണ കേന്ദ്രത്തിലായിരിക്കും ഇവർ ഇനി താമസിക്കുക. ഇതോടെ വിദേശത്തു നിന്ന് ഇവിടെ എത്തിച്ച ഇന്ത്യക്കാരുടെ എണ്ണം 484 ആയി.

വുഹാൻ: ഇൻഫ്ളുവൻസയെ പ്രതിരോധിക്കാൻ ജപ്പാനിൽ ഉപയോഗിക്കുന്ന ഫവിപിരവിർ എന്ന മരുന്ന് കൊറോണ വൈറസിനെതിരേയും ഫലപ്രദമെന്നു റിപ്പോർട്ട്. ചൈനയുടെ ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തിലെ ഉദ്യോഗസ്ഥൻ ഷാങ് ഷിൻമിനെ ഉദ്ധരിച്ച് ജാപ്പനീസ് മാധ്യമങ്ങളാണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തത്. രോഗബാധ ആദ്യം കണ്ടെത്തിയ വുഹാനിലും ഷെൻസനിലും 340 രോഗികൾക്ക് ഈ മരുന്ന് നൽകിയപ്പോൾ ഫലം ആശാവഹമായിരുന്നെന്ന് ഷിൻമിൻ പറഞ്ഞു. ഏറെ സുരക്ഷ നൽകുന്നതും ഫലപ്രദവുമാണ് ഈ മരുന്ന്. ഇതു നൽകിയ രോഗികൾ നാലു ദിവസത്തിനുശേഷം പരിശോധനാ ഫലത്തിൽ നെഗറ്റിവ് ആയി മാറി. പ്രത്യേകിച്ചു ചികിത്സയൊന്നും നൽകാത്തവർക്ക് 11 ദിവസം കൊണ്ടാണ് രോഗം മാറിയത്. ഫവിപിരവിർ കൂടാതെ ശ്വാസകോശത്തിന്റെ പ്രവർത്തനം 91 ശതമാനം വരെ മെച്ചപ്പെട്ടു. മരുന്ന നൽകാത്തവരിൽ ഇത് 62 ശതമാനം മാത്രമായിരുന്നുവെന്നും ഷിൻമിൻ.

എന്നാൽ, ഷിൻമിന്റെ വെളിപ്പെടുത്തലിനോടു പ്രതികരിക്കാൻ ഫവിപിരവിർ നിർമാതാക്കളായ ഫ്യൂജിഫിലിം ടൊയാമ കെമിക്കൽ തയാറായില്ല. 2014ലാണ് കമ്പനി അവിഗൻ എന്നു കൂടി അറിയപ്പെടുന്ന മരുന്ന് വികസിപ്പിച്ചത്. അതേസമയം, നേരിയ രോഗലക്ഷണങ്ങൾ മാത്രമുള്ള രോഗികളിലേ അവിഗൻ ഫലപ്രദമാകൂ എന്നു ജപ്പാനിലെ ഡോക്റ്റർമാർ പ്രതികരിച്ചു. 70-80 പേർക്ക് ഈ മരുന്നു നൽകിയിരുന്നു. പക്ഷേ, വൈറസ് വലിയ തോതിൽ ബാധിച്ചവരിൽ ഈ ഗുളിക കൊണ്ടു ഫലമുണ്ടായില്ലെന്ന് ജാപ്പനീസ് ആരോഗ്യ മന്ത്രാലയം. 2016ൽ ഗിനിയയിലെ എബോള ബാധയെ പ്രതിരോധിക്കാൻ ജപ്പാൻ ഫവിപിരവിർ നൽകിയിരുന്നു. പനി പ്രതിരോധത്തിനായി വികസിപ്പിച്ച മരുന്ന് കൊവിഡ് 19 രോഗികളിൽ ഉപയോഗിക്കാൻ സർക്കാർ തലത്തിൽ അനുമതി ലഭിക്കേണ്ടതുണ്ടെന്നും ആരോഗ്യമന്ത്രാലയം.

രാജ്യത്ത് കൊവിഡ് 19

ബാധിതരുടെ എണ്ണം 151

പുതുതായി 14 പേർക്കു കൂടി രോഗം

നേരിട്ടു സമ്പർക്കം പുലർത്തിയ 5700 പേർ നിരീക്ഷണത്തിൽ

● ലഡാഖിൽ കരസേനാ ജവാനും രോഗം, സഹപ്രവർത്തകർക്ക് സമ്പർക്ക വിലക്ക് ● കേന്ദ്ര മന്ത്രി വി. മുരളീധരനു പിന്നാലെ ബിജെപി എംപി സുരേഷ് പ്രഭുവും സ്വയം സമ്പർക്ക വിലക്ക് പ്രഖ്യാപിച്ചു. സൗദി സന്ദർശനത്തെത്തുടർന്നാണിത്. ● പൂനെയിൽ സൈനിക ഉദ്യോഗസ്ഥന് സമ്പർക്കവിലക്ക് നിർദേശിച്ചു ● ഈ മാസം 31 വരെ റസ്റ്ററന്റുകൾ അടച്ചിടാൻ നാഷണൽ റസ്റ്ററന്റ് അസോസിയേഷൻ ഒഫ് ഇന്ത്യയുടെ ആഹ്വാനം. സ്കൂളുകൾ അടച്ച സാഹചര്യത്തിൽ കുട്ടികൾക്ക് ഉച്ചഭക്ഷണം ഉറപ്പാക്കാൻ നടപടി വേണമെന്നു കേന്ദ്ര സർക്കാരിനോടു സുപ്രീം കോടതി. ● ഇറാനിൽ നിന്നു തിരിച്ചെത്തിച്ച 195 പേരെ ജയ്സാൽമെറിൽ മിലിറ്ററി സ്റ്റേഷനിലേക്കു മാറ്റി. ഇതോടെ ഇവിടെ പാർപ്പിച്ചിട്ടുള്ളവരുടെ എണ്ണം 484 ആയി. എല്ലാവരുടെയും നില തൃപ്തികരമെന്ന് സൈന്യം. ● ഒഡീശയിൽ മുഖ്യമന്ത്രി നവീൻ പട്നായിക്കിന്റെ സഹോദരി വീട്ടിൽ സമ്പർക്കവിലക്കിൽ. അടുത്തിടെ വിദേശത്തു പോയിരുന്നു. വിദേശത്തു പോയിവരുന്നവരെല്ലാം സർക്കാരിനെ അറിയിക്കണമെന്നും വീട്ടിൽ സമ്പർക്ക വിലക്കിൽ തുടരണമെന്നും മുഖ്യമന്ത്രി. ● ജിദ്ദയിൽ നിന്ന് ഇന്ത്യൻ തീർഥാടകരുടെ തിരികെയെത്തിക്കുന്നത് അവസാന ഘട്ടത്തിലേക്ക്. ഇന്നലെ ഇൻഡിഗോ സ്പെഷ്യൽ വിമാനത്തിൽ മുംബൈയിലെത്തിയത്തിയത് 185 പേർ. ഇവരെ രണ്ടാഴ്ച നിരീക്ഷണത്തിൽ പാർപ്പിക്കും. ● മുംബൈയിൽ അറുപത്തെട്ടുകാരിക്ക് കൊവിഡ് 19 സ്ഥിരീകരിച്ചു. ഇതോടെ നഗരത്തിൽ രോഗബാധിതരുടെ എണ്ണം എട്ടായി. യുഎസിൽ നിന്ന് ഏഴിനു മടങ്ങിയെത്തിയ സ്ത്രീക്കാണ് പുതുതായി രോഗം സ്ഥിരീകരിച്ചത്. കസ്തൂർബ ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഒരാളുമായി അടുത്തിടപഴകിയിരുന്നു. ● വിസ്താരയുടെ എല്ലാ അന്താരാഷ്ട്ര സർവീസുകളും നിർത്തി. ഈ മാസം 31 വരെയാണ് നിയന്ത്രണം. ● ഗുഡ്ഗാവിൽ മാളുകളും ബാറുകളും സ്പാകളും 31 വരെ അടച്ചു. തത്കാലം തുറന്നിരിക്കുക മെഡിക്കൽ സ്റ്റോറുകളും സൂപ്പർമാർക്കറ്റുകളും മാത്രം. നഗരത്തിൽ രണ്ടു പേർക്ക് കൊവിഡ് 19 സ്ഥിരീകരിച്ചിരുന്നു. നീന്തൽക്കുളങ്ങളും ജിമ്മുകളും സ്കൂളുകളും കോളെജുകളും തിയറ്ററുകളും നേരത്തേ അടച്ചിരുന്നു. ● കർണാടകയിലും അടച്ചുപൂട്ടൽ പ്രഖ്യാപിച്ചു. നീന്തൽക്കുളങ്ങളും ജിമ്മുകളും സ്കൂളുകളും കോളെജുകളും തിയറ്ററുകളും ഉൾപ്പെടെ എല്ലാ പൊതു ഇടങ്ങളും മാർച്ച് 31 വരെ അടച്ചു. ● യുപിയിൽ ലക്നൗവിലെ കിങ് ജോർജ് മെഡിക്കൽ യൂണിവേഴ്സിറ്റിയിലെ ജൂനിയർ ഡോക്റ്റർക്കു കൊറോണ. രണ്ടു രോഗികളെ ചികിത്സിച്ച റെസിഡന്റ് ഡോക്റ്റർക്കാണു രോഗം. ആശുപത്രിയിൽ നിയന്ത്രണം. യൂണിവേഴ്സിറ്റി പരീക്ഷകൾ മാറ്റി.

മുഖ്യമന്ത്രിയുടെ പത്രസമ്മേളനം തുറന്ന വേദിയിൽ

തിരുവനന്തപുരം: കോവിഡ് 19 ജാഗ്രതയുടെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയന്റെ വാർത്താ സമ്മേളനം സെക്രട്ടേറിയറ്റിന് പുറത്തെ തുറന്ന വേദിയിലേക്കു മാറ്റി.

മുഖ്യമന്ത്രിയുടെ ഓഫിസ് സ്ഥിതി ചെയ്യുന്ന സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്കിനും ചീഫ് സെക്രട്ടറിയുടെ ഓഫിസ് പ്രവർത്തിക്കുന്ന സാൻഡ്വിച്ച് ബ്ലോക്കിനും ഇടയ്ക്കുള്ള പാർക്കിങ് സ്ഥലമാണ് പുതിയ വേദി.

മാധ്യമ പ്രവർത്തകർക്കുള്ള കസേരകൾ ഒരു മീറ്റർ മുതൽ രണ്ട് മീറ്റർ വരെ അകലത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. അവർക്ക് ചോദ്യങ്ങൾ ചോദിക്കാൻ പ്രത്യേകം മൈക്കുകൾ തയാറാക്കിയിരുന്നു.

മുഖ്യമന്ത്രി പതിവായി വാർത്താ സമ്മേളനം നടത്തുന്ന കോൺഫറൻസ് മുറി കോവിഡ് 19 നിയന്ത്രണ മാനദണ്ഡങ്ങൾ പാലിക്കാൻ പര്യാപ്തമല്ലാത്തതിനാലാണ് തുറന്ന വേദി ഒരുക്കിയത്.

പശ്ചിമ കൊച്ചിയിൽ 4 വിദേശികൾ നിരീക്ഷണത്തിൽ

മട്ടാഞ്ചേരി:കൊറോണ മുൻകരുതലിന്റെ ഭാഗമായി പടിഞ്ഞാറൻ കൊച്ചിയിൽ നാലു വിദേശികൾ നിരീക്ഷണത്തിൽ. രണ്ടിടത്ത് ഐസൊലേഷൻ വാർഡുകൾ സജ്ജമാക്കി. താലൂക്ക് ആശുപത്രികളായ ഫോർട്ട് കൊച്ചി, കരുവേലിപ്പടി മഹാരാജാസ് സർക്കാർ ആശുപത്രി എന്നിവിടങ്ങളിലാണ് വാർഡുകൾ ഒരുക്കിയിരിക്കുന്നത്.

കരുവേലിപ്പടിയിൽ ഒമ്പതും ഫോർട്ട് കൊച്ചിയിൽ ഏഴും വാർഡുകളാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ കരുവേലിപ്പടി സർക്കാർ ആശുപത്രിയിൽ നാല് വിദേശ വിനോദ സഞ്ചാരികളെ പ്രവേശിപ്പിച്ചു. രണ്ട് ജർമൻകാരെയും രണ്ട് യു.കെ സ്വദേശികളെയുമാണ് പ്രവേശിപ്പിച്ചത്. കോറോണ സ്ഥിരീകരിച്ച വിദേശി തങ്ങിയ തുറമുഖ നഗരിയിലെ ഹോട്ടൽ ജീവനക്കാരനും നിരീക്ഷണ കേന്ദ്രത്തിലെത്തിയിരുന്നു.

ഇതിനിടെ കൊച്ചിയിലെ ഹോംസ്റ്റേകളിൽനിന്നും വിദേശികൾ മടങ്ങി തുടങ്ങി. കടുത്ത നിയന്ത്രണങ്ങളും നിരീക്ഷണങ്ങളുമായി വിനോദ സഞ്ചാര കേന്ദ്രങ്ങൾ കൊറോണ പകർച്ച തടയുന്നതിൽ ജാഗ്രത പ്രകടമാക്കുന്നുണ്ട്.

പാഠങ്ങൾ നൽകിയ സ്പാനിഷ് ജ്വരം

"ഗാന്ധിജിയുടെ ജീവൻ അദ്ദേഹത്തിന്റേതല്ല, അത് ഇന്ത്യയുടേതാണ്"- 1918ലെ ഒരു പ്രഭാതത്തിലിറങ്ങിയ ഗുജറാത്തി പത്രം ഗാന്ധിജിക്ക് ഇൻഫ്ലുവൻസ അഥവാ സ്പാനിഷ് ജ്വരം ബാധിച്ചതിനെക്കുറിച്ച് റിപ്പോർട്ട ചെയ്തത് ഇങ്ങനെയായിരുന്നു. ഒരു ശതകത്തിനിപ്പുറം മറ്റൊരു മഹാമാരിയെ നേരിടുമ്പോൾ അന്നത്തെ പാഠങ്ങൾ വീണ്ടും ഓർമിക്കുകയാണു രാജ്യം.

ഇന്ത്യ കണ്ട ഏറ്റവും വലിയ മഹാമാരികളിലൊന്നായിരുന്നു രണ്ടു ഘട്ടങ്ങളായി ആക്രമിച്ച സ്പാനിഷ്ജ്വരം. 1918 ജൂണിൽ ബോംബെ (ഇന്നത്തെ മുംബൈ)യിൽ വന്നിറങ്ങിയ സൈനികരിലൂടെയായിരുന്നു രോഗം ഇന്ത്യയിലെത്തിയത്. അൽപ്പമൊന്നു ശമിച്ച ശേഷം സെപ്റ്റംബറിൽ തെക്കൻ തീരപ്രദേശത്ത് വീണ്ടും പടർന്നു രോഗം. രാജ്യത്താകെ 1.7- 1.8 കോടിയോളം പേർക്കാണ് അന്നു ജീവൻ നഷ്ടമായത്. ഗാന്ധിജിയും വാർധ ആശ്രമത്തിലുള്ളവരും രോഗത്തെ മറികടന്നു ശക്തമായി തിരിച്ചെത്തി. എന്നാൽ, നിരാല എന്ന് അറിയപ്പെട്ടിരുന്ന ഹിന്ദി സാഹിത്യകാരൻ സൂര്യകാന്ത് ത്രിപാഠിയുൾപ്പെടെ പലർക്കും കുടുംബാംഗങ്ങളെ നഷ്ടമായി. മരിച്ചവരിലേറെയും പോഷകാഹാരക്കുറവും അനാരോഗ്യവും നേരിട്ടുന്ന പാവപ്പെട്ട ഇന്ത്യൻ സ്ത്രീകളായിരുന്നു.

ബോംബെ നഗരത്തെ തകർത്തു മഹാമാരി. ദിവസം ശരാശരി 230 പേർ വീതമാണു മരണമടഞ്ഞുകൊണ്ടിരുന്നത്. കടുത്ത പനിയും നടുവേദനയുമായിരുന്നു ലക്ഷണങ്ങൾ. ബോംബെയിലെ എതാണ്ടെല്ലാ വീടുകളും പനിബാധിതരെക്കൊണ്ടു നിറഞ്ഞുവെന്നാണ് അന്നത്തെ ടൈംസ് ഒഫ് ഇന്ത്യ റിപ്പോർട്ട് ചെയ്തത്. ആരും പുറത്തിറങ്ങരുതെന്നും വീടിനുള്ളിൽ തന്നെ തങ്ങാനും ആവർത്തിച്ച് അഭ്യർഥിച്ചു പത്രങ്ങൾ. കൊറോണ പോലെ തന്നെ ശരീരസ്രവങ്ങളിലൂടെയായിരുന്നു സ്പാനിഷ് ജ്വരവും പടർന്നിരുന്നത്. അതുകൊണ്ടുതന്നെ ആളുകൾ അകലം പാലിക്കുകയേ മാർഗമുണ്ടായിരുന്നുള്ളൂ. ഓഫിസുകളും ഫാക്റ്ററികളും അടച്ചിട്ടു. പനിയുള്ളവർ ഇന്നത്തേതുപോലെ എല്ലാവരിൽ നിന്നും അകലം പാലിച്ചു വിശ്രമിക്കാൻ നിർദേശിച്ചു. കാറ്റും വെളിച്ചവും കടക്കുന്ന മുറികളിൽ വേണം വിശ്രമിക്കാനെന്നും അതില്ലെങ്കിൽ തുറസായ സ്ഥലത്തു വിശ്രമിക്കണമെന്നും ആരോഗ്യവിദഗ്ധർ ഉപദേശിച്ചു.

112 വർഷത്തിനുശേഷം കൊറോണ വൈറസ് ലോകത്തെ ഭീതിയിലാഴ്ത്തുമ്പോൾ അന്നത്തേതിനു സമാനമായ മുൻകരുതലുകളാണ് ആരോഗ്യമേഖല വീണ്ടും ശുപാർശ ചെയ്യുന്നത്. രണ്ടു കോടിയിലേറെ ജനസംഖ്യയുള്ള മുംബൈ നഗരത്തിൽ നിയന്ത്രണങ്ങൾ പ്രഖ്യാപിച്ചുകഴിഞ്ഞു. എന്നാൽ, ചെറിയൊരു അലംഭാവം പോലും വലിയ വിപത്തുകളിലേക്കാകും വഴിവയ്ക്കുകയെന്ന ഭീതി ഒഴിഞ്ഞിട്ടില്ല. അതേസമയം, കൊറോണയ്ക്കു മരുന്നു കണ്ടെത്തിയിട്ടില്ലെങ്കിലും അന്നത്തെക്കാൾ വളർന്നു ആരോഗ്യമേഖല എന്നതാണ് ആശ്വാസം. ആന്റിബയോട്ടിക്കുകൾ പോലും കണ്ടെത്തുന്നതിനു മുൻപായിരുന്നു സ്പാനിഷ് ജ്വരത്തിന്റെ വരവ്. ഇന്നിപ്പോൾ ആന്റി വൈറൽ മരുന്നുകളും വാക്സിനുകളും വൈകാതെ കണ്ടെത്താനാകുമെന്ന പ്രതീക്ഷയുണ്ട്. 1918ൽ ഇംഗ്ലിഷ് മരുന്നുകൾക്ക് വലിയ പ്രചാരമുണ്ടായിരുന്നില്ല ഇന്ത്യൻ സാഹചര്യങ്ങളിൽ. വൻ നഗരമായ ബോംബെയിൽ പോലും പലരും നാട്ടുവൈദ്യത്തെയാണ് ആശ്രയിച്ചിരുന്നത്. ഇന്ന് ആ അവസ്ഥയിൽ മാറ്റം വന്നു.

അന്ന് ജനങ്ങളെ മരിക്കാൻ വിട്ട് മാറിയിരിക്കുന്ന ഭരണമായിരുന്നു രാജ്യത്ത്. ഭരണകർത്താക്കളായ ബ്രിട്ടിഷ് ഉദ്യോഗസ്ഥർ സ്വന്തം സുരക്ഷ നോക്കി വീടുകളിലേക്കൊതുങ്ങി. ഇന്ന് സ്വന്തം ജനതയോട് ഉത്തരവാദിത്വമുള്ള ഭരണമാണു രാജ്യത്തെവിടെയും. അതുകൊണ്ടുതന്നെ ഉദ്യോഗസ്ഥരും ഭരണനേതൃത്വവും വീടുകളിലല്ല, തങ്ങളുടെ സേവനം ആവശ്യമുള്ളിടത്തെല്ലാമുണ്ടെന്നതും പഴയ ദുരന്തം പോലൊന്നിനു സാധ്യത ഇല്ലാതാക്കുന്നെന്ന് വിലയിരുത്തപ്പെടുന്നു.

പാർലമെന്റ് സമ്മേളനത്തിനെത്തിയ രാജ്യസഭാ ചെയർമാൻ കൂടിയായ ഉപരാഷ്ട്രപതി എം. വെങ്കയ്യ നായിഡു സഭയിലേക്കു കടക്കും മുൻപ് ആരോഗ്യപ്രവർത്തകർ ശരീര ഊഷ്മാവ് പരിശോധന നടത്തുന്നു. ആർ. രവീന്ദ്രൻ

സൈന്യത്തിലും കൊവിഡ് 19

ന്യൂഡൽഹി: ഇന്ത്യൻ സൈന്യത്തിലേക്കും പടർന്നു കൊവിഡ് 19. ലഡാഖിൽ കരസേന വിഭാഗത്തിലെ ലാൻസ് നായിക് റാങ്കിലുള്ള ജവാനാണ് രോഗം സ്ഥിരീകരിച്ചത്. ഇദ്ദേഹത്തിന്റെ അച്ഛൻ അടുത്തിടെ ഇറാനിൽ തീർഥാടനം നടത്തിയിരുന്നു. ഫെബ്രുവരി 27ന് ഇറാനിൽ നിന്നു മടങ്ങിയെത്തിയ അദ്ദേഹത്തിനു നേരത്തേ തന്നെ കൊറോണ സ്ഥിരീകരിച്ചിരുന്നെന്ന് സൈന്യത്തിലെ ഉന്നത ഉദ്യോഗസ്ഥർ അറിയിച്ചു.

ഇതേത്തുടർന്നു സൈനികനും കുടുംബവും അടക്കം എല്ലാവരും ക്വാറന്റൈനിലാണെന്നും ഉന്നത ഉദ്യോഗസ്ഥർ. സൈനികന്റെ അച്ഛൻ ഫെബ്രുവരി 29 മുതൽ ലഡാക്ക് ഹാർട്ട് ഫൗണ്ടേഷനിൽ നീക്ഷണത്തിലായിരുന്നു. തുടർന്നാണ് അദ്ദേഹത്തിന്റെ ഫലം പോസിറ്റിവായത്. 34കാരനായ സൈനികൻ ഫെബ്രുവരി 25 മുതൽ മാർച്ച് ഒന്നു വരെ അവധിയിലായിരുന്നു. തുടർന്നു തിരികെയെത്തിയ സൈനികനെ മാർച്ച് ഏഴ് മുതലാണ് നിരീക്ഷണത്തിനയച്ചത്. ഇദ്ദേഹം ഇപ്പോൾ എസ്എൻഎം ആശുപത്രിയിലെ ഐസോലേഷൻ വാർഡിലാണ്. ഇദ്ദേഹത്തിന്റെ സഹോദരിയും ഭാര്യയും ഉൾപ്പെടെ കുടുംബാംഗങ്ങൾ നിരീക്ഷണത്തിലാണെന്നും സൈനിക വൃത്തങ്ങൾ അറിയിച്ചു. കേന്ദ്രഭരണ പ്രദേശമായ ജമ്മുവിലേക്ക് വിദേശ ടൂറിസ്റ്റുകളുടെ പ്രവേശനം ഇപ്പോൾ അനുവദിക്കുന്നില്ല.

അതിനിടെ, കരസേന എല്ലാ കമാൻഡുകൾക്കുമായി മുൻകരുതൽ നിർദേശങ്ങൾ നൽകി. പരിശീലന പരിപാടികൾ നിർത്തിവച്ചു. അടിയന്തരാവശ്യങ്ങൾക്കു മാത്രമേ അവധി അനുവദിക്കാവൂ എന്നും നിർദേശമുണ്ട്.

പൗരത്വ നിയമത്തിനെതിരേ ചെന്നൈയിൽ ആയിരങ്ങളുടെ പ്രക്ഷോഭം

നിയന്ത്രണങ്ങൾ മറികടന്ന് തെരുവ് കൈയടക്കിയത് തമിഴ്നാട് തൗഹീദ് ജമാഅത്ത്

ചെന്നൈ: കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി ആളുകൾ കൂട്ടംകൂടുന്നത് നിരോധിച്ചിരിക്കെ പൗരത്വ നിയമഭേദഗതിക്കെതിരേ ചെന്നൈയിൽ ആയിരങ്ങൾ പങ്കെടുത്ത പ്രക്ഷോഭം നടത്തി മുസ്ലിം സംഘടന. തമിഴ്നാട് തൗഹീദ് ജമാഅത്ത് എന്ന സംഘടനയാണ് ഇന്നലെ മദ്രാസ് ഹൈക്കോടതി മെട്രൊ സ്റ്റേഷനു മുന്നിൽ സ്ത്രീകളും കുട്ടികളുമുൾപ്പെടെയുള്ളവരെ അണിനിരത്തി ജയിൽ നിറയ്ക്കൽ സമരം സംഘടിപ്പിച്ചത്. വാഷർമാൻപെട്ടിൽ ഷഹീൻബാഗ് മാതൃകയിൽ 33 ദിവസമായി തുടർന്നിരുന്ന പ്രക്ഷോഭം കൊറോണ കണക്കിലെടുത്ത് അവസാനിപ്പിക്കാൻ സംസ്ഥാനത്ത് ഇസ്ലാമിക നേതൃത്വം തീരുമാനിച്ചതിനു പിന്നാലെയാണ് രാഷ്ട്രീയ ചായ്വുകളില്ലാത്ത സംഘടനയുടെ സമരം.

കൊവിഡ് 19 പകരുന്ന സാഹചര്യത്തിൽ 31 വരെ പൊതുയോഗങ്ങളുൾപ്പെടെ നിരോധിച്ചിരുന്നു തമിഴ്നാട് സർക്കാർ. മാളുകളും തിയറ്ററുകളും പാർക്കുകളുമുൾപ്പെടെ അടച്ചിട്ടിരിക്കുകയാണ്. രാജ്യത്ത് കൊവിഡ് പ്രതരോധം ഏറ്റവും കാര്യക്ഷമമായി നടക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് തമിഴ്നാട് എന്നിരിക്കെയാണ് മെട്രൊ സ്റ്റേഷനെ സ്തംഭിപ്പിച്ച സമരം.

കൊറോണ മൂലം രാജ്യത്ത് രണ്ടു പേർ മാത്രമാണു മരിച്ചതെന്നും പൗരത്വ നിയമം 80 പേരുടെ ജീവനെടുത്തെന്നും പ്രക്ഷോഭത്തിനെത്തിയവർ മുദ്രാവാക്യം മുഴക്കി. രാജ്യത്ത് അഭയാർഥിയായി കഴിയുന്നതിനെക്കാൾ ഭേദം കൊറോണ വന്നു മരിക്കുന്നതാണെന്നായിരുന്നു മറ്റൊരു മുദ്രാവാക്യം. പ്രകക്ഷോഭം മുൻകൂട്ടി തീരുമാനിച്ചതാണെന്നും മാറ്റിവയ്ക്കാനാവില്ലെന്നും സംഘാടകർ അകാശപ്പെട്ടു.

ദേവാലയങ്ങളിൽ ആൾക്കൂട്ടം പാടില്ല: കെസിബിസി

കുർബാനയിൽ പങ്കെടുക്കുന്നതിനും നിയന്ത്രണം

കൊച്ചി: കൊവിഡ്19 രോഗവ്യാപനം രണ്ടാംഘട്ടത്തിലേക്ക് കടന്നതോടെ ദേവാലയങ്ങളിൽ കർശന നിയന്ത്രണങ്ങളുമായി കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ (കെസിബിസി). ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ദേവാലയങ്ങളിലെ വിശുദ്ധ കുർബാനയിലും മറ്റു തിരുക്കർമ്മങ്ങളിലും ആൾക്കൂട്ടങ്ങൾ ഉണ്ടാകരുതെന്നും കുട്ടികളും പ്രായമായവരും മറ്റ് ആര്യോഗ്യപ്രശ്നങ്ങളുള്ളവരും വീട്ടിലിരുന്ന് ഓൺലൈൻ കുർബാനകളിൽ സംബന്ധിച്ചാൽ മതിയാകുമെന്നും പ്രസിഡന്റ് മാർ ആലഞ്ചേരി, സെക്രട്ടറി ജനറൽ ബിഷപ് ഡോ. ജോസഫ് മാർ തോമസ്, വൈസ് പ്രസിഡന്റ് ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ എന്നിവർ അറിയിച്ചു.

കൊവിഡ്19 മൂന്നാം ഘട്ടത്തിലേക്കോ നാലാം ഘട്ടത്തിലേക്കോ കടന്നാൽ അത് വളരെ അപകടകരമായിരിക്കുമെന്നാണ് ഡോക്റ്റർമാർ നൽകുന്ന മുന്നറിയിപ്പ്. അതിനാൽ വ്യക്തികളായും ഇടവകകളായും സ്ഥാപനങ്ങളായും ഈ വിഷയത്തിൽ കർശനമായ പ്രതിരോധ നടപടികൾ തുടരേണ്ടതാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഡോക്റ്റർമാരുടെയും സർക്കാരിന്റെയും നിർദേശങ്ങളുടെ അടിസ്ഥാനത്തിലാണ് കരുതൽ നടപടികൾ സ്വീകരിക്കുന്നത്.

ദേവാലയങ്ങളിലെ വി. കുർബാനയ്ക്കും മറ്റ് തിരുക്കർമ്മങ്ങൾക്കും വലിയ ആൾക്കൂട്ടങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. അൻപതിൽ താഴെയുള്ള ആരാധനാ സമൂഹങ്ങൾക്കായി വൈദികർ വി. കുർബാന അർപ്പിക്കുന്നതിനുള്ള സാഹചര്യം ഏർപ്പെടുത്തണമെന്നും കെസിബിസി നിർദേശിച്ചു.

ചെറിയ കൂട്ടങ്ങളിലായാലും ജലദോഷമോ തുമ്മലോ ചുമയോ പനിയോ ഉള്ളവർ ഒരിക്കലും കടന്നുവരാൻ ഇടയാകരുത്. പ്രത്യേകമായ സാഹചര്യങ്ങളിൽ ചില ദൈവാലയങ്ങളിലെ വി. കുർബാനയർപ്പണം നിർത്തുന്നതാണ് നല്ലതെന്ന് ബോധ്യപ്പെട്ടാൽ ബന്ധപ്പെട്ട രൂപതാധ്യക്ഷൻ ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതാണെന്നും കെസിബിസി നിർദേശിച്ചു. അതേസമയം വ്യക്തികളായി വന്നു പ്രാർഥിക്കുന്നതിനുള്ള സൗകര്യം നൽകാൻ എല്ലാ ദൈവാലയങ്ങളും പതിവുപോലെ തുറന്നിടേണ്ടതാണ്.

ഈസ്റ്ററിനോടനുബന്ധിച്ചുള്ള വിശുദ്ധവാര തിരുക്കർമങ്ങളെക്കുറിച്ച് അപ്പോഴത്തെ സാഹചര്യം കണക്കിലെടുത്ത് മാർച്ച് അവസാന ആഴ്ചയിൽ അതതു സഭകളിൽനിന്ന് വേണ്ട നിർദ്ദേശങ്ങൾ നൽകും.

വിഷ്ണു മാധവൻ നമ്പൂതിരി

തിരുവല്ല: തലവടി കുടൽമന വിഷ്ണു മാധവൻ നമ്പൂതിരി (63) അന്തരിച്ചു. സംസ്കാരം ഇന്ന് ഉച്ചക്ക് രണ്ടിന് വീട്ടുവളപ്പിൽ. ഭാര്യ: സരസ്വതി അന്തർജനം. മക്കൾ: പ്രൊഫ: കെ.എം വിഷ്ണു നമ്പൂതിരി (ചരിത്ര വിഭാഗം മേധാവി, മാർത്തോമ്മാ കോളെജ്, തിരുവല്ല), കെ.എം. കൃഷ്ണൻ നമ്പൂതിരി (ചെന്നൈ). മരുമക്കൾ: ഡോ: രമ്യാ മോഹൻ, ആഷാ കൃഷ്ണൻ.



ബാലകൃഷ്ണൻ

വെള്ളറട: കാരക്കോണം കന്നുമാമൂട് അമ്പലത്തുവിള വീട്ടിൽ ബാലകൃഷ്ണൻ (പി.സി. മണിയൻ- 70) അന്തരിച്ചു. ഭാര്യ: തുളസി. മക്കൾ: രാജൻ, രമേശ്, ബിന്ദു. മരുമക്കൾ: അനിൽകുമാർ, ബിന്ദു.



സെൽവരാജ്

വെള്ളറട: കുന്നത്തുകാൽ കൂടയാൽ ഞാറക്കപ്പൊറ്റയിൽ സെൽവരാജ് (55) അന്തരിച്ചു. ഭാര്യ: ലില. മക്കൾ: രാജേഷ്, ജിനു.

രാജു

ഹരിപ്പാട്: മഹാദേവികാട് ചാപ്രായിൽ പരേതനായ പത്മനാഭന്റെ മകൻ രാജു (53) അന്തരിച്ചു. സംസ്കാരം വെള്ളിയാഴ്ച രാവിലെ 10ന് വീട്ടുവളപ്പിൽ. മാതാവ്: ശാന്ത. മക്കൾ: അഭിരാജ്, പാർവ്വതി.

ശിവദാസ്

മുഹമ്മ: മാരാരിക്കുളം തെക്ക് പഞ്ചായത്ത് അഞ്ചാം വാർഡ് നെടുങ്ങാലിചിറയിൽ പരേതനായ കരുണാകരന്റെ മകൻ ശിവദാസ് (57) അന്തരിച്ചു. ഭാര്യ: കാഞ്ചന. അമ്മ: മന്ദാകിനി. മക്കൾ: ആതിര, ആരതി.

കെബീർ സാഹിബ്

വിഴിഞ്ഞം: പിഡിപി കോവളം മണ്ഡലം മുൻ പ്രസിഡന്റ് കെബീർ സാഹിബ് (55) അന്തരിച്ചു. കുറച്ചു നാളുകളായി രോഗബാധിതനായി ചികിത്സയിലായിരുന്നു. വിയോഗത്തിൽ മണ്ഡലം കമ്മിറ്റി അനുശോചനം അറിയിച്ചു. യോഗത്തിൽ സംസ്ഥാന ഉപാധ്യക്ഷൻ വർക്കല രാജ്, ജില്ലാ പ്രസിഡന്റ് നടയറ ജബ്ബാർ, ജില്ലാ വൈസ് പ്രസിഡന്റ് നഗരൂർ അഷ്റഫ്, ജില്ലാ സെക്രട്ടറി മണക്കാട് സഫർ, ജില്ലാ ജോയിൻ സെക്രട്ടറി കിളി അജീർ, ജില്ലാ ട്രെഷറർ പീരുമുഹമ്മദ്, സത്താർ പള്ളിത്തെരുവ്, പിസിഎഫ് ജില്ലാ പ്രസിഡന്റ് എം.കെ. അബ്ദുൽ മജീദ് വിഴിഞ്ഞം, പിറ്റിയുസി ജില്ലാ പ്രസിഡന്റ് ബീമാപള്ളി നാസർ, കോവളം മണ്ഡലം പ്രസിഡന്റ് ഇസ്മായിൽ വിഴിഞ്ഞം, സെക്രട്ടറി സെയ്യദലി, എം. മാഹീൻ വിഴിഞ്ഞം, തിരുവനന്തപുരം മണ്ഡലം പ്രസിഡന്റ് നേമം മണ്ഡലം പ്രസിഡന്റ് ഇസ്മായിൽ, ആറ്റിങ്ങൽ മണ്ഡലം സെക്രട്ടറി മുനീർ, അബ്ദുൽ ബാസിത്, ഷഫീഖ്, ഹുസൈൻ ബീമാപള്ളി, അംജിത്ഖാൻ വിഴിഞ്ഞം തുടങ്ങിയവർ പങ്കെടുത്തു.

ഫ്രാൻസിസ്

മുഹമ്മ : മാരാരിക്കുളം വടക്ക് പഞ്ചായത്ത് 14-ാം വാർഡ് പുത്തൻപുരയ്ക്കൽ ലോറൻസിന്റെ മകൻ ഫ്രാൻസിസ് (ഷിബു -47) അന്തരിച്ചു. അമ്മ: റീത്താമ്മ. ഭാര്യ: പുഷ്പ. മക്കൾ: ജോസ്ന, ആഷ്ബിൻ.

ജമാൽ

മണ്ണഞ്ചേരി: പഞ്ചായത്ത് 18-ാം വാർഡ് ചിയാംവെളിയിൽ പരേതനായ അബ്ദുൽ അസീസിന്റെ മകൻ ജമാൽ (68) അന്തരിച്ചു. ഭാര്യ: റംല. മക്കൾ: സജീന, സുനീർ, സെലീന, ജസീന. മരുമക്കൾ: ഹസീം, ഷാല, സെലീം, ഹാഷിം.

സി.വേലമ്മ

പാറശാല: പുഴിക്കുന്ന് പനവിളാകത്ത് പുത്തൻവീട്ടിൽ പരേതനായ അപ്പുക്കുട്ടന്റെ ഭാര്യ സി.വേലമ്മ (75) അന്തരിച്ചു. മക്കൾ: സുഗത, സുനിൽകുമാർ, സുനിത. മരുമക്കൾ: തങ്കയ്യൻ, മണിയൻ, സ്മിതാരാജ്.

ബേബിയമ്മ

കുരീപ്പള്ളി:മുഖത്തല സെന്റ് ജൂഡ് നഗർ നമ്പരുവിള പടിഞ്ഞാറ്റതിൽ പരേതനായ ഈപ്പൻ മാത്യുവിന്റെഭാര്യ ബേബിയമ്മ (89) അന്തരിച്ചു. സംസ്കാരം നടത്തി. നെടുമ്പായിക്കുളം തിരുവാങ്കോട്ട്കോട്ടയടി പാലവിള കുടുംബാംഗമാണ്. മക്കൾ: മാമൻ മാത്യു, ലീലാമ്മ, ജേക്കബ് മാത്യു, ജോൺ മാത്യു, സൂസമ്മ, ജയിംസ് മാത്യു, ലിസി. മരുമക്കൾ: എലിസബത്ത് ജോർജ്, ജോർജ് സാമുവേൽ, ലിസി സ്കറിയ, ഗ്രേസി ഏബ്രഹാം, മാത്യു വർഗീസ്, ലൗലി തോമസ്, എബിൻ ജോർജ്.

അലക്സ് വർഗീസ്

കുണ്ടറ:ആറുമുറിക്കട ഈസ്റ്റ് ഈപ്പൻ ബിൽഡിങ്സിൽ അലക്സ് വർഗീസ് (കുഞ്ഞുമോൻ-63) അന്തരിച്ചു. ഭാര്യ: സ്റ്റെല്ല. മകൻ: അനു എസ്.അലക്സ്.

നളിനാഭായ്

ശാസ്താംകോട്ട:ആയിക്കുന്നം ശ്രേയസ് ദാമോദരൻപിള്ളയുടെ ഭാര്യ നളിനാഭായ് (76) അന്തരിച്ചു.

റോസിലി

കണ്ടശാംകടവ്: തത്രത്തിൽ പൊൻമാണി പരേതനായ പൗലോസ് ഭാര്യ റോസിലി (78) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10.30 ന് കണ്ടശാംകടവ് സെന്റ് മേരീസ് ഫൊറോന പള്ളി സെമിത്തേരിയിൽ. മക്കൾ: ലീന, മീന (മിനി), നീന. മരുമക്കൾ: വിൽസൺ, തോമസ്, ടോബി.



നാരായണൻ

ചേർത്തല: ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് പതിമൂന്നാം വാർഡ് തിരുനല്ലൂർ കുളത്തിച്ചിറ നാരായണൻ (72) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: രമ നാരായണൻ. മക്കൾ: രജിത മോൾ, രതീഷ് കുമാർ, രാജി മോൾ. മരുമക്കൾ: മധു, മിലൻ.

ഹരിദാസൻ നായർ

കുന്ദമംഗലം: പൊയ്യയിൽ നടുവിൽ കുഴി പുറത്ത് ഹരിദാസൻ നായർ (62) അന്തരിച്ചു. ഭാര്യ: പങ്കജം. മക്കൾ: ഹരീഷ് കുമാർ, അജീഷ് കുമാർ (ഖത്തർ). മരുമക്കൾ: അഞ്ജു (പത്താം മൈൽ), വീണ(മീനങ്ങാടി). സംസ്കാരം നടത്തി.

വി.കെ ഗിരിജ

തലശേരി: പൊന്ന്യം കുണ്ടുചിറ ബാബു സ്മാരക മന്ദിരത്തിന് സമീപം ശിവശക്തിയിൽ വി.കെ ഗിരിജ (മുംബൈ) അന്തരിച്ചു. ഭർത്താവ്: പരേതനായ സി.രവീന്ദ്രൻ. പരേതരായ വെള്ളാമ്പള്ളി അച്ചുതന്റെയും യശോദയുടെയും മകളാണ്. മക്കൾ: ജോഷി വർക്ക്ഷാപ്പ് (തലശേരി), ജിഷ (മുംബൈ) ,നിമിഷ (ചുങ്കത്തൊപൊയിൽ). മരുമക്കൾ: ഷന, ഷാജി (മുംബൈ), രതീഷ് (ചെന്നൈ). സഹോദരങ്ങൾ: ഭാർഗ്ഗവി , ശശികല , സുജാത, രാധാകൃഷ്ണൻ (രേണുക ജ്വല്ലറി തലശേരി), സുഗിത.

ആർ. ലക്ഷ്മണൻ നാടാർ

പാറശാല: പവതിയാംവിള കോട്ടവിള പുതുവൽ പുത്തൻവീട്ടിൽ ആർ. ലക്ഷ്മണൻ നാടാർ (73) അന്തരിച്ചു. ഭാര്യ: നേശമ്മ. മക്കൾ: ബാബു, കൃഷ്ണലാത, പരേതനായ മോഹനൻ. മരുമക്കൾ: സതി, വിമല.

കോമളവല്ലിയമ്മ

കൊല്ലം:മുണ്ടയ്ക്കൽ ആറ്റിക്കുന്നത്ത് വീട്ടിൽ എംആർഎ-79 എയിൽ ടി.ജി.ശശിധരൻപിള്ളയുടെ ഭാര്യ കോമളവല്ലിയമ്മ (71) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ഷീജ ഉണ്ണികൃഷ്ണൻ (ഡിപിഡിഐ), ഷൈജു എസ്.പിള്ള (മസ്കത്ത്), ഷിനോജ് എസ്. പിള്ള (എച്ച്എഎൽ നാസിക്ക്).

രമണൻ

തൊടിയൂർ:കല്ലേലിഭാഗം കുഴിത്തറയിൽ വീട്ടിൽ രമണൻ (55) അന്തരിച്ചു. ഭാര്യ: രോഹിണി. മക്കൾ: രേഷ്മ, സച്ചു.

കെ.കെ. മോഹനൻ

തിരുവല്ല: ചുമത്ര കാഞ്ഞിരത്തുംമൂട്ടിൽ കെ.കെ. മോഹനൻ - 56 അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10.30 ന് ടൗൺ സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇന്ത്യയുടെ കുറ്റപ്പുഴയിലെ സെമിത്തേരിയിൽ. ഭാര്യ: കവിയൂർ മേച്ചേരിൽ കുടുംബാംഗം ലത. മക്കൾ: ഹരിപ്രിയ, എം.കെ. ഹരിത്ത്.

എൻ.പി. പ്രകാശൻ

കോഴിക്കോട്: വെള്ളയിൽ പണിക്കർ റോഡ് നാലുകുടിപറമ്പ് എൻ.പി. പ്രകാശൻ (65) അന്തരിച്ചു. ഭാര്യ: ഇന്ദിര. മക്കൾ: രേഷ്മ, രശ്മി.

ശങ്കരൻ നായർ

ഇരിങ്ങാലക്കുട: ചേലൂർ കുരിയക്കാട്ടിൽ ജാനകി അമ്മ മകൻ ശങ്കരൻ നായർ (അപ്പു നായർ- 91) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 9 മണിയക്ക് വീട്ടുവളപ്പിൽ. മക്കൾ: സോമസുന്ദരൻ, സദാശിവൻ, ഹേമലത, ഷീല ദേവി, പരേതനായ സതീശൻ.

എസ്.ലില്ലിഭായി

വെള്ളറട: പെരുങ്കടവിള ആങ്കോട് ഷാജി ഭവനിൽ എസ്.ലില്ലിഭായി (59) അന്തരിച്ചു. മക്കൾ: ഷാജി, സജീവ്. മരുമക്കൾ: ജോളി, അഞ്ജു.



രാജു

പാറശാല: കരുമാനൂർ തട്ടോട് പുത്തൻവീട്ടിൽ രാജു (71) അന്തരിച്ചു. ഭാര്യ: ജഗദം. മക്കൾ: മഞ്ജുഷ, ബിജുഷ, ആശ. മരുമക്കൾ: സജിൻ, സന്തോഷ്, സൈമൺ.

കെ.രാധമ്മ

തഴവ:കായംകുളം ചിറക്കടവം പുത്തൻ വീട്ടിൽ പത്തിയൂർ പഞ്ചായത്ത് ഹൈസ്കൂൾ റിട്ട. അധ്യാപകൻ പരേതനായ വി.ശിവാനന്ദന്റെഭാര്യ പത്തിയൂർ പഞ്ചായത്ത് ഹൈസ്കൂൾ റിട്ട. അധ്യാപിക കെ.രാധമ്മ (75) അന്തരിച്ചു. സംസ്കാരം നടത്തി. ഓച്ചിറ മഠത്തിൽ കാരാണ്മ തോണ്ടുതറ കുടുംബാംഗമാണ്. മക്കൾ: സിന്ധു (അധ്യാപിക എംകെഎൽഎം എച്ച്എസ്എസ് കണ്ണനല്ലൂർ), പ്രിയ (വിഎച്ച്എസ്എസ് നടവട്ടം), അശ്വതി (എസ്ബിഐ തൃശ്ശൂർ).

വിജയമ്മ

കല്ലമ്പലം: പുതുശേരിമുക്ക് ഇടവൂർക്കോണം പനയിൽ വീട്ടിൽ പരേതനായ ശ്രീധരന്റെ ഭാര്യ വിജയമ്മ (76) അന്തരിച്ചു. മക്കൾ: റൂബി, റജി. മരുമകൻ: രാജൻ.

കല്യാണിക്കുട്ടിഅമ്മ

ചേവായൂർ: മാവൂർ താത്തൂർ പൊയിലിൽ കോലോത്ത് കല്യാണിക്കുട്ടി അമ്മ (80) അന്തരിച്ചു. ഭർത്താവ്: പരേതനായ വേലായുധൻനായർ. മക്കൾ: സുരേഷ് ബാബു (അനുപമ ബാങ്കേഴ്സ്), ഗീത(എൽഐസി). മരുമക്കൾ: ഗിരിജ(ഓക്സ്ഫോർഡ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്), പരേതനായ സുരേഷ്(എൽഐസി).

പി. ദാമോദരൻ നായർ

തൃക്കുറ്റിശേരി: സ്വാതന്ത്ര്യസമര സേനാനിയും പുനത്ത് നെല്ലിശ്ശേരി എയുപി സ്കൂൾ പ്രധാനാധ്യാപകനുമായിരുന്ന പുളിയോട്ട് പി. ദാമോദരൻ നായർ (98) അന്തരിച്ചു. ക്വിറ്റ്ഇന്ത്യാ സമരം, ഹരിജനോദ്ധാരണം, അയിത്തോച്ചാടനം തുടങ്ങിയ സമരങ്ങളിൽ പങ്കെടുത്ത അദ്ദേഹം മികച്ച പ്രഭാഷകനും കർഷകനും നാട്ടറിവ് സമ്പാദകനുമായിരുന്നു. തൃക്കുറ്റിശേരി ക്ഷീരോൽപ്പാദക സംഘം ഡയറക്റ്ററായും പ്രവർത്തിച്ചിട്ടുണ്ട്. മക്കൾ: സുധാകുമാരി, പ്രൊഫ. പി സുഗതൻ (ഗവ. ഹോമിയോ മെഡിക്കൽ കോളെജ് കോഴിക്കോട്), വിജയാനന്ദൻ (പാർട്ണർ, ചാർട്ടേഡ് അക്കൗണ്ടന്റ് ഹാറ്റ്, ദുബായ്), സത്യേന്ദ്രൻ (സീനിയർ സോഫ്റ്റ് വെയർ എൻജിനിയർ, ബംഗളൂരു). മരുമക്കൾ: കെ.കെ. കുട്ടികൃഷ്ണൻ നായർ (തൃക്കുറ്റിശേരി), ടി.വി. സുനീത (കോഴിക്കോട്), ശ്രീജ (ദുബായ്). സഹോദരങ്ങൾ: മീനാക്ഷിയമ്മ, പരേതയായ സരോജിനി അമ്മ.

നിർമല

കിഴക്കേക്കല്ലട:ചിറ്റുമല തെക്കേമുറി ലേലാരവനത്തിൽ പരേതനായ സോമൻ ആചാരിയുടെ ഭാര്യ നിർമല (64) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ലതിക, ലത, ലേഖ.

ഇ.ഭാസ്കരൻ പിള്ള

പടിഞ്ഞാറെ കൊല്ലം:ശക്തികുളങ്ങര ചേരിയിൽ കറ്റക്കളിയിലിൽ വീട്ടിൽ ഇ.ഭാസ്കരൻ പിള്ള (99) അന്തരിച്ചു. ഭാര്യ: കെ.കെ.ലക്ഷ്മിക്കുട്ടിയമ്മ. മക്കൾ: ബാലചന്ദ്രൻ പിള്ള, ലീലാമണിയമ്മ, ജയലക്ഷ്മിയമ്മ, ഷൈലജ, കൃഷ്ണകുമാർ.

സാംസൺ ലോറൻസ്

കണ്ടച്ചിറ: പുത്തൻ പുരയ്ക്കൽ സാംസൺ ലോറൻസ് (കനകച്ചൻ-56) അന്തരിച്ചു. ഭാര്യ: ബിന്ദു. മക്കൾ: ആഗി സാംസൺ, ഗ്ലെൻ സാംസൺ.

പവിത്രൻ

മുഹമ്മ: മണ്ണഞ്ചേരി പഞ്ചായത്തിൽ രണ്ടാം വാർഡ് കാവുങ്കൽ മരങ്ങാട്ട് വെളി പവിത്രൻ (69) അന്തരിച്ചു. ഭാര്യ: രമണി. മക്കൾ: സന്തോഷ്, സജിമോൾ. മരുമക്കൾ: ശ്രീജ, ബൈജു.

കെ.ടി. ഗണേശൻ

വെള്ളിപറമ്പ്: ചെറുകുന്ന് പറമ്പ് കെ.ടി. ഗണേശൻ (54- ഐഎൻടിയുസി തൊണ്ടയാട്) അന്തരിച്ചു. പരേതരായ കെ. പി. ശങ്കരന്റെയും അമ്മിണിയുടെയും മകനാണ്. ഭാര്യ: ശ്രീമതി. മക്കൾ: സംഗീത്, സബിത. മരുമകൻ: ഗോപി. സഹോദരങ്ങൾ: കെ.ടി. സുരേഷ്കുമാർ, കെ.ടി. മല്ലിക, കെ.ടി. വീരേന്ദ്രകുമാർ.

അഭിമന്യു

തലോർ: പുലക്കാട്ടുക്കര മൈത്രി നഗറിൽ പുളളി പറമ്പിൽ പരേതനായ മാണി മകൻ അഭിമന്യു (68) അന്തരിച്ചു. ഭാര്യ: രാധ. മക്കൾ: ധന്യ, ധനുപ്, ധനലക്ഷ്മി. മരുമക്കൾ: സുധീഷ്, ശ്രീജേഷ്. സംസ്കാരം ഇന്ന് രാവിലെ ഒൻപതിന് വടൂക്കര എസ്എൻഡിപി ശ്മശാനത്തിൽ.

പാലസ്

പാറശാല: കളിയിക്കാവിള അയിരകാട്ടു തുടിയിക്കാവിള ആർ.ബി. ഭവനിൽ പാലസ് (51) അന്തരിച്ചു. ഭാര്യ: സ്റ്റെല്ല. മകൻ: ആതിരാജ്.

ശ്യാംലാൽ

കൊല്ലം:ചാത്തിനാംകുളം കട്ടപ്പായിൽ വീട്ടിൽ പരേതനായ ശശിധരൻ പിള്ളയുടെയും ശാന്തമ്മയമ്മയുടെയും മകൻ ശ്യാംലാൽ (32) അന്തരിച്ചു.

രാജീവൻ

മൺറോതുരുത്ത്:നെന്മേനി രാജേഷ് ഭവനിൽ രാജീവൻ (58) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: രാധാമണി. മക്കൾ: രാജേഷ്, രാജി. മരുമകൻ: പ്രീനി.

ശാന്തമ്മ

പുത്തൻസങ്കേതം:കല്ലുവിളയിൽ പ്രഭാകരൻ പിള്ളയുടെ ഭാര്യ ശാന്തമ്മ (53) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: പ്രശാന്ത്, ശാലിനി. മരുമക്കൾ: രഞ്ജിനി, അനിൽകുമാർ.

ചിത്രാവതി

ഇളമാട്:കുളഞ്ഞിയിൽ രാം വിജയത്തിൽ പരേതനായ വാസുദേവൻ നായരുടെ ഭാര്യ ചിത്രാവതി (89) അന്തരിച്ചു. സംസ്കാരം നടത്തി.

പ്രഭാകരൻ

മുട്ടം: മഞ്ഞാണിയിൽ വിമുക്തഭടൻ പ്രഭാകരൻ (76) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പ്രസന്ന. മക്കൾ: പി.പ്രദീപ് (ആസാം റൈഫിൾസ്), അഡ്വ.പ്രകാശ് മഞ്ഞാണിയിൽ, പ്രമോദ് (അബുദാബി). മരുമക്കൾ: സിന്ധു, സ്മിത (ഷാർജ) ദിവ്യ.

രവീന്ദ്രൻ

വടക്കാഞ്ചേരി: മാരാത്തു കുന്ന് ഓവൻചാലിൽ വേലു കുട്ടിയുടെ മകൻ രവീന്ദ്രൻ (65) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: രാധ. മക്കൾ: അനീഷ്, അനിഷ. മരുമക്കൾ: അശ്വതി, സനൽ. സഹോദരങ്ങൾ: മാലതി, വിജയകുമാരി, ഗിരിജ, വിനോദ്.

പി.പി. മൊയ്തീൻകോയ

കുറ്റിക്കാട്ടൂർ:മാക്കിനാട്ട താഴം പി.പി. മൊയ്തീൻകോയ (62) അന്തരിച്ചു. ഭാര്യ: റഷീദ. മക്കൾ: ഇതിരീസ് (ഖത്തർ), സാജിദ. മരുമക്കൾ: സിദ്ധീക്ക്, റഹീന.

ആച്ചിയമ്മ കോശി

കുണ്ടറ:മുക്കൂട് കല്ലുവെട്ടാംകുഴി പ്ലാവിളയിൽ പരേതനായ ഫിലിപ്പോസിന്റെഭാര്യ ആച്ചിയമ്മ കോശി (90) അന്തരിച്ചു. മകൾ: കുഞ്ഞമ്മ. മരുമകൻ: പരേതനായ കുഞ്ഞപ്പൻ (റിട്ട. തഹസിൽദാർ).



ഉമ്മർ

കുന്ദമംഗലം: പന്തീർപാടം വടക്കയിൽ ഉമ്മർ (65) അന്തരിച്ചു. ഭാര്യ: സുബൈദ.

പ്രസന്ന

പൊയിൽക്കാവ്: വട്ടോളി ഭാസ്കരന്റെ (കലോപ്പൊയിൽ) മകൾ പ്രസന്ന (44) അന്തരിച്ചു. മാതാവ്: മീര. സഹോദരങ്ങൾ: പ്രകാശൻ, പ്രമോദ്, പ്രമീള.

ആർ. ശങ്കരപ്പിള്ള

കല്ലമ്പലം: നാവായിക്കുളം വൈരമല രാധാ മന്ദിരത്തിൽ ആർ. ശങ്കരപ്പിള്ള (97) അന്തരിച്ചു. ഭാര്യ: കുഞ്ഞു ലക്ഷ്മി അമ്മ. മക്കൾ: രാധമ്മ, രഘുനാഥൻ നായർ, ലതിക, വിമല, സതി, രമേശൻ, സീന. മരുമക്കൾ: പരേതനായ സുരേന്ദ്രകുറുപ്പ്, ശ്യാമള, മോഹനൻ നായർ, അജിത് കുമാർ, രസിത, കൃഷ്ണകുമാർ.

സി.രാജമ്മ

വെള്ളറട:ധനുവച്ചപുരം സിയോൻപുരം പ്രാർത്ഥനാലയത്തിൽ പരേതനായ യേശുദാസന്റെ ഭാര്യ സി.രാജമ്മ (88) അന്തരിച്ചു. മക്കൾ: എലിസബത്ത്, മേജർ ബോവാസ് (സാൽവേഷൻ ആർമി മാരായമുട്ടം), സഹായി, ടൈറ്റസ്. മരുമക്കൾ: സദാനന്ദൻ, മേജർ ലിസ്സി, അമ്മിണികുമാരി, മിനി.

രോഹിണി

തലശ്ശേരി: തലായി ബാലഗോപാലമഠത്തിനടുത്ത തിണ്ടുമ്മൽ വീട്ടിൽ രോഹിണി (89) അന്തരിച്ചു. ആയിനിയാട്ട് വേലാണ്ടി കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ സി.കെ. കുഞ്ഞിക്കണ്ണൻ (ഷീബ ഹോട്ടൽ). മക്കൾ: സുധീർ, സതീശൻ, സുസ്മിത, വിമൽ, സുബിയ, രാജീവ്, രാഗിഷ്, ഷീബ. മരുമക്കൾ: പ്രകാശൻ, രമേഷ്, ശോഭന, പ്രമീള, ശയന.

കെ. സുരേന്ദ്രൻ നായർ

തിരുവനന്തപുരം: കേശവദാസപുരം, പിള്ളവീട് നഗർ ബി-19 ദേവി നിവാസിൽ കെ. സുരേന്ദ്രൻ നായർ (റിട്ട. സിൻഡിക്കേറ്റ് ബാങ്ക് ഉദ്യോഗസ്ഥൻ- 71) അന്തരിച്ചു. ഭാര്യ: കെ. സുഭദ്ര. മക്കൾ: എസ്.എസ്. ശാലിനി (ആർകെഡി എൻഎസ്എസ് എച്ച്എസ്എസ് ശാസ്തമംഗലം), എസ്.എസ്. മാലിനി (ആര്യാ സെൻട്രൽ സ്കൂൾ, പട്ടം). മരുമക്കൾ: എസ്.എസ്. മനോജ് (സംസ്ഥാന സെക്രട്ടറി, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി). പി.വി. ശ്രീജിത്ത്.

കുഞ്ഞമ്മ

പത്തനാപുരം: പുത്തൻപറമ്പിൽ മേലേതിൽ പരേതനായ കെ.തോമസിന്റെ(അടൂർ കുഞ്ഞച്ചൻ) ഭാര്യ കുഞ്ഞമ്മ (98) അന്തരിച്ചു. മക്കൾ: ബാബു, ജോയി, ജയിംസ്. മരുമക്കൾ: ഐവി, സൂസമ്മ, ഷേർളി.

കെ.ചെറിയാൻ

പത്തനാപുരം:പുളിവിളകളീയ്ക്കലയ്യത്ത് വീട്ടിൽ കെ.ചെറിയാൻ (90) അന്തരിച്ചു. ഭാര്യ: പരേതയായ മറിയാമ്മ.

മുതിർന്ന കോൺഗ്രസ് നേതാവ് അഡ്വ. കെ.ആർ. സദാശിവൻ നായർ അന്തരിച്ചു



കൊച്ചി: മൂവാറ്റുപുഴയുടെ സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ മണ്ഡലങ്ങളിലെ നിറസാന്നിധ്യവും മുൻ മുനിസിപ്പൽ ചെയർമാനും മുതിർന്ന കോൺഗ്രസ് നേതാവുമായ അഡ്വ. കെ. ആർ. സദാശിവൻ നായർ (82) അന്തരിച്ചു. കുറച്ചു കാലമായി തിരുവനന്തപുരത്ത് മകളോടൊപ്പമായിരുന്നു താമസം.

1938 ൽ കെ. ജി. മാധവൻ പിള്ളയുടെയും കമലാക്ഷിയമ്മയുടെയും മകനായാണ് സദാശിവൻ നായർ ജനിച്ചത്. മൂവാറ്റുപുഴയിലെ പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം എറണാകുളം ഗവൺമെന്റ് ലോ കോളെജിൽ നിന്നും നിയമ ബിരുദമെടുത്ത സദാശിവൻ നായർ 1963 ൽ അഭിഭാഷകനായി എന്റോൾ ചെയ്തു. എറണാകുളത്തെ പീറ്റർ & കരുണാകരിലാണ് കെ. ആർ.എസ് എന്ന ചുരുക്കപ്പേരിലറിയപ്പെട്ട ഇദ്ദേഹം പ്രാക്ടീസ് ആരംഭിച്ചത്.

1968-69 ലാണ് മൂവാറ്റുപുഴ കോടതിയിൽ പ്രാക്ടീസ് തുടങ്ങുന്നത്. ക്രമേണ നഗരത്തിലെ പൊതു രംഗത്തെ സജീവ സാന്നിധ്യമായി മാറിയ കെ.ആർ.എസ് താമസിയാതെ മുനിസിപ്പൽ കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ടു.

പിന്നീട് 1975ൽ മൂവാറ്റുപുഴ മുനിസിപ്പൽ ചെയർമാനുമായി. നഗരസഭാ പ്രതിപക്ഷ നേതാവായും ഇദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1991 ലെ കെ. കരുണാകരൻ മന്ത്രിസഭയുടെ കാലത്ത് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (KILE) ചെയർമാനായിരുന്ന ഇദ്ദേഹം ദീർഘകാലം കെപിസിസി അംഗമായും പ്രവർത്തിച്ചു.

മൂവാറ്റുപുഴ മേളയുടെ ആദ്യകാല അംഗങ്ങളിലൊരാളും പ്രസിഡന്റുമായിരുന്ന അഡ്വ. കെ.ആർ. സദാശിവൻ നായർ, മൂവാറ്റുപുഴ ബാർ അസോസിയേഷൻ, മൂവാറ്റുപുഴ ശ്രീമൂലം യൂണിയൻ ക്ലബ്ബ് എന്നിവയുടെയും പ്രസിഡന്റായിരുന്നു.

സംസ്കാരം മൂവാറ്റുപുഴ, കടാതി സംസാരം ജംഗ്ഷന് സമീപത്തെ വീട്ടുവളപ്പിൽ ഇന്ന് രാവിലെ 11 മണിക്ക്.

സഹോദരങ്ങൾ: പരേതരായ കൃഷ്ണൻ നായർ (റിട്ട. ജോയിന്റ് ഡയറക്റ്റർ, ഫിഷറീസ് വകുപ്പ്), പ്രൊഫ. നാരായണൻ നായർ (റിട്ട. പ്രിൻസിപ്പൽ, എൻ.എസ്. എസ്. കോളെജ്, നെന്മാറ), മണികണ്ഠൻ നായർ (റിട്ട. പഞ്ചായത്ത് സെക്രട്ടറി), സരോജിനിയമ്മ, സുഭദ്ര.

ഭാര്യ: അംബുജാക്ഷിയമ്മ. മക്കൾ: സിന്ധു (മൂവാറ്റുപുഴ), സന്ധ്യ (തിരുവനന്തപുരം), സജിത്ത് (സിംഗപ്പൂർ). മരുമക്കൾ: മണി (ഓറഞ്ച്), രാകേഷ് (എൽഐസി), ഗോപിക.

കിഴക്കേ ചിറയിൽ വയോധികയുടെ മൃതദേഹം; ഉത്സവ ചടങ്ങുകൾ മുടങ്ങി

കാളി

പഴയന്നൂർ: ഭഗവതി ക്ഷേത്രത്തിന്റെ കിഴക്കേ ചിറയിൽ വയോധികയുടെ മൃതദേഹം. ഉത്സവ ചടങ്ങുകൾ മുടങ്ങി. ക്ഷേത്ര നട അടച്ചിട്ടു. വെള്ളിയാഴ്ച ഉത്സവ സമാപനത്തിൽ ദേവകളുടെ ആറാട്ട് നടക്കേണ്ടത് കിഴക്കേ ചിറയിലായിരുന്നു പഴയന്നൂർ പുത്തിരിത്തറ പൂണത്തുതൊടി കാളി (വെള്ളച്ചി - 76) മരിച്ച നിലയിൽ കണ്ടത്. പഴയന്നൂരിലെ റോഡുകളിൽ അലഞ്ഞു തിരിഞ്ഞു നടക്കാറുള്ള കാളിക്ക് മാനസികാസ്വസ്ഥ്യം ഉള്ളതായി നാട്ടുകാർ പറഞ്ഞു. മക്കളില്ല. പഴയന്നൂർ പൊലീസ് മേൽനടപടികൾ സ്വീകരിച്ചു.

ബൈക്കും കാറും കൂട്ടിയിടിച്ചു യുവാവ് മരിച്ചു

നിഷാദ്

കഴക്കൂട്ടം: വെട്ടുറോഡിൽ ബൈക്കും കാറും തമ്മിൽ കൂട്ടിയിടിച്ചു ബൈക്ക് യാത്രികൻ മരിച്ചു. പുതുക്കുറിച്ചി മുസ്ലിം ജമാഅത്തിന് സമീപം പരയൻ വിളാകം, നിസാം മൻസിലിൽ യഹിയുടെയും നിസായുടെയും മകൻ നിഷാദ് (21) ആണ് മരിച്ചത്. ചൊവ്വാഴ്ച രാത്രി 11 മണിയോടെയാണ് അപകടമുണ്ടായത്. ചിറ്റാറ്റുമുക്കിൽ നിന്ന് വെട്ടുറോഡ് ദേശീയ പാതയിലേക്ക് കടക്കുമ്പോൾ ആറ്റിങ്ങൽ ഭാഗത്ത് നിന്നും കഴക്കൂട്ടത്തേക്ക് വരുകയായിരുന്ന കാർ ബൈക്കിനെ ഇടിച്ച് തെറിപ്പിക്കുകായിരുന്നുവെന്ന് പൊലീസ് പറഞ്ഞു. അപകടത്തിൽ പരുക്കേറ്റ നിഷാദിനെ മെഡിക്കൽ കോളെജ് ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല.

കാൽനടയാത്രക്കാരി ബൈക്കിടിച്ച് മരിച്ചു

പ്രമീള

ചേർത്തല: ദേശീയപാതയിൽ ചേർത്തല റെയിൽവേസ്റ്റേഷന് സമീപം കാൽനടയാത്രക്കാരി ബൈക്കിടിച്ച് മരിച്ചു.

നഗരസഭ 35-ാം വാർഡ് നികർത്തിൽ അനിൽകുമാറിന്റെ ഭാര്യ പ്രമീള(45) ആണ് മരിച്ചത്.

ബുധനാഴ്ച രാവിലെ എട്ടരയോടെ ദേശീയ പാത കടക്കുമ്പോൾ ബൈക്കിടിച്ച് വീഴ്ത്തുകയായിരുന്നു. തലയ്ക്കേറ്റ ക്ഷതമാണ് മരണകാരണമായത്. മക്കൾ: വിഷ്ണു, പാർവതി.

സഹകരണ ബാങ്കിന്റെ ജപ്തി ഭീഷണി; ഗൃഹനാഥൻ ജീവനൊടുക്കി

സുകുമാരൻ സ്റ്റീഫൻ

കാട്ടാക്കട: പൂവച്ചൽ പഞ്ചായത്തിലെ ദേവൻ കോട് ഇളം പ്ലാമൂട് റ്റി.എസ്. ഭവനിൽ സുകുമാരൻ സ്റ്റീഫൻ (65) ആണ് കഴിഞ്ഞ ദിവസം രാത്രി പുരയിടത്തിലെ പ്ലാവിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്. സഹകരണ ബാങ്കിൽ നിന്ന് നാല് ലക്ഷം രൂപ വായ്പ എടുത്തിരുന്നു. 2.5 ലക്ഷം രൂപ തിരിച്ചടച്ചിരുന്നു. ഇതിന് ശേഷം 2018 - ൽ ഇയാളുടെ മകൻ രജ്ഞിത്ത് വായ്പ 6.5 ലക്ഷമാക്കി പുതിക്കി എടുത്തിരുന്നു. 9000 രൂപ വച്ച് ഏഴു മാസം അടച്ചെങ്കിലും അച്ഛന്റെയും, ഭാര്യയുടെയും ചികിത്സ ചിലവ് മൂലം തിരിച്ചടവ് മുടങ്ങി. ഇതിനു പിന്നാലെ ബാങ്ക് ജപ്തി നടപടികളുമായി മുന്നോട്ട് പോയി രണ്ട് ദിവസം മുമ്പ് വീട്ടിൽ ജപ്തി നോട്ടീസും പതിച്ചിരുന്നു. വിഷമത്തിലായ ഗൃഹനാഥൻ തുടർച്ചായി ബാങ്കിൽ നിന്നും വന്ന ഫോൺ വിളികളും എത്തിയതോടെയാണ് ഇയാൾ ജീവനൊടുക്കിയതെന്ന് എന്ന് ബന്ധുക്കൾ പറയുന്നത്.

പുറമേരി സ്വദേശിയായ സൈനികൻ പഞ്ചാബിൽ മരിച്ചു

കെ. സൂരജ് ലാൽ

നാദാപുരം: പുറമേരി വിലാതപുരം സ്വദേശിയായ സൈനികൻ ഹൃദയാഘാതത്തെ തുടർന്ന് പഞ്ചാബിൽ അന്തരിച്ചു. വിലാതപുരത്തെ കൃഷ്ണപ്രഭയിൽ (കുനിയിൽ) കെ.സൂരജ് ലാൽ (33) ആണ് ജോലി സ്ഥലമായ പഞ്ചാബിൽ മരിച്ചത്. ഇന്ത്യൻ സൈന്യത്തിൽ നായിക് തസ്തികയിൽ എച്ച് ക്യൂ 11 കോർപ്സ് (എം ടി) യൂണിറ്റിൽ പഞ്ചാബിലെ ജലന്തറിൽ ജോലി ചെയ്ത് വരികയായിരുന്നു. ചൊവ്വാഴ്ച പുലർച്ചെ നാലരയോടെയാണ് മരണം സംഭവിച്ചത്. പുറമേരി പഞ്ചായത്ത് മുൻ പ്രസിഡന്റും, തൂണേരി ബ്ലോക്ക് മെമ്പറുമായ കെ. പങ്കജത്തിന്റെയും, സുരേഷ് ബാബുവിന്റെയും മകനാണ്. രാത്രിയോടെ കരിപ്പൂർ വിമാനത്താവളത്തിലെത്തിച്ച മൃതദേഹം ഇന്ന് രാവിലെ 9 മണിക്ക് ഔദ്യോഗിക ബഹുമതികളോടെ വീട്ട് വളപ്പിൽ സംസ്കരിക്കും. പൊതു ദർശന ചടങ്ങുകൾ ഒഴിവാക്കിയിട്ടുണ്ട്. ഭാര്യ: പ്രബിത. മക്കൾ: സിദ്ര സൂരജ്, സിദ്ധാർഥ്. സഹോദരി: തുഷാര.

അസെൻഡ് കേരള 2020: അനുമതിക്ക് ഓൺലൈൻ

തിരുവനന്തപുരം: കൊച്ചിയിൽ സംഘടിപ്പിച്ച ആഗോള നിക്ഷേപ സംഗമത്തിന്റെ (അസെൻഡ് കേരള 2020) തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി പത്തു കോടിയിൽ താഴെ മുതൽ മുടക്കുള്ള ചെറുകിട- ഇടത്തരം സംരംഭങ്ങൾക്ക് അനുമതി നൽകുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ഇന്നലെ നടന്ന അവലോകന യോഗത്തിന്റെ തുടർച്ചയായാണിത്.

ഒരു ലക്ഷം കോടി രൂപയുടെ വ്യവസായ നിക്ഷേപ വാഗ്ദാനങ്ങളാണ് അസെൻഡിൽ വന്നത്. ഇതനുസരിച്ച് 158 ധാരണാപത്രങ്ങൾ (താൽപര്യപത്രം ഉൾപ്പെടെ) സംരംഭകരുമായി ഒപ്പിട്ടു. ഈ ധാരണാപത്രങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പ് എടുക്കുകയാണ്. ധാരണാപത്രം ഒപ്പിട്ട നിക്ഷേപകരെ സഹായിക്കുന്നതിന് 28 നോഡൽ ഓഫിസർമാരെ നിയോഗിച്ചു. ഇതിന്റെ തുടർച്ചയായി കെ.എസ്.ഐ.ഡി.സി.യിൽ ഇൻവെസ്റ്റർ ഫെസിലിറ്റേഷൻ സെൽ അടുത്തമാസം ആരംഭിക്കും.

വ്യവസായങ്ങൾക്ക് 15 ഏക്കറിൽ കൂടുതൽ ഭൂമി വാങ്ങുന്നതിന് 1963ലെ കേരള ഭൂപരിഷ്കരണ നിയമം ഭേദഗതി ചെയ്യും. നിലവിലെ നിയമപ്രകാരം പരമാവധി 15 ഏക്കർ ഭൂമിയേ കൈവശം വയ്ക്കാൻ പാടുള്ളൂ.

പത്തു മീറ്ററിൽ താഴെ വീതിയുള്ള റോഡുകൾക്കടുത്ത് കെട്ടിട നിർമ്മാണ ചട്ടപ്രകാരം 18,000 ചതുരശ്ര മീറ്ററിൽ കുറഞ്ഞ കെട്ടിടമേ നിർമ്മിക്കാൻ കഴിയൂ. ഈ പരിധി എട്ടു മീറ്ററാക്കുന്നതിന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തും.

രാത്രിയിലും സ്ത്രീകൾക്ക് ജോലി ചെയ്യുന്നതിന് കേരള ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റിൽ സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ഫാക്ടറീസ് ആക്റ്റിലും ഭേദഗതി വരുത്തും. വ്യവസായത്തിനു വേണ്ടി ഭൂമി ഒരുക്കുന്നതിനുള്ള അനുമതി ഏകജാലകം (കെ-സ്വിഫ്റ്റ്) വഴി നൽകാനുള്ള നടപടി സ്വീകരിക്കും. കെ.എസ്.ഐ.ഡി.സിയുടെ വായ്പാ പരിധി 35 കോടി രൂപയിൽ നിന്നും 100 കോടി രൂപയായി ഉയർത്തുമെന്ന പ്രഖ്യാപനവും ഉടനെ നടപ്പാക്കും.

യോഗത്തിൽ മന്ത്രിമാരായ ഇ.പി. ജയരാജൻ, എ.സി. മൊയ്തീൻ, ടി.പി. രാമകൃഷ്ണൻ എന്നിവരും ചീഫ് സെക്രട്ടറി ടോം ജോസ്, വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ. ഇളങ്കോവൻ തുടങ്ങിയവരും പങ്കെടുത്തു.

സമസ്ത പൊതുപരീക്ഷ: ഓൺലൈൻ വഴി ഗൈഡൻസ് ക്ലാസുകൾ

ചേളാരി: കൊറോണ വൈറസ് മുൻകരുതൽ നടപടികളുടെ ഭാഗമായി സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡിന്റെ അംഗീകൃത മദ്രസകൾക്ക് ഈ മാസം 11 മുതൽ അവധി നൽകിയ സാഹചര്യത്തിൽ ഏപ്രിൽ 4, 5, 6 തിയ്യതികളിൽ നടക്കുന്ന പൊതുപരീക്ഷയിൽ പങ്കെടുക്കുന്ന വിദ്യാർഥികൾക്ക് സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡ് ഓൺലൈൻ വഴി ഗൈഡൻസ് ക്ലാസ് ഒരുക്കി. അഞ്ച്, ഏഴ്, പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ രണ്ടരലക്ഷം വിദ്യാർഥികൾക്ക് ഇതിന്റെ ഗുണഫലം ലഭിക്കും. വിദഗ്ദർ തയ്യാറാക്കിയ ക്ലാസുകൾ www.samastha.info എന്ന വെബ് സൈറ്റിലും Sabq YouTube ചാനലിലും ലഭ്യമാവും.

ഒരു ലിറ്റർ കുപ്പി വെള്ളത്തിന് 13 രൂപ: വിജ്ഞാപനമായി

തിരുവനന്തപുരം: സംസ്ഥാനത്ത് ഒരു ലിറ്റർ കുപ്പി വെള്ളത്തിന്റെ പരമാവധി വില്പന വില 13 രൂപയായി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു. മാർച്ച് 17 മുതൽ ഉത്തരവിന് പ്രാബല്യമുണ്ട്. പരമാവധി വിലയിൽ കൂടുതൽ വിലയ്ക്ക് കുപ്പിവെള്ളം വിൽക്കാൻ പാടില്ല. ഉത്തരവ് പാലിക്കുന്നുവെന്ന് ഉറപ്പാക്കാൻ ലീഗൽ മെട്രോളജി വകുപ്പിലെ ഇൻസ്പെക്ടർമാരെയും താലൂക്ക് സപ്ലൈ ഓഫിസർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

കുപ്പി വെള്ളത്തെ കേരള അവശ്യസാധന നിയന്ത്രണ നിയമം 1986 പ്രകാരം അവശ്യസാധനമായി പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിയമത്തിന്റെ മൂന്നാം വകുപ്പ് പ്രകാരം സർക്കാരാണ് വിജ്ഞാപനം പുറപ്പെടുവിച്ചത്. സംസ്ഥാനത്ത് ഇനി കുപ്പിവെള്ളത്തിന് 13 രൂപയിലേറെ ഈടാക്കുന്നത് ശിക്ഷാർഹമായ കുറ്റമാണ്.

ക്ലാസെടുക്കുന്ന സർക്കാർ ജീവനക്കാർക്കെതിരേ നടപടി

തിരുവനന്തപുരം: സർക്കാർ ജീവനക്കാർ, സർക്കാർ/എയ്ഡഡ് - സ്കൂൾ/കോളെജുകളിലെ അധ്യാപകർ എന്നിവർ സ്വകാര്യ പി.എസ്.സി പരിശീലന കേന്ദ്രങ്ങൾ/ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ നടത്തുന്നതിനും ക്ലാസുകൾ എടുക്കുന്നതിനുമെതിരേ അച്ചടക്ക നടപടി സ്വീകരിക്കുമെന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സർക്കുലർ ഇറക്കി. ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നവർക്കെതിരേ വകുപ്പധ്യക്ഷൻമാർ/നിയമനാധികാരികൾ കർശന ശിക്ഷണ നടപടി സ്വീകരിക്കണമെന്നും സർക്കുലർ പറയുന്നു.

കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ ഡയറക്ടർ: 0471- 2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

അക്ഷയ AK-437 നറുക്കെടുപ്പ് ഫലം 18/03/2020

സ്ഥലം: ഗോർഖി ഭവൻ, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം

ഒന്നാം സമ്മാനം 70 ലക്ഷം രൂപ AJ 243891 (ERNAKULAM)

സമാശ്വാസ സമ്മാനം 8000 രൂപ

AA 243891	AB 243891	AC 243891	AD 243891
AE 243891	AF 243891	AG 243891	AH 243891
AK 243891	AL 243891	AM 243891	

2-ാം സമ്മാനം 5 ലക്ഷം രൂപ

AC 455959 ((KANNUR)

3-ാം സമ്മാനം 1 ലക്ഷം രൂപ

AA 767009	AB 517320	AC 347742	AD 228138
AE 693468	AF 142552	AG 887147	AH 835675
AJ 664480	AK 163359	AL 491081	AM 884565

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

4-ാം സമ്മാനം 5000 രൂപ

0521	1995	2564	2834	3664	3784	3799	4159	4563	5214
5584	5642	6481	6521	7196	7356	7520	8690		

5-ാം സമ്മാനം 2000 രൂപ

0202	1198	2199	2797	6740	7186	8821

6-ാം സമ്മാനം 1000 രൂപ

0056	0207	0309	0319	0353	0611	0863	1208	1259	2010
2437	2785	2808	3639	4271	6372	6642	6806	6933	7130
7300	7840	8890	9523	9728	9810				

7-ാം സമ്മാനം 500 രൂപ

0805	0934	0979	1040	1209	1269	1531	2003	2033	2036
2431	2588	3456	3468	3532	3813	4057	4166	4203	4303
4315	4545	4637	4640	4887	4952	5006	5046	5058	5179
5291	5302	5362	5408	5515	6240	6604	6688	6693	6812
6916	6979	7122	7270	7518	7527	7538	7662	7687	7969
7974	8103	8422	8460	8464	8492	8584	8610	8615	8675
8875	8998	9532	9559						

8-ാം സമ്മാനം 100 രൂപ

0160	0194	0227	0266	0283	0398	0775	0780	0976	1057
1062	1121	1172	1179	1184	1224	1400	1475	1667	1777
1878	2026	2345	2364	2411	2454	2523	2553	2596	2780
2872	2890	2912	3022	3027	3070	3213	3258	3271	3362
3557	3606	3615	3891	4004	4043	4046	4058	4086	4214
4226	4304	4318	4382	4448	4452	4465	4471	4486	4614
4787	4867	4942	4965	5028	5122	5235	5264	5335	5364
5462	5463	5637	5646	5692	5809	5949	5974	6096	6195
6531	6615	6754	6969	7026	7088	7201	7247	7512	7537
7550	7567	7581	7656	7657	7666	7734	7834	7955	8028
8072	8177	8232	8287	8295	8333	8626	8797	8866	8929
9053	9131	9183	9452	9538	9784	9813	9816	9848	9989

(ഒപ്പ്) കനേഷ്യസ്., ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക

നറുക്കെടുപ്പ് തത്സമയ സംപ്രേഷണം എല്ലാ ദിവസവും കൈരളി, കൗമുദി, ജയ്ഹിന്ദ്, ജീവൻ ചാനലുകളിൽ

വിനോദസഞ്ചാരികളുടെ ക്ഷേമത്തിന് 11 ഇന മാർഗനിർദ്ദേശങ്ങളുമായി കേരള ടൂറിസം

തിരുവനന്തപുരം: കൊവിഡ്19 രോഗഭീഷണിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് പുതുതായി ആരംഭിച്ച ജില്ലാതല ഹെൽപ് ഡെസ്ക്കുകൾക്കായി കേരള ടൂറിസം വകുപ്പ് 11 ഇന മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. കൊറോണ വൈറസ് സംസ്ഥാനത്തു പടർന്നു പിടിക്കുന്നത് തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ഈ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതെന്ന് ടൂറിസം മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു.

സഞ്ചാരികളുടെ ക്ഷേമത്തിനായി ആരോഗ്യ വകുപ്പ് നേരത്തെ തന്നെ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. രോഗം പടരുന്നത് തടയാനായി സർക്കാരെടുത്ത നടപടികൾക്കു പുതിയ മാർഗനിർദ്ദേശങ്ങൾ ഏറെ സഹായകരമാകുമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്തെത്തുന്ന സഞ്ചാരികൾക്ക് ആവശ്യമായ സഹായം നൽകുന്നതിൽ ട്രാവൽ ആൻഡ് ടൂറിസം വ്യവസായം എല്ലാവിധ പിന്തുണയും സഹായങ്ങളും വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക്നൽകുന്നുണ്ടെന്ന് സംസ്ഥാന ടൂറിസം സെക്രട്ടറി റാണി ജോർജ് പറഞ്ഞു. ടൂറിസം വ്യവസായത്തിന്റെ നേതൃത്വത്തിൽ സന്നദ്ധപ്രവർത്തകരുടെ സംഘം രൂപീകരിച്ച് ജില്ലാ ടൂറിസം ജീവനക്കാരുമായി ചേർന്ന് പ്രതിസന്ധി കൈകാര്യം ചെയ്യുന്നുണ്ടെന്നും അവർ.

ടൂറിസം ഡയറക്റ്റർ പി. ബാല കിരണാണ് ജില്ലാതല ഹെൽപ് ഡെസ്കുകൾക്ക്മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത്. ജില്ലാതല ഹെൽപ് ഡെസ്കുകൾ 24 മണിക്കൂറും പ്രവർത്തിക്കണമെന്നും വിനോദസഞ്ചാരികളുടെ സംസ്ഥാനത്തെ ദിനങ്ങൾ പ്രശ്നരഹിതമാക്കുക, അവശ്യഘട്ടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, കൊവിഡ്19 മായി ബന്ധപ്പെട്ട നിരീക്ഷണകാലത്തെ പ്രശ്നങ്ങൾ പരിഹരിക്കുക എന്നിവ ശ്രദ്ധിക്കുകയും വേണം. മുൻകൂട്ടി താമസസൗകര്യം ബുക്ക് ചെയ്യാത്ത എല്ലാ സഞ്ചാരികൾക്കും ടൂറിസം വകുപ്പിന്റെ മാർഗനിർദ്ദേശപ്രകാരം ജില്ലാതല ഹെൽപ്ഡെസ്കുകൾ സഹായം നൽകണം. സ്വകാര്യമേഖലയിൽ താമസ സൗകര്യം ലഭ്യമല്ലെങ്കിൽ ഇക്കാര്യം കേരള ടൂറിസം ഡെവലപ്മന്റ് കോർപറേഷന്റെ(കെടിഡിസി) എംഡിയുടെ ശ്രദ്ധയിൽ കൊണ്ടുവരണം. ഇതുവഴി ഏറ്റവുമടുത്തുള്ള കെഡിടിസി ഹോട്ടലിൽ താമസ സൗകര്യം ഏർപ്പെടുത്തും. ഭക്ഷണം, വെള്ളം, പ്രാദേശിക ഗതാഗത സൗകര്യം, എന്നിവയിൽ അടിയന്തര സഹായം ആവശ്യമാണെങ്കിൽ അത് എത്തിക്കണം. ഇതിനാവശ്യമായ വരുന്ന ചെലവുകൾ പിന്നീട് മടക്കി നൽകുമെന്നും ടൂറിസം വകുപ്പ്വ്യക്തമാക്കി.

രോഗലക്ഷണങ്ങളെത്തുടർന്ന് നിരീക്ഷണത്തിൽ കഴിയുന്ന വിദേശ സഞ്ചാരികളുടെ വിസ കാലാവധി അവസാനിക്കുന്ന പക്ഷം ജില്ലാതല ഹെൽപ് ഡെസ്കുകൾ ഇക്കാര്യം അതത് ജില്ലാ കലക്റ്റർമാരെ അറിയിക്കണം. രോഗലക്ഷണങ്ങളില്ലാത്ത സഞ്ചാരികൾ സ്വന്തം രാജ്യത്തേക്ക് മടങ്ങാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവരെ ആരോഗ്യവകുപ്പിന്റെ വൈദ്യപരിശോധനാ സെല്ലിനു മുമ്പാകെ ഹാജരാകാൻ ആവശ്യപ്പെടണമെന്നും മാർഗനിർദ്ദേശത്തിൽ പറയുന്നു. എല്ലാ ദിവസവും ഉച്ചകഴിഞ്ഞു മൂന്നിനു മുമ്പായി എല്ലാ ജില്ലാതല ഹെൽപ് ഡെസ്കുകളും സംസ്ഥാന ഹെൽപ് ഡെസ്കുകൾക്ക് ദൈനംദിന റിപ്പോർട്ട് ഇമെയിൽ (helpdesk@keralatourism.org) ചെയ്യണം. ഈ രംഗത്തുണ്ടാകുന്ന എല്ലാ കാര്യങ്ങളും സൂക്ഷ്മമായും അതീവ ശ്രദ്ധയോടും കൂടെ ഹെൽപ് ഡെസ്കുകൾ നിരീക്ഷിക്കണം.

ടൂറിസം വ്യവസായ സംഘടനകൾ രൂപീകരിച്ച സന്നദ്ധ പ്രവർത്തകരുടെ സമിതികളുമായി നിരന്തര സമ്പർക്കം പുലർത്തുകയും വേണം. സംസ്ഥാന തല ഹെൽപ് ഡെസ്ക് നമ്പറുകളായ 9995454696, 9447363538 എന്നിവയിൽ ജില്ലാതല ഹെൽപ് ഡെസ്കുകൾ ബന്ധപ്പെടേണ്ടതാണ്. സംസ്ഥാന- ജില്ലാ തലങ്ങളിൽ ഹെൽപ് ഡെസ്കുകൾ ആരംഭിക്കാനുള്ള പ്രഖ്യാപനം ടൂറിസം വകുപ്പ് ചൊവ്വാഴ്ചയാണു നടത്തിയത്. ടൂറിസം ഇൻഫർമേഷൻ ഓഫിസർമാരായ സജീവ് കെ.ആർ-9995454696, രമേഷ് ടി.പി-9447363538 എന്നിവർ വഴി ടൂറിസം ഡയറക്ടറേറ്റിലെ പ്രധാന ഹെൽപ് ഡെസ്കിൽ ബന്ധപ്പെടാവുന്നതാണ്.

യൂണിവേഴ്സിറ്റി ന്യൂസ്

കേരള

പരീക്ഷാഫീസ്: തീയതി നീട്ടി

2020 മേയ് രണ്ടിന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്/കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എ, ബി.എസ്.സി, ബി.കോം ഡിഗ്രി (റെഗുലർ 2019 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് 2018 അഡ്മിഷൻ, 2014, 2015, 2016 & 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴകൂടാതെ 2020 മാർച്ച് 30 വരെയും 150 രൂപ പിഴയോടെ ഏപ്രിൽ രണ്ടു വരെയും 400 രൂപ പിഴയോടെ ഏപ്രിൽ നാലു വരെയും ഓൺലൈനായി അപേക്ഷിക്കാം.

പരീക്ഷാഫലം

2019 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (ഓൾഡ് സ്കീം) മേഴ്സി ചാൻസ് ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 31 വരെ അപേക്ഷിക്കാം.

2019 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് സ്ട്രീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് മാർച്ച് 28 വരെ അപേക്ഷിക്കാം.

കോളെജ് മാറ്റത്തിന് അപേക്ഷിക്കാം

സർവകലാശാലയുടെ കീഴിലുള്ള കോളെജുകളിൽ അഞ്ചാം സെമസ്റ്റർ ബിരുദ വിദ്യാർത്ഥികൾക്ക് (സി.ബി.സി.എസ്.എസ്) 2020 21 അദ്ധ്യയന വർഷത്തിൽ കോളെജ് മാറ്റത്തിനായി അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥികൾ നാലാം സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിരിക്കണം. കോളെജ് മാറ്റം ഗവൺമെന്റ്/എയ്ഡഡ് കോളെജുകൾ തമ്മിലും, സ്വാശ്രയ കോളെജുകൾ തമ്മിലും അനുവദിക്കുന്നതാണ്.

പൂരിപ്പിച്ച അപേക്ഷയോടൊപ്പം പ്ലസ്ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷകളുടെ മാർക് ലിസ്റ്റ് സഹിതം പഠിക്കുന്ന കോളെജിലെ പ്രിൻസിപ്പലിന്റെ ശുപാർശയോടെ 1050/ രൂപ ഫീസടച്ച് ചേരാൻ ഉദ്ദേശിക്കുന്ന കോളെജിൽ 2020 ഏപ്രിൽ 25ന് മുൻപായി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുപ്പെടുകയാണെങ്കിൽ 1575/ രൂപ കൂടി അടയ്ക്കേണ്ടതാണ്. അപേക്ഷ സർവകലാശാല രജിസ്ട്രാർക്ക് തപാലിൽ ലഭിക്കേണ്ട അവസാന തീയതി 2020 ഏപ്രിൽ 30. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

പ്രോജക്റ്റ് അസിസ്റ്റന്റ്: തീയതി നീട്ടി

കേരള സർവകലാശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ അൾട്ടർനേറ്റീവ് ഇക്കണോമിക്സിൽ കരാറടിസ്ഥാനത്തിൽ അസോസിയേറ്റ് റിസർച്ച് പ്രോഗ്രാമിലേക്കും ഷോർട്ട് ടേം റിസർച്ച് പ്രോജക്ടിലേക്കും 2020 മാർച്ച് 25 വൈകിട്ട് 5.00 മണി വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

എം ജി

പരീക്ഷ മാറ്റി

മാർച്ച് 20ന് ആരംഭിക്കാനിരുന്ന ഒന്നാം സെമസ്റ്റർ ബിരുദാനന്തര ബിരുദ സപ്ലിമെന്ററി പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

പരീക്ഷാ ഫലം

2019 ജൂലൈയിൽ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ടി.ടി.എം. (സി.എസ്.എസ്., റഗുലർ, റീഅപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ ഐ.എം.സി.എ. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ സപ്ലിമെന്ററി), ഡി.ഡി.എം.സി.എ. (2014-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഏപ്രിൽ ഏഴിന് ആരംഭിക്കും.

ഒന്നാം സെമസ്റ്റർ ഐ.എം.സി.എ. (2019 അഡ്മിഷൻ റഗുലർ/2017, 2018 അഡ്മിഷൻ സപ്ലിമെന്ററി)/ ഒന്നാം സെമസ്റ്റർ ഡി.ഡി.എം.സി.എ. (2014 - 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഏപ്രിൽ എട്ടിന് ആരംഭിക്കും. പിഴയില്ലാതെ മാർച്ച് 20 വരെയും 525 രൂപ പിഴയോടെ 21 വരെയും 1050 രൂപ സൂപ്പർഫൈനോടെ 22 വരെയും അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

അഫിലിയേറ്റഡ് കോളെജുകളിലെ നാലാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2017 അഡ്മിഷൻ റഗുലർ/2016 അഡ്മിഷൻ സപ്ലിമെന്ററി), ബി.എ. എൽ.എൽ.ബി. പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡിഗ്രി (2015 അഡ്മിഷൻ സപ്ലിമെന്ററി), ബി.എ. എൽ.എൽ.ബി. പഞ്ചവത്സര ഇന്റഗ്രേറ്റഡ് (2012-2014 അഡ്മിഷൻ സപ്ലിമെന്ററി), ബി.എ. (ക്രിമിനോളജി) എൽ.എൽ.ബി. (ഓണേഴ്സ്) പഞ്ചവത്സര ഇന്റഗ്രേറ്റഡ് (2011 അഡ്മിഷൻ സപ്ലിമെന്ററി), ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2017 അഡ്മിഷൻ റഗുലർ/2016, 2015 അഡ്മിഷൻ സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2015ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം. എൽ.എൽ.ബി. (ഓണേഴ്സ് - 2017 അഡ്മിഷൻ റഗുലർ/2016, 2015 അഡ്മിഷൻ സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ബി.കോം. എൽ.എൽ.ബി. (ഓണേഴ്സ്- 2015ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഏപ്രിൽ ഒന്നു മുതൽ ആരംഭിക്കും. പിഴയില്ലാതെ മാർച്ച് 21 വരെയും 525 രൂപ പിഴയോടെ 23 വരെയും 1050 രൂപ സൂപ്പർഫൈനോടെ 25 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ആറാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (4 പി.എം.-9 പി.എം. - റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് 27 മുതൽ നടക്കും. പിഴയില്ലാതെ മാർച്ച് 20 വരെയും 525 രൂപ പിഴയോടെ 21 വരെയും 1050 രൂപ സൂപ്പർഫൈനോടെ 23 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതവും (സെമസ്റ്ററിന് പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷ ഫീസിന് പുറമെ അടയ്ക്കണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

പ്രാക്റ്റിക്കൽ

2020 ഫെബ്രുവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.എ. ആനിമേഷൻ ആൻഡ് ഗ്രാഫിക് ഡിസൈൻ, മൾട്ടിമീഡിയ, വിഷ്വൽ ആർട്സ്, ആനിമേഷൻ ആൻഡ് വിഷ്വൽ ഇഫക്ട്സ്, വിഷ്വൽ കമ്മ്യൂണിക്കേഷൻ, ഓഡിയോഗ്രഫി ആൻഡ് ഡിജിറ്റൽ എഡിറ്റിങ് (സി.ബി.സി.എസ്., 2017 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. പരീക്ഷകളുടെ പ്രാക്റ്റിക്കൽ മാർച്ച് 26ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

2020 മാർച്ചിൽ നടന്ന ആറാം സെമസ്റ്റർ ബി.എ. മ്യൂസിക് വീണ, വയലിൻ (സി.ബി.സി.എസ്. - 2017 അഡ്മിഷൻ റഗുലർ/സി.ബി.സി.എസ്.എസ്. - 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകളുടെ പ്രാക്റ്റിക്കൽ മാർച്ച് 23 മുതൽ 26 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളെജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

കാലിക്കറ്റ്

പരീക്ഷാ അപേക്ഷ

കാലിക്കറ്റ് സർവകലാശാല വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ (2019 പ്രവേശനം) രണ്ടാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം/ബി.ബി.എ/ബി.എ മൾട്ടിമീഡിയ/ബി.എ അഫ്സൽ-ഉൽ-ഉലമ (സി.ബി.സി.എസ്.എസ്) റഗുലർ പരീക്ഷക്ക് പിഴ കൂടാതെ മാർച്ച് 31 വരെയും 170 രൂപ പിഴയോടെ ഏപ്രിൽ രണ്ടു വരെയും ഫീസടച്ച് ഏപ്രിൽ നാലു വരെ രജിസ്റ്റർ ചെയ്യാം. അപേക്ഷയുടെ പ്രിന്റൗട്ട്, ചലാൻ സഹിതം ജോയിന്റ് കൺട്രോളർ ഓഫ് എക്സാമിനേഷൻസ്-8, എക്സാമിനേഷൻ-ഡിസ്റ്റൻസ് എഡ്യുക്കേഷൻ, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്, 673 635 എന്ന വിലാസത്തിൽ ഏപ്രിൽ ഏഴിനകം ലഭിക്കണം.

കാലിക്കറ്റ് സർവകലാശാല വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ രണ്ടാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം/ബി.ബി.എ/ബി.എം.എം.സി/ബി.എ അഫ്സൽ-ഉൽ-ഉലമ (സി.യു.സി.ബി.സി.എസ്.എസ്) സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷക്ക് പിഴകൂടാതെ മാർച്ച് 31 വരെയും 170 രൂപ പിഴയോടെ ഏപ്രിൽ രണ്ട് വരെയും ഫീസടച്ച് ഏപ്രിൽ നാല് വരെ രജിസ്റ്റർ ചെയ്യാം. അപേക്ഷയുടെ പ്രിന്റൗട്ട്, ചലാൻ സഹിതം ജോയിന്റ് കൺട്രോളർ ഓഫ് എക്സാമിനേഷൻസ്-8, എക്സാമിനേഷൻ-ഡിസ്റ്റൻസ് എഡ്യുക്കേഷൻ, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്, 673 635 എന്ന വിലാസത്തിൽ ഏപ്രിൽ ഏഴിനകം ലഭിക്കണം.

പരീക്ഷാഫലം

കാലിക്കറ്റ് സർവകലാശാല അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി (യൂണിറ്ററി), ഒമ്പതാം സെമസ്റ്റർ ബി.ബി.എ-എൽ.എൽ.ബി (ഓണേഴ്സ്) സേ (ഡിസംബർ 2019) പരീക്ഷാഫലം വെബ്സൈറ്റിൽ.

കാലിക്കറ്റ് സർവകലാശാല 2019 ഏപ്രിലിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.സി.ജെ, എം.എ ജേണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ (സി.യു.സി.എസ്.എസ്) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിന് മാർച്ച് 26 വരെ അപേക്ഷിക്കാം.

ഇന്നു നിങ്ങൾക്ക്

ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

■ അശ്വതി: യാത്രാക്ലേശത്താൽ അസ്വാസ്ഥ്യമനുഭവപ്പെടും. ആത്മാർത്ഥമായ പ്രവർത്തനങ്ങൾക്ക് അനുമോദനങ്ങൾ വന്നുചേരും. സ്വപ്നസാക്ഷാത്കാരത്താൽ ആത്മനിർവൃതിയുണ്ടാകും.

■ ഭരണി: മുടങ്ങിക്കിടപ്പുള്ള സ്ഥാനമാനങ്ങൾ ലഭിക്കും. പ്രവർത്തന മേഖലകളിൽ നിന്നും സാമ്പത്തിക പുരോഗതിയുണ്ടാകും. മാതാപിതാക്കളുടെ ആവശ്യങ്ങൾ നിർവഹിക്കും.

■ കാർത്തിക: അവഗണിക്കപ്പെടുന്ന അവസ്ഥാവിശേഷം ഒഴിഞ്ഞുമാറി പരിഗണിക്കപ്പെടുന്നതിനാൽ ആശ്വാസം തോന്നും. നീതിന്യായങ്ങൾ നടപ്പിലാക്കുന്നതിൽ ലക്ഷ്യപ്രാപ്തിനേടും.

■ രോഹിണി: ധനവിഭവസമാഹരണയജ്ഞത്തിൽ ലക്ഷ്യപ്രാപ്തിനേടും. പുതിയ ഭരണപരിഷ്കാരം അവലംബിക്കുന്നത് പ്രവർത്തനക്ഷമതയ്ക്കു വഴിയൊരുക്കും.

■ മകയിരം: വ്യവസായ-വ്യാപാര സ്ഥാപനങ്ങളിൽ സുരക്ഷാനടപടികൾ സുശക്തമാക്കും. കക്ഷിരാഷ്ട്രീയപ്രവർത്തനം ഉപേക്ഷിക്കും. സമ്മാനപദ്ധതിയിലും നറുക്കെടുപ്പിലും വിജയിക്കും.

■ തിരുവാതിര: ഉത്സാഹത്തോടുകൂടിയ സമീപനശൈലി മറ്റുള്ളവർക്ക് അസൂയക്ക് വഴിയൊരുക്കും. ഗൃഹനിർമ്മാണം പൂർത്തീകരിച്ച് ഗൃഹപ്രവേശനകർമ്മം നിർവഹിക്കും.

■ പുണർതം: അഭയം പ്രാപിച്ചു വരുന്നവർക്ക് ആശ്രയം നൽകും. ആധ്യാത്മിക-ആത്മീയ പ്രഭാഷണങ്ങൾ മനസ്സമാധാനത്തിനു വഴിയൊരുക്കും. സമയോചിതമായ ഇടപെടലുകളാൽ ഭീമമായ നഷ്ടപെടലുകളിൽ നിന്നും രക്ഷപ്പെടും.

■ പൂയ്യം: വ്യക്തിപ്രഭാവത്താൽ ദുഷ്കീർത്തി നിഷ്പ്രഭമാകും. റോഡുവികസനത്തിന് ഭൂമി വിട്ടുകൊടുക്കാൻ നിർബന്ധിതനാകും. വേണ്ടപ്പെട്ടവരുടെ അകാലവിയോഗത്തിൽ അതീവദുഃഖം അനുഭവപ്പെടും.

■ ആയില്യം: സാമ്പത്തിക ദുർവിനിയോഗം ചെയ്യുന്ന ജോലിക്കാരെ പിരിച്ചുവിടും. തീവ്രമായ പ്രയത്നത്താലും ഏകാഗ്രചിന്തകളാലും ഈശ്വരപ്രാർത്ഥനകളാലും പരീക്ഷണനിരീക്ഷണങ്ങളിൽ വിജയിക്കും.

■ മകം: അഹംഭാവം ഉപേക്ഷിക്കണം. അവസരങ്ങൾ വേണ്ടവിധത്തിൽ വിനിയോഗിച്ചാൽ അർഹതയുള്ള അംഗീകാരം ലഭിക്കും. ആധ്യാത്മിക ആത്മീയ പ്രഭാഷണങ്ങൾ മാനസികവിഭ്രാന്തിയെ കുറക്കും.

■ പൂരം: നീതിന്യായങ്ങൾ നടപ്പിലാക്കാൻ നിയമസഹായം തേടും. കീഴ്ജീവനക്കാർ വരുത്തിവെച്ച അബദ്ധങ്ങൾ തിരുത്താൻ നിർബന്ധിതനാകും.

■ ഉത്രം: പുന:പരീക്ഷയിൽ വിജയശതമാനം വർധിക്കും. നഷ്ടപ്പെട്ടു എന്നു കരുതുന്ന രേഖകൾ തിരിച്ചു ലഭിക്കാനും നേർന്നുകിടപ്പുള്ള വഴിപാടുകൾ ചെയ്തുതീർക്കാനും സാധ്യതയുണ്ട്.

■ അത്തം: അസന്മാർഗപ്രവർത്തനങ്ങളിൽ നിന്നും ആത്മാർത്ഥസുഹൃത്തിനെ രക്ഷിക്കാൻ സാധിക്കും. ഉദ്യോഗത്തിനോടനുബന്ധമായി ഉപരിപഠനത്തിനു ചേരും.

■ ചിത്തിര: ജീവിത സാഹചര്യങ്ങളെ മാറ്റിമറിക്കുന്ന പലഘടകങ്ങളും വന്നുചേരുമെങ്കിലും യുക്തിപൂർവ്വമുള്ള സമീപനത്താൽ അതിജീവിക്കാൻ സാധിക്കും. ആഗ്രഹിക്കുന്ന ഭൂമിവിൽപ്പന സഫലമാകും.

■ ചോതി: മേലധികാരി ചെയ്തുവെച്ച അബദ്ധങ്ങൾ തിരുത്തേണ്ടതായിവരും. പ്രതിപക്ഷത്തുള്ളവരേയും കൂട്ടി ഭരിക്കാൻ അത്യന്തം പരിശ്രമം വേണ്ടിവരും. വാഹനാപകടത്തിനു ദൃക്സാക്ഷിയാകും.

■ വിശാഖം: ആശ്രയിച്ചുവരുന്നവർക്ക് അഭയം നൽകുന്നതിൽ ആത്മാഭിമാനം തോന്നും. ചിന്തകൾക്കതീതമായി കാര്യങ്ങൾ അനുഭവത്തിൽ വന്നുചേരുമെങ്കിലും അഹംഭാവം ഒഴിവാക്കണം.

■ അനിഴം: ഔദ്യോഗിക ചുമതലകൾ കൃത്യതയോടുകൂടി നിർവഹിക്കുന്നതിനാൽ മറ്റ് ഉദ്യോഗത്തിന് അവസരം വന്നുചേരും. അഭിപ്രായസ്വാതന്ത്ര്യത്താൽ പൂർണമായും ആത്മാർത്ഥമായി പ്രവർത്തിക്കാൻ തയാറാകും.

■ തൃക്കേട്ട: സങ്കീർണമായ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കണ്ടെത്തും. പ്രാചീനസംസ്കാരവും ആധുനികസംവിധാനവും സമന്വയിപ്പിച്ച് കർമ്മമേഖലകൾക്ക് രൂപകല്പന ചെയ്യും.

■ മൂലം: കക്ഷിരാഷ്ട്രീയപ്രവർത്തനങ്ങളിൽ സജീവസാന്നിധ്യം വേണ്ടിവരും. വ്യക്തിവിദ്വേഷം ഒഴിവാക്കി സ്ഥാപിത താത്പര്യം മാനിച്ചു പ്രവർത്തിക്കുന്നത് ബൃഹത് സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രചോദനമാകും.

■ പൂരാടം: മഹദ്‌വ്യക്തികളുടെ ആശയങ്ങൾ ജീവിതത്തിൽ പകർത്തുന്നത് ആശ്വാസത്തിനും ആത്മാഭിമാനത്തിനും സൽകീർത്തിക്കും വഴിയൊരുക്കും ധർമ്മപ്രവൃത്തികൾക്കും പുണ്യപ്രവൃത്തികൾക്കുമായി ആത്മാർത്ഥമായി സഹകരിക്കും.

■ ഉത്രാടം: ഔദ്യോഗികമായി മുടങ്ങിക്കിടപ്പുള്ള സ്ഥാനമാനങ്ങൾ ലഭിക്കും. ചെയ്യുന്ന കാര്യങ്ങൾ മറ്റുള്ളവർക്കും ഉപകാരപ്രദമാകും. ആപത്ഘട്ടത്തിൽ നിന്നും ബന്ധുക്കളെ രക്ഷിക്കേണ്ടതായിവരും.

■ തിരുവോണം: വേർപ്പെട്ടു താമസിക്കുന്ന ദമ്പതികൾക്ക് പുന:സമാഗമം സാധ്യമാകും. സഹപ്രവർത്തകരുടെ സഹായസഹകരണത്തിൽ ബൃഹത്പദ്ധതികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുന്നത് പുതിയ ഉദ്യോഗത്തിന് വഴിയൊരുക്കും.

■ അവിട്ടം: ഭരണസംവിധാനം പുനഃക്രമീകരിച്ച്, ധ്രുവീകരണം അവലംബിച്ച് തൊഴിൽ മേഖലയിൽ ലക്ഷ്യം കൈവരിക്കും. വ്യവഹാരവിജയത്താൽ നേർന്നുകിടപ്പുള്ള വഴിപാടുകൾ ചെയ്തുതീർക്കും.

■ ചതയം: വസ്തുതകൾക്കു നിരക്കാത്ത സംയുക്തസംരംഭങ്ങളിൽ നിന്നും പിന്മാറുന്നതു വഴി മനസമാധാനമുണ്ടാകും. ഗതിവിഗതികൾക്കനുസരിച്ച് ജീവിതസാഹചര്യങ്ങളെ അതിജീവിക്കേണ്ടതായിവരും.

■ പൂരോരുട്ടാതി: പറയുന്ന ആശയങ്ങളും ചെയ്യുന്ന കാര്യങ്ങളും സ്വന്തം നിലയിൽ അനുഭവമുണ്ടാവുകയില്ലെങ്കിലും അന്യർക്ക് ഉപകാരപ്രദമാകും. ഔദ്യോഗികതലത്തിൽ ചുമതലകളും യാത്രാക്ലേശവും വർധിക്കും.

■ ഉത്രട്ടാതി: കക്ഷിരാഷ്ട്രീയ പ്രവർത്തനങ്ങളിൽ പരാജയപ്പെടും. വേണ്ടപ്പെട്ടവരുടെ ഉയർച്ചയിലും അനുമോദനങ്ങൾ അർപ്പിക്കുന്നത് ആഹ്ലാദകരമാകും.

■ രേവതി: പാരമ്പര്യപ്രവൃത്തികളിൽ വ്യാപൃതനാകുന്നതിനാൽ മാതാപിതാക്കൾക്ക് സന്തോഷമുണ്ടാകും. സ്വയം തീരുമാനിച്ച പ്രണയബന്ധത്തിൽ നിന്നും പിന്മാറി രക്ഷിതാക്കൾ നിർദേശിക്കുന്ന വിധത്തിൽ വിവാഹമുണ്ടാകും.

CLASSIFIEDS

Largest collection of Wedding Cards & Printing
VALAVI & CO.
Near Market Bridge, Broadway, Ernakulam Ph:2353765, 2374985
Shop 119, 2nd Floor, Attukal Shopping Complex East Fort, Trivandrum Ph: 0471 2571105
Kalliath Royal Square, 1st Floor, Palace Road Trichur-20 Ph:0487 2322182

സാമ്പത്തികം
ധനകാര്യ സ്ഥാപനങ്ങളിൽ പണയം നൽകിയ സ്വർണ്ണം, പ്രോപ്പർട്ടി മുതലായവ തിരിച്ചെടുക്കുന്നതിനും പുതുക്കി വെയ്ക്കുന്നതിനും മാറ്റി വെയ്ക്കുന്നതിനും ബന്ധപ്പെടുക.
Kmass Agency
9895057618

Pest Control
ചിതൽ നിയന്ത്രണം കെട്ടിടം പണിക്ക് മുൻപും പിൻപും, പാറ്റ, ഉറുമ്പ്, ചെള്ള്, ഫംഗസ്, മൂട്ട, തേനീച്ച, കടന്നൽ എല്ലാ കീടങ്ങളുടെയും നിയന്ത്രണത്തിന്
9496565984

FOR SALE
ബിൽഡിങ് മെറ്റീരിയൽസ്
ഗ്രാനൈറ്റ് സ്ലാബുകൾ Sqft 65 രൂപയ്ക്ക് കേരളത്തിൽ എവിടെയും എത്തിച്ചു കൊടുക്കുന്നു.
9562355991, 8553187507

സാരസ്വതാരിഷ്ടം
സാരസ്വതാമൃത രസായനം ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു കുട്ടികളിലെ പഠന വൈകല്യങ്ങൾ മാറുന്നു.
പ്രായത്തിന് അനുസരിച്ച് തടിയിലും തൂക്കത്തിലും വ്യത്യാസം വരുത്തി ശരീരം അഴകുള്ള താക്കി മാറ്റുന്നു.
എസ്.എൻ ആയുർവേദ ഔഷധശാല ഉല്പന്നം
Ph- 6282228687

ഈ പേജിൽ പരസ്യം ചെയ്യാൻ ബന്ധപ്പെടുക.
9387590005
8589003187
9020531400
9048854547

മാഞ്ചസ്റ്റർ സുരക്ഷിതം

മാഞ്ചസ്റ്റർ: മാഞ്ചസ്റ്റർ യുണൈറ്റഡ് ക്യാമ്പിൽ തൽക്കാലം ആശങ്ക ഒഴിഞ്ഞു. കഴിഞ്ഞ ദിവസം മാഞ്ചസ്റ്റർ യുണൈറ്റഡിലെ മുഴുവൻ താരങ്ങളെയും ഒഫീഷ്യൽസിനെയും കൊറോണ ടെസ്റ്റിന് വിധേയമാക്കിയിരുന്നു. ഫലങ്ങൾ എല്ലാം നെഗറ്റീവ് ആയത് യുണൈറ്റഡിൽ ക്യാമ്പിന് ആശ്വാസം നൽകി.

ഇന്നലെ വരെ മാഞ്ചസ്റ്റർ യുണൈറ്റഡ് താരങ്ങൾ ഒന്നിച്ച് പരിശീലനങ്ങൾ നടത്തുന്നുണ്ടായിരുന്നു.

പ്രത്യേക നിർദേശങ്ങൾ പിന്തുടർന്ന യുണൈറ്റഡ് ഇന്നലെയോടെ പരിശീലനങ്ങൾ നിർത്തിവെക്കാൻ തീരുമാനിച്ചു.

ഇപ്പോൾ കൊറോണ നെഗറ്റീവ് ആണെങ്കിലും താരങ്ങൾ ഒക്കെ സെൽഫ് ക്വാറന്റീനിൽ തുടരും.താരങ്ങൾ അവരവരുടെ വസതികളിലേക്കു മടങ്ങി.

ഐപിഎൽ ജൂലൈയിൽ ?

നിർണായക തീരുമാനത്തിന് ബിസിസിഐ

മുംബൈ: ബിസിസിഐയുടെ പ്രസ്റ്റീജ് ചാംപ്യൻഷിപ്പായ ഇന്ത്യൻ പ്രീമിയർ ലീഗ് ജൂലൈയിലും സെപ്റ്റംബറിലുമായി നടത്താൻ ബിസിസിഐ ആലോചിക്കുന്നു. കൊറോണ വൈറസ് വ്യാപനത്തെ തുടർന്ന് നിലവിൽ ഇന്ത്യൻ പ്രീമിയർ ലീഗ് ഏപ്രിൽ 15ലേക്ക് മാറ്റിയിരിക്കുകയാണ് ബിസിസിഐ. മാർച്ച് 29നായിരുന്നു ആദ്യം ഐപിഎൽ നിശ്ചയിച്ചിരുന്നത്. ഇതാണ് പിന്നീട് രണ്ടാഴ്ച നീട്ടിയത്. എന്നാൽ നിലവിലെ സാഹചര്യത്തിൽ ഐപിഎൽ മുഴുവൻ നടത്താൻ സാധിക്കുമെന്ന് തോന്നുന്നില്ലെന്ന് ബിസിസിഐ അധ്യക്ഷൻ സൗരവ് ഗാംഗുലി തന്നെ വ്യക്തമാക്കിയിരുന്നു. അതിനാൽ മറ്റൊരു വഴി നോക്കുകയാണ് ബിസിസിഐ.

ഐപിഎൽ ജൂണിനും സെപ്തംബറിനും ഇടയിലായി നടത്താനാണ് ഇപ്പോൾ പദ്ധതിയിടുന്നത്. ഏപ്രിലിൽ തുടങ്ങാനാവുമെന്ന് ഇപ്പോൾ വലിയ പ്രതീക്ഷയൊന്നും തന്നെ ഇല്ല. എന്നാൽ രണ്ടോ മൂന്നോ മാസങ്ങൾ കൂടി നീട്ടിവെച്ചാൽ 60 മത്സരങ്ങളായി ഫുൾ ഐപിഎൽ തന്നെ നടത്താനാവും എന്നാണ് പ്രതീക്ഷ. ഇന്ത്യക്ക് അകത്തും വിദേശത്തുമായി മത്സരങ്ങൾ നടത്താനും ആലോചനയുണ്ട്.

ഐപിഎൽ 20-20 നടക്കാതിരുന്നാൽ കോടികൾ നഷ്ടമാകുമെന്ന വിലയിരുത്തലിൽക്കൂടിയാണ് ബിസിസിഐ ഇത്തരത്തിൽ ആലോചിക്കുന്നത്.

ജൂൺ - സെപ്റ്റംബർ സമയത്ത് നിലവിലെ ക്രിക്കറ്റ് കലണ്ടർ പ്രകാരം രണ്ട് വലിയ ടൂർണമെൻറുകളുണ്ട്. ഇംഗ്ലണ്ടും പാകിസ്ഥാനും തമ്മിലുള്ള പരമ്പരയും ഏഷ്യാ കപ്പുമാണിത്. ഇംഗ്ലണ്ട്- പാകിസ്ഥാൻ പരമ്പര ഐപിഎല്ലിനെ കാര്യമായി ബാധിക്കില്ല. ഇംഗ്ലണ്ടിൽ നിന്നുള്ള താരങ്ങളുടെ ലഭ്യത മാത്രമേ പ്രശ്നമുള്ളൂ. എന്നാൽ ഏഷ്യാകപ്പാണ് നിലവിൽ വെല്ലുവിളിയായി നിൽക്കുന്നത്.

ജൂൺ - ജൂലായ് മാസങ്ങളിൽ ഇന്ത്യയുടെ ശ്രീലങ്കൻ പര്യടനവുമുണ്ട്. 2009ൽ ദക്ഷിണാഫ്രിക്കയിൽ വെച്ചാണ് ഐപിഎൽ നടത്തിയിരുന്നത്. അഞ്ച് ആഴ്ചകളും രണ്ട് ദിവസവും മാത്രമാണ് അന്ന് വേണ്ടിയിരുന്നത്. അതുപോലെ ടൂർണമെന്റ് നടത്താൻ സാധിക്കണമെന്നും ബിസിസിഐക്ക് പ്രതീക്ഷയുണ്ട്. അതേസമയം, ഐപിഎൽ ടീമുകളിലെ താരങ്ങളെല്ലാം പരിശീലനം നിർത്തിവച്ചിരിക്കുകയാണ്.

ഐപിഎൽ നടത്തിപ്പിന് ബിസിസിഐ ആലോചിക്കുന്ന സാധ്യതകളിലൊന്നാണിത്.

ഏപ്രിൽ പകുതിയോടെ കാര്യങ്ങൾ സാധാരണ നിലയിലായാൽ 60 ദിവസങ്ങൾ നീണ്ടു നിൽക്കുന്ന ടൂർണമെന്റ് നടക്കും. ഇങ്ങനെയാണെങ്കിൽ ജൂൺ ആദ്യ ആഴ്ച വരെ മത്സരങ്ങൾ നടത്താൻ ബിസിസിഐ തയാറായേക്കും. മത്സരങ്ങളുടെ എണ്ണവും ദിവസങ്ങളും കുറച്ച് കൊണ്ട് ടൂർണമെൻറ് സംഘടിപ്പിക്കുകയെന്നതാണ് രണ്ടാമത്തെ വഴി. ഒന്നോ രണ്ടോ നഗരത്തിലായി ചിലപ്പോൾ കാണികൾ പോലും ഇല്ലാതെ മത്സരങ്ങൾ നടത്തേണ്ടി വന്നേക്കും. എന്നാൽ, ജൂലൈയിലേക്കു മാറ്റുന്നതിനാണ് ബിസിസിഐയിൽ മുൻതൂക്കം.

നഷ്ടം കോടികൾ

ഐപിഎൽ വേണ്ടെന്നുവച്ചാൽ നഷ്ടം കോടികളായിരിക്കും. ബ്രോഡ്കാസ്റ്റേഴ്സിൽ നിന്നാണ് ബിസിസിഐക്ക് ഏറ്റവും കൂടുതൽ വരുമാനം വരുന്നത്. സ്റ്റാർ ഇന്ത്യയും പ്രധാന സ്പോൺസർമാരുമായ വിവോയും മറ്റ് സ്പോൺസർമാരും കൂടി 4000 കോടി രൂപയാണ് ബിസിസിഐക്ക് നൽകുക. ഐപിഎൽ നടന്നില്ലെങ്കിൽ ഈ തുക ബിസിസിഐക്ക് ലഭിക്കില്ല.

ബ്രോഡ്കാസ്റ്റേഴ്സിൽ നിന്ന് ലഭിക്കുന്ന 2000 കോടി രൂപ ഫ്രാഞ്ചൈസികളും 2000 കോടി രൂപ ബിസിസിഐയും പങ്കിട്ടെടുക്കുകയാണ്. ബിസിസിഐക്കും ഫ്രാഞ്ചൈസികൾക്കും ഈയിനത്തിൽ മാത്രം ഇത്രയും തുക നഷ്ടമാവും. ഓരോ ഫ്രാഞ്ചൈസിക്കും 200 കോടിയോളം രൂപയാണ് സ്പോൺസർമാരിൽ നിന്നും ബ്രോഡ്കാസ്റ്റേഴ്സിൽ നിന്നുമായി ലഭിക്കുന്നത്. ഇതിൽ നിന്നുമാണ് കളിക്കാർക്കുള്ള വരുമാനം ലഭിക്കുന്നത്. ഫ്രാഞ്ചൈസികൾക്ക് കാശ് ലഭിക്കാതിരുന്നാൽ കളിക്കാരുടെ പുതിയ കരാറുകളും കോടികളുടെ കണക്കുമൊക്കെ കടലാസിൽ എഴുതിയത് മാത്രമാവും. ഓരോ ഫ്രാഞ്ചൈസിയും 85 കോടി രൂപം വീതം ഏകദേശം 685 കോടി രൂപയാണ് കളിക്കാർക്ക് എല്ലാവർക്കുമായി ലഭിക്കേണ്ടത്.

മാച്ച് ഒഫീഷ്യൽസ്, മറ്റ് സ്റ്റാഫുകൾ, മത്സരനടത്തിപ്പുമായി ബന്ധപ്പെട്ടുള്ളവർ, ചെറുകിട സ്പോൺസർമാർ, സംസ്ഥാന ക്രിക്കറ്റ് അസോസിയേഷനുകൾ, സ്റ്റേഡിയം നടത്തിപ്പുകാർ തുടങ്ങിയവരൊക്കെയും നഷ്ടത്തിലാവും. മത്സര നടത്തിപ്പിനായി ഒരു മത്സരത്തിന് തന്നെ ഏകദേശം ഏഴ് കോടി രൂപയാണ് സംസ്ഥാന ക്രിക്കറ്റ് അസോസിയേഷനുകൾക്ക് ലഭിക്കേണ്ടത്.

റൊണാൾഡോയ്ക്കൊപ്പം മറ്റ്യൂഡി.

യുവെ താരം മറ്റ്യൂഡിക്കും കൊറോണ

ടൂറിൻ: മറ്റൊരു യുവെന്റസ് താരത്തിനു കൂടി കൊറോണ സ്ഥിരീകരിച്ചു. സൂപ്പർതാരം ക്രിസ്റ്റ്യാനോ റൊണാൾഡോ ഉൾപ്പെടെ കളിക്കുന്ന ഇറ്റാലിയൻ ക്ലബ് യുവെന്റസിന്റെ ഫ്രഞ്ച് മിഡ് ഫീൽഡർ ബ്ലെയ്സ് മറ്റ്യുഡിക്കാണ് കോവിഡ് 19 സ്ഥിരീകരിച്ചത്. ആദ്യമായി കോവിഡ് സ്ഥിരീകരിച്ച ഡാനിയേല റുഗാനി യുവെന്റസിന്റെ ആദ്യ ഇലവനിൽ പതിവുകാരനല്ലായിരുന്നെങ്കിലും മറ്റ്യുഡി അവരുടെ ആദ്യ ഇലവനിലെ സ്ഥിരാംഗമാണ്. റുഗാനിക്ക് കോവിഡ് സ്ഥിരീകരിച്ചതിനു പിന്നാലെ മാർച്ച് 11 മുതൽ മറ്റ്യുഡി ഐസലേഷനിലാണെന്ന് ക്ലബ് അറിയിച്ചു. കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ ഇറ്റലിയിൽ സീരി എ ഉൾപ്പെടെയുള്ള ഫുട്ബോൾ ലീഗുകളെല്ലാം നിർത്തലാക്കിയിരിക്കുകയാണ്.

2018ൽ റഷ്യയിൽ നടന്ന ലോകകപ്പിൽ കിരീടം ചൂടിയ ഫ്രാൻസ് ടീമിൽ അംഗമായിരുന്നു മറ്റ്യുഡി. ഡാനിയൽ റുഗാനിക്ക് കോവിഡ് സ്ഥിരീകരിച്ചതിനു പിന്നാലെ ക്രിസ്റ്റ്യാനോ റൊണാൾഡോ ഉൾപ്പെടെയുള്ള താരങ്ങളെയെല്ലാം യുവെന്റസ് ക്വാറന്റീനിലേക്കു മാറ്റിയിരുന്നു. യുവെന്റസിന്റെ അർജന്റീന താരം പൗലോ ഡിബാലയ്ക്കും കോവിഡ് സ്ഥിരീകരിച്ചതായി ഇടയ്ക്ക് റിപ്പോർട്ടുകൾ വന്നിരുന്നെങ്കിലും താരം ഇതു നിഷേധിച്ചിരുന്നു. സീരി എയിലെ സാംപഡോറിയ, ഫിയൊറെന്റീന ക്ലബ്ബുകളും താരങ്ങൾക്ക് വൈറസ് ബാധ സ്ഥിരീകരിച്ചിരുന്നു.

അതേസമയം, കോവിഡ് സ്ഥിരീകരിച്ചതിനുശേഷം ഐസലേഷനിലായിരുന്ന യുവെ താരം ഡാനിയൽ റുഗാനി സുഖം പ്രാപിക്കുന്നതായാണ് റിപ്പോർട്ട്. 'ഗുരുതര പ്രശ്നങ്ങളൊന്നും എനിക്ക് ഉണ്ടായിരുന്നില്ല. ഞാൻ ഭാഗ്യവാനാണ്' - റുഗാനി പറഞ്ഞു. എന്നാൽ ക്വാറന്റീൻ കാലയളവിലെ കനത്ത ഏകാന്തത തന്നെ വല്ലാതെ അലട്ടിയെന്നും ഇരുപത്തഞ്ചുകാരനായ റുഗാനി പറഞ്ഞു. 'പ്രിയപ്പെട്ടവരെ കാണാൻ കാത്തിരിക്കുകയാണ് താനെന്ന് റുഗാനി കൂട്ടിച്ചേർത്തു.

ബംഗാർ ബംഗ്ലാദേശിന്റെ ബാറ്റിങ് പരിശീലകനായേക്കും

ധാക്ക· മുൻ ഇന്ത്യൻ താരവും ഇന്ത്യൻ സീനിയർ ടീമിന്റെ ബാറ്റിങ് പരിശീലകനുമായിരുന്ന സഞ്ജയ് ബംഗാറിനെ ബംഗ്ലാദേശ് സീനിയർ ടീമിന്റെ ബാറ്റിങ് പരിശീലക സ്ഥാനത്തേക്ക് പരിഗണിക്കുന്നു. ടെസ്റ്റ് ഫോർമാറ്റിൽ ടീമിന്റെ ബാറ്റിങ് പരിശീലക സ്ഥാനത്തേക്കാണ് ബംഗ്ലാദേശ് ക്രിക്കറ്റ് ബോർഡ് (ബിസിബി) ബംഗാറിനെ പരിഗണിക്കുന്നത്. ജൂണിൽ ഓസ്ട്രേലിയയ്ക്കെതിരെ നടക്കുന്ന രണ്ടു ടെസ്റ്റുകളടങ്ങിയ പരമ്പരയ്ക്കു മുന്നോടിയായി ബംഗാറിനെ ടീമിനൊപ്പമെത്തിക്കാനാണ് ബിസിബിയുടെ ശ്രമം. ഇതു യാഥാർഥ്യമായാൽ 2020 ജൂൺ മുതൽ 2021 ഫെബ്രുവരി വരെ ബംഗാറിനെ ബംഗ്ലദേശ് ടീമിനൊപ്പം കാണാം. നിലവിൽ ലിമിറ്റഡ് ഓവർ മത്സരങ്ങളിൽ ടീമിന്റെ ബാറ്റിങ് പരിശീലകനായ ദക്ഷിണാഫ്രിക്കക്കാരൻ നീൽ മക്കൻസിയെ ടെസ്റ്റ് ടീമിന്റെ ചുമതല കൂടി ഏൽപ്പിക്കാൻ ബംഗ്ലദേശ് ക്രിക്കറ്റ് ബോർഡ് സന്നദ്ധമാണ്. പക്ഷേ, കൂടുതൽ ചുമതല ഏറ്റെടുക്കാൻ മക്കൻസി വൈമുഖ്യം അറിയിച്ചതായാണ് സൂചന. ഈ സാഹചര്യത്തിലാണ് ബംഗാറിനെ പകരം പരിഗണിക്കുന്നത്.

ടെസ്റ്റ് ടീമിന്റെ ബാറ്റിങ് പരിശീലകനാകുന്ന കാര്യം ബംഗാറുമായി സംസാരിച്ചെന്ന് ബംഗ്ലാദേശ് ക്രിക്കറ്റ് ബോർഡ് തലവൻ നിസാമുദ്ദീൻ ചൗധരി വ്യക്തമാക്കി. പക്ഷേ, ഇതുവരെ അന്തിമ തീരുമാനമായിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ബംഗാറിനു പുറമെ മറ്റു ചിലരെയും ഈ സ്ഥാനത്തേക്ക് പരിഗണിക്കുന്നുണ്ടെന്നും അദ്ദേഹം അറിയിച്ചു.

നിലവിൽ ലിമിറ്റഡ് ഓവർ ഫോർമാറ്റുകളിൽ ടീമിന്റെ ബാറ്റിങ് പരിശീലകനായ നീൽ മക്കൻസിയാണ് ടെസ്റ്റ് ടീമിന്റെ കാര്യവും നോക്കുന്നത്. ടെസ്റ്റ് ടീമിനു പുതിയൊരു ബാറ്റിങ് പരിശീലകനെ ലഭിക്കുന്നതുവരെ അദ്ദേഹം ആ ദൗത്യം തുടരുമെന്നാണ് പ്രതീക്ഷ - ചൗധരി പറഞ്ഞു.

2014 മുതൽ 2019 വരെയാണ് സഞ്ജയ് ബംഗാർ ഇന്ത്യയുടെ ബാറ്റിങ് പരിശീലകനായി ജോലി ചെയ്തത്. 2016ൽ സിംബാബ്‌വെയിലും 2017ൽ വെസ്റ്റിൻഡീസിലും പര്യടനം നടത്തിയ ഇന്ത്യൻ ടീമിന്റെ ഇടക്കാല പരിശീലകനായും പ്രവർത്തിച്ചു. കഴിഞ്ഞ വർഷത്തെ ഏകദിന ലോകകപ്പിനുശേഷം മുഖ്യ പരിശീലകൻ രവി ശാസ്ത്രിയുടെ കരാർ പുതുക്കി നൽകിയെങ്കിലും ബംഗാറിനെ ബാറ്റിങ് പരിശീലക സ്ഥാനത്തുനിന്ന് നീക്കുകയായിരുന്നു. വിക്രം റാത്തോറാണ് ബംഗാറിനു പകരം നിലവിൽ ഇന്ത്യൻ ബാറ്റിങ് പരിശീലകൻ.

ഒഡീശ പരിശീലകൻ ക്ലബ് വിട്ടു

പനാജി: സ്പാനിഷ് പരിശീലകനായ ജോസഫ് ഗൊംബാവു ഒഡീഷ എഫ് സിയുടെ പരിശീലക സ്ഥാനം ഒഴിഞ്ഞു. അവസാന രണ്ടു സീസണുകളിലായി ഒഡീഷയിലും ഡെൽഹി ഡൈനാമോസിലുമായി ഉണ്ടായിരുന്ന ഗൊംബാവു ഇനി അവിടെ കരാർ പുതുക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. രണ്ട് സീസണിലും ഗൊംബവുവിന്റെ കീഴിൽ അത്ര നല്ല പ്രകടനം ഒന്നും ആയിരുന്നില്ല ഡെൽഹി ഡൈനാമോസും ഒഡീശയും നടത്തിയത്.

1964ൽ ടോക്കിയോ പറഞ്ഞത്...

മോശമായ ആഗോളരാഷ്ട്രീയ സാഹചര്യങ്ങളുടെയും ലോകമഹായുദ്ധങ്ങളുടെയും പശ്ചാത്തലത്തിലായിരുന്നു ഇതുവരെ ഒളിംപിക് ഗെയിംസുകൾ മാറ്റിവച്ചിട്ടുള്ളത്. 1916, 1940, 1944 എന്നീ വർഷങ്ങളിലെ ഒളിംപിക്സുകൾ വിവിധ സാഹചര്യങ്ങളിൽ മാറ്റിവച്ചിട്ടുണ്ട്. ഇത്തവണയിതാ ഒരു മഹാമാരിയുടെ പേരിൽ ഒളിംപിക്സ് മാറ്റിവയ്ക്കാനുള്ള സാഹചര്യമുണ്ടായിരിക്കുന്നു.

യോഷിനോരി സകായി

1945ൽ അമേരിക്ക ബോംബിട്ട അതേദിവസം ഹിരോഷിമയിൽ ജനിച്ച് പിന്നീട് അത്‌ലറ്റായി മാറിയ ജപ്പാന്റെ അഭിമാനതാരമാണ് യോഷിനോരി സകായി. ലോക സമാധാനത്തിനുള്ള സന്ദേശം എന്ന നിലയ്ക്ക് സകായിയായിരുന്നു ഗെയിംസ് നഗരിയിലെ ഒളിംപിക് ദീപം തെളിച്ചത്. 4-400 മീറ്റർ റിലേയിൽ സ്വർണം നേടിയ ജാപ്പനീസ് ടീമിലംഗമായിരുന്നു സകായി. അതുപോലെ 400 മീറ്ററിൽ വെള്ളി നേടാനും സകായിക്കായി. ഫുജി ടെലിവിഷനിൽ സ്പോർട്സ് ജേർണലിസ്റ്റായി ജോലി ചെയ്ത സകായി 1966 ഏഷ്യൻ ഗെയിംസ് റിപ്പോർട്ട് ചെയ്യാനുമെത്തി. തലച്ചോറിലെ രക്തസ്രാവത്തെത്തുടർന്ന് 2014 സെപ്റ്റംബർ 10ന് അദ്ദേഹം അന്തരിച്ചു. ജപ്പാന്റെ കായിക ചരിത്രത്തിൽ സമാനതകളില്ലാത്ത താരമായാണ് സകായി വിലയിരുത്തപ്പെടുന്നത്.

അന്താരാഷ്ട്ര ഒളിംപിക് കമ്മിറ്റിയുടെ തീരുമാനം നിലവിൽ കോവിഡ് -19ന്റെ ഭാഗമായി ഒളിംപിക്സ് മാറ്റിവയ്ക്കേണ്ടതില്ലെന്നാണ്. ജപ്പാനും ഇതു തന്നെയാണ് പറയുന്നത്.

ലോകത്തുനടക്കേണ്ടിയിരുന്ന പല കായിക സംഭവങ്ങളും മാറ്റിവച്ചിരിക്കുകയാണ്. ഇതോടെ ലോകമെമ്പാടുമുള്ള കായിക പ്രേമികളുടെ ഏക ചോദ്യമിതാണ്, ഒളിംപിക്സ് മാറ്റിവയ്ക്കുമോ ഇല്ലയോ ? ഈ വർഷം ജൂലൈ 24 മുതൽ ഓഗസ്റ്റ് ഒമ്പതു വരെ ജപ്പാന്റെ തലസ്ഥാനനഗരിയായ ടോക്കിയോയിലാണ് ഒളിംപിക്സ് നടക്കുന്നത്. ആറ്റം ബോംബ് ആക്രമണങ്ങളെയും അതേത്തുടർന്നുണ്ടായ മഹാമാരികളെയും സ്വപ്രയത്നം കൊണ്ട് മറികടന്നവരാണ് ജപ്പാൻകാർ. ലോകത്തെ സമ്പന്ന രാജ്യങ്ങളിലൊന്നായതിന്റെ പിന്നിൽ അവിടുത്തെ ജനങ്ങളുടെയും സർക്കാരുകളുടെയും വലിയ കഷ്ടപ്പാടുകളുണ്ട്. 1940ലാണ് അവർക്ക് ആദ്യമായി ഒളിംപിക്സ് അനുവദിക്കപ്പെട്ടത്. എന്നാൽ, അന്നത്തെ അന്താരാഷ്ട്ര സാഹചര്യങ്ങൾ ജപ്പാന് ഒളിംപിക്സ് നടത്താൻ പര്യാപ്തമായിരുന്നില്ല. അതോടെ അനുവദിക്കപ്പെട്ട ഒളിംപിക്സ് പിന്നീട് ഫിൻലൻഡിലെ ഹെൽസിങ്കിയിലേക്കു മാറ്റി. 1920കളിലും മുപ്പതുകളിലും വലിയ പ്രകൃതിദുരന്തങ്ങളിൽ നിന്ന് കരകയറിയെന്ന് ജപ്പാന് ലോകത്തെ അറിയിക്കേണ്ടതുണ്ടായിരുന്നു. അതായിരുന്നു ഒളിംപിക്സ് നടത്തുന്നതിനു ജപ്പാന് പ്രേരകഘടകമായത്. അന്നു മാറ്റിവച്ചതിനവു പ്രത്യുപകാരമെന്നോണമായിരുന്നു 1964ലെ ഒളിംപിക് വേദി ജപ്പാനു നൽകിയത്.

1964ൽ ജപ്പാനു ഒളിംപിക് വേദി നൽകിയപ്പോൾ ചില രാജ്യങ്ങൾ ബഹിഷ്കരണഭീഷണിമുഴക്കിയിരുന്നു. ആദ്യമായായിരുന്നു അന്ന് ഏഷ്യയിൽ ഒരു ഒളിംപിക്സ് നടക്കുന്നത്.

1964ൽ എന്തു സംഭവിച്ചു?

ഹിരോഷിമയും നാഗസാക്കിയും സമ്മാനിച്ച ആറ്റംബോബ് ദുരന്തം നൽകിയ ചാരത്തിൽനിന്നും രണ്ടു ദശാബ്ദത്തിനു ശേഷം ടോക്കിയോ ഉയിർത്തെഴുന്നേൽക്കുകയായിരുന്നു. ടോക്കിയോ തന്നെ വേദി.

യോഷിനോരി സകായി

93 രാജ്യങ്ങളിൽനിന്ന് 680 വനിതകളടക്കം 5137 അത്‌ലറ്റുകൾ ടോക്കിയോയിലെത്തി. 117 അംഗരാജ്യങ്ങളായിരുന്നു അന്ന് ഐഒസിയിലുണ്ടായിരുന്നത്. 21 കായികങ്ങളിലായി 163 ഇനങ്ങൾ നടന്നു. ഒക്ടോബർ 11 മുതൽ 24വരെയായിരുന്നു കായികമാമാങ്കം. ഒക്ടോബർ 10ന് ഏഷ്യയിൽനടന്ന ആദ്യ ഒളിംപിക്സ് ജപ്പാൻ ചക്രവർത്തി ഹിരോഹിതോ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

1945ൽ അമേരിക്ക ആറ്റം ബോംബിട്ട ദിവസം ഹിരോഷിമയിൽ ജനിച്ച് അത്‌ലറ്റായി മാറിയ ടീനേജറായ ഓട്ടക്കാരിയായിരുന്നു ഒളിംപിക് ദീപം കൊളുത്തിയത്. 1936ലെ ബെർലിൻ ഒളിംപിക്സായിരുന്നു ടെലിവിഷനിലൂടെ ആദ്യമായി കണ്ടത്. അതും ലോക്കലായി. എന്നാൽ, സാറ്റലൈറ്റ് സിഗ്നലിലൂടെ ലോകമെമ്പാടുമുള്ളവർ ആദ്യമായി കണ്ടത് 1964ലെ ടോക്കിയോ ഗെയിംസായിരുന്നു. ബെർലിനിൽ വിവിധ സിനിമാ തിയേറ്ററുകളിലായിരുന്നു ഒളിംപിക്സ് സംപ്രേഷണം ചെയ്തതെങ്കിൽ ടെലിസ്റ്റാർ എന്ന സാറ്റലൈറ്റിന്റെ സഹായത്താൽ അമേരിക്കയിലും യൂറോപ്പിലുമുള്ളവർ മത്സരങ്ങൾ ലൈവായി കണ്ടു.

36 സ്വർണമടക്കം 90 മെഡലുകളുമായി അമേരിക്ക ഒന്നാമതെത്തി. എന്നാൽ, കൂടുതൽ മെഡൽ നേടിയത് സോവ്യറ്റ് യൂണിയനായിരുന്നു. 30 സ്വർണമടക്കം 96 മെഡലുകൾ അവർ സ്വന്തമാക്കി. ഇന്ത്യക്ക് ലഭിച്ചത് ഹോക്കിയിൽ പാക്കിസ്ഥാനെ പരാജയപ്പെടുത്തി നേടിയ ഒരു സ്വർണം മാത്രമായിരുന്നു. 16 സ്വർണമടക്കം 29 മെഡലുകൾ നേടിയ ജപ്പാൻ മൂന്നാം സ്ഥാനത്തായിരുന്നു ഫൈനിഷ് ചെയ്തത്. 41 രാജ്യങ്ങൾ മെഡൽ പട്ടികയിൽ ഇടംപിടിച്ചു.

ഒരിക്കൽക്കൂടി ജപ്പാൻ ഒളിംപിക്സിനു തയാറെടുക്കുമ്പോൾ കൊറോണ വലിയ ഭീഷണിയായുണ്ടെങ്കിലും ഒളിംപിക്സ് നടത്താനാകുമെന്ന ശുഭപ്രതീക്ഷയിലാണ് സംഘാടകരും, ഏതു വെല്ലുവിളിയെയും അതിജീവിച്ചിട്ടുള്ള ജപ്പാൻ ജനങ്ങളും.

ഒളിംപിക്സ് മാറ്റിവയ്ക്കണം: ഐഒസി അംഗം


ഹായ്‌ലി വിക്കൻഹീസർ

ലണ്ടൻ: ലോകമൊന്നടങ്കം ആശങ്കയുടെ മുൾമുനയിൽ നിൽക്കുമ്പോൾ ഒളിംപിക്സ് നടത്തിപ്പിനെക്കുറിച്ച് ചിന്തിക്കുന്നത് നിരുത്തരവാദപരവും ബുദ്ധിശൂന്യതയുമാണെന്ന് ഒളിംപിക് മെഡൽ ജേതാവും അന്താരാഷ്ട്ര ഒളിംപിക് കമ്മിറ്റി അംഗവുമായ ഹായ്‌ലി വിക്കൻഹീസർ അഭിപ്രായപ്പെട്ടു. ഒളിംപിക്സിനേക്കാൾ വലിയ കാര്യമാണ് കൊറോണ വ്യാപനം. ഈ സാഹചര്യത്തിൽ അതെങ്ങനെ തടഞ്ഞുനിർത്താനാകും എന്നതിനെക്കുറിച്ചു ചിന്തിക്കൂ എന്ന് അവർ പറഞ്ഞു. അടുത്ത 24 മണിക്കൂറിൽ എന്തു സംഭവിക്കുമെന്നുപോലും നമുക്കറിയില്ല. എന്നിട്ടും നാം ജൂലൈയിൽ നടക്കുന്ന ഒളിംപിക്സിനെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുന്നു. ഈ സമയത്ത് അത്‌ലറ്റിന് പരിശീലിക്കാനാവില്ല. ട്രെയിനിങ് സെന്ററുകൾ പൂട്ടി. അവരുടെ മാനസികമായി ഉയർത്തുക എന്നതാണ് ഇപ്പോൾ ചെയ്യേണ്ടത്. അവരെ സമ്മർദത്തിലാക്കുന്ന തീരുമാനങ്ങൾ ഉണ്ടാകാൻ പാടില്ല. -അവർ പറഞ്ഞു.

ദക്ഷിണാഫ്രിക്കൻ ടീമിനെ നിരീക്ഷിക്കും

ജൊഹാനസ്ബർഗ്: ഇന്ത്യയിൽ നിന്ന് നാട്ടിലേക്ക് തിരികെ എത്തിയ സൗത്ത് ആഫ്രിക്കൻ ടീം സെൽഫ് ഐസൊലേഷനിൽ. ഇന്ത്യയിലേക്ക് ഏകദിന പര്യടനത്തിന് എത്തിയ 16 അംഗ സൗത്ത് ആഫ്രിക്കൻ ടീമിനെയാണ് 14 ദിവസത്തെ ഐസൊലേഷൻ നിർദേശിച്ചത്. മൂന്ന് ഏകദിനങ്ങളുടെ പരമ്പരയ്ക്കായാണ് സൗത്ത് ആഫ്രിക്കൻ സംഘം ഇന്ത്യയിലെത്തിയത്. എന്നാൽ ആദ്യ ഏകദിനം ധരംശാലയിൽ മഴയിൽ മുങ്ങുകയും, അവസാന രണ്ട് ഏകദിനങ്ങൾ കൊറോണ വൈറസ് വ്യാപനത്തിന്റ സാഹചര്യത്തിൽ ഉപേക്ഷിക്കുകയുമായിരുന്നു.

കൊറോണ വൈറസ് ബാധയേറ്റാൽ ഉണ്ടാവാൻ സാധ്യതയുള്ള രോഗ ലക്ഷണങ്ങളെ കുറിച്ച് ടീം അംഗങ്ങളെ ബോധവാൻമാരാക്കിയിട്ടുണ്ട്. ഏതെങ്കിലും താരത്തിന് രോഗലക്ഷണങ്ങൾ കാണിച്ചാൽ ഉടൻ വേണ്ടത് ചെയ്യുമെന്ന് സൗത്ത് ആഫ്രിക്കൻ ക്രിക്കറ്റ് ടീമിന്റ മെഡിക്കൽ ഓഫീസർ ഡോ. ഷുഹൈബ് മൻജ്‌ര പറഞ്ഞു. 'ഇന്ത്യയിൽനിന്ന് മടങ്ങിയെത്തിയ താരങ്ങളോട് 14 ദിവസത്തേക്ക് ആരുമായും സമ്പർക്കമരുതെന്നും സെൽഫ് ഐസലേഷനിൽ പ്രവേശിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. സ്വന്തം സുരക്ഷയ്ക്കും ചുറ്റുമുള്ളവരുടെ സുരക്ഷയ്ക്കും കുടുംബാംഗങ്ങളുടെ രക്ഷയ്ക്കും ഇത് അത്യാവശ്യമാണ് - മൻജ്ര പറഞ്ഞു.

ഐസലേഷനിൽ കഴിയുന്ന കാലയളവിൽ ഇവരിൽ ആർക്കെങ്കിലും കോവിഡിന്റെ ലക്ഷണങ്ങൾ കണ്ടാൽ ലോക ആരോഗ്യ സംഘടനയുടെ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് വേണ്ട നടപടികൾ സ്വീകരിക്കും' - മൻജ്ര പറഞ്ഞു

ആരോഗ്യപ്രവർത്തകർക്ക് ഹോട്ടൽ വിട്ടുനൽകി ചെൽസിയും അബ്രമോവിച്ചും

ലണ്ടൻ: കൊറോണക്കെതിരെ പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകർക്ക് സ്റ്റാംഫോർഡ് ബ്രിഡ്ജിലെ ഹോട്ടൽ മുഴുവൻ വിട്ടുനൽകി ചെൽസി ഉടമ അബ്രമോവിച്ച്. 231 മുറികൾ ഉള്ള മില്ലേനിയം ഹോട്ടൽ ആണ് ഇംഗ്ലണ്ടിലെ നാഷണൽ ഹെൽത്ത് സർവീസിന്റെ ഭാഗമായുള്ള ആരോഗ്യ പ്രവർത്തകർക്ക് ചെൽസി വിട്ടുനൽകിയത്.

കൂടുതൽ സമയം പണിയെടുക്കുന്ന ആരോഗ്യ പ്രവർത്തകർക്ക് തങ്ങളുടെ വീടുകളിൽ പോയി തിരിച്ചുവരാനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്താണ് ചെൽസിയും അബ്രമോവിച്ചും ഇങ്ങനെ ഒരു തീരുമാനം എടുത്തത്. നിലവിൽ രണ്ട് മാസത്തേക്കാണ് ഹോട്ടൽ ചെൽസി വിട്ടുകൊടുത്തത്. രണ്ട് മാസം കഴിഞ്ഞുള്ള സാഹചര്യം അനുസരിച്ച് വേണമെങ്കിൽ നീട്ടികൊടുക്കാമെന്നും ചെൽസി വ്യക്തമാക്കിയിട്ടുണ്ട്.

2018 മുതൽ വീസ പ്രശ്നങ്ങളെ തുടർന്ന് ചെൽസി ഉടമ റോമൻ അബ്രമോവിച്ചിന് ഇംഗ്ലണ്ടിൽ പ്രവേശിക്കാൻ കഴിഞ്ഞിരുന്നില്ല. 2003ലാണ് പ്രീമിയർ ലീഗ് ക്ലബായ ചെൽസിയെ റോമൻ അബ്രമോവിച്ച് സ്വന്തമാക്കിയത്.

വളരെ മാതൃകാപരമായ നടപടിയായാണ് ഇതിനെ ആരാധകർ കാണുന്നത്.

SENSEX: 28,869.51 (−1,709.58)

NIFTY: 8,468.80 (-498.25)

വിനിമയ നിരക്ക്

ഡോളർ	74.30
യൂറോ	81.49
പൗണ്ട്	88.54
സ്വിസ്ഫ്രാങ്ക്	77.27
സിംഗപ്പൂർ ഡോളർ	51.62
ഓസ്ട്രേലിയൻ	44.10
കനേഡിയൻ	51.72
ബഹറിൻ ദിനാർ	196.46
കുവൈറ്റ് ദിനാർ	239.54
ഒമാനി റിയാൽ	192.60
സൗദി റിയാൽ	19.77
യു എ ഇ ദിർഹം	20.20
ഖത്തർ	20.25

വിപണിയിലേക്ക് എത്താൻ കെഎസ്ഡിപി സാനിറ്റൈസർ

തിരുവനന്തപുരം: കോവിഡ് 19 പ്രതിരോധം ശക്തമാക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനം കേരള ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് (കെഎസ്ഡിപി) ഹാൻഡ് സാനിറ്റൈസർ ഉത്പാദനം ഇരട്ടിയാക്കി. ഒപ്പം വിതരണ സംവിധാനവും സജീവമാക്കി. സാനിറ്റൈസർ കുപ്പികളിൽ നിറയ്ക്കുന്നതിന് പുതിയ ഫില്ലിങ്ങ് യന്ത്രം എത്തിച്ചു. ആദ്യം സാധാരണ കുപ്പികളിലായിരുന്നു വിതരണം. ഇപ്പോൾ, ഡ്രോപ്പറോടു കൂടിയ കുപ്പി ഉപയോഗിക്കാൻ തുടങ്ങി. അര ലിറ്ററിന്റെ 6500 ബോട്ടിൽ സാനിറ്റൈസർ ഇതിനകം വിതരണം ചെയ്തു. ഉത്പാദനം ഇനിയും വർധിപ്പിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുമെന്ന് മന്ത്രി ഇ.പി. ജയരാജൻ അറിയിച്ചു.

പുതിയതായി ഒരു ഫില്ലിങ്ങ് മെഷീൻ കൂടി എത്തിക്കും. അസംസ്കൃത വസ്തുക്കളുടെ കുറവ് പരിഹരിക്കാൻ എക്സൈസ് വകുപ്പിൽ നിന്ന് സ്പിരിറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. ലോകാരോഗ്യ സംഘടനയുടെ അംഗീകാരമുള്ള ഫോർമുല പ്രകാരമാണ് സാനിറ്റൈസർ തയാറാക്കുന്നത്. അതുകൊണ്ട് തന്നെ നിലവാരമുള്ള ഉത്പന്നമാണ്. നിലവിലെ ഫോർമുലക്കൊപ്പം കാര്യക്ഷമമായ മറ്റൊരു ഫോർമുലയിൽ കൂടി സാനിറ്റൈസർ നിർമാണത്തിന് ഒരുങ്ങുകയാണ് കെഎസ്ഡിപി.

പൊതു വിപണിയിൽ 100 മില്ലി ലിറ്റർ ഹാൻഡ് സാനിറ്റൈസറിന് 150 മുതൽ 200 രൂപ വരെ വില ഈടാക്കുന്നുണ്ട്. എന്നാൽ, കെഎസ്ഡിപിയുടെ അര ലിറ്റർ ഹാൻഡ് സാനിറ്റൈസറിന് 125 രൂപ മാത്രമാണ് വില. ഉത്പാദനച്ചെലവ് മാത്രമാണ് ഈടാക്കുന്നത്. ലാഭം എന്ന പരിഗണനയില്ലാതെ, നമ്മുടെ ആരോഗ്യരംഗത്തെ അടിയന്തര സാഹചര്യത്തിൽ സേവനം എന്ന നിലയിലാണിത്. സർക്കാർ മെഡിക്കൽ കോളെജുകളിലും മറ്റു സർക്കാർ ആശുപത്രികളിലും ഉപയോഗിക്കാൻ ആവശ്യമായ ഹാൻഡ് സാനിറ്റൈസറാണ് തയാറാക്കിയത്. വാണിജ്യ അടിസ്ഥാനത്തിൽ ഉത്പാദനം തുടങ്ങുന്നതും പരിഗണനയിലുണ്ടെന്നും മന്ത്രി പറഞ്ഞു.

സ്വർണത്തിലേക്ക് വീണ്ടും നിക്ഷേപം ഒഴുകുന്നു

കൊച്ചി: കൊറോണ വൈറസ് ആശങ്ക ഓഹരി വിപണികളിലും പ്രതിഫലിച്ചതോടെ നിക്ഷേപകർ സുരക്ഷിത നിക്ഷേപം എന്ന നിലയിൽ സ്വർണത്തിലേക്ക് വീണ്ടും തിരിഞ്ഞു. കണക്കുകൾ വ്യക്തമാക്കുമ്പോൾ ഗോൾഡ് എക്സ്ചേഞ്ച് ട്രേഡഡ് ഫണ്ടുകളിലേക്കുള്ള നിക്ഷേപം ഇതുവരെ ഉള്ളതിൽ ഏറ്റവും ഉയരത്തിൽ എത്തി. ഫെബ്രുവരിയിൽ ഗോൾഡ് ഇടിഎഫിലേക്ക് എത്തിയത്1,483 കോടി രൂപയുടെ നിക്ഷേപമാണ്. ഗോൾഡ് ഇടിഎഫിലേക്ക് തുടർച്ചയായി നിക്ഷേപം എത്തുന്ന നാലാമത്തെ മാസമാണിത്. മ്യൂചൽ ഫണ്ടുകളുടെ സംഘടനയായ ആംഫി ലഭ്യമാക്കുന്ന ഏറ്റവും പുതിയ കണക്കുകൾ അനുസരിച്ച് ഫെബ്രുവരി മാസത്തിൽ ഗോൾഡ് ഇടിഎഫിലേക്ക് മൊത്തം 1,483 കോടി രൂപയുടെ നിക്ഷേപമാണ് എത്തിയിരിക്കുന്നത്. മുൻ മാസം 202 കോടി രൂപയുടെ നിക്ഷേപമാണ് ഉണ്ടായത്. ഒക്റ്റോബർ മാസത്തിൽ 31.45 കോടി രൂപയുടെ നിക്ഷേപം പിൻവലിച്ച നിക്ഷേപകർ തുടർന്നുള്ള മാസങ്ങളിൽ ഗോൾഡ് ഇടിഎഫിലെ നിക്ഷേപം ശക്തമാക്കി. ഡിസംബറിൽ 27 കോടി രൂപയുടെയും നവംബറിൽ 7.68 കോടി രൂപയുടെയും നിക്ഷേപമാണ് ഗോൾഡ് ഇടിഎഫിൽ എത്തിയത്. നിക്ഷേപം ഉയർന്നതോടെ ഗോൾഡ് ഇടിഎഫുകൾ കൈകാര്യം ചെയ്യുന്ന മൊത്തം ആസ്തി 7,926 കോടി രൂപയായി ഉയർന്നു.

ഓഹരി വിപണിയിൽ ഇടിവ്

മുംബൈ: കൊവിഡ് ഭീതിയുടെ ആഘാതത്തിൽ തുടർച്ചയായ മൂന്നാം ദിവസവും ഇന്ത്യൻ ഓഹരി വിപണിയിൽ ഇടിവ്. സെൻസെക്സ് 1,709.58 പോയിന്റ് അഥവാ 5.59 ശതമാനം ഇടിഞ്ഞ് 28,869.51 ൽ എത്തി. നിഫ്റ്റി 498.25 പോയിന്റ് അഥവാ 5.56 ശതമാനം ഇടിഞ്ഞ് 8,468.80 ൽ എത്തി. ഏകദേശം 392 ഓഹരികൾ മുന്നേറി, 1947 ഓഹരികൾ ഇടിഞ്ഞു, 146 ഓഹരികൾ മാറ്റമില്ല.

സീ എന്റർടൈൻമെന്റ് , ഒഎൻജിസി, യെസ് ബാങ്ക്, ഐടിസി, എസ്ബിഐ എന്നിവ നിഫ്റ്റിയിൽ മികച്ച നേട്ടമുണ്ടാക്കിയപ്പോൾ ഇൻഡസ് ഇൻഡ് ബാങ്ക്, ഭാരതി ഇൻഫ്രാറ്റെൽ, കൊട്ടക് മഹീന്ദ്ര ബാങ്ക്, ബജാജ് ഫിനാൻസ്, പവർ ഗ്രിഡ് കോർപ്പറേഷൻ എന്നിവയാണ് നഷ്ടം.

2000 പുതിയ നോട്ട് അച്ചടിക്കാൻ തീരുമാനമില്ല

ന്യൂഡൽഹി: രണ്ടായിരം രൂപയുടെ നോട്ടുകൾ പിൻവലിക്കാൻ തീരുമാനമില്ലന്ന് കേന്ദ്രസർക്കാർ പറയുമ്പോഴും പുതിയ നോട്ടുകൾ അച്ചടിക്കാൻ നിർദേശം നൽകിയിട്ടില്ല. ഇതുവരെ 7.4 ലക്ഷം കോടി യുടെ 2000 ത്തിന്റെ നോട്ടുകളാണ് പ്രിന്റ് ചെയ്ത് വിതരണം ചെയ്തിട്ടുള്ളത്. ഈ വർഷം ഇതുവരെ പുതിയ നോട്ടുകൾ പ്രിന്റ് ചെയ്യാൻ തീരുമാനമായിട്ടില്ല. എന്നാൽ 2000 നോട്ടിന്റെ പ്രിന്റിങ് നിർത്തിവയ്ക്കുന്നതിനുള്ള ഒരു തീരുമാനവും എടുത്തിട്ടില്ലെന്ന് കേന്ദ്ര ധനകാര്യ സഹമന്ത്രി അനുരാഗ് താക്കൂർ വ്യക്തമാക്കി. കേന്ദ്രസർക്കാർ 2000 നോട്ടിന്റെ അച്ചടി നിർത്തിയെന്നും എസ്ബിഐ അടക്കമുള്ള പൊതുമേഖാല ബാങ്കുകൾ 2000ത്തിന് പകരം 500,200 നോട്ടുകൾക്ക് മാത്രം വേണ്ടി എടിഎം ചെസ്റ്റുകൾ പുനക്രമീകിരക്കുന്നുവെന്നും വാർത്തകളുണ്ടായിരുന്നു. എന്നാൽ ഇത്തരത്തിലൊരു തീരുമാനവും എടുത്തിട്ടില്ലെന്നാണ് സർക്കാർ വ്യക്തമാക്കുന്നത്. കൈകാര്യം ചെയ്യാനുള്ള എളുപ്പത്തിന്റെ ഭാഗമായി 2000ന് പകരമായി 500,200 നോട്ടുകൾക്ക് അനുയോജ്യമാകും വിധം എടിഎം മെഷീനുകൾ പുനഃക്രമീകരിക്കണമെന്ന് എസ്ബിഐ യും ഇന്ത്യൻ ബാങ്കും നിർദേശം നൽകിയിരുന്നു. എന്നാൽ ഇത് സൗകര്യത്തെ കരുതി മാത്രമാണെന്നാണ് നിലപാട്.

മാന്ദ്യം മറികടക്കാനുള്ള മറുമരുന്നുകളുമായി ധനമന്ത്രി

കൊച്ചി: കൊറോണ ആഗോള സാമ്പത്തിക മാന്ദ്യത്തെ വീണ്ടും കടുപ്പിക്കുകയാണ്. പദ്ധതികൾ പലതും പല രാഷ്ട്രങ്ങളും ഒരുക്കി കഴിഞ്ഞു. ഇത് ഇന്ത്യൻ സമ്പദ്ഘടനയിൽ ഏൽപ്പിക്കാൻ പോകുന്ന ആഘാതം വലുതായിരിക്കും. ഇതിനെ എങ്ങനെയാണ് രാഷ്ട്രം നേരിടേണ്ടത് ? തന്റെ നയം വ്യക്തമാക്കുകയാണ് ധനമന്ത്രി തോമസ് ഐസക്ക്.

ലോകമെമ്പാടുമുള്ള സർക്കാരുകൾ മാന്ദ്യവിരുദ്ധ പാക്കെജുകൾ നടപ്പാക്കുകയാണ്. പലിശ നിരക്ക് കുറച്ചതുകൊണ്ടു മാത്രമായില്ല. ധനക്കമ്മി ഉയർന്നാലും ചെലവു വർധിപ്പിക്കണം. ഇതിന്റെ ഫലമായി വിലക്കയറ്റം ഉണ്ടാകാതിരിക്കാനുള്ള എളുപ്പമാർഗം ഇടിയാൻ അനുവദിക്കുകയാണ്. അതുപോലെ സംസ്ഥാനങ്ങളുടെ വായ്പാപരിധി 3-ൽ നിന്ന് 3.5 ശതമാനമായി ഉയർത്തണം. ജിഎസ്ടി കോമ്പൻസേഷനിൽ വിതരണം ചെയ്യാൻ ബാക്കിയുള്ള തുകയ്ക്ക് താത്കാലിക വായ്പയെടുക്കാൻ അനുമതി നൽകയാലേ പിടിച്ചു നിൽക്കാൻ സാധിക്കുകയുള്ളൂ.

ലോകമെമ്പാടുമുള്ള സർക്കാരുകൾ മാന്ദ്യവിരുദ്ധ പാക്കെജുകൾ നടപ്പാക്കുകയാണ്. പലിശ നിരക്ക് കുറച്ചതുകൊണ്ടു മാത്രമായില്ല. ധനക്കമ്മി ഉയർന്നാലും ചെലവു വർധിപ്പിക്കണം.

നാഷണൽ ഹെൽത്ത് മിഷൻ ഫണ്ട്

കൊറോണാ പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ നാഷണൽ ഹെൽത്ത് മിഷൻ വഴി സംസ്ഥാനങ്ങൾക്കു കൂടുതൽ പണം ലഭ്യമാക്കുകയാണ് അടിയന്തരമായി ചെയ്യേണ്ടത്. 69,000 കോടി രൂപയുടേതാണ് കേന്ദ്ര ആരോഗ്യബജറ്റ്. ഇതിൽ എൻഎച്ച്എമ്മിന് വകയിരുത്തിയ 27,000 കോടി രൂപ മുൻവർഷത്തെക്കാൾ ഏതാണ്ട് 800 കോടി രൂപ കുറവാണ്. ഇത് ഇരട്ടിയായെങ്കിലും ഉയർത്തണം. ഇന്നത്തെ അടിയന്തര സ്വഭാവം കണക്കിലെടുത്ത് പകർച്ചവ്യാധിയുടെ തകർച്ച കണക്കിലെടുത്ത് സംസ്ഥാനങ്ങൾക്ക് അധികസഹായം ലഭ്യമാക്കുകയും വേണം ഇറക്കുമതി നിലച്ചതോടെ മരുന്നുകൾക്ക് ക്ഷാമമാണ്. മരുന്നുകൾ, സാനിറ്റൈസർ, മാസ്കുകൾ, തെർമൽ റീഡേഴ്സ്, ടെസ്റ്റിങ് കിറ്റുകൾ തുടങ്ങിയവയുടെ ഉത്പാദനം വർധിപ്പിക്കാൻ നടപടിയെടുക്കണം. കൊറോണാ ടെസ്റ്റിനുള്ള സൗകര്യങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പലമടങ്ങു വർദ്ധിപ്പിക്കണം. കേരളത്തിൽ ആരോഗ്യ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള ബജറ്റ് അടങ്കൽ വർധിപ്പിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

നിബന്ധനകൾ ഉദാരമാക്കണം

ദുരിതാശ്വാസ ഫണ്ടിൽനിന്ന് കൊറോണ പകർച്ചവ്യാധി നിയന്ത്രിയ്ക്കുന്നതിനുവേണ്ടി പണം ചെലവഴിക്കുന്നതിനുള്ള നിബന്ധനകൾ ഉദാരമാക്കണം. ഇക്കാര്യം കേരള മുഖ്യമന്ത്രി പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവന്നു കഴിഞ്ഞു. ഇതിന് അനുവാദം നൽകിക്കൊണ്ട് ശനിയാഴ്ച രാവിലെ ഇറങ്ങിയ ഉത്തരവ് മണിക്കൂറുകൾക്കുള്ളിൽ തിരുത്തപ്പെട്ടു. മരിച്ചവർക്കുള്ള നഷ്ടപരിഹാരം, രോഗബാധിതർക്കുള്ള ചികിത്സാ ചെലവ് തുടങ്ങിയവ ദുരിതാശ്വാസ സഹായത്തിൽ നിന്നു നൽകാനുള്ള അനുമതി പിൻവലിക്കപ്പെട്ടു.

തൊഴിലുറപ്പ് വകയിരുത്തൽ

തൊഴിലവസരങ്ങളുടെ മേലാണ് പകർച്ചവ്യാധി വലിയ ആഘാതം സൃഷ്ടിക്കാൻ പോകുന്നത്. ഇതിനു പ്രതിവിധിയായി തൊഴിലുറപ്പിനുള്ള വകയിരുത്തൽ ഇരട്ടിയാക്കണം. തൊഴിൽദിനങ്ങൾ 50 ദിവസവും കൂലി 50 രൂപയും ഉയർത്തണം. കേരളം ഇതിനകം തന്നെ തൊഴിലുറപ്പ് ഉപയോഗപ്പെടുത്തി 50,000 കിലോമീറ്റർ കനാലുകളും കുളങ്ങളും ശുചീകരിക്കുന്നതിനും ഒരുകോടി ഫലവൃക്ഷത്തൈ നടുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇത് കാര്യക്ഷമമായി ഈ വേനൽക്കാലത്തു നടപ്പാക്കാനുള്ള പിന്തുണ വേണം. ഇതോടൊപ്പം കൂട്ടിവായിക്കേണ്ടുന്ന കാര്യമാണ് ഓണത്തിനു മുമ്പ് 25 രൂപയ്ക്ക് ഊണു നൽകുന്ന 1000 കടകൾ തുറക്കാനുള്ള തീരുമാനം. കൊറോണാവ്യാധിയുടെ പശ്ചാത്തലത്തിൽ ഇവയെല്ലാം മെയ് മാസത്തിനു മുന്നേ തുറക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനം വേണം.

കുടുംബശ്രീ വഴി വായ്പ

വർധിക്കുന്ന തൊഴിലില്ലായ്മയുടെ പശ്ചാത്തലത്തിൽ സാധാരണക്കാർക്ക് കൂടുതൽ വായ്പ ലഭ്യമാക്കണം. കേരളത്തെ സംബന്ധിച്ചടത്തോളം ഇതിൽ ഏറ്റവും നല്ല മാർഗം കുടുംബശ്രീ വഴി ആയിരം കോടി രൂപയെങ്കിലും ബാങ്കുകളിൽനിന്ന് അധികവായ്പ ലഭ്യമാക്കലാണ്. ഇതിന് ബാങ്കുകൾക്ക് നിർദ്ദേശം നൽകുന്നതോടൊപ്പം പലിശ സബ്സിഡിയും കേന്ദ്രസർക്കാർ ലഭ്യമാക്കണം.

പ്രത്യേക പാക്കെജുകൾ

ചെറുകിട സംരംഭകമേഖലയിൽ കൂടുതൽ വായ്പ ലഭ്യമാക്കണം. പകർച്ചവ്യാധി വളരെ പ്രതികൂലമായി ബാധിച്ച ടൂറിസം, ഗതാഗതം, വാണിജ്യം, കയറ്റുമതി വ്യവസായങ്ങൾ തുടങ്ങിയ മേഖലകൾക്ക് പ്രത്യേക പാക്കെജുകൾ നടപ്പാക്കാൻ തയാറാകണം. കേരളത്തിലെ വാണിജ്യവിളകളുടെ തറവില ഫലപ്രദമായി നടപ്പാക്കാൻ ധനസഹായം വേണം. ഈ മേഖലകളിൽ അടുത്ത വാർഷിക പദ്ധതിയിലെ പ്രോജക്റ്റുകളിൽ നല്ല പങ്ക് ഏപ്രിൽ മാസം തന്നെ നടപ്പാക്കിത്തുടങ്ങാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. വാണിജ്യബാങ്കുകൾ ചെറുകിട സംരംഭങ്ങൾക്കും കൃഷിക്കാർക്കും വാണിജ്യസ്ഥാപനങ്ങൾക്കും നൽകിയിട്ടുള്ള വായ്പകൾക്ക് കുറഞ്ഞത് ആറുമാസത്തെ മൊറട്ടോറിയം പ്രഖ്യാപിക്കണം.

2020-21ലെ അനുവദനീയമായ കമ്പോളവായ്പ മാസാദ്യം തന്നെ എടുക്കുന്നതിന് കേരളത്തിൽ അനുവാദം നൽകണം. എങ്കിലേ ഏപ്രിൽ 14 വിഷുവിനു മുമ്പ് അഞ്ചു മാസത്തെ പെൻഷൻ കുടിശിക തീർത്തു നൽകാൻ കഴിയൂ. 6000 രൂപ വീതം കേരളത്തിലെ പാവപ്പെട്ട പ്രായം ചെന്ന 55 ലക്ഷം ആളുകൾക്ക് ക്ഷേമപെൻഷനും ആനുകൂല്യങ്ങളും നൽകുന്നത് ഈ കൊറോണാക്കാലത്ത് അടിയന്തരമായി ചെയ്യാൻ പറ്റുന്ന ഏറ്റവും വലിയ സഹായമായിരിക്കും.

യെസ് ബാങ്ക് ട്രാക്കിലാകുമോ, ഇന്നറിയാം

ന്യൂഡൽഹി: യെസ് ബാങ്കുമായി ബന്ധപ്പെട്ട സാമ്പത്തിക പ്രതിസന്ധിക്ക് ഇന്നുമതുൽ പരിഹാരമാവുമെന്ന് പ്രതീക്ഷ. നിക്ഷേപകരെ വിശ്വാസത്തിലെടുക്കുന്ന പ്രവർത്തനമാണ് കേന്ദ്രസർക്കാർ ഇപ്പോൾ നടത്തുന്നത്. 50,000 രൂപയിൽ കൂടുതൽ പിൻവലിക്കാൻ കഴിയില്ലെന്ന നിയന്ത്രണം ഇന്നലെ വൈകിട്ട് ആറിന് അവസാനിച്ചു. മൊറട്ടോറിയം അവസാനിക്കുന്ന നിമിഷം ഇടപാടുകാർ നിക്ഷേപം വൻ തോതിൽ പിൻവലിക്കുമോ? അതോ പിൻവലിക്കുന്ന തുക ബാങ്കിനെ തകർക്കാതെയുള്ള പരിധിക്കകത്ത് ഒതുങ്ങുമോ? ഇത് ഇന്ന് തിരിച്ചറിയാൻ കഴിയും.

ഡിജിറ്റലായി ബാങ്കിടപാട് നടത്തുന്നവർക്ക് ആറ് മണിക്കു ശേഷം പിൻവലിച്ചിട്ടുണ്ട്. പക്ഷേ, തുക ബാങ്കിനു താങ്ങാവുന്നതാണെങ്കിൽ ജനത്തിന്റെ പേടി അകലുകയും നാളെ യെസ് ബാങ്ക് ബ്രാഞ്ചുകളിൽ നിന്നുള്ള 'പാനിക്' പിൻവലിക്കൽ ഒഴിവാകുകയും ചെയ്യും. രാവിലെ ബാങ്കിങ്ങ് സമയം ആരംഭിച്ചു കഴിഞ്ഞാലെ കാര്യങ്ങൾ വ്യക്തമാവുകയുള്ളൂ.

യെസ് ബാങ്കിന് രണ്ട് ലക്ഷം കോടി രൂപ നിക്ഷേപമുണ്ട്. അതിൽ കോടിക്കണക്കിനു നിക്ഷേപമുള്ള വലിയ ഇടപാടുകാരും ചെറിയ നിക്ഷേപങ്ങളുടെ റീട്ടെയിൽ ഇടപാടുകാരുമുണ്ട്. പണം പിൻവലിക്കൽ 30,000 കോടി രൂപയ്ക്കകത്തു നിന്നാൽ ബാങ്കിനു പരുക്കേൽക്കില്ല എന്നാണു വിലയിരുത്തൽ. പക്ഷേ അരലക്ഷം കോടി കവിഞ്ഞാൽ കൈവിട്ടു പോകും.

ഇന്നു മതുൽ എല്ലാ എടിഎം കേന്ദ്രങ്ങളിലും, ബ്രാഞ്ച് കേന്ദ്രങ്ങളിലും ആവശ്യത്തിന് പണവും എത്തും. ഉപഭോക്താക്കളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ബാങ്ക് വൻ സൗകര്യം തന്നെ ഇതിനകം ഒരുക്കുകയും ചെയ്തിട്ടുണ്ട്. കിട്ടാക്കടങ്ങൾ പെരുകിയതാണ് ബാങ്കിന്റെ പ്രവർത്തനം നിലയ്ക്കാൻ കാരണമായത്.

വരുന്നു, ബാങ്ക് പണിമുടക്കും അവധിയും

കൊച്ചി: ഒരു ദിവസത്തെ ബാങ്ക് പണിമുടക്കും മറ്റ് ബാങ്ക് അവധിദിനങ്ങളും കാരണം അടുത്ത ആഴ്ച മൂന്ന് ദിവസം മാത്രമേ രാജ്യത്തെ ചിലയിടങ്ങളിൽ ബാങ്കുകൾ പ്രവർത്തിക്കൂ. കേരളത്തിൽ പണിമുടക്ക് മാത്രമാവും വില്ലൻ. എന്നാൽ എടിഎം ഫില്ലിങ്ങ് ഉൾപ്പടയുള്ള സേവനങ്ങൾ നൽകുന്ന കമ്പനികൾ എന്തു നിലപാട് എടുക്കും എന്ന് വ്യക്തമാക്കിയിട്ടില്ല. 10 പൊതുമേഖലാ ബാങ്കുകളുടെ മെഗാ ലയന പദ്ധതിയിൽ പ്രതിഷേധിച്ച് അഖിലേന്ത്യാ ബാങ്ക് എംപ്ലോയീസ് അസോസിയേഷനും (എബിഇഎ) അഖിലേന്ത്യാ ബാങ്ക് ഓഫീസേഴ്സ് അസോസിയേഷനും (എഐബിഒഎ) മാർച്ച് 27 നാണ് അഖിലേന്ത്യാ ബാങ്ക് പണിമുടക്ക് ആഹ്വാനം ചെയ്തിരിക്കുന്നത്. ഈ പണിമുടക്കിൽ പങ്കുചേരാൻ ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യയും തീരുമാനിച്ചുവെന്നാണ് റിപ്പോർട്ട്.

അടുത്ത ആഴ്ച, തിങ്കളാഴ്ചയും ചൊവ്വാഴ്ചയും ഇന്ത്യ ഒട്ടാകെ ബാങ്കുകൾ തുറന്ന് പ്രവർത്തിക്കും. എന്നാൽ ഗുഡി പദ്വ ഉത്സവവും തെലുങ്ക് പുതുവത്സര ദിനവും കാരണം നിരവധി നഗരങ്ങളിൽ ബുധനാഴ്ച ബാങ്കുകൾക്ക് അവധിയാണ്. മാർച്ച് 25 ന് നടക്കുന്ന സ്പ്രിങ് ഫെസ്റ്റിവൽ കാരണം ബെംഗളൂരു, ചെന്നൈ, ഹൈദരാബാദ്, മുംബൈ, നാഗ്പൂർ തുടങ്ങി നിരവധി നഗരങ്ങളിലും ബാങ്കുകൾ പ്രവർത്തിക്കില്ല.

എന്നാൽ കേരളത്തിൽ ഈ അവധി ബാധകമല്ല. വ്യാഴാഴ്ച വീണ്ടും രാജ്യത്ത് എല്ലായിടത്തും ബാങ്കുകളുടെ പ്രവൃത്തി ദിവസമായിരിക്കും.വെള്ളിയാഴ്ച ബാങ്ക് പണിമുടക്ക്മൂലം മിക്ക ബാങ്കിങ് സേവനങ്ങളെയും ബാധിച്ചേക്കാം. എല്ലാ ഷെഡ്യൂൾഡ്, വാണിജ്യ ബാങ്കുകളും മാസത്തിലെ രണ്ടാമത്തെയും നാലാമത്തെയും ശനിയാഴ്ചകളിൽ പ്രവർത്തിക്കില്ല. അതിനാൽ ശനിയാഴ്ചയും (മാർച്ച് 28) അവധി ദിവസമായിരിക്കും.

വിലയിൽ ചാഞ്ചാടി സ്വർണം

ഇന്നലെ കൂടിയത് ₹480

കൊച്ചി: സ്വർണത്തിലെ നിക്ഷേപം കൂടുമ്പോഴും വിലയിൽ വീണ്ടും ചാഞ്ചാട്ടങ്ങൾ. ചൊവ്വാഴ്ച 1000 രൂപ താഴ്ന്ന വില ഇന്നലെ 480 രൂപ ഉയർന്നു. ഇതോടെ കേരളത്തിൽ വില വീണ്ടും 30000 കടന്നു.

ഇന്നലെ ഗ്രാമിന് 60 രൂപയാണ് ഉയർന്നത്. ഗ്രാം വില 3760 രൂപയും പവൻ വില 30080 രൂപയുമായി. രാജ്യാന്തര വിപണിയിൽ 1475 ഡോളർ നിലവാരത്തിലേക്ക് ചൊവ്വാഴ്ച സ്വർണവില ഇടിഞ്ഞിരുന്നു. അതിനെത്തുടർന്നാണ് കേരളത്തിലും ഇന്നലെ വില ഇടിഞ്ഞത്. എന്നാൽ പിന്നീട് 1525 ഡോളറിലേക്ക് വില ഉയർന്നു. ഇതാണ് കേരളത്തിൽ വില ഉയരാനുള്ള കാരണം.

ഇപ്പോൾ 1513 ഡോളറിലാണ് വ്യാപാരം നടക്കുന്നത്. കൊറോണ വൈറസ് ഭീതിയിൽ വലിയ അസ്ഥിരതയാണു വിപണിയിൽ നടക്കുന്നത്. റെക്കോഡിൽ നിന്ന് സ്വർണവില താഴെയെത്തിയിട്ടും സ്വർണവ്യാപാര മേഖലയിൽ അനക്കമില്ല. വില ഉയർന്നതോടെ വിവാഹ പർച്ചേസുകൾ മാത്രമാണ് ജ്വല്ലറികളിൽ പ്രധാനമായും നടന്നിരുന്നത്. കോവിഡ്19 ഭീതിയിൽ കല്ല്യാണം ആഘോഷമല്ലാതായപ്പോൾ കച്ചവടം കുറഞ്ഞു.

കൊവിഡ് 19: കുടുംബശ്രീ രംഗത്ത്

കൊച്ചി: കോവിഡ് -19 രോഗ ഭീഷണിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തുണ്ടായ മാസ്ക് ക്ഷാമത്തിന് പരിഹാരം കാണാൻ കുടുംബശ്രീ രംഗത്ത്. സംസ്ഥാനത്താകെ തിങ്കളാഴ്ച പ്രവർത്തനമാരംഭിച്ച 200 യൂണിറ്റുവഴി പ്രതിദിനം രണ്ടിനത്തിലുള്ള 50,000 മാസ്കാണ് കുടുംബശ്രീ നിർമിക്കുക.

കോട്ടൺ തുണി ഉപയോഗിച്ചുള്ള പുനരുപയോഗിക്കാവുന്ന മാസ്കുകളാണ് കുടുംബശ്രീ നിർമിക്കുന്നത്. ഒരുപാളി തുണിയിൽ നിർമിക്കുന്ന മാസ്കിന് പത്തു രൂപയും രണ്ടു പാളിയുള്ളതിന് 15 രൂപയുമാണ് വില. ഉയർന്ന ഗുണനിലവാരമുള്ള കോട്ടൺ തുണിയിൽ നിർമിക്കുന്ന മാസ്ക് സ്റ്റെറിലൈസ് ചെയ്ത് പുനരുപയോഗിക്കുകയും ചെയ്യാം. ഇതേവിലയ്ക്ക് നിലവിൽ വിപണിയിൽ കിട്ടുന്ന മാസ്കുകൾ 4-6 മണിക്കൂർ ഉപയോഗിച്ച് ഉപേക്ഷിക്കണം. കുടുംബശ്രീയുടെ മാസ്കുകൾ തത്കാലം പൊതുവിപണിയിൽ ലഭിക്കില്ല. സംസ്ഥാനത്തെ ഇപ്പോഴത്തെ ആവശ്യത്തിനുള്ള ഉത്പാദനമില്ലാത്തതിനാലാണിത്. സംസ്ഥാന മെഡിക്കൽ സർവീസസ് കോർപറേഷൻ വഴിയാകും മാസ്ക് ആവശ്യക്കാരിലേക്ക് എത്തിക്കുക. കൂടുതൽ യൂണിറ്റുകൾ ഉത്പാദനം തുടങ്ങുന്നമുറയ്ക്ക് പൊതുവിപണിയിലും വിൽക്കാനാകുമെന്നാണ് പ്രതീക്ഷ. വിവിധ സംഘടനകളും സ്വകാര്യ ആശുപത്രികളും ജില്ലാ മെഡിക്കൽ ഓഫീസുകളുമൊക്കെ കുടുംബശ്രീയുടെ മാസ്കിൽ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

കോവിഡ് -19 ഭീഷണി വന്നതോടെ സംസ്ഥാനത്ത് മാസ്ക് ക്ഷാമം രൂക്ഷമാണ്. ചൈനയിൽനിന്നും വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുമാണ് മാസ്ക് പൊതുവിപണിയിൽ എത്തിയിരുന്നത്. രോഗം വ്യാപിച്ചതോടെ ആ വഴികൾ അടഞ്ഞു. ആവശ്യക്കാരും അല്ലാത്തവരും മാസ്ക് വൻതോതിൽ വാങ്ങി സൂക്ഷിച്ചതും ക്ഷാമത്തിന് കാരണമായി. ഈ സാഹചര്യത്തിലാണ് സംസ്ഥാനത്തെ ഉയർന്ന ആവശ്യം പരിഗണിച്ച് കുടുംബശ്രീ രംഗത്തുവന്നത്.

സേവന മേഖലയിൽ കൈപൊള്ളുന്നു

കോട്ടയം: കൊവിഡ് 19 ഭീതി പടരുന്നതോടെ സേവന - വ്യാപാര മേഖല കടക്കെണിയിലേക്ക്. തുടർച്ചയായ 11-ാം ദിവസവും നഷ്ടത്തിൽ കച്ചവടം അവസാനിപ്പിക്കേണ്ടി വന്നതോടെ വ്യാപാരികളും ആശങ്കയിലായി. ജാഗ്രതയും നിയന്ത്രണങ്ങളും നടപ്പാക്കിയതിനെ തുടർന്ന് 30 ശതമാനത്തോളം കടകൾ അടച്ചതായി വ്യാപാരി വ്യവസായി ഏകോപന സമിതിയും ചൂണ്ടിക്കാട്ടുന്നു. വ്യാപാര മേഖലയെ കൂടാതെ ഹോട്ടൽ വ്യവസായത്തെയും ബസ് സർവീസ് അടക്കമുള്ളവയും ഈ ആഘാതത്തിലാണ്

പ്രതിദിനം ലഭിക്കുന്ന ലാഭത്തിൽനിന്നു വാടകയും വൈദ്യുതി നിരക്കും ജീവനക്കാരുടെ ശമ്പളവും ഉൾപ്പെടെ കൊടുത്തിരുന്ന വിവിധ വ്യാപാര സ്ഥാപനങ്ങളാണു പ്രതിസന്ധിയിൽപ്പെട്ടവയിൽ ഏറെയും. നഗരങ്ങളിലെ പ്രധാന കച്ചവട കേന്ദ്രങ്ങൾ ആളില്ലാതെ ഒഴിഞ്ഞുകിടക്കുകയാണ്. 10 ദിവസങ്ങൾക്കു മുൻപ് ആരംഭിച്ച നിയന്ത്രണങ്ങൾ ഇനി എത്രനാൾ തുടരുമെന്ന അനിശ്ചിതത്വം വേറെ. ഇതോടെയാണു മിക്ക വ്യാപാര സ്ഥാപനങ്ങളും അടച്ചിടാൻ തുടങ്ങിയത്. കോവിഡ് ഭീതിയെ തുടർന്നു തൊഴിലാളികളും ഭാഗികമായി കച്ചവട സ്ഥാപനങ്ങളിൽനിന്നു വിട്ടുനിൽക്കുകയാണ്.

പ്രതിദിനം ലക്ഷം രൂപയുടെ വരെ കച്ചവടം നടന്നിരുന്ന മിക്ക ഹോട്ടലുകളും 10 ദിവസത്തിനുള്ളിൽ നഷ്ടത്തിലേക്കു കൂപ്പു കുത്തി. മറ്റു കച്ചവട സ്ഥാപനങ്ങളിൽ ഉണ്ടാകുന്നതിനേക്കാൾ നാലിരട്ടി അധിക നഷ്ടമാണു ഹോട്ടലുകളിലുണ്ടാകുന്നത്. ഉണ്ടാക്കുന്ന ഭക്ഷണം പാഴായി പോകുമെന്നതാണു നഷ്ടത്തിന്റെ കനമേറ്റുന്നത്. ആളുകൾ എത്താതായതോടെ ഹോട്ടലുകളിൽ നിന്നു ജീവനക്കാരെ ഒഴിവാക്കിത്തുടങ്ങി. ഇതൊടൊപ്പം ഉണ്ടാക്കുന്ന ഭക്ഷണത്തിന്റെ അളവും കുറച്ചു. പക്ഷിപ്പനിഭീതി നിലനിൽക്കുന്നതിനാൽ കോഴിയിറച്ചിയും ചിക്കൻ വിഭവങ്ങളും തേടി വന്നിരുന്നവരും പിൻമാറി.

ഡീസൽ നിറയ്ക്കാനുള്ള പണം പോലും കിട്ടാത്ത അവസ്ഥയിലാണു നിലവിൽ സ്വകാര്യ ബസ് മേഖല. മിക്ക ബസുകളിലും രണ്ടോ മൂന്നോ യാത്രക്കാർ മാത്രം. ടൗൺ സർവീസ് നടത്തുന്ന ബസിനു പോലും പ്രതിദിനം 70 ലീറ്റർ ഡീസലെങ്കിലും വേണമെന്നാണു ബസ് ഉടമകളുടെ കണക്ക്. ഇതിനു തന്നെ 5000 രൂപയോളം വേണം. ജീവനക്കാരുടെ ശമ്പളവും മറ്റു ചെലവുകളുമായി 2500 രൂപ വേറെയും. ഒന്നിലധം ബസുകൾ ഒരു റൂട്ടിൽ ഓടയിരുന്നവർ അത് വെട്ടിക്കുറച്ചു. ജീവനക്കാർക്ക് പണിയില്ലാത്ത അവസ്ഥയാണിപ്പോൾ. പകുതിയിലേറെ സർവീസുകളും നിർത്തിയെന്നു ബസ് ഓപ്പറേറ്റേഴ്സ് ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ലോറൻസ് ബാബു പറയുന്നു.

സാധാരണക്കാരൻ ഏറ്റവും കൂടുതൽ ആശ്രയിച്ചിരുന്ന, ഒട്ടേറെ സാധാരണക്കാർക്കു വരുമാന മാർഗമായിരുന്ന ഓട്ടോറിക്ഷകൾ ജനം പുറത്തിറങ്ങാതായതോടെ ഓട്ടം നിലച്ച അവസ്ഥയിലായി. സ്കൂൾ, കോളജ് ക്ലാസുകളിൽ നിയന്ത്രണം വന്നതോടെ കുട്ടികളുമായുള്ള സവാരി പോലും നിന്നു പോയി. ഇതോടെ രാവിലെ മുതൽ രാത്രി വരെ അധ്വാനിച്ചാലും കാര്യമായി വരുമാനം ഇല്ലാത്ത അവസ്ഥയിലാണ്. വാഹന വായ്പയ്ക്കും ഇന്ധനച്ചെലവിനും പണം തികയാത്ത സ്ഥിതിയാണ്.

സ്വർണം 30,080

വെളിച്ചെണ്ണ : മില്ലിങ്	16,900	മുതിര	4000
വെളിച്ചെണ്ണ	15,500	എള്ള്	14,000- 15,000
കൊപ്ര	10,390-11,200	മല്ലി	7600-19,000
പിണ്ണാക്ക് എക്സ്പെല്ലർ	2400	പച്ചരി നമ്പർ 2	2600-3400
പിണ്ണാക്ക് റോട്ടറി	3100	പുഴുക്കലരി (ജയ)	3400- 3500
കുരുമുളക് അൺഗാർബിൾഡ്	30,100		
പുതിയ കുരുമുളക്	29,100	ജാതിക്ക തൊണ്ടൻ (കിലോ)	200-240
കുരുമുളക് ഗാർബിൾഡ്	32,100	ജാതിക്ക തൊണ്ടില്ലാത്തത് (കിലോ)	400-450
ചുക്ക് മീഡിയം	26,500		
ചുക്ക് ബെസ്റ്റ്	27,500	ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ)	1100- 1500
മഞ്ഞൾ നാടൻ	ഇല്ല		
സേലം - ഈറോഡ്	7200-7600	ഗ്രാമ്പൂ (കിലോ)	550
കാഞ്ഞിരക്കുരു	1850		
അടയ്ക്ക ന്യൂ	24,000- 25,000	റബർആർ എസ് എസ് 5 ഗ്രേഡ്	11,800-12,500
അടയ്ക്ക ഓൾഡ്	25,000- 26,000		
പഞ്ചസാര	3600	റബർആർ എസ് എസ് 4 ഗ്രേഡ്	12,800
മുളക്	15,000-27,000	ഒട്ടുപാൽ	8,100
ഉഴുന്ന്	9,000-10,000	ലാറ്റക്സ്	7,800
ചെറുപയർ	9500-10,500	സ്വർണം	30,080
കടല	5100-6300	പാം ഓയിൽ	7300

പുതിയ സാധ്യതയായി കുറുന്തോട്ടിയും ആയുവവേദ ഔഷധങ്ങളും

കൊച്ചി: കേരളത്തിലെ ഔഷധസസ്യ മേഖല പുതിയ അവസങ്ങൾ ഒരുക്കുന്നു. സംസ്ഥാനത്ത് ആയുർവേദ ഔഷധനിർമാണ ഫാക്റ്ററികൾക്ക് ആവശ്യമായ ഔഷധസസ്യങ്ങൾ നൽകുന്നതിനുള്ള സാധ്യതയാണ് പുതിയ വ്യവസായസാധ്യതയായി കർഷകർക്ക് മുന്നിൽ തുറന്നിരിക്കുന്നത്.

ഇപ്പോൾ 700-ഓളം ഔഷധകമ്പനികളാണ് കേരളത്തിലുള്ളത്. ഇവർക്ക് പലമരുന്നുകളും കിട്ടുന്നില്ല. പല മരുന്നുകളിലും കൃത്യമായ ഔഷധ ചേരുവകളില്ലെന്ന പരാതിയും വ്യാപകം. ഇതിൽ ഏറ്റവും പ്രധാനം കുറുന്തോട്ടിയാണ്.

ആദിവാസികളാണ് പലപ്പോഴും വനങ്ങളിൽനിന്നും മറ്റും ഔഷധസസ്യങ്ങൾ ശേഖരിച്ചു നൽകുന്നത്. മരുന്നു കമ്പനികൾ കിലോയ്ക്ക് 140 രൂപവച്ചു നൽകും. ഔഷധ മേഖലയ്ക്കുമാത്രം ഏകദേശം 1200 ടൺ കുറുന്തോട്ടിവേണം. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള 'ഔഷധി'മാത്രം 150 ടൺ കുറുന്തോട്ടി വാങ്ങുന്നുണ്ട്. തളിപ്പറമ്പിൽ 80 ഏക്കറിൽ കുറന്തോട്ടിമാത്രം കൃഷിചെയ്യുന്നതിനുള്ള പദ്ധതിക്ക് രൂപംകൊടുത്തു കഴിഞ്ഞു. സംസ്ഥാനത്ത് 1500 കോടി രൂപയുടെ ഔഷധ വ്യാപാരമാണ് നടക്കുന്നത്. ഇതിൽ 30 മുതൽ 40 ശതമാനംവരെ ഔഷധ സസ്യങ്ങളുടെ മൂല്യമാണ്. അമൂല്യമായ പച്ചമരുന്നുകൾക്ക് കടുത്ത ക്ഷാമവും വൻവിലയുമാണ്. ഓരില, മൂവില, പയ്യാനി, കാതിരിവേര്, കൂവളം, കുമിഴ്, കൊടുത്തൂവ എന്നിവയൊന്നും കിട്ടാനില്ല.

പൂവാംകുരുന്നില, കൈയോന്നി, മുക്കുറ്റി, തിരുതാളി, നിലപ്പന, വിഷ്ണുക്രാന്തി, മുയൽചെവിയൻ തുടങ്ങിയവയും അന്യംനിന്നു. ഇതിന് പരിഹാരം കാണാൻ ഔഷധസസ്യ ബോർഡിന് കഴിയുന്നില്ല. അതുകൊണ്ടുതന്നെ പല ഔഷധങ്ങളിലും വിധിപ്രകാരമുള്ള മരുന്നുകൾ ചേരുന്നില്ലെന്ന പരാതിയുണ്ട്.

അഞ്ചുവർഷംമുമ്പ് ദേശീയ ഔഷധസസ്യ ബോർഡിന്റെ സഹായത്തോടെ 10.36 കോടിയുടെ പദ്ധതി പ്രഖ്യാപിച്ചു. ഇതിൽ 1.25 കോടിയുടെ പദ്ധതിമാത്രമേ തുടങ്ങിയുള്ളൂ. അതും വിജയിച്ചില്ല. തിരുവനന്തപുരത്തെ അഗസ്ത്യവനത്തിൽ ആദിവാസിമേഖലയിൽ ഔഷധകൃഷി നടത്താൻ 2017-ൽ ജില്ലാ ഭരണകൂടം പദ്ധതി തയാറാക്കി. ശതാവരി, കസ്തൂരി മഞ്ഞൾ, തിപ്പലി, കറ്റാർവാഴ തുടങ്ങിയവ കൃഷിചെയ്യാനായിരുന്നു പദ്ധതി. എന്നാൽ, വിജയിച്ചില്ല. സ്വകാര്യ സംരഭകരെ കൂടുതലായി ഇടപെടുത്താൻ ഇത്തവണ സർക്കാർ ശ്രമിക്കുന്നത്.

കൊറോണ സ്ഥിരീകരിച്ച മാഹി സ്വദേശിനിയുടെ സഞ്ചാരപഥത്തിൽപെട്ടവർ കോഴിക്കോട് ബീച്ച് ആസ്പത്രിയിൽ എത്തിയപ്പോൾ ഡോക്റ്റർമാർ പരിശോധിക്കുന്നു.

തൃശൂർ കെഎസ്ആർടിസി സ്റ്റാൻഡിൽ ആരോഗ്യ പ്രവർത്തകർ അണുവിമുക്ത ലായനി വിതരണം ചെയ്യുന്നു.

കൊറോണ: തൃശൂരിൽ നിരീക്ഷണത്തിൽ 3088 പേർ

തൃശൂർ: കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി ജില്ലയിൽ ആകെ നിരീക്ഷണത്തിലുള്ളത് 3088 പേരാണെന്ന് ജില്ലാ കലക്റ്റർ എസ് ഷാനവാസ് വാർത്താസമ്മേളനത്തിൽ അറിയിച്ചു. 3053 പേർ വീടുകളിലും 35 പേർ ആശുപത്രികളിലുമാണ് നിരീക്ഷണത്തിലുള്ളത്. പത്ത് പേരെ ബുധനാഴ്ച (മാർച്ച് 18) പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. നിരീക്ഷണത്തിലുണ്ടായിരുന്ന 13 പേരെ ഡിസ്ചാർജ്ജ് ചെയ്തു. ബുധനാഴ്ച 20 സാംപിളുകൾ പരിശോധനയ്ക്കായി അയച്ചു. ഇതു വരെ 336 സാംപിളുകളാണ് ആകെ അയച്ചത്. ഇതിൽ 308 എണ്ണത്തിന്റെയും ഫലം ലഭിച്ചു. ബുധനാഴ്ച ലഭിച്ച 28 എണ്ണത്തിന്റെയും ഫലം നെഗറ്റീവാണ്. തൃശൂർ മെഡിക്കൽ കോളെജിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധിച്ച ഏഴ് സാംപിളുകളും ആലപ്പുഴയിൽ പരിശോധിച്ച 21 സാംപിളുകളും നെഗറ്റീവാണ്.

വരുന്ന രണ്ടാഴ്ച കോവിഡിന്റെ സമൂഹവ്യാപനത്തിന് സാധ്യതയുള്ളതിനാൽ വളരെയധികം ശ്രദ്ധയും ജാഗ്രതയും പുലർത്തേണ്ടതുണ്ടെന്ന് കലക്റ്റർ പറഞ്ഞു. ശക്തമായ സാമൂഹ്യനിയന്ത്രണം പുലർത്തണം. ഈ സാഹചര്യത്തിൽ ജുമാമസ്ജിദുകളിലെ വെള്ളിയാഴ്ച നമസ്ക്കാരവും ക്രിസ്ത്യൻ ദേവാലയങ്ങളിലെ ഞായറാഴ്ച പ്രാർത്ഥനയും അടുത്ത രണ്ടാഴ്ചത്തേക്ക് കഴിയുന്നതും ഒഴിവാക്കണമെന്ന് ജില്ലാ കലക്റ്റർ അഭ്യർഥിച്ചു. ജനങ്ങൾ ഒത്തുചേരുന്നത് ഒഴിവാക്കി ആരാധനകൾ ചടങ്ങ് മാത്രമായി നടത്താനാണ് അഭ്യർത്ഥന. ഇക്കാര്യത്തിൽ വിവിധ മത-സാമുദായിക നേതാക്കളുമായി നടത്തിയ ചർച്ചയിൽ അവർ അനുകൂലമായാണ് പ്രതികരിച്ചതെന്ന് കലക്റ്റർ പറഞ്ഞു.

കോവിഡിന്റെ പശ്ചാത്തലത്തിൽ പാലിയേക്കര ടോൾപ്ലാസയിലെ ടോൾപിരിവ് താൽക്കാലികമായി നിർത്തിവെയ്ക്കുന്നതിന് വേണ്ടി ഗതാഗത വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകി.കേന്ദ്ര സർക്കാർ സാനിറ്റൈസർ, ഗ്ലൗസ്, മാസ്ക് എന്നിവ ആവശ്യസാധന പട്ടികയിൽ ഉൾപ്പെടുത്തി വിജ്ഞാപനം ഇറക്കിയതായി കലക്റ്റർ അറിയിച്ചു. ജില്ലയിൽ പരമാവധി സാനിറ്റൈസർ ഉൽപാദിപ്പിച്ച് വിതരണം നടത്താനാണ് ശ്രമം. ഇത് ഉൽപാദിപ്പിക്കുന്നതിന് ലൈസൻസുള്ള സ്ഥാപനങ്ങളിൽ നിന്ന് വില നിശ്ചയിച്ച് വിതരണക്കാർ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കും. ഇതോടെ കുറഞ്ഞ വിലയിൽ സാനിറ്റൈസർ ലഭ്യമാവും. തുണി കൊണ്ട് മാസ്ക് നിർമ്മിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. ഇതിനായി ധാരാളം തുണികൾ സംഭാവനയായി ലഭിക്കുന്നുണ്ട്.

ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലെ 1465 വാർഡുകളിലും വാർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തുകളിലെ നടക്കാനിരിക്കുന്ന പൊതുയോഗം, ആഘോഷം എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

ജില്ലാ കൺട്രോൾ സെല്ലിലേക്ക് ബുധനാഴ്ച 553 പേർ വിളിച്ചു. 984 പേർക്ക് കൗൺസിലർമാർ വഴി കൗൺസിലിങ് നടത്തി. ജില്ലയിലെ പ്രധാന കേന്ദ്രങ്ങളിൽ ആരോഗ്യവകുപ്പ് സ്ക്രീനിംഗ് ക്യാമ്പുകളും ഹെൽപ്പ്ഡസ്ക്കുകളും ആരംഭിച്ചു. റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാൻഡുകളിലും സ്ക്രീനിംഗ് നടത്തുന്നുണ്ട്.

ഉത്തരേന്ത്യൻ സ്ഥലങ്ങൾ സന്ദർശിച്ച ശേഷം പനി ബാധിച്ച് കാർഷിക സർവകലാശാലയിൽ മടങ്ങിയെത്തിയ വിദ്യാർഥി അജിത്തിനെ ആരോഗ്യവകുപ്പിന്റെ നിർദ്ദേശം ലംഘിച്ചതിനെ തുടർന്ന് കൊല്ലത്ത് ക്വാറന്റെയിനിൽ പ്രവേശിപ്പിച്ചു. നിരീക്ഷണത്തിൽ കഴിയാൻ ആരോഗ്യവകുപ്പ് നൽകിയ നിർദ്ദേശം മറികടന്ന് വീട്ടിലേക്ക് പോവുകയായിരുന്ന വിദ്യാർഥിയെ തൃശൂർ ജില്ലാ കലക്റ്റർ എസ് ഷാനവാസിന്റെ സന്ദേശത്തെ തുടർന്ന് കൊല്ലം ജില്ലാ കലക്റ്റർ ട്രെയിനിൽ നിന്ന് ഇറക്കുകയായിരുന്നു. വാർത്തസമ്മേളനത്തിൽ ഡിഎംഒ (ആരോഗ്യം) ഡോ. കെ ജെ റീന, ഡിഎംഒ (ഐഎസ്എം) ഡോ. പി ആർ സലജകുമാരി എന്നിവരും പങ്കെടുത്തു.

ബ്രേക്ക് ദി ചെയിൻ ക്യാംപയിൻ

പാലക്കാട്: കൊറോണ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ബ്രേക്ക് ദി ചെയിൻ ക്യാംപയിനുമായി ജില്ലയിൽ സംസ്ഥാന യുവജനക്ഷേമ ബോർഡ് രംഗത്ത്. ജില്ലാ യുവജനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആറ് കേന്ദ്രങ്ങളിലാണ് ബ്രേക്ക് ദി ചെയിൻ ക്യാംപയിൻ നടത്തിയത്. വരും ദിവസങ്ങളിലും ക്യാംപയിൻ നടത്തും. തൃത്താല വട്ടേനാട് ഗവ. വി.എച്ച്.എസ്.എസ് സ്കൂളിൽ നടത്തിയ ക്യാംപയിനിൽ പട്ടിത്തറ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സുജാത, സംസ്ഥാന യുവജനക്ഷേമ ബോർഡ് അംഗം അഡ്വ. വി.പി. റജിന, ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ എം.എസ്. ശങ്കർ എന്നിവർ പങ്കെടുത്തു. ഗവ. വി.എച്ച്.എസ്.എസ്. കുന്നത്തറയിൽ നടന്ന ക്യാംപയിനിൽ വാണിയംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. പ്രിയ, യൂത്ത് കോ-ഓർഡിനേറ്റർമാരായ പി. സുധീഷ്, ശ്രീജിത്ത് വിവിധ യൂത്ത് ക്ലബ്ബ് പ്രതിനിധികളുടെ നേതൃത്വത്തിൽ ക്യാംപയിൻ നടന്നു

കൊടകര : കോവിഡ്- 19 നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി ബ്രേക്ക് ദി ചെയിൻ ക്യാംപയിൻ കൊടകര ഗ്രാമ പഞ്ചായത്ത്, പ്രാഥമിക ആരോഗ്യ കേന്ദ്രം, വിവിധ സ്ഥാപനങ്ങൾ, ജനമൈത്രി പോലീസ് എന്നിവരുടെ സഹകരണത്തോടെ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ ആരംഭിച്ചു. കൊടകര പി. എച്ച്. സി. യിൽ പൊതുജനങ്ങൾക്ക് കൈ കഴുകുന്നതിനായുള്ള ഏർപ്പെടുത്തിയ സംവിധാനം കൊടകര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി.ആർ. പ്രസാദൻ ഉൽഘാടനം ചെയ്തു. ആശുപത്രിയിൽ എത്തുന്ന സമയവും തിരികെ പോകുന്ന സമയവും രോഗികൾ കൈകൾ കഴുകുന്ന ശീലം ഉണ്ടാകണമെന്നും കൈകൾ കഴുകുന്നതിലൂടെ രോഗവ്യാപനം ഒരു പരിധി വരെ തടയാനാകും എന്നും മെഡിക്കൽ ഓഫീസർ ഡോ. ദീപ്തി രാജു അറിയിച്ചു.

പാലക്കാട്: ബ്രേക്ക് ദി ചെയിൻന്റെ ഭാഗമായി ജില്ലാ പഞ്ചായത്ത് ഓഫീസിനു മുൻവശത്ത് ആരംഭിച്ച ഹെൽപ്പ് ഡെസ്ക് കോർണർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ. ശാന്തകുമാരി ഉൽഘടനം ചെയ്തു. സെക്രട്ടറി കെ.സി സുബ്രഹ്മണ്യൻ, പി.ഡബ്ല്യൂ.ഡി ചെയർമാൻ പി.കെ. സുധാകരൻ, ജില്ലാ പഞ്ചായത്ത് അംഗം യു രാജഗോപാൽ, ഫിനാൻസ് ഓഫീസർ, ജൂനിയർ സൂപ്രണ്ടുമാർ, ജീവനക്കാർ എന്നിവർ പങ്കെടുത്തു.

ഇരിങ്ങാലക്കുട: ബ്രൈക്ക് ദി ചെയിൻ ക്യാംപയിന്റെ ഭാഗമായി ബോയ്സ് സ്കൂളിന് സമീപത്തായി ഒരുമ്മ മാർട്ടിന് മുന്നിൽ കൈകൾ കഴുകുന്നതിനുള്ള സൗകര്യം ഒരുക്കി. ഫ്രണ്ട്സ് ഫോറെവർ ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖത്തിലാണ് സംവിധാനം ഒരുക്കിയിരിക്കുന്നത്. ഇരിങ്ങാലക്കുട ഡി.വൈ.എസ്പി. ഫേമസ് വർഗ്ഗീസ് കൈകൾ കഴുകി ഉദ്ഘാടനം നിർവഹിച്ചു. ഫ്രണ്ട്സ് ഫോറെവർ പ്രവർത്തകർ പങ്കെടുത്തു. ഹാൻഡ് വാഷും സാനിറ്ററെസറും മാസ്ക്കും ബോധവത്കരണ നോട്ടീസും വിതരണം ചെയ്തു.

കൊറോണ : സെമിനാർ മാറ്റിവച്ചു

പാലക്കാട്: കൊവിഡിന്റെ പശ്ചാത്തലത്തിൽ നിയമസഭയുടെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസിന്റെയും കേരള സ്റ്റേറ്റ് ഫോർമർ എംഎൽഎ ഫോറത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ 20 ന് നിയമസഭാ സമുച്ചയത്തിലെ ബാങ്കറ്റ് ഹാളിൽ 'ഇന്ത്യൻ ഭരണഘടനയും ജനാധിപത്യവും' എന്ന വിഷയത്തിൽ നടത്തുവാനിരുന്ന സെമിനാർ മാറ്റിവച്ചു.

പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവമായി വ്യാപാരികളും

കൂറ്റനാട്: കൊറോണ വൈറസ് പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവമായി കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ആലൂർ യൂണിറ്റ്. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആലൂർ ടൗൺ മുഴുവനായും മാലിന്യമുക്ത മാക്കുകയും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. പ്ലാസ്റ്റിക് മാലിന്യങ്ങളും, പാഴ് വസ്തുക്കളും അടിഞ്ഞുകൂടിയ അഴുക്കുചാലുകളും, കനാലുകളും വൃത്തിയാക്കി. കൊറോണ വൈറസിനെതിരെ പൊതുജനങ്ങൾ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ചും, മുൻകരുതലുകളെ കുറിച്ചും വിവരിക്കുന്ന നോട്ടീസുകളും, ലഘുലേഖകളും കടകൾക്കു മുൻപിലും, പൊതുഇടങ്ങളിലും, ആലൂരിലെ ഓട്ടോ-ടാക്സി വാഹനങ്ങളിലും പ്രദർശിപ്പിച്ചും, സാനിറ്റയ് സറുകളും ഹാൻഡ് വാഷ് സൗകര്യങ്ങളും സ്ഥാപിച്ചും ആലൂരിലെ വ്യാപാരികൾ കൊറോണ വ്യാപനത്തിനെതിരെ വളരെ ജാഗ്രതയോടെയാണ് നീങ്ങുന്നത്. കൊറോണ വൈറസിനെതിരെ പൊതുജനങ്ങൾ പാലിക്കേണ്ടുന്ന സർക്കാർ പുറപ്പെടുവിച്ച എല്ലാ നിർദ്ദേശങ്ങളും കർശനമായി പാലിക്കുവാൻ സ്വയം തയ്യാറാവുന്ന നിന്നോടുകൂടെ പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതതിലും ആലൂരിലെ വ്യാപാരികൾ സദാ ജാഗ്രത യിലാണ്. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ആലർ യൂണിറ്റ് പ്രസിഡന്റ് എം ബിജു, സെക്രട്ടറി എം ടി ഫൈസൽ, യൂത്ത് വിങ് പ്രസിഡന്റ് ടി ടി മുസ്തഫ, സെക്രട്ടറി ഇ വി രവി, ട്രഷറർ ജാഫർ സ്റ്റൈലോ, അഭിലാഷ്, സുബ്രഹ്മണ്യൻ, സിപി ഷാഫി, അബ്ദുല്ല, മുസ്തഫ, എ വി വിജയൻ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

അവലോകന യോഗം ചേർന്നു

കുന്നംകുളം: ചൂണ്ടൽ ഗ്രാമപഞ്ചായത്ത കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ചൂണ്ടൽ ഗ്രാമ പഞ്ചായത്തിൽ അവലോകന യോഗം ചേർന്നു. പഞ്ചായത്ത് ഹാളിൽ മുരളി പെരുനെല്ലി എം.എൽ.എയുടെ അദ്ധ്യക്ഷതയിലാണ് അവലോകന യോഗം ചേർന്നത്. ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് കെ എസ് കരീം, ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ എൻ.എ.ഇക്ബാൽ, പ്രീതി സുരേഷ്, ഗ്രാമ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ ഷാജി കുയിലത്ത്, വി.സി. സിനി, ടി.എ.മുഹമ്മദ് ഷാഫി, സെക്രട്ടറി പി.എ.ഷൈല, ഹെൽത്ത് ഇൻസ്പെക്റ്റർ എ.സുജിത്ത്, പഞ്ചായത്ത് അംഗങ്ങൾ, ആസൂത്രണ സമിതി അംഗങ്ങൾ, സി.ഡി.എസ് ഭാരവാഹികൾ എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു. പഞ്ചായത്തിൽ നടപ്പിലാക്കുന്ന പ്രതിരോധ പ്രവർത്തനങ്ങൾ യോഗത്തിൽ അവലോകനം നടത്തി. വാർഡുതല സമിതികൾ അടിയന്തിരമായി ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, ബോധവൽക്കരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനും തീരുമാനിച്ചു. ബ്രേക്ക് ദി ചെയിൻ ക്യാമ്പയിനിന്റെ ഭാഗമായി എല്ലാ വാർഡുകളിലും കൈ കഴുകൽ കോർണറുകൾ സ്ഥാപിച്ച് ബോധവൽക്കരണം നടത്തും.വീടുകളിൽ നിരീക്ഷണത്തിൽ ഇരിക്കുന്നവർ പുറത്തിറങ്ങാതിരിക്കാൻ ആവശ്യമായ ജാഗ്രത നിർദ്ദേശം നൽകും. ദീർഘ ദൂര യാത്ര കഴിഞ്ഞു വരുന്നവരേയും നിരീക്ഷണത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ രോഗലക്ഷണങ്ങളില്ലെന്ന് എ ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കും. രോഗലക്ഷണങ്ങൾ ഉള്ളവർ പാൽ പത്രം കൊറിയർ ഡെലിവറി എന്നിവടങ്ങളിൽ ജോലി ചെയ്യുമ്പോൾ ആവശ്യമായ മുൻകരുതലുകൾ എടുക്കണം. ആളുകൾ കൂട്ടം കൂടുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ ജാഗ്രത പുലർത്തണമെന്നും യോഗത്തിൽ തീരുമാനമെടുത്തു.

മാള ടൗണിലും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതം

മാള: കൊറോണ വൈറസ് ബാധ പകരുന്ന സാഹചര്യത്തിൽ കേരളം കരുതലോടെയുള്ള രോഗ പ്രതിരോധ നടപടികളുടെ ഭാഗമായി മാളയിലെ പൊതു പ്രവർത്തകരുടെ നേതൃത്വത്തിൽ വ്യക്തി ശുചിത്വ ബോധവൽക്കരണവും സോപ്പ് ഉപയോഗിച്ച് കൈ കഴുകുന്നതിന് വേണ്ട ക്രമീകരണങ്ങളും മാള ടൗണിൽ സംഘടിപ്പിച്ചു. പൊതുജന ബോധവൽക്കരണ പരിപാടി ലോഷൻ ഉപയോഗിച്ച് കൈ കഴുകി മാള പോലീസ് സബ് ഇൻസ്പെക്റ്റർ എൻ. വി. ദാസൻ ഉത്ഘാടനം ചെയ്തു . മുഖ്യ മന്ത്രിയുടെയും ആരോഗ്യ വകുപ്പിന്റെയും പോലീസിന്റെയും നിർദ്ദേശങ്ങൾ പാലിക്കുക. ജാഗ്രതയോടെ സാമൂഹ്യ അകലം പാലിക്കണമെന്ന് ഉൽഘാടന ചടങ്ങിൽ സന്ദേശം നൽകിയ എസ് ഐ.ദാസൻ പറഞ്ഞു.. മാള പോലീസ് രോഗ പ്രതിരോധനത്തിന്റെ ലഘു രേഖയും വിതരണം ചെയ്തു. പൊതുപ്രവർത്തകരായ ദിലീപ് പരമേശ്വരൻ, സോയ് കോലംഞ്ചേരി, വിനോദ് വിതയത്തിൽ, ജോഷി പെരേപ്പാടൻ, നിഷാദ് മാള, എന്നീവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

ആരാധനകൾക്ക് കടുത്ത നിയന്ത്രണങ്ങൾ

ഇരിങ്ങാലക്കുട: കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഇരിങ്ങാലക്കുട രൂപതയുടെ കീഴിൽ ആരാധനകൾക്ക് കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതായി ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ അറിയിച്ചു.

മുഖ്യമന്ത്രിയും ആരോഗ്യവകുപ്പും പോലീസ് അധികാരികളുടെയും നിർദ്ദേശിക്കുന്നതനുസരിച്ച് ദേവാലയത്തിൽ വിശുദ്ധ ബലിക്ക് അൻപതിൽ കൂടുതൽ പേർ പങ്കെടുക്കുവാൻ പാടില്ല. ഒറ്റപ്പെട്ട ചിലയിടങ്ങളിൽ പോലീസ് നേരിട്ട് വന്ന് ഈ നിർദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് നിയന്ത്രണങ്ങൾ. 15 വയസ്സിൽ താഴെയുള്ള കുട്ടികളും 60 വയസ്സിൽ മേലെയുള്ളവരും ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ ഞായറാഴ്ച ഉൾപ്പെടെയുള്ള ദിവ്യബലികളിൽ പങ്കെടുക്കേണ്ടതില്ല. പള്ളികളിൽ വിശുദ്ധ ബലിയിൽ പങ്കെടുക്കുന്നവരുടെ എണ്ണം കുറയ്ക്കുവാനും വിശുദ്ധ ബലിയിൽ പങ്കെടുക്കുവാൻ നിൽക്കുന്നവർ തമ്മിൽ ഒരു മീറ്ററെങ്കിലും അകലം പാലിക്കുവാനും ശ്രദ്ധിക്കുക. വിശുദ്ധ കുർബാന ഓൺലൈനിലും ടി.വി. ചാനലിലും കാണുവാൻ ഉള്ള സൗകര്യം ഉപയോഗപെടുത്തേണ്ടതാണ്. മാർച്ച് ഒന്നിനു ശേഷം വിദേശത്തു നിന്ന് നാട്ടിലേക്ക് എത്തിച്ചേർന്ന വിശ്വാസികളും അവരുടെ കുടുംബാംഗങ്ങളും ഞായറാഴ്ച ഉൾപ്പെടെ ദൈവാലയങ്ങളിൽ ഉള്ള വിശുദ്ധ ബലികളിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല.

സ്വകാര്യ വ്യക്തിയുടെ പറമ്പിൽ കഞ്ചാവ് ചെടി വളർത്തിയ ആൾ അറസ്റ്റിൽ

അറസ്റ്റിലായ പ്രതി

പാലക്കാട്: കഞ്ചാവ് ചെടി വളർത്തിയ ആൾ അറസ്റ്റിൽ. മുണ്ടക്കോട് അയ്യപ്പൻകാവ് കരിങ്കരപ്പുള്ളിയിൽ അനൂപ് (220 ആണ് അറസ്റ്റിലായത്. ഇയാളെ ജില്ലാ ലഹരിവിരുദ്ധ സ്ക്വാഡ് പിടികൂടുകയായിരുന്നു. ഇയാളുടെ ഒപ്പം കഞ്ചാവ് ചെടി വളർത്താൻ നേതൃത്വം നൽകുന്ന പത്തോളം കേസുകളിലെ പ്രതിയായ ഷിബു എന്നയാളും ഷാനുവും ഓടി രക്ഷപ്പെട്ടു. പാലക്കാട് ടൗണിനോട് ചേർന്ന മുണ്ടക്കോട്ടാണ് വളർച്ച എത്തിയ 12 കഞ്ചാവ് ചെടികൾ വളർത്തിയിരുന്നത്. സ്വകാര്യ വ്യക്തിയുടെ അറിവില്ലാതെ ആണ് താൽക്കാലിക ഷെഡ് തയ്യാറാക്കി അവിടെ മദ്ധ്യം, കഞ്ചാവ് എന്നിവ ഉപയോഗിക്കന്നത്. ഇതു വരെ ആരുടെയും ശ്രദ്ധയിൽ പെടാതെ നനച്ച് വളർത്തുകയാണിവർ.പിടിയിലായ പ്രതിയിൽ നിന്ന് കഞ്ചാവ് പാക്കറ്റുകളും കണ്ടെത്തി. പാക്കറ്റ് ഒന്നിന് 300 രൂപ പ്രകാരം വിദ്യാർത്ഥികൾക്ക് ചില്ലറ വിൽപ്പന നടത്തുകയാണ് എന്ന് സമ്മതിച്ചു. രക്ഷപ്പെട്ട പ്രതികൾക്കായി അന്വേഷണം തുടങ്ങി.

കെഎസ്ഇ ലിമിറ്റഡ് ഇരിങ്ങാലക്കുട മുനിസിപ്പൽ ഓഫീസ് റോഡിലുള്ള ഹൗസ് ഓഫ് പ്രൊവിഡൻസിൽ നൽകിയ സോളാർ പ്ലാന്റിന്റെ ഉദ്ഘാടനം കെഎസ്ഇ ലിമിറ്റഡ് മാനെജിങ് ഡയറക്റ്റർ എ.പി. ജോർജ് നിർവഹിക്കുന്നു.

കോഴിക്കോട് 4967 പേർ നിരീക്ഷണത്തിൽ

കോഴിക്കോട്: കൊറോണ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ജില്ലയിൽ പുതുതായി 809 പേർ ഉൾപ്പെടെ ആകെ 4967 പേർ നിരീക്ഷണത്തിലുണ്ടെന്ന് ജില്ലാ കലക്റ്റർ അറിയിച്ചു. ഐസൊലേഷൻ വാർഡിൽ മെഡിക്കൽ കോളെജിൽ രണ്ട് പേരും ബീച്ച് ആശുപത്രിയിൽ ആറുപേരും ഉൾപ്പെടെ ആകെ എട്ട് പേരാണ് നിരീക്ഷണത്തിലുള്ളത്. മെഡിക്കൽ കോളെജിൽ നിന്ന് ആറു പേരെയും ബീച്ച് ആശുപത്രിയിൽ നിന്ന് നാലുപേരെയും ഉൾപ്പെടെ പത്ത് പേരെ ഡിസ്ചാർജ്ജ് ചെയ്തു. ആറു സ്രവ സാംപിൾ പരിശോധനയ്ക്ക് എടുത്ത് അയച്ചിട്ടുണ്ട്. ആകെ 116 സാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ 108 എണ്ണത്തിന്റെ പരിശോധനാ ഫലം ലഭിച്ചു. എല്ലാം നെഗറ്റീവ് ആണ്. ഇനി എട്ട് പേരുടെ പരിശോധനാ ഫലം മാത്രമേ ലഭിക്കാൻ ബാക്കിയുള്ളൂ.

ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ ശൈലജ നടത്തിയ സൂം വീഡിയോ കോൺഫറൻസിൽ ഡി.എം.ഒ.യും അഡീഷണൽ ഡി.എം.ഒ മാരും, ഡി.പി.എം.ഉം പങ്കെടുത്തു. ജില്ലയിൽ നടക്കുന്ന കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. കൊറോണയുമായി ബന്ധപ്പെട്ട് ആംബുലൻസിലേക്ക് നിയോഗിച്ച ഡ്രൈവർമാർക്ക് പരിശീലനം നൽകി. കൂടാതെ സൂം വീഡിയോ കോൺഫറൻസിലൂടെ ജില്ലയിലെ സാമൂഹിക ആരോഗ്യകേന്ദ്രങ്ങളിലെ ജീവനക്കാർക്ക് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജയശ്രീ. വി യുടെ നേതൃത്വത്തിൽ പരിശീലനം നൽകി. അഡി. ഡി.എം.ഒ.മാരായ ഡോ. എൻ. രാജേന്ദ്രൻ, ഡോ. ആശാദേവി എന്നിവർ നിർദേശങ്ങൾ നൽകി. ജില്ലാ തലത്തിൽ തയ്യാറാക്കിയ പോസ്റ്ററുകളും ബിറ്റ് നോട്ടീസുകളും വിവിധ കീഴ് സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തു. മെന്റൽ ഹെൽത്ത് ഹെൽപ്പ് ലൈനിലൂടെ 12 പേർക്ക് കൗൺസിലിങ് നൽകി. വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടരുന്നതായി ഡി.എം.ഒ അറിയിച്ചു.

പാലക്കാട് 309 പേർ നിരീക്ഷണത്തിൽ

പാലക്കാട് : `കൊറോണയുമായി ബന്ധപ്പെട്ട് ജില്ലയിൽ 309 പേരാണ് ആശുപത്രികളിലും വീടുകളിലുമായി നിരീക്ഷണത്തിലുള്ളത്. 280 പേർ വീടുകളിലും 15 പേർ ജില്ലാ ആശുപത്രിയിലും, 4 പേർ മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിലും 10 പേർ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലും നിരീക്ഷണത്തിലാണ്. ആരുടെയും ആരോഗ്യ നിലയിൽ ആശങ്ക വേണ്ടെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. ഇതുവരെ 110 സാമ്പിളുകൾ അയച്ചതിൽ 77 ഫലങ്ങളും നെഗറ്റീവാണ്. ആകെ 543 പേരാണ് നിരീക്ഷണത്തിൽ ഉണ്ടായിരുന്നത്. ഇതിൽ 234 പേരുടെ നിരീക്ഷണ കാലയളവ് പൂർത്തിയാക്കിയിട്ടുണ്ട്. 899 ഫോൺകോളുകൾ കൺട്രോൾ റൂമിലേക്ക് വന്നിട്ടുണ്ട്.

പൊതുഇടങ്ങളിൽ ശാസ്ത്രീയ പരിശോധന സംവിധാനം സജ്ജീകരിക്കുമെന്ന് മുഖ്യമന്ത്രി

മലപ്പുറം: കൊറോണവ്യാപനം തടയുന്നതിനായി പൊതു ഇടങ്ങളിൽ ശാസ്ത്രീയ പരിശോധന സംവിധാനം സജ്ജീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കൊറോണതടയുന്നതിനായുള്ള മുൻകരുതൽ നടപടികളുടെ ഭാഗമായി വീഡിയോ കോൺഫറൻസിങ്ങിലൂടെ സാമുദായിക നേതാക്കളുമായി സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ജനറൽ ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് പൊതുഇടങ്ങൾ എന്നിവിടങ്ങളിലെല്ലാം ശാസ്ത്രീയ പരിശോധന സംവിധാനം എത്രയും വേഗം ഒരുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ഇക്കാര്യങ്ങളിൽ അടുത്ത ദിവസം തന്നെ വ്യക്തത വരുത്തും. രോഗവ്യാപനം തടയാൻ ജനങ്ങൾ ഒന്നിച്ചുകൂടുന്ന സാഹചര്യങ്ങൾ പരമാവധി ഇല്ലാതാക്കണം. ഇക്കാര്യങ്ങളിൽ ആരും വീഴ്ച വരുത്തരുത്. സാമൂഹിക നന്മയ്ക്ക് വേണ്ടി വിവാഹാഘോഷങ്ങൾ, ഉത്സവങ്ങൾ, നേർച്ചകൾ, പള്ളിപ്പെരുന്നാളുകൾ, ആരാധനാലയങ്ങളിലെ ചടങ്ങുകൾ എന്നിവയിലെല്ലാം നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം.

പള്ളികളിലെ ബാങ്ക് വിളിയ്ക്കൊപ്പം വീട്ടിൽ തന്നെ നിസ്കരിച്ചാൽ മതിയെന്ന നിർദേശം നൽകാൻ കഴിയുമോ എന്നത് പരിഗണിക്കണം. ക്രൈസ്തവ ആരാധനാലയങ്ങളിൽ ഞായറാഴ്ചകളിൽ വിശ്വാസികൾ ഒത്തുകൂടുന്നത് ഒഴിവാക്കാനും മതമേലധ്യക്ഷൻമാർ ഇടപെടണം. ആശങ്കപ്പെടാതെ കാര്യഗൗരവത്തോടെ പ്രവർത്തിക്കേണ്ട സമയമാണെന്നും മുഖ്യമന്ത്രി ഓർമിപ്പിച്ചു.

ആരോഗ്യമുള്ള യുവജനങ്ങളിൽ കൊറോണബാധയുണ്ടായാൽ അവർ എളുപ്പത്തിൽ രോഗിയായി മാറണമെന്നില്ല. എന്നാൽ അത്തരക്കാർ രോഗവ്യാപനത്തിനിടയാക്കിയേക്കും. അതിനാൽ മറ്റുള്ളവരോട് ഇടപഴകുമ്പോൾ കൃത്യമായ അകലം പാലിക്കണം.

സംസ്ഥാന സർക്കാർ കൊറോണ പ്രതിരോധത്തിനായി സ്വീകരിക്കുന്ന നടപടികളുമായി ജനങ്ങളും സഹകരിച്ചാൽ മാത്രമേ ഫലമുൺണ്ടാകൂ. മോശമായ അവസ്ഥ പ്രതീക്ഷിച്ച് കരുത്തുറ്റ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതാണ് നല്ലതെന്നും എന്നാൽ ആശങ്ക വേണ്ടെൺന്നും കരുതൽ മതിയെന്നും മുഖ്യമന്ത്രി പറഞ്ഞു. മദ്രസ പരീക്ഷകൾ നടത്തുന്നതിന് സംവിധാനമൊരുക്കും. കൊറോണസംബന്ധിച്ച സൈബർ ദുരുപയോഗത്തിനെതിരെ കർശന നടപടിയെടുക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കൊറോണപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പ്രവർത്തനങ്ങളിൽ സർക്കാരിനൊപ്പം നിൽക്കുമെന്നും നിർദേശങ്ങൾ കൃത്യമായി പാലിക്കുമെന്നും വിവിധ സാമുദായിക സംഘടനാ പ്രതിനിധികൾ മുഖ്യമന്ത്രിയ്ക്ക് യോഗത്തിൽ ഉറപ്പ് നൽകി. കലക്റ്ററേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന വീഡിയോ കോൺഫറൻസിങ്ങിൽ ജില്ലാ കലക്റ്റർ ജാഫർ മലിക്, വിവിധ സാമുദായിക സംഘടനാ പ്രതിനിധികൾ, എ.ഡി.എം എൻ.എം മെഹ്റലി തുടങ്ങിയവർ പങ്കെടുത്തു.

കൊറോണക്കെതിരേ പ്രതിരോധ പ്രവർത്തനങ്ങളുമായി പിങ്ക് പൊലീസ്

ചാലക്കുടി: കൊറോണക്കെതിരേ പ്രതിരോധ പ്രവർത്തനങ്ങളുമായി പിങ്ക്പൊലീസും. ചാലക്കുടി പ്രൈവറ്റ് ബസ് സ്റ്റാൻഡ് പരിസരത്ത് നടത്തിയ പരിപാടിയിൽ പങ്കെടുത്ത് നൂറു കണക്കിന് പേർക്ക് ഹാന്റ് വാഷും മാസ്ക്കുകളും വിതരണം ചെയ്തു. രണ്ടുകൈ അമ്മ ചാരിറ്റബിൾ ട്രസ്റ്റിന്റെ സഹായത്തോടെയാണ് പാരിപാടി സംഘടിപ്പിച്ചത്. ചടങ്ങിൽ വെച്ച് വെള്ളിക്കുളങ്ങരയുള്ള പത്താം ക്ലാസ് വിദ്യാർത്ഥിക്കായി പഠന സഹായ വിതരണവും നടത്തി. കുട്ടിയുടെ തുടർ വിദ്യാഭ്യാസ പഠന ചെലവും അമ്മ ചാരിറ്റബിൾ ട്രസ്റ്റ് ഏറ്റെടുത്തു. പരിപാടിക്ക് പിങ്ക് പൊലീസ് സീനിയർ സിപിഒമാരായ ഷൈല പി. എം, സുനിത പി. എസ്, ഇ. പി. മിനി, ഷാലി, ജെന്നി ജോസഫ്, ബേബി കെ. എ.തുടങ്ങിയവർ നേതൃത്വം നൽകി.